# മർഗ്യാനീത്ത (മുത്ത്)

ഗ്രന്ഥകർത്താവ് :

**മാർ ഔദീശോ മെത്രാപ്പോലീത്ത**

അവതാരകൻ :

**മാർ തിമോഥെയോസ് മെത്രാപ്പോലീത്ത**

പരിഭാഷകൻ :

**കോറെപ്പിസ്കോപ്പാ റാഫേൽ വട്ടക്കുഴി.**

www.malankaralibrary.com
Scanned by CamScanner

# വിഷയാനുക്രമണിക


സമർപ്പണം

അവതാരിക

ഇംഗ്ലീഷ് പരിഭാഷകൻെറ ആമുഖം

ഗ്രന്ഥകർത്താവിൻെറ ആമുഖം

മലയാള പരിഭാഷകൻെറ ആമുഖം


## Part I ദൈവസിദ്ധാന്തം


| അദ്ധ്യായം | വിഷയം | പേജ് |
|---|---|---|
| 1 | ദൈവാസ്തിത്വം | 1 |
| 2 | ദൈവം ഏകൻ | 4 |
| 3 | ദൈവം ആദ്യന്തരഹിതൻ | 6 |
| 4 | ദൈവം അപരിജ്ഞേയൻ | 7 |
| 5 | പരിശുദ്ധ ത്രിത്വം | 9 |


## Part II സൃഷ്ടി സിദ്ധാന്തം


| | | |
|---|---|---|
| 1 | പ്രപഞ്ച സൃഷ്ടികർമ്മം | 14 |
| 2 | ആദ്യമനുഷ്യൻെറ പാപം | 16 |
| 3 | ന്യായപ്രമാണങ്ങളും പ്രവാചകന്മാരും | 18 |
| 4 | മ്ശീഹായെക്കുറിച്ചുള്ള പ്രവചനങ്ങൾ | 21 |


## Part III ക്രിസ്തീയ ധർമ്മ വ്യവസ്ഥ


| | | |
|---|---|---|
| 1 | മ്ശീഹായുടെ ആഗമനവും അവൻെറ ദൈവത്വമനുഷ്യത്വ ഐക്യത്തെ സംബന്ധിച്ച സിദ്ധാന്തവും | 25 |
| 2 | മ്ശീഹായുടെ കാലഘട്ടം | 28 |
| 3 | ക്രിസ്തുമത സത്യങ്ങൾ | 31 |


www.malankaralibrary.com
Scanned by CamScanner

| | | |
|---|---|---|
| 4 | ഭിന്ന വിശ്വാസ വിഭാഗങ്ങൾ | 35 |
| 5 | സിദ്ധാന്തവിമർശനം | 42 |
| 6 | ദൈവ ജനനി? | 46 |
| 7 | കന്യമകൾ | 48 |
| 8 | തിരുസഭ | 49 |


## Part IV തിരുസഭയുടെ കൂദാശകൾ


| | | |
|---|---|---|
| 1 | കൂദാശകളുടെ സംഖ്യ | 51 |
| 2 | കൂദാശ I വി. പൌരോഹിത്യം | 53 |
| 3 | കൂദാശ II വി. മാമോദീസ | 56 |
| 4 | കൂദാശ III വി. അഭിഷേക തൈലം | 59 |
| 5 | കൂദാശ IV വി. കുർബാനയാകുന്ന ബലി | 62 |
| 6 | കൂദാശ V വി. പുളിപ്പ് (മൽക്ക) | 65 |
| 7 | കൂദാശ VI മാനസാന്തരവും വി. പാപമോചനവും (ഹൂസായ) | 69 |
| 8 | കൂദാശ VII ജീവൻ നല്കുന്ന സ്ലീബാടയാളം | 71 |
| 9 | വിവാഹവും കന്യാത്വവും | 74 |


## Part V വരുംലോകത്തെ പററിയുള്ള സിദ്ധാന്തം


| | | |
|---|---|---|
| 1 | കിഴക്കോട്ട് തിരിഞ്ഞു നിന്നുള്ള ആരാധന | 77 |
| 2 | ഞായറാഴ്ചയും കർത്താവിന്നടുത്ത പെരുന്നാളുകളും | 80 |
| 3 | വെള്ളിയാഴ്ചയുടേയും ബുധനാഴ്ചയുടേയും പ്രാധാന്യം | 83 |
| 4 | ഉപവാസം, പ്രാർത്ഥന, ധർമ്മം | 85 |
| 5 | അരക്കെട്ട് (സുന്നാറ) | 88 |


www.malankaralibrary.com
Scanned by CamScanner

6 പുനരുത്ഥാനം, അവസാന ന്യായവിധി,
നിത്യജീവൻ. 91.
ശുദ്ധിപത്രം.

## * അനുബന്ധം

ഡോ. ജോർജ്ജ് എം. ലംസയുടെ

## മ്ശീഹായ്ക്കടുത്ത സിദ്ധാന്തങ്ങൾ

* അനുബന്ധഗ്രന്ഥമായ "മ്ശീഹായ്ക്കടുത്ത സിദ്ധാന്തങ്ങൾ" വേർതിരിച്ചെടുത്ത് ഒരു പ്രത്യേക പുസ്തകമാക്കിയിരിക്കുന്നു.

Scanned by CamScanner
www.malankaralibrary.com

# സമർപ്പണം

സഭാമാതാവിൻെറ പാദാരവിന്ദങ്ങളിൽ

ഈ മർഗ്ഗ്യാനീത്ത മലയാള പരിഭാഷാഗ്രന്ഥം

എൻെറ ഷഷ്ട്യബ്ദപൂർത്തി

സ്മാരകോപഹാരമായി

ഞാൻ വിനയപുരസ്സരം

സമർപ്പിക്കുന്നു.

21-9-1982 കോറപ്പിസ്കോപ്പ

www.malankaralibrary.com
Scanned by CamScanner

# അവതാരിക

സൂവയിലെ മെത്രാപ്പോലീത്തയായിരുന്ന മാർ ഔദീശോയാണ് 'മർഗ്ഗ്യാനീത്ത' (മുത്ത്) എന്ന ഗ്രന്ഥം രചിച്ചിട്ടുള്ളത്. ചൈനയിൽനിന്നുള്ള മാർ യവ്വാലാഹ പാത്രിയർക്കീസിന്റെ (A. D. 1281-1317) കാലത്താണ് ഇദ്ദേഹം ജീവിച്ചിരുന്നത്. മഹാപണ്ഡിതനും പ്രസംഗകനും ഗ്രന്ഥകാരനുമായിരുന്നു മെത്രാപ്പോലീത്ത.

'ഏദൻപറദീസ', വേദശാസ്ത്രപരമായ പദ്യങ്ങൾ, തിരുവെഴുത്ത് വ്യാഖ്യാനങ്ങൾ ആദിയായവയാണ് ഇദ്ദേഹം രചിച്ചിട്ടുള്ള പ്രധാന ഗ്രന്ഥങ്ങൾ. അറബിയിലാണ് ശരിയായ കവിതയുള്ളതെന്ന അറബികളുടെ വാദത്തെ ഖണ്ഡിക്കാനായാണ് മാർ ഔദീശോ 'ഏദൻപറദീസ' എന്ന ഗ്രന്ഥം രചിച്ചതെന്നാണ് അഭിജ്ഞമതം. മെത്രാപ്പോലീത്ത ശേഖരിച്ച് സമാഹരിച്ചെടുത്തിട്ടുള്ള സുൻഹാദോസ് കാനോനകൾ ആധികാരികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പൌരസ്ത്യസഭയുടെ വേദശാസ്ത്രം സംക്ഷിപ്തമായി പ്രതിപാദിക്കുന്നതാണ് ഇപ്പോൾ വിവർത്തനം ചെയ്ത് പ്രസിദ്ധപ്പെടുത്തുന്ന 'മർഗ്ഗ്യാനീത്ത' എന്ന ഈ ഗ്രന്ഥം. അഞ്ച് ഭാഗങ്ങളായാണ് ഈ കൃതി സംവിധാനം ചെയ്തിരിക്കുന്നത്.

ഈ വിലപ്പെട്ട ഗ്രന്ഥം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തണമെന്ന് ഏതാനും വർഷങ്ങൾക്കുമുമ്പ് തീരുമാനിച്ചിട്ടുള്ളതാണ്. ശ്രമകരമായ ഈ യത്നം ഇപ്പോൾ ബ. കോറപ്പിസ്കോപ്പ റാഫേൽ വട്ടക്കുഴി നിർവ്വഹിച്ചിരിക്കുന്നു. ഈ വിവർത്തിത കൃതി മലയാളത്തിലെ സഭയെ സംബന്ധിച്ചും പൌരസ്ത്യസഭയുടെ വിശ്വാസതത്വങ്ങൾ അറിയാനാഗ്രഹിക്കുന്ന ജിജ്ഞാസുക്കൾക്കും വലിയ അനുഗ്രഹമാണ്.

www.malankaralibrary.com
Scanned by CamScanner

ഡോ. ലംസയുടെ 'Christian Doctrine of the Holy Apostolic Catholic Church of the East' എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ പരിഭാഷയും ഈ പുസ്തകത്തിൽ അനുബന്ധമായി വിവർത്തനം ചെയ്തു് ചേർത്തിട്ടുണ്ട്. ചോദ്യോത്തരരീതിയിൽ തയ്യാറാക്കിയിട്ടുള്ളതുകൊണ്ടു് സഭയുടെ വിശ്വാസതത്വങ്ങൾ കുട്ടികൾക്കു് എളുപ്പത്തിൽ ഗ്രഹിക്കാൻ ഇതു് ഉപകരിക്കും.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിലുള്ള സാമ്പത്തിക ബാദ്ധ്യതകൾ ബ. എം. ഐ. ഡേവീഡ് കശ്ശീശ വഹിക്കാമെന്നു് സമ്മതിച്ചിട്ടുണ്ട്. ഈ സംരംഭത്തിനു സഹകരിച്ചിട്ടുള്ള എല്ലാവരുടെയും മേൽ ദൈവത്തിന്റെ ധാരാളമായ അനുഗ്രഹങ്ങൾ വർഷിക്കട്ടെ എന്നും മുതിർന്നവരായ സഭാംഗങ്ങൾക്കും വിശിഷ്യാ സൺഡെസ്കൂൾ വിദ്യാർത്ഥികൾക്കും ഈ പുസ്തകം ഉപകാരപ്രദമാകട്ടെ എന്നും പ്രാർത്ഥിക്കുന്നു.

കർത്താവായ ഈശോമ്ശീഹായുടെ കൃപ നാമെല്ലാവരോടും കൂടെ ഉരിക്കുമാറാകട്ടെ.

(ഒപ്പ്)
മാർ തിമോഥെയോസ്
ദൈവകൃപയാൽ
മലയാളത്തിന്റേയും ഇന്ത്യയുടേയും
മെത്രാപ്പോലീത്ത

15-8-1982
തൃശ്ശൂർ

www.malankaralibrary.com
Scanned by CamScanner

# ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയ മാർ ഈശൈ ശിംഓൻ തിരുമേനിയുടെ ആമുഖം.

ഈ ഗ്രന്ഥത്തിൻെറ കർത്താവായ മാർ ഔദീശോ മെത്രാപ്പോലീത്ത എഴുതിയിരിക്കുന്ന ഗ്രന്ഥ മുഖവുരയിൽ താൻ ഈ ഗ്രന്ഥത്തിനു് "മർഗ്ഗ്യാനീത്ത" (മുത്തു്) എന്നപേർ നല്കിയതു് ഗ്രന്ഥത്തിൻെറ ഹ്രസ്വരൂപവും അതിലെ പ്രതിപാദ്യ വിഷയങ്ങളുടെ വൈപുല്യവും വ്യാപ്തിയും നിമിത്തമാണെന്നു് പ്രസ്താവിച്ചിട്ടുണ്ടു്.

ഗ്രന്ഥത്തിൻെറ ഹ്രസ്വരൂപത്തിന്നതീതമായി അതിൻെറ നിർമ്മിതോദ്ദേശം ഈ പ്രസ്താവം പ്രസ്പഷ്ടമാക്കുന്നു. മാത്രമല്ല, പരിശുദ്ധവും അപ്പോസ്തലികവും കാതോലികവുമായ പൌരസ്ത്യസഭ (Church of the East) യുടെ ഏററവും പ്രമുഖരായ പൂർവ്വപിതാക്കന്മാരിൽ ഒരുവനായ ഈ ഗ്രന്ഥകർത്താവിൻെറ ക്രിസ്തീയ വിനയഭാവവും അപാര പാണ്ഡിത്യവും ഇതു് വാചാലമായി ഘോഷിക്കയും ചെയ്യുന്നു

മാർ ഔദീശോ അവഗാഢമായ പാണ്ഡിത്യം ഉളളവനും ഒരു തിരുവെഴുത്തു് വ്യാഖ്യാതവും വേദശാസ്ത്രജ്ഞനും തത്വജ്ഞാനിയും ചരിത്രകാരനുമായിരുന്നു. അദ്ദേഹത്തിൻെറ ഈ ഗുണഗണങ്ങളെ വിവരിക്കുന്ന കൂട്ടത്തിൽ റവ. ജി. പി ബാഡ്ജർ തൻെറ ' Nestorians and their Rituals" എന്ന ഗ്രന്ഥത്തിൽ, മർഗ്ഗ്യാനീത്തയിലെ നാലാം അദ്ധ്യായത്തിൽ നിന്നു്

"ദൈവത്തെ സംബന്ധിച്ചു് അവൻ അദൃശ്യൻ, അഭൌമൻ, പരിമാണരഹിതൻ പരിണാമരഹിതൻ എന്നൊക്കെ പറയുമ്പോൾ



www.malankaralibrary.com
Scanned by CamScanner

ദൈവം എന്താകുന്നുവെന്നല്ല അവൻ എന്താകുന്നില്ലായെന്നുള്ള താണ്' വിവരിക്കുന്നതു്' എന്നു്' മനസ്സിലാക്കുക''

എന്ന വാക്യം ഉദ്ധരിച്ചുകൊണ്ടു്' ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

''ദൈവത്തിൻെറ ആസ്തിക്യത്തേയും ലക്ഷണോപാധികളേയും സംബന്ധിച്ചുള്ള മർഗ്ഗ്യാനീത്ത കർത്താവിൻെറ വാദശൃംഗലകളു ടെ സമാഹാരത്തിൻെറ വിശകലന രൂപത്തെപ്പററി നല്കിയ മേലെഴുതിയ ഉദ്ധരണി, സേർ. ഐസക്ക ന്യൂട്ടൻെറ ഒരു കൃതി യിൽ നിന്നു ഈ വസ്തുതയെക്കുറിച്ചു തന്നെ അദ്ദേഹം വിവരി ച്ചിട്ടുള്ള അത്ഭുതാവഹമായ ഭാഗത്തിലെ ഉദ്ധരണിയോടു്' കിട പിടിക്കത്തക്കതു്' തന്നെയാണ്'.''

നാം മർഗ്ഗ്യാനീത്തയും അതിനോടനുബന്ധമായി ചേർത്തി ട്ടുള്ള പ്രബന്ധങ്ങളും മററും ഇംഗ്ലീഷിലേക്കു്' പരിഭാഷപ്പെടുത്തു വാൻ ആഗ്രഹിച്ചതിനു്' രണ്ടു പ്രത്യേക കാരണങ്ങളുണ്ടു്'. ഒന്നു്', വളന്നുവരുന്ന അമേരിക്കയിലെ പുതിയ അസ്സീറിയൻ തലമുറക്കാ ക്കും ഇന്ത്യയിലെ പൌരസ്ത്യ സഭാമക്കൾക്കും സഭയുടെ വേദ ശാസ്ത്രം മനസ്സിലാക്കാൻ സാധിക്കുമാറു്' അവരുടെ കയ്യിലെത്തി ക്കുക. രണ്ടു്', പൌരസ്ത്യ സഭയുടെ അവികലവും സത്യവുമായ പഠിപ്പിനെ പാശ്ചാത്യ രാഷ്ട്രങ്ങൾക്കു്' പരിചയപ്പെടുവാൻ സാ ദ്ധ്യമാക്കുക.

പ്രഥമ ക്രിസ്തീയ രാഷ്ട്രമായി ശോഭിച്ചിരുന്നതും ആരാ മായ ഭാഷ ഉപയോഗിച്ചിരുന്നതുമായ പൌരസ്ത്യ സഭ തിരുവെഴു ത്തുകൾക്കു വൈരുദ്ധ്യമായുള്ള പഠിപ്പുകളും തത്വങ്ങളും കൊണ്ടു നടക്കുന്നുവെന്നു്' പാശ്ചാത്യരിൽ ഏറെപ്പേരും എഫെസോസ്' സുൻഹാദോസിൻെറ ചുവടു പിടിച്ചു സംശയിക്കയും കുററപ്പെടു ത്തുകയും ചെയ്യുന്നുണ്ടല്ലോ. പാശ്ചാത്യരുടെ ഈ തെററായ ചിന്താഗം അപ്പോസ്തലിക സഭയെ ''നെസ്തോറിയൻ സഭ'' എന്ന പേരു്' വി ളിക്കുന്നതിനു്' പ്രേരണ നല്കിയതു്' തെററ. മാത്രമോ, ''നെസ്തോ റിയൻ തത്വം'' എന്നു്' അവർ കരുതിവരുന്ന തത്വം നെസ്തോറീസ്' പോലും കൈക്കൊള്ളാത്ത തത്വമാകയാൽ നെസ്തോറീസിനെതി



www.malankaralibrary.com
Scanned by CamScanner

രെയുള്ള അവരുടെ കുററാരോപണം വ്യാജം. ഈ കുററാരോപണ ങ്ങളുടെ അടിസ്ഥാനമായ വ്യാജന്യായത്തെ മർഗ്ഗ്യാനീത്താ കത്താവു സമർത്ഥമായി ഖണ്ഡിച്ചു തിരസ്കരിക്കയും നമ്മുടെ രക്ഷകന്റെ ഈ വചനങ്ങളെ നമ്മെ ഓർപ്പിക്കയും ചെയ്തിട്ടുണ്ട്:

> "നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടു് എന്നു് നിങ്ങൾ നിരൂപിക്കുന്നു വല്ലോ." (യോഹ. 5:39)

ഈ വചനത്തെ ആസ്പദമാക്കി അദ്ദേഹം പൌരസ്ത്യസഭാതത്വങ്ങളുടെ നിലപാടിനെ ന്യായീകരിച്ചു് തിരുവെഴുത്തുവചനങ്ങളുടെ അജയ്യമായ തെളിവുകളുടെ ഒരു പരമ്പരതന്നെ അണിനിരത്തിയിരിക്കുന്നു.

## വസ്തുതകളെ നിരത്തിവെച്ചു കൊണ്ടുള്ള പ്രഖ്യാപനങ്ങൾ

ചരിത്ര സംഭവങ്ങളിലധിഷ്ഠിതമായവയും ഖണ്ഡനാതീതമായവയും പൌരസ്ത്യസഭയുടെ നിലപാടിനെ ശക്തിയുക്തമായി അനുകൂലിക്കുന്നവയുമായ വാദമുഖങ്ങൾ നിരവധിയാകുന്നു. ക്രിസ്തീയ വിശ്വാസം സെമിററിക് വർഗ്ഗഭാഷാടിസ്ഥാനത്തിലാണു് ഉടലെടുത്തതെന്നു് പറയാതെ തന്നെ അറിയാവുന്ന ഒരു വസ്തുതയാണല്ലൊ. സെമിററിക് വർഗ്ഗക്കാരുടെ നാടായ മദ്ധ്യപൌരസ്ത്യദേശത്തു് സെമിററിക് വർഗ്ഗീയരായ പ്രവാചകന്മാർക്കാണു് ഈ വിശ്വാസം ദൈവം വെളിവാക്കിയതു്.

അപ്പോസ്തലന്മാരും പ്രവാചകന്മാരും എല്ലാം സെമിററിക് വർഗ്ഗീയരാണു്. മ്ശീഹായുടെ സാദൃശം വഹിക്കുന്ന രാജാവും പ്രവാചകനുമായ മൽക്കിസദേക് പോലും സെമിററിക് വർഗ്ഗീയനായ അസ്സീരിയൻ അഥവാ ബാബിലോണിയൻ ആയിരുന്നു. അബ്രാഹാമിന്റേയും ദാവീദിന്റേയും മകനായി ജഡപ്രകാരം ഭൂജാ



www.malankaralibrary.com
Scanned by CamScanner

തനായ മ്ശീഹായും മൽക്കിസദേക്കിൻെറ വംശജനും ദേശക്കാരനും തന്നെ. ഇവരെല്ലാം സംസാരിച്ചിരുന്നതും എഴുതിയിരുന്നതും ആരാമായ ഭാഷയിലായിരുന്നു.

ഗ്രീക്കോ ലാററിനോ മററോ സംസാരിച്ചിരുന്ന പാശ്ചാത്യ വർഗ്ഗത്തിനു് ക്രിസ്തീയ വിശ്വാസദൈവത്വം പൂർണ്ണമായും അന്യമായിരുന്നു. ആരാമായ ഭാഷ സംസാരിച്ചിരുന്ന മദ്ധ്യ പൌരസ്ത്യ ദേശത്തെ സെമിററിക് വർഗ്ഗീയർക്കോ ഈ വിശ്വാസദൈവത്വം പഴയ നിയമ തിരുവെഴുത്തിൻെറ സ്വാഭാവികമായ തികവും പൂർണ്ണതയും മാത്രമാണു്. ഈ വിശ്വാസം യാതൊരു സങ്കോചവും കൂടാതെ ഉടനടി സ്വീകരിച്ചാശ്ലേഷിക്കുന്നതിന്നും ഹൃദിസ്ഥമാക്കുന്നതിന്നും അവർക്കു സാധിച്ചതു ഇക്കാരണത്താൽ തന്നെയാകുന്നു. മ്ശീഹാ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

> "ഞാൻ ന്യായപ്രമാണത്തേയോ പ്രവാചകന്മാരേയോ നീക്കേണ്ടതിന്നു വന്നു എന്നു് നിരൂപിക്കരുതു്; നീക്കുവാനല്ല നിവൃത്തിപ്പാനത്രെ വന്നതു്." (മത്താ. 5;17)

യോനായുടെ പ്രസംഗം മൂലം നിനവെയിലെ അസ്സീറിയൻകാർ മാനസാന്തരപ്പെട്ടതുപോലെയുള്ള നിരവധി ദൃഷ്ടാന്തങ്ങളും സാക്ഷ്യങ്ങളും ബൈബിളിൽ നിന്നു് നിരത്തിവെച്ചുകൊണ്ടു് ഇക്കാര്യം തെളിയിക്കാവുന്നതാണു്. കഴിഞ്ഞ നൂറു വർഷങ്ങൾക്കോ മററോ ഉള്ളിൽ മെസെപ്പൊട്ടേമിയയിലും മദ്ധ്യപൌരസ്ത്യ ദേശത്തും മററിടങ്ങളിലും നടത്തിയ ഖനന പ്രക്രിയകളുടെ ഫലങ്ങൾ ഈദൃശ സംഭവങ്ങൾ തുറന്നു കാട്ടുന്നുണ്ടു്. ആദിമ നൂററാണ്ടുകളിൽ തന്നെ പൌരസ്ത്യസഭ തിരിച്ചറിഞ്ഞാദരിച്ചിരുന്ന ഈ സംഭവങ്ങളെ ഇപ്പോൾ വൈകിയ വേളയിലായാൽ പോലും ചരിത്രപരമായ കാൽസിഡോൺ എഫേസൂസ് സുൻഹാദോസുകളുടെ സന്താനങ്ങളും തിരിച്ചറിഞ്ഞാദരിക്കാൻ തുടങ്ങിക്കൊണ്ടിരിക്കയാണു്.

A. D. 612 ൽ പേർഷ്യൻ ചക്രവർത്തി കോസ്രോവിനു്



www.malankaralibrary.com
Scanned by CamScanner

പൌരസ്ത്യസഭാ മേലദ്ധ്യക്ഷന്മാർ സമർപ്പിച്ച വിശ്വാസ പ്രഖ്യാപനത്തിൽ താഴെ പറയുന്ന പ്രസ്താവനയടങ്ങിയിരിക്കുന്നു:

"വി. അപ്പൊസ്തലന്മാർ കാഥോലികി സഭയെ ഭരമേല്പിച്ചതും പേഷ്യയിൽ അപ്പോസ്തലന്മാരുടെ കാലം മുതൽ ഇന്നേ ദിവസം വരെ പാലിയ്ക്കപ്പെട്ടു വരുന്നതുമായ ഓർത്തഡോക്സ് വിശ്വാസ തത്വങ്ങളാണ് ഇവ. പേഷ്യയിൽ ഇന്നേയോളം ഒരു പാഷാണ്ഡ മതനായകനും ഉണ്ടായിട്ടില്ല; സത്യവിശ്വാസത്തിന്നു ഒരു വെല്ലുവിളിയും നേരിടേണ്ടിവന്നീട്ടുമില്ല. എന്നാൽ റോമാ സാമ്രാജ്യത്തിലെ സ്ഥിതി ഭിന്നമായിരുന്നു. അവിടെ അപ്പോസ്തലന്മാരുടെ കാലം തുടങ്ങി ഇന്നേവരെയുള്ള കാലഘട്ടത്തിൽ അനേകം പാഷാണ്ഡമതങ്ങൾ പൊട്ടിപ്പുറപ്പെടുകയും അനേകരെ വഴി തെററിച്ചു വഷളാക്കുകയും ശരിയായ വിശ്വാസത്തിന്നു മാററങ്ങൾ സംഭവിക്കയും ഉണ്ടായിട്ടുണ്ട്. ഈ പാഷാണ്ഡ മതാനുയായികൾ അവിടെ മട്ടിക്കപ്പെട്ടപ്പോൾ അവർ പേർഷ്യൻ സാമ്രാജ്യത്തിലേക്കു കടന്നു അഭയം കണ്ടെത്തിയിരുന്നു. ഇതു നിമിത്തമാണ് പാഷാണ്ഡതയുടെ അന്ധകാരം ഈ ദേശത്തു് പരക്കാൻ കാരണമായതു്"

ഈ പാഷാണ്ഡ മതക്കാരിൽ ചിലരെ ഇവിടെ ദൃഷ്ടാന്തമായിട്ടു കാണിക്കാം: മാണിക്യൻസ്, മാർസിയോൺസ് എന്നിവരെ അവരിൽ പെടുത്താം. സെവറെസിൻെറ അനുയായികളേയും തിയോപാസ്ക്കൈറററ്സ് എന്ന ഏകസ്വഭാവ വാദികളേയും ഇക്കൂട്ടത്തിൽ ചേർക്കാം. യാക്കോബായ പാത്രിയർക്കീസായ ഡൈനീഷ്യസ് ബർസ്ലീവാ (സലീബി) A. D. 1171-ൽ ഇപ്രകാരം പറയുന്നു: (A. മിൻഗാന എഴുതിയതും Heffes & sons combridge, England പ്രസിദ്ധീകരിച്ചതുമായ പ്രബന്ധത്തിൽ)

"ഞങ്ങൾ ഗ്രീക്കുകാരെയല്ല വെറുക്കുന്നതു്; എന്നാൽ അവർ ഞങ്ങളുടെ മദ്ധ്യത്തിലേക്കു കൊണ്ടുവന്ന മത ഭിന്നതകളേയും അവർ ഞങ്ങളുടെ ഇടയിൽ (സഭയിൽ )ചെലുത്തിയ വിഭാഗീയതയേയുമാണ്."

എന്നു അദ്ദേഹം അതിയായി സങ്കടപ്പെടുന്നു.



www.malankaralibrary.com
Scanned by CamScanner

എന്തായാലും ഈ ആക്ഷേപ വിമർശനം ഒരു ഏക സ്വഭാവ വാദിയിൽ നിന്നു അഥവാ എഫേസോസ് സുൻഹാദോസിന്റെ സന്താനവും ബൈസാൻറിയത്തിൽ നിന്നു വ്യാപിച്ച എല്ലാ മത ഭിന്നതകളുടേയും ഗ്രീക്ക് ചിന്തകളുടേയും കേന്ദ്രവും കേദാരവുമായ അലക്സാന്ത്രിയൻ സ്കൂളിന്റെ അനുയായിയായ ഒരു നേതാവിൽ നിന്നാണുണ്ടായതു് എന്നതു നിശ്ചയമായും വളരെയേറെ ഗൌനിക്കേണ്ട ഒരു വസ്തുത തന്നെയാണു്.

ബർസ്ലീവ വളരെ മുമ്പേതന്നെ സമ്മതിച്ചു് രേഖപ്പെടുത്തിയ അതേ കാര്യം, ഇന്നു് അല്പം നേരം വൈകിട്ടായാലും, കുറെക്കൂടി അനുകൂലസമ്മതമായ രീതിയിൽ റോമൻ കത്തോലിക്കരുടേയും പ്രൊട്ടെസ്റ്റാൻറുകാരുടേയും പണ്ഡിതന്മാരും സമ്മതിച്ചു പ്രസ്താവിച്ചിട്ടുണ്ടു്.

ദിവംഗതനായ പോപ്പു് പീയൂസ് അദ്ദേഹത്തിന്റെ 1943 ലെ എൻസൈക്ലിക്കലിൽ ബൈബിളിന്റെ ഒരു ശാസ്ത്രീയ പുന:പഠനം നടത്താൻ ആവേശപൂർവ്വം ആവശ്യപ്പെടുകയും അത്തരം പഠനത്തിനു വേണ്ട പൂർണ്ണവും വ്യക്തവുമായ മാർഗ്ഗദർശനം നൽകുകയും ചെയ്തിരിക്കുന്നു. ഇംഗ്ലണ്ടിലെ S. C. M. പ്രസ്സിൽ അച്ചടിച്ച അഖിലലോക സഭാ കൌൺസിലിന്റെ Faith & order commission നു് വേണ്ടി പ്രസിദ്ധീകരിച്ച The church എന്ന ഗ്രന്ഥത്തിലെ റിപ്പോർട്ടിൽ പോപ്പു് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു:

> "ആധികാരികമായ മൂലഗ്രന്ഥത്തെ, പരിഭാഷകളെയല്ല, അടിസ്ഥാനമാക്കി വേണം പഠനം നടത്തുവാൻ. പ്രാചീന പൌരസ്ത്യരുടെ സാഹിത്യം പഠിക്ക എന്നതു് വളരെയേറെ പ്രാധാന്യമർഹിക്കുന്ന കാര്യമാകുന്നു; എന്തുകൊണ്ടെന്നാൽ ബൈബിളിലെ ഗ്രന്ഥകർത്താക്കൾ നാം ഇന്നുപയോഗിക്കുന്ന ഭാഷാ സങ്കേതങ്ങളല്ല അന്നുപയോഗിച്ചിട്ടുള്ളതു്."

അതേ റിപ്പോർട്ടിൽ തുടരുന്നു:



www.malankaralibrary.com
Scanned by CamScanner

"പ്രത്യേകിച്ച് ഗ്രീക്ക സാംസ്കാരവുമായുണ്ടാക്കിയ വിട്ടു വീഴ്ച കൾ, അഥവാ മദ്ധ്യകാല ഗ്രീക്കവിജ്ഞാന തത്വസംഹിതയും ധർമ്മ ശാസ്ത്രനിയമവും ആസ്പദമാക്കിക്കൊണ്ടുണ്ടായ തിരുവെഴുത്ത് വ്യാഖ്യാനങ്ങൾ മുൻകാലത്തെ ഭിന്നതകളെ കനംകുറച്ച് രണ്ടാം സ്ഥാനത്തേക്കിറക്കിപ്പതിച്ചു."

ഈ പ്രസ്താവനകളെല്ലാം ഒരു കാര്യം വ്യക്തമാക്കുന്നതിനുപകരിക്കുന്നുണ്ട്: സാമ്രാജ്യത്തിന്റെ രാഷ്ട്രീയ അടിയന്തരാവശ്യങ്ങൾക്കും വി. തിരുവെഴുത്തുകളെ ബൈസാന്റിയൻ സാമ്രാജ്യത്വ ശക്തി അടിയറവെച്ചുപോന്നു എന്നുള്ളതുതന്നെ. 'പെശീത്ത' എന്നറിയപ്പെടുന്ന പൌരസ്ത്യസഭയുടെ അസ്സൽ ആരാമായ പതിപ്പാകുന്ന മൂല ബൈബിൾഗ്രന്ഥവും അതിൽ നിന്നുടലെടുത്ത മററ ബൈബിൾ ഗ്രന്ഥങ്ങളും തമ്മിലുള്ള പരസ്പരവൈരുദ്ധ്യങ്ങളുൾക്കൊള്ളുന്ന തിരുവെഴുത്ത് വചനങ്ങൾ മേല്പറഞ്ഞ കാരണം കൊണ്ടുണ്ടായവയാകുന്നു.

ഒരു ഗ്രന്ഥത്തിന്റെ ആമുഖ പ്രബന്ധത്തിൽ ഇപ്രകാരമുള്ള ഒരു വിഷയത്തെ വിസ്തരിച്ച് കൂലങ്കഷമായി പ്രതിപാദിക്കുന്നതിന് സ്ഥലമുണ്ടാകില്ലെന്ന് അറിയാമല്ലൊ. La Croze അദ്ദേഹത്തിന്റെ Chretienisme Des Indes എന്ന ഗ്രന്ഥം Vol. 1, 437-ാം പേജിൽ, ഏകസ്വാഭാവവാദികൾക്ക് പററാവുന്ന തരത്തിൽ ബൈബിളിൽ ഉദ്ദേശപൂർവ്വം വരുത്തിവെച്ചിട്ടുള്ള മാററങ്ങളുടെ ഒന്നാം തരം ദൃഷ്ടാന്തങ്ങൾ അനുവാചകന്മാർക്ക കാണിച്ചുകൊടുക്കുന്നു. ഏകസ്വഭാവ വേദശാസ്ത്രത്തെ അനുകൂലിക്കുന്നതിന്നു പലപ്പോഴും ഉദ്ധരിക്കാറുള്ളതായ

"സ്വന്തരക്തത്താൽ അവൻ സമ്പാദിച്ചിരിക്കുന്ന മ്ശീഹായുടെ സഭ." (അ. പ്ര. 20:28)

എന്ന തിരുവെഴുത്തു വചനത്തെക്കുറിച്ചു ഗ്രന്ഥകർത്താവ് വ്യവഹരിന്നു. ഗ്രീക്ക് മുതലായ ഭാഷാന്തരങ്ങളിൽ 'മ്ശീഹായുടെ സഭ' എന്നതു് മാററി മറിച്ച് 'ദൈവത്തിന്റെ സഭ' എന്നാക്കിയിരി



www.malankaralibrary.com
Scanned by CamScanner

ക്കുന്നു. ഇതിനെപ്പററി അദ്ദേഹം ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"ഗ്രീക്കിലെ കൈയ്യെഴുത്തു പ്രതികൾ തമ്മിൽ ഇക്കാര്യത്തിൽ ഐക്യമില്ല. എന്നാൽ 'മ്ശീഹായുടെ രക്തം' എന്നുദ്ദേശിക്കുന്ന ആദിമരീതി സുറിയാനി ബൈബിളുകളിൽ അങ്ങനെത്തന്നെ നിലനിന്നു പോരുന്നു. മലബാർ തീരപ്രദേശങ്ങളിലുള്ള സെന്റ് തോമസ് ക്രിസ്ത്യാനികളുടെ ഇടയിൽ ഉപയോഗിച്ചു കൊണ്ടിരുന്ന സുറിയാനി ബൈബിളുകളിൽ പോലും ഇങ്ങനെ തന്നെയാണ്."

മലബാർ തീരത്തെ 'സെന്റ്തോമസ് ക്രിസ്ത്യാനികൾ' എന്നു ഇതിൽ പറഞ്ഞിട്ടുള്ളവർ പൌരസ്ത്യസഭയുടെ സന്താനങ്ങൾ മാത്രമാണ് തീർച്ച. ഈ ഒരു പേർ അവക്ക് നൂതനമായി ഉണ്ടാക്കിക്കൊടുത്തതാണ്. ഇതുചെയ്തതു് ആ ദേശത്തു് പുത്തനായെത്തിയ ക്രിസ്ത്യൻ മിഷ്യനറിമാരാണ്.

ഗ്രീക്കോ റോമൻ പുറജാതികൾ ക്രൈസ്തവ ദിവ്യതത്വങ്ങളേയും പഠിപ്പുകളേയും തങ്ങളുടെ അക്രൈസ്തവ തത്വശാസ്ത്രങ്ങളോടും സംസ്കാരത്തോടും യോജിപ്പിച്ചെടുക്കുന്നതിനു റോമൻ സാമ്രാജ്യത്തിനുള്ളിലുണ്ടായിരുന്ന ക്രിസ്തീയ സഭയിൽ അവിഹിതമായ പ്രേരണ ചെലുത്തുവാൻ അവിടത്തെ രാഷ്ട്രീയ സാമൂഹ്യ താല്പര്യങ്ങൾ കാരണമായി എന്നതു് ഏവരും സമ്മതിക്കുന്ന ഒരു വസ്തുത മാത്രമാണ്. ഇതിനെ സംബന്ധിച്ച് ടോയൻബി വളരെ വ്യക്തമായ രീതിയിൽ പ്രസ്താവിച്ചിരിക്കുന്നു. ഗിബ്ബൺന്റെ സമാപന നിഗമനങ്ങളെ വിമർശിച്ചുകൊണ്ടും (A study of History പേജ് 261 മുതൽ 299 വരെയുള്ളഭാഗം ശ്രദ്ധിക്കുക) അവിടെ വിജയപൂർവ്വം വളർന്നിരുന്ന സഭയും അവിടത്തെ ബാർബേറിയൻ വർഗ്ഗവും വെറും ബാഹ്യശക്തികളായിരുന്നില്ലെന്നു് അദ്ദേഹം കണ്ടുകൊണ്ടു് ഇപ്രകാരം പ്രതിപാദിച്ചിരിക്കുന്നു:

"പെരിക്ലിയൻ കാലഘട്ടത്തിലെ അധഃപതനത്തിന്റേയും ഓഗസ്റ്റൻ കാലഘട്ടത്തിന്റെ ഉയർച്ചയുടേയും മദ്ധ്യത്തിലുണ്ടായ അസ്വ



www.malankaralibrary.com
Scanned by CamScanner

സ്ഥതകളുടെ പരമ്പരകളിൽപെട്ട് അന്നത്തെ ന്യൂനപക്ഷ അധി കാര വർഗ്ഗങ്ങളിൽ നിന്നു വേറിട്ട് നീങ്ങിനിന്ന യഥാർത്ഥ ഗ്രീക്ക സംസ്കാരകുടുംബത്തിലെ ഉൾശക്തിയാർജ്ജിച്ച സന്താനങ്ങളാ യിരുന്നു അവർ. ചുരുക്കത്തിൽ ഇത്രയേ പ്രസ്താവിക്കേണ്ടതുള്ളൂ: വിജയപൂർവ്വം വളർന്നിരുന്ന സഭ അതികഠിനമായ പൊട്ടിത്തെറി യിൽപ്പെട്ടു ഛിന്നഭിന്നമായി; അനവധി ഭിന്നകക്ഷികൾ ആവി ർഭവിച്ചു. ഓരോന്നും മററുള്ളവയെ ആക്ഷേപിക്കയും അന്തിക്രി സ്തുവിൻെറ പക്ഷക്കാരാണെന്നു മുദ്രയടിക്കയും ചെയ്തു. ഇതുമൂലം മത്സരങ്ങളുടേയും യുദ്ധങ്ങളുടെ തന്നെയും ഒരു പരമ്പര നടമാടുക യും ഉണ്ടായി...................... അപ്രകാരം തന്നെ വളർന്നുകൊ ണ്ടിരുന്ന ബാർബേറിയൻ വർഗ്ഗം പാപ്പാ പദവിയിലന്തർലീന മെന്നു് കരുതിയിരുന്ന 'ദൈവിക അവകാശ'ത്തെ ബലാല്ക്കാര മായി പിടിച്ചെടുത്തു; ഈ 'ദൈവിക അവകാശ'ത്തിൻെറ ആശ യം പരമാധികാര രാഷ്ട്രീയ സ്റ്റേററുകളെ ആരാധിക്കുന്ന നിരീ ശ്വരവാദികളിൽ കൂടി ഉഗ്രരൂപം പ്രാപിക്കയും പാശ്ചാത്യ ലോ കത്തു് നിരവധി നാശനഷ്ടങ്ങൾ സൃഷ്ടിക്കയും ചെയ്തുകൊ ണ്ടിരുന്നു."

**റോമിലെ ഒരു കോൺവെൻററിലെ തൻെറ ജീവിതാന്ത്യവർ ഷങ്ങൾ ചിലവഴിച്ചവനും റോമൻ കത്തോലിക്കാ സഭയുടെ ഒരു അരുമസന്താനവും അതിഭക്തനും പ്രശസ്ത തത്വജ്ഞാനിയുമായ ജോർജ്ജ് സന്താന്യാന, ടോയൻബീയും മററ എഴുത്തുകാരും എത്തി ച്ചേർന്ന അതേ നിർണ്ണായക നിഗമനത്തെ കൂടുതൽ വ്യക്തമായും ശക്തമായും പ്രഖ്യാപിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞിരിക്കുന്നു:**

"ഉൽപ്രേക്ഷ മുതലായ കാവ്യാലങ്കാരങ്ങൾ വർദ്ധിച്ച തോതിലുള്ള ഒരു കാവ്യഗ്രന്ഥമാണു് പഴയനിയമം. തൽകർത്താക്കളായ യഹൂദ ന്മാർ അതിലുള്ള അലങ്കാര രൂപങ്ങളെ ആക്ഷരികമായല്ല ദർശിച്ചി ട്ടുള്ളതു്. എന്നാൽ ഭാവനാവിലാസമില്ലാത്തവരും ശാസ്ത്രീയ ആക്ഷരികതയിൽ കൂടുതൽ ശ്രദ്ധാലുക്കളുമായ യൂറോപ്യൻ ജനത പഴയനിയമ കാവ്യത്തെ, ശാസ്ത്രത്തെ എന്നപോലെ സമീപിക്ക യും അതുമൂലം അവർക്കുണ്ടായ അബദ്ധധാരണകളെ വെച്ചു് പാ ശ്ചാത്യ വേദശാസ്ത്രത്തിനു് രൂപം കൊടുക്കയും ചെയ്തു. ആരംഭ ത്തിൽ ക്രിസ്തീയ മതം, ഗ്രീക്കു് വേദശാസ്ത്രവും യഹൂദ ധർമ്മശാസ്ത്ര



C-004932

www.malankaralibrary.com
Scanned by CamScanner

വും സംയോജിച്ചുണ്ടായ ഒന്നായിത്തീർന്നു; അവസാനം ഒന്നു് മറ്റേതിനു് വഴങ്ങിക്കൊടുക്കേണ്ട പതനത്തിലുള്ള ഒരു അസ്ഥിര സംയോജനമായി വളർന്നു. ആയതു ഒടുവിൽ ഗ്രീക്ക സംസ്കാരത്തിന്റെ അനന്തരഫലമായുണ്ടായ വിധർമ്മികൾക്ക് റോമൻ കത്തോലിക്ക മതവിശ്വാസത്തിന്മേൽ അന്തിമ വിജയം പ്രഖ്യാപിക്കുന്നതിനു കാരണമാക്കി.'' **(The story of Philosophy, by WillDurant P. 198)**

നേരെ മറിച്ചു്, പേഷ്യൻ സാമ്രാജ്യത്തിനുള്ളിൽ വളന്നിരുന്ന പൌരസ്ത്യസഭ അപ്പോസ്തലന്മാരുടേയും അസ്സീരിയൻകാരുടേയും പൊതു ഭാഷയായ ആരാമായ ഭാഷയിൽ അപ്പോസ്തലന്മാരുടെ തന്നെ കൈകളിൽ നിന്നാണു് വി. തിരുവെഴുത്തുകളെ സ്വീകരിച്ചതു്. ആരാമായ ഭാഷയിലുള്ള ഈ വി. തിരുവെഴുത്തുകളെ റോമാ സാമ്രാജ്യത്തിലുണ്ടായിരുന്ന സഭയെ ആക്രമിച്ച പ്ലേഗു ബാധയാകുന്ന രാഷ്ട്രീയ സമ്മർദ്ദങ്ങളിൽനിന്നും വിധർമ്മികളുടെ തത്വജ്ഞാനങ്ങളിൽ നിന്നും സ്വതന്ത്രമായി നിലനിർത്തുന്നതിനും അവയ്ക്കു വേണ്ടിഅതിന്റെ വിശ്വാസ സത്യങ്ങളെ ബലികഴിക്കാതെ തിരുവെഴുത്തുകളുടെ പരിശുദ്ധിയെ കാത്തുസൂക്ഷിക്കുന്നതിനും ഇന്നേവരെ പൌരസ്ത്യ സഭക്കു സാധിച്ചുവെന്നതു് ഒരു സത്യമാണു്.

## അവസാന പിളർപ്പു്

അപ്പോസ്തലന്മാരുടെ കാലം മുതല്ക്കേതന്നെ റോമാ സാമ്രാജ്യത്തിലുള്ള ക്രിസ്തീയ സഭയിൽ വിശ്വാസ ഭിന്നതകൾ ആരംഭിച്ചിരുന്നുവെന്ന വസ്തുത വിഖ്യാതമാണു്. ഈ ഭിന്നതകൾ ആദിമ ചരിത്രത്തിലുടനീളം നിലനിന്നു. നിഖ്യാ സുൻഹാദോസിൽ വെച്ചാണു് അവസാനമായി ഇവയെ സംബന്ധിച്ച തീരുമാനങ്ങൾ എടുത്തതും ഭിന്നതകൾ വദ്ധിതമാകാതെ കാത്തതും.

പൌരസ്ത്യ സഭയും പാശ്ചാത്യ സഭയും തമ്മിലുള്ള പിളർപ്പു സുസ്ഥിരവും വ്യാപ്തവുമായതു എഫേസോസ് സുൻഹാദോസോടു



www.malankaralibrary.com
Scanned by CamScanner

കൂടി മാത്രമാണ്. കുറെക്കൂടി ശരിയായി പറയുകയാണെങ്കിൽ
പിളർപ്പ് ശേമ്യ-ഹെബ്രായ-ആരാമായ ഭാഷ സംസാരിക്കുന്ന പൌ
രസ്ത്യ സഭയും ഗ്രീക്ക്-റോമാ ഭാഷാസംസാരിക്കുന്ന പാശ്ചാത്യ
സഭയും തമ്മിലായിരുന്നു. മ്ശീഹായിൽ തന്റെ ദൈവത്വവും
മനുഷ്യത്വവും എങ്ങിനെ ഒന്നായി എന്ന കാര്യത്തെക്കുറിച്ച്
അവർ തമ്മിലുണ്ടായിരുന്ന തർക്കം മൂത്തു് ഒരു കൂട്ടർ വി. കന്യകമറി
യത്തെ "ദൈവത്തിന്റെ മാതാവ്" എന്നു വിളിക്കുന്നതിൽ ചെ
ന്നെത്തി. ഇതു് പിളർപ്പിനുള്ള കേന്ദ്ര ബിന്ദുവായി തീർന്നു.
"ദൈവത്തിന്റെ മാതാവ്" എന്ന വിളിയിൽ അന്തർലീനമായ
തത്വം ഏക സ്വഭാവ വാദികളുടെ വേദശാസ്ത്രമായി പരിണമിച്ചു.
ഈ വേദശാസ്ത്ര പ്രകാരം 'ദൈവം' മർത്ത്യസ്വാഭാവികമായ ജനനം
കഷ്ടാനുഭവം, മരണം എന്നീ പ്രതിഭാസങ്ങൾക്ക് വിധേയമാകേ
ണ്ടി വന്നു. സംശയലേശമെന്യേ ഈ വേദശാസ്ത്രം സ്പഷ്ടമായും
വി. തിരുവെഴുത്തുകൾക്ക വിരുദ്ധമാണെന്നു് കാണുകയാൽ കോൺ
സ്റ്റാന്റിനോപ്പ്ൾ സുൻഹാദോസ് ഇതിനെ 'അപ്പോളിനാറിയൻ
പാഷാണ്ഡം' എന്ന പേര് നല്കി സമസ്തഭ്രഷ്ട് കല്പിച്ചു തള്ളിക്ക
ളഞ്ഞു. ഡയാനാദേവിയുടെ ആരാധനാതത്വങ്ങളെ അഖിലലോക
പ്രശസ്തമാക്കിയതു് എഫേസോസിൽ പണിതിരുന്ന ക്ഷേത്രമാണെ
ന്നും ഈ സ്ഥലത്തു്വെച്ച് തന്നെയാണ് വി. പൌലൂസ് ശ്ലീഹാ
ദേവിയുടെ ആരാധനയെ ശക്തിയായി എതൃക്ക മൂലം അദ്ദേഹ
ത്തിന്റെ ജീവൻ അപായപ്പെട്ടതു് (അ. പ്ര. 19:26-35) എന്നും
നാം ഓർക്കുക.

പെരുകിവന്ന താല്പര്യങ്ങൾ, സഭാദ്ധ്യക്ഷചരമായി ഉന്നത പദ
വിയിലേക്കുള്ള അതിവാഞ്ഛ, അസൂയ എന്നിവയോടൊത്തു നട
മാടിയ ബൈസാൻറിയൻ രാജകൊട്ടാരത്തിലെ ഉപജാപങ്ങൾ
ഇവയെല്ലാം ഭിന്നതക്ക് കാരണമായിയെന്നതു ചരിത്രപരമായി
എല്ലാവരും അറിയുന്ന വസ്തുതകളാണ്. അലക്സാന്ത്രിയ പാത്രിയ
ർക്കീസായ കൂറില്ലോസ് മുന്നിൽ നിന്നു് പോരാടിയ 'ഏകസ്വഭാ
വ' തർക്കത്തിനു് ഗ്രീക്കോ-റോമൻ പിൻതുണ നല്കിയതിന്റെ



www.malankaralibrary.com
Scanned by CamScanner

പിന്നിലുള്ള പ്രേരകവസ്തുതകൾ മേൽപറഞ്ഞ യാഥാർത്ഥ്യങ്ങൾ മാത്രമാണ്. ഈ പാഷാണ്ഡതക്ക് നിയമ പ്രഖ്യാപനം നല്കി സഹായിച്ച തിയൊഡോഷ്യസ് ചക്രവർത്തി നിര്യാതനായ ഉടനെ ലത്തീൻ–ഗ്രീക്ക സഭകൾ കല്ക്കദോന്യയിൽ സുൻഹാദോസ് വിളിച്ചുകൂട്ടി 'ഏകസ്വഭാവ വാദ'ത്തെ നിരാകരിക്കയും, നെസ്തോറിസ് പാത്രിയർക്കീസിനെ മുമ്പ് കുററവാളിയെന്ന് വിധിച്ചതിൽ പങ്കുചേർന്നിരുന്ന അവർ അന്ന് എതൃത്ത 'മ്ശീഹായിൽ രണ്ടു് സ്വഭാവം' എന്ന അപ്പോസ്തലിക വിശ്വാസത്തിലേക്ക് തിരിച്ചു വരികയും ചെയ്തതിൽ നിന്നു് മേൽ പ്രസ്താവിച്ച യാഥാർത്ഥ്യങ്ങൾ കൂടുതൽ വ്യക്തമായി തെളിയുന്നു.

കല്ക്കദോന്യ സുൻഹാദോസിനു ശേഷം ഏകസ്വഭാവ വാദികൾ ഗ്രീക്ക്–ലത്തീൻ സഭകളെ 'നെസ്തോറിയൻ' എന്ന കുറപ്പേരു് വിളിച്ചു ആക്ഷേപിക്കാൻ തുടങ്ങി. എഫസോസ് സുൻഹാദോസിൽ അലക്സാന്ദ്രിയ, ഗ്രീക്ക്, ലത്തീൻ ഈ മൂന്നു കൂട്ടരും യോജിച്ചാണ് 'ഇരുസ്വഭാവ വാദി' കളായ പൌരസ്ത്യസഭയെ നെസ്തോറിയൻ എന്ന കുററപ്പേരു് നല്കി മുദ്രയടിച്ചതു് എന്നു് ഓക്കേണ്ടതു് നന്നു. കല്ക്കദോന്യ വിഭാഗത്തിൽ പെട്ടവരും ഏകസ്വഭാവ വാദികളായ കൂറില്ലോസ് അനുയായികളെ കുററപ്പേരു് വിളിച്ചു ആക്ഷേപിക്കുന്നതിനു പിന്നിലല്ലാതായി. ദുർജ്ഞേയമായ എഫസോസും കല്ക്കദോന്യയും ഇന്നും അമ്പരിപ്പിക്കുന്ന പ്രശ്നങ്ങളാകുന്നു: എന്നും അങ്ങിനെയായിരിക്കയും ചെയ്യും. ക്രിസ്തീയ വിശ്വാസവും പാഷാണ്ഡ തത്വശാസ്ത്രവുമായുണ്ടായ അവിശുദ്ധ ബന്ധമാണ് ഈ തീരാ പ്രശ്നങ്ങൾക്ക കാരണമായതെന്ന കാര്യം സുവിദിതമാണ്.

കൽക്കദോന്യ സുൻഹാദോസിനെ സമാഹരിച്ച എൻസൈക്ലോപ്പീഡിയ ബ്രിട്ടാനിക്ക ഇപ്രകാരം പറയുന്നു.

> "സഭാ പ്രമാണങ്ങളെ സംബന്ധിച്ചിടത്തോളം നെസ്തോറിസിന്റേയും അന്ത്യോഖ്യൻ സിദ്ധാന്ത പാരമ്പര്യത്തിന്റേയും ആശയങ്ങൾ അന്നേ ദിവസം വിജയം വരിച്ചു.



www.malankaralibrary.com
Scanned by CamScanner

മ്ശീഹായുടെ ദൈവത്വത്തിൽ നിന്നു് മനുഷ്യത്വത്തെ വ്യക്തമായും വേർതിരിച്ചു് സംരക്ഷിച്ചു. ദൈവത്വ മനുഷ്യത്വ ഐക്യം അവർണ്ണനീയമായ ഒരു രഹസ്യമായി വിടുകയും ചെയ്തു."

തത്വത്തിൽ ഇതു് സത്യമാണെന്നു് വരികിലും പരിപൂർണ്ണമായി അപ്പോസ്തലിക വിശ്വാസത്തിലേക്കു് കാൽക്കദോന്യൻ വിശ്വാസ പ്രാമാണികന്മാർ മടങ്ങിവരാനുള്ള വൈമനസ്യം നിമിത്തം വീണ്ടും അവരുടെ ഇടയിൽ തീരാതർക്കങ്ങൾക്കും വാദകോലാഹലങ്ങൾക്കും ഇട നല്കി.

"പരിശുദ്ധാത്മാവിന്റെ പുറപ്പാടു പിതാവിൽ നിന്നും പുത്രനിൽ നിന്നും"

(Doctrine of Felioque) എന്ന പുതിയ തത്വം ലത്തീൻ സഭ പതിനൊന്നാം നൂററാണ്ടിൽ പുതുതായി ആവിഷ്ക്കരിച്ചപ്പോൾ ഗ്രീക്കു് സഭ ലത്തീൻ സഭയെ പാഷാണ്ഡത പറഞ്ഞു് കുററപ്പെടുത്തി; ആ പുതിയ തത്വം തിരുവെഴുത്തു് വിരുദ്ധമാകയാൽ പാഷാണ്ഡതത്വമാകുന്നുവെന്നും പ്രഥമ വിശ്വാസപ്രമാണത്തോടു ലത്തീൻ സഭ കൂട്ടിച്ചേർത്തതാണെന്നും അവർ മുദ്രകുത്തി.

'ദൈവമാതാവു്" എന്നു് കന്യകമറിയത്തെ വിളിക്കുന്നതിനേയും 'ജനിച്ച ദൈവം' 'മരിച്ച ദൈവം' എന്നീപദപ്രയോഗങ്ങളിലടങ്ങിയ അബദ്ധങ്ങളും അവയിലെ തിരുവെഴുത്തു്വിരുദ്ധങ്ങളും മനോധർമ്മത്തിനു് അസാദ്ധ്യങ്ങളുമായ വ്യാജതത്വങ്ങളുമാണു് 'ഏകസ്വഭാവ വാദികളെ' പാഷാണ്ഡ മതസ്ഥരെന്നു് പൌരസ്ത്യ സഭ മുദ്ര കുത്തുന്നതിനുണ്ടായ പ്രഥമ കാരണമെന്നു് മർഗ്ഗാനീത്ത ഗ്രന്ഥ കർത്താവായ മാർ ഔദീശോ തന്നെ വിവരിച്ചിട്ടുണ്ടെന്നുള്ളതു് പ്രസ്താവ്യമാണു്; ദൈവത്തിന്റെ വർഗ്ഗസ്വഭാവത്തിലും തന്റെ ദിവ്യഗുണസമ്പൂർണ്ണതയിലും ദൈവം വിഭജനത്തിന്നതീതനാണു്; ആകയാൽ ദൈവം മരിച്ചാൽ അവൻ സ്വവർഗ്ഗ സ്വഭാവത്തിൽ (ദൈവത്വത്തിൽ) മരിച്ചിരിക്കണം; അവൻ സ്വവർഗ്ഗ സ്വഭാവത്തി



www.malankaralibrary.com
Scanned by CamScanner

ലാണ് മരിച്ചതെങ്കിൽ അവന് എങ്ങിനെ വീണ്ടും ഉയിർത്തെഴു ന്നേൽക്കാൻ കഴിയും? ഇങ്ങനെയാണെന്നു വരികിൽ നമ്മുടെ പ്രത്യാശ അർത്ഥശൂന്യമാകുന്നു! വി. പൌലൂസശ്ലീഹായുടെ വാക്കുകളിൽ,

"എന്നാൽ നിങ്ങളോടു അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു മാലാഖയാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ." (ഗലാ. 1:8)

ഒരു മാലാഖയാണെങ്കിൽ പോലും ശപിക്കപ്പെട്ടവനാണെങ്കിൽ ഒരു മനുഷ്യനാണെങ്കിൽ എത്ര അധികമായി ശപിക്കപ്പെട്ടവനാകും!!

വി. പൌരസ്ത്യ സഭയുടെ ആദിമ പിതാക്കന്മാരും വി. മാർ നെസ്തോറീസും മററും വളരെ മുമ്പേതന്നെ പ്രകടിപ്പിച്ചിരുന്ന ഭീതി അങ്ങിനെത്തന്നെ സംഭവിച്ചു. ഇതാ ക്രിസ്തീയ മതം ഇന്നു ഗ്രീക്ക്-ലത്തീൻ-പ്രൊട്ടസ്റ്റന്റ് ഇങ്ങനെ നിരവധി വിഭാഗങ്ങളായി ചിന്നിച്ചിതറിക്കിടക്കുന്ന കാഴ്ച കഷ്ടാൽ കഷ്ടതരംതന്നെയല്ലോ. മാത്രമോ, ലത്തീൻ സഭയിൽ അനവരതം തഴച്ചു വളർന്ന 'മറിയാരാധന' (ദൈവമാതാവായി മറിയത്തെ അവരോധിച്ചാരാധിക്കുന്നതു) യെ എതിർത്ത് മററു എല്ലാ ക്രിസ്തീയ മതവിഭാഗങ്ങളിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകടവിമർശനങ്ങളും ശ്രദ്ധേയമാണ്. ഇവയ്ക്കെല്ലാം. പുറമെ, റോമൻ കത്തോലിക്കാ സഭയിൽതന്നെ ഇതുണ്ടാക്കീട്ടുള്ള ഭയത്തിനും ഗൌരവതരമായ ചിന്താകുഴപ്പതരംഗങ്ങൾക്കും റോമിൽ ഇയ്യിടെ നടന്ന ഇക്യുമിനിക്കൽ കൌൺസിലിൽ ഉണ്ടായ സമ്മേളനങ്ങളിൽ സഭയുടെ അനേകം മേലദ്ധ്യക്ഷന്മാർ പുറത്തിറക്കിയ പ്രസ്താവനകൾ തന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്.

## ആദിമ സഭാ പിതാക്കന്മാരുടെ സാക്ഷ്യം

പൌരസ്ത്യസഭ അതിന്റെ തത്വങ്ങൾ വി. തിരുവെഴുത്തുകളെ അവലംബിച്ചു ആവിഷ്ക്കരിച്ചിരിക്കുന്നുവെന്നതിനു പുറമെ അ



www.malankaralibrary.com
Scanned by CamScanner

വയ്ക്കു° നിഖ്യാസുൻഹാദോസിനു മുമ്പും പിമ്പുമുള്ള സഭാ പിതാക്കന്മാരുടെ ശക്തിയായ സാക്ഷ്യവും പിന്തുണയുമുണ്ട്. പാശ്ചാത്യർ 'പൌരസ്ത്യരുടെ സുൻഹാദോസ്" ('Synodicon Orientale) എന്നു സാധാരണ പേർ വിളിക്കുന്ന വി. സഭയുടെ ആദിമ സുൻഹാദോസുകളിൽ നിന്നും മററ ഗ്രന്ഥങ്ങളിൽ നിന്നുമുള്ള പല കാര്യങ്ങളും നേരെ ആരാമായ ഭാഷയിൽ നിന്നു നാം തർജ്ജമ ചെയ്തിട്ടുള്ളതു° ഈ ഗ്രന്ഥത്തിൻെറ അനുബന്ധമായിട്ട° വിഷയാനുക്രമണികയിൽ ചേർത്തു° പ്രസിദ്ധീകരിച്ചിട്ടുണ്ട്.*

നാം ഇതിൽ നല്കീട്ടുള്ള ഉദ്ധരണികരം എല്ലാം A. D. 661-680 ലെ പൌരസ്ത്യ കാതോലിക്കോസു° പാത്രിയക്കീസായ മാർ ഗീവർഗീ[illegible]° തിരുമേനിയുടെ ലേഖനത്തിൽ രേഖപ്പെടുത്തീട്ടുള്ള സിനോഡിക്കോൺ ഓറിയന്റെയിലിൽ നിന്നെടുത്തീട്ടുള്ളതാകുന്നു. പേർഷ്യയിലെ പുരോഹിതനായ വ. ഭി. മീനാ കോറെപ്പിസ്കോപ്പക്ക° മറുപടിയായി തിരുമേനി എഴുതിയതാണ്° ഈ ലേഖനം. ഇതിലെ വാദമുഖങ്ങരംക്ക° പിന്തുണയായി അദ്ദേഹം നിരവധി പാശ്ചാത്യപൌരസ്ത്യസഭാപിതാക്കന്മാരെ ഉദ്ധരിച്ചിട്ടുണ്ട്. പൌരസ്ത്യ സഭയുടെ വേദശാസ്ത്രം പ്രസ്പഷ്ടമാക്കത്തക്കവണ്ണം ഈ ലേഖനത്തിലെ ചില അനുയോജ്യ ഭാഗങ്ങരം ഇവിടെ നാം എടുത്തു കാണിക്കട്ടെ.

"ഇതും കൂടി നാം സത്യമായിട്ടും വിശ്വസിച്ചു പ്രഖ്യാപിക്കുന്നു: ദൈവമക്കളാകുവാൻ അധികാരം നല്കിയ സുവാത്താട്ടതിയായ മാലാഖയുടെ ശബ്ദം കേട്ട നിമിഷം മുതൽ അപ്രകാരം സംഭവിച്ചു വല്ലോ. ദൈവമക്കരം ജഡത്താലോ മാംസേച്ഛയാലോ പുരുഷന്റെ ഇഷ്ടത്താലോ അല്ല ജനിച്ചതു° പിന്നേയോ ദൈവത്താലത്രെ. പിതാവായ ദൈവത്തിൻെറ പുത്രത്വത്തിലേക്ക° നമ്മെ ഉയർത്തുന്നതിന്നായിട്ടാണ്° തൻെറ കൃപയാൽ നമ്മുടെ വർഗ്ഗത്തോട° ഇപ്രകാരമുള്ള കാര്യങ്ങരം അവൻ ചെയ്തതു°. നാം ശരീരസ്ഥരാ

---

* മലയാള പരിഭാഷയിൽ ഇതു° ചേർത്തിട്ടില്ല.



www.malankaralibrary.com
Scanned by CamScanner

യിരിക്കെത്തന്നെ ദൈവത്തിൻെറ പുത്രത്വപദവിയിലേക്ക് അവൻ നമ്മെ ഉയർത്തി. 'വചനമായ ദൈവം' ജഡമായിത്തീൎന്നു. എന്തുകൊണ്ടെന്നാൽ 'അവൻ' നമ്മിൽ നിന്നുള്ള ജഡശരീരമാണ് ധരിച്ചതു്. നമ്മുടെ ജഡശരീരം അവനുമായി സ്വയം സംയോജിച്ചു. നമ്മുടെ ജഡശരീരത്തെ അവൻ സ്വയം തൻെറ നിവാസ കേന്ദ്രമാക്കി. മാമോദീസാ തൊട്ടിയിൽ നിന്നു് നിത്യജീവൻെറ അച്ചാരമാകുന്ന കൃപാ മഹത്വം നമുക്കു് നല്കുന്നതിന്നു് വേണ്ടിയാണു് അവൻ ജഡമായിത്തീൎന്നതെന്നു് പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഇക്കാരണത്താലാണല്ലോ നാം ദൈവമക്കൾ ആകുന്നതും അപ്രകാരം വിളിക്കപ്പെടുന്നതും. ശരിയായ വസ്തുത പറകയാണെങ്കിൽ, അഴിഞ്ഞു പോകാത്തതും പരിണാമരഹിതവുമായ നിത്യജീവൻെറ മഹത്വത്താൽ നാം സമ്പന്നരാകാൻ പോകുക കൂടിയാണു്. ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ പ്രകൃതി അതിൻെറ അതിൎത്തികളിൽ തന്നെ അവശേഷിച്ചിരിക്കയും ചെയ്യും. ഇതേപോലെ തന്നെ 'വചനം ജഡമായിത്തീൎന്നു' എന്ന പ്രസ്താവത്തിൻെറ യഥാൎത്ഥ അൎത്ഥം 'വചനം' അതിൻെറ പ്രകൃതിയിൽ നിന്നു് മാറി എന്നല്ല. വചനം ജഡമായി ഐക്യം പ്രാപിച്ചതു് നമ്മിൽ നിന്നു് മാംസം സ്വീകരിച്ചുകൊണ്ടാണെന്നു് മാത്രം ധരിക്കുക. അവൻെറ ആത്മാവിനെ അച്ചാരമായി നമുക്കു് നല്കി; അവൻ സ്വയം നമ്മോടു് ഐക്യപ്പെട്ടതിൻെറ സൂചനാചിഹ്നം പോലെയാണിതു്. ഇതാണു് 'വചനം' ജഡമായി എന്നതുകൊണ്ടു് സുവിശേഷകൻ അൎത്ഥമാക്കുന്നതു്. വചനം ജഡമയിത്തീൎന്നു എന്നുള്ളതിനെ വ്യാഖ്യാനിക്കുന്നതിൽ ദൈവത്വത്തിന്നു് മാററം സംഭവിച്ചു എന്നു് അൎത്ഥം വരുത്തുകയാണെങ്കിൽ ആയതു് ദൈവദൂഷണമാകുന്നു."

'നമ്മുടെ കൎത്താവായ ഈശോമ്ശീഹാ നമുക്കുവേണ്ടി ശാപമായിത്തീൎന്നു' (ഗലാ. 3:13) എന്നു് വി പൗലോസു് ശ്ലീഹ ലേഖനത്തിൽ കുറിച്ചിട്ടുള്ളതിനെ, 'മ്ശീഹ ദൈവത്താൽ ശപിക്കപ്പെട്ടവനാണു" എന്നു് അൎത്ഥം വ്യാഖ്യാനിക്കയാണെങ്കിൽ കഷ്ടാൽ കഷ്ടതരമല്ലേ? നാം ശാപഗ്രസ്ഥരാകാൻ സ്വാഭാവികമായും കാരണമായ നമ്മുടെ പാപങ്ങളെ മ്ശീഹ സ്വയം വഹിച്ചു ക്രൂശിന്മേൽ വെയ്ക്കുകയല്ലേ ഉണ്ടായതു്? നമ്മെ പ്രതി അവൻ ശപിക്കപ്പെട്ടവനെന്നു് എണ്ണ



www.malankaralibrary.com
Scanned by CamScanner

പ്പെട്ടു എന്നതിനു് പകരം 'വചനമായ ദൈവം' തന്റെ പ്രകൃതിയിൽ ശാപമായിപരിണമിച്ചു എന്നാകുമോ? ഇപ്രകാരമുള്ള ദൈവദൂഷണം ഉച്ചരിക്കാൻ ആരുടേയെങ്കിലും നാക്കു പൊങ്ങുമോ? സഹോദരരായ നിങ്ങൾ ദിവ്യ പഠിപ്പാകുന്ന സത്യത്തിന്റെ പ്രത്യാശയിൽ സ്ഥിരീകരിക്കപ്പെടുവാൻ ദൈവം ഇടവരുത്തട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. വചനമായ ദൈവം സ്വയം വിശുദ്ധ ആദ്യമാതന്റെ പ്രകൃതിയെ ധരിച്ചു് അതായതു് വിവേചന ശക്തിയുള്ള ആത്മാവിനേയും ജഡശരീരത്തേയും ധരിച്ചു് സ്വന്ത ആളത്വത്തിൽ അതിനെ സംയോജിപ്പിച്ചു് സത്യത്തിൽ ഒരു മനുഷ്യൻ തന്നെയായിത്തീർന്നു; നമ്മുടെ രക്ഷയേയും മാലാഖന്മാരുടേയും മനുഷ്യരുടേയും പുതുക്കത്തേയും നിവൃത്തിച്ചു. അവൻ നമ്മെ അതിക്രത്തിന്റെ നീചസ്ഥിതിയിൽ നിന്നു് തന്റെ ദിവ്യത്വത്തിന്റെ മഹത്വത്തിൻ പാരമ്യത്തിലെത്തിക്കുകയും ചെയ്തു. ഇവയ്ക്കു പുറമെ, ക്രിസ്തീയത്വത്തിന്റെ ശില്പിയായ വി. പൌലൂസ്ശ്ലീഹ വിശ്വാസികളുടെ ആത്മീയ വദ്ധനക്കായി എഴുതിയ ലേഖനത്തിൽ, ഈശോമ്ശീഹ കാര്യങ്ങൾ വിവേചിച്ചറിഞ്ഞതുപോലെ നിങ്ങളും ഇതു് വിവേചിച്ചറിയണമെന്ന ആഗ്രഹത്തോടെ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

> "ഈശോ മ്ശീഹായിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു് വിചാരിക്കാതെ ദാസരൂപം എടുത്തു് മനുഷ്യ സാദൃശ്യത്തിലായി" (ഫിലി. 2:5-7)

ആകയാൽ 'ദൈവരൂപം' എന്നതിന്റെ അർത്ഥം ദൈവത്വ സ്വഭാവവും 'ക്നൂമയു' മാണു്. അപ്രകാരം തന്നെ 'ദാസരൂപം' അഥവാ മനുഷ്യ സാദൃശ്യം എന്നതിന്റെ അർത്ഥം മനുഷ്യത്വ സ്വഭാവവും 'ക്നൂമയു' മാണു്. അതായതു് ഏക ദൈവപുത്രനാകുന്ന മ്ശീഹായിൽ രണ്ടു ക്നൂമകളോടുകൂടിയ രണ്ടു സ്വഭാവങ്ങൾ ഉണ്ടു്. വീണ്ടും പൌലൂസ്ശ്ലീഹ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:



www.malankaralibrary.com
Scanned by CamScanner

"വചനം നിങ്ങൾക്ക് സമീപമായി നിങ്ങളുടെ വായിലും നിങ്ങളുടെ ഹൃദയത്തിലും ഇരിക്കുന്നു. അതു ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസ വചനം തന്നെ. ഈശോവിനെ കർത്താവ് എന്നു് വായ്കൊണ്ടു് ഏററുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നു് ഉയിർത്തെഴുന്നേല്പിച്ചു എന്നു് ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ നിങ്ങൾ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കയും വായ് കൊണ്ടു രക്ഷക്കായി ഏററുപറകയും ചെയ്യുന്നു." (റോമ. 10:8–19)

പൌരസ്ത്യ സുൻഹാദോസുകളെപ്പററിയുള്ള 'സിനോഡിക്കോൺ ഓറിയൻെറയിൽ' എന്ന ഗ്രന്ഥത്തിൽ മേൽപ്രസ്താവിച്ച വിധത്തിലുള്ള വളരെയേറെ താത്വിക പ്രഖ്യാപനങ്ങൾ പല പാത്രിയർക്കീസുമാരുടേയും കോൺസ്റ്റാൻറിനോപ്പൾ പാത്രിയർക്കീസുമാർ അദ്ധ്യക്ഷന്മാരായുള്ള സുൻഹാദോസുകളുടേയും രേഖപ്പെടുത്തീട്ടുണ്ടു്.

എഫേസോസ് സുൻഹാദോസിൽ നിന്നു് ഉടലെടുത്ത വ്യാജപ്രസ്താവങ്ങളെയെല്ലാം ഇവ സംശയലേശമെന്യേ നിരാകരിച്ചു തള്ളുന്നതായി കാണാം. ഈ വ്യാജ പ്രസ്താവങ്ങളെ എഫേസോസ് സുൻഹാദോസനുയായികൾ ആവർത്തിച്ചാവർത്തിച്ചു എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നു. പാത്രിയർക്കീസായ നെസ്തോറീസും അദ്ദേഹത്തിൻെറ വേദശാസ്ത്ര സിദ്ധാന്തത്തിനു് പിന്തുണ നല്കിയ പൌരസ്ത്യ സഭയും മ്ശീഹായിൽ രണ്ടു ആളുകൾ ഉണ്ടെന്നു് വിശ്വസിക്കുന്നവരാണെന്നും, അവർ തന്മൂലം മ്ശീഹായുടെ ദൈവത്വത്തെ നിരാകരിച്ചു തള്ളുന്നവരാണെന്നും ആണ് എഫെസോസ് സുൻഹാദോസനുയായികൾ എപ്പോഴും ദുഷ്പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നതു്. ഈ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്ന വസ്തുതകളിൽനിന്നു് ഈ ദുഷ്പ്രചരണത്തേക്കാളും ഉഗ്രമായ വ്യാജം ഒരുത്തനും ഒരിക്കലും ഉച്ചരിച്ചിട്ടില്ലെന്നു വ്യക്തം. തത്വശാസ്ത്ര നിയമപ്രകാരംപോലും ഒരു മനുഷ്യനിൽ രണ്ടു് ആളുകൾ എന്നതു നിശ്ചയമായും അസാദ്ധ്യമായ വസ്തുതയാകയാൽ ഈ വ്യാജപ്രചരണം



www.malankaralibrary.com
Scanned by CamScanner

തല നീട്ടിയ ഉടനെതന്നെ സ്വാഭാവികമായും യുക്തി ഹീനതയുടെ അഗാധഗർത്തത്തിലേക്ക് വീണ് മണ്ണടിയേണ്ടതാണ്.

വസ്തുത ഇതാണ്: വി. പൌരസ്ത്യ സഭക്ക് കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസായ മാർ നെസ്തോറീസുമായി യാതൊരു തരത്തിലുമുള്ള ബന്ധവുമുണ്ടായിരുന്നില്ല; എഫേസോസ് സൂൻഹാദോസിൽ പൌരസ്ത്യസഭ ഔദ്യോഗിക പ്രാതിനിദ്ധ്യം പോലും വഹിച്ചിരുന്നുമില്ല. എന്നാൽമാർ നെസ്തോറീസിന്റെ സത്യതത്വസിദ്ധാന്തങ്ങൾക്ക് പിന്തുണ നല്കുവാൻ പൌരസ്ത്യസഭ മുന്നോട്ട് വന്നതിനുള്ളകാരണം മർഗ്ഗ്യാനീത്താ ഗ്രന്ഥകർത്താവായ മാർ ഔദീശോ ഇപ്രകാരം വ്യക്തമാക്കി പ്രസ്താവിച്ചിരിക്കുന്നു.

> "പൌരസ്ത്യർ തങ്ങളുടെ സത്യവിശ്വാസത്തിൽ നിന്നു് വ്യതിചലിക്കാൻ ഒരിക്കലും സമ്മതിക്കില്ല; അപ്പോസ്തലന്മാരിൽ നിന്നു് അവർ സ്വീകരിച്ച സത്യവിശ്വാസത്തെ അതേപടി കാത്തുസൂക്ഷിച്ച് യാതൊരു മാററവും വരുത്താതെ പാലിച്ചു പോന്നിട്ടുണ്ട്. ആകയാൽ വി. പൌരസ്ത്യ സഭയെ 'നെസ്തോറിയൻ' എന്ന കുററപ്പേരു് വിളിക്കുന്നതിൽ യാതൊരു നീതീകരണവുമില്ല"

എഫേസോസ് സൂൻഹാദോസിൻെറ അനുയായികൾ നെസ്തോറീസിനെ മഹറോൻ ചൊല്ലാൻ പൌരസ്ത്യസഭയോട് ആവശ്യപ്പെട്ടപ്പോൾ ആയതിനെ സഭ നിരാകരിച്ചുകൊണ്ട് ഇപ്രകാരം മറുപടി നല്കുകയുണ്ടായി:

> "നെസ്തോറീസിനെ മഹറോൻ ചൊല്ലുക എന്നുവെച്ചാൽ അപ്പോസ്തലന്മാരേയും വി. തിരുവെഴുത്തുക്കളേയും ശപിച്ചു തള്ളുന്നതിനു സമമാണ്. എന്തെന്നാൽ അപ്പോസ്തലന്മാരിൽ നിന്നും വി. തിരുവെഴുത്തുകളിൽ നിന്നുമാണല്ലോ ഞങ്ങൾ പാലിക്കുന്ന സത്യവിശ്വാസം ഞങ്ങൾ സ്വീകരിച്ചിരിക്കുന്നതു്. ഈ സത്യവിശ്വാസത്തെ പ്രതിയത്രെ ഞങ്ങളേയും നെസ്തോറീസിനേയും നിങ്ങൾ (എഫേസോസ് അനുയായികൾ) കുററമാരോപിച്ചു തള്ളുന്നതു്."

പോപ്പ്സെലെസ്റ്റൈനും് പാത്രിയർക്കീസ് നെസ്തോറിസ്



www.malankaralibrary.com
Scanned by CamScanner

തന്നെ എഴുതീട്ടുള്ള ലേഖനത്തിൽ പ്രത്യേക പ്രാധാന്യം നല്കിയ ഒരു കേന്ദ്രാശയം ഇതാണു്: അദ്ദേഹം (നെസ്തോറീസ്) എതിർത്തതു മ്ശീഹായുടെ ദൈവത്വത്തെ മായം ചേർത്തവരെയാണു്; അതു കൊണ്ടാണു് എഫെസോസ് സുൻഹാദോസിന്റെ നേതാക്കന്മാരെ 'ആരിയൂസ് അനുയായികൾ' എന്നു് അദ്ദേഹം സെലസ്റ്റിൻ പോപ്പിന്നെഴുതിയ ലേഖനത്തിൽ ആക്ഷേപിച്ചു വിളിച്ചിരിക്കുന്നതു്.

മ്ശീഹായുടെ ദൈവത്വത്തിന്റെ ഉത്ഭവം കന്യകമറിയത്തിന്റെ ഗർഭപാത്രത്തിൽ വെച്ചാണെന്നു് വാദിക്കുന്നവരോടു് പറയാനുള്ളതു്, അങ്ങനെയുള്ള ദൈവത്വം ആളത്വരഹിതമായ പിതാവായ ദൈവത്തിന്റെ ദൈവത്വമല്ല. കന്യകയിൽ ഉരുവായി ജനിച്ചവൻ സാരാംശത്തിൽ ദൈവത്തോടു സമനാകുന്നില്ലെന്ന തത്വത്തെ ആവിഷ്കരിച്ചുകൊണ്ടാണു് ആരിയൂസും അനുയായികളും മ്ശീഹായുടെ ദൈവത്വത്തെ നിരാകരിച്ചതെന്നകാര്യം സ്മരിക്കുക. ഇപ്രകാരം വിശദീകരിച്ചുകൊണ്ടാണു് നെസ്തോറീസ് ലേഖനം അവസാനിപ്പിച്ചതു്.

## എഫേസോസ് കേസ്സിന്റെ വിചാരണ

മനുഷ്യന്റെ അസുഖങ്ങൾക്കു ഒരു സർവ്വരോഗ നിവാരണ ഔഷധവും ഇതുവരെ കണ്ടെത്തീട്ടില്ല. എന്നാൽ സമയം ഒരു മഹത്തായ ഔഷധം തന്നെയാകുന്നുവെന്നതിനു് സംശയമില്ല. എഫെസോസിനു ശേഷം നൂററാണ്ടുകൾ പലതും കടന്നുപോയി. അതോടെ വിദ്വേഷവും ആവേശവും ആറിത്തണുത്തു. മാത്രമല്ല, സംഭവിച്ച കാര്യങ്ങളെ യുക്ത്യാനുസരണമുള്ള വിവേകത്തോടെയും പണ്ഡിത്യോചിതമായ കാഴ്ചപ്പാടോടെയും വസ്തുനിഷ്ഠമായി വിലയിരുത്തുവാൻ തുടങ്ങിയെന്നു കാണുന്നതിൽ നാം അതിയായി സന്തോഷിക്കേണ്ടതാണു്. പ്രൊട്ടെസ്റ്റൻറ് സഭയിലേയും റോമൻ കത്തോലിക്കാ സഭയിലേയും മററു പണ്ഡിതന്മാരുടെ തൂലികകളിൽ നിന്നുത



www.malankaralibrary.com
Scanned by CamScanner

വിച്ച പ്രസ്താവനകൾ ഉപ്പാന്തത്തിന്നു നമുക്ക പരിശോധിക്കാം.

• എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

> "നെസ്തോറിസിനെ സംബന്ധിച്ചിടത്തോളം, എങ്ങിനെ നോക്കിയാലും, അദ്ദേഹം തന്നെ കുററപ്പെടുത്തുന്നവർ പറയുന്ന തരത്തിലുള്ള ഒരു തത്വം ആവിഷ്കരിച്ചിട്ടില്ലെന്നുള്ളത് വളരെ തീർച്ചയാണ്. അദ്ദേഹത്തിൻെറ നാമത്തോടു ബന്ധപ്പെടുത്തിപ്പറയുന്ന പാഷാണ്ഡതത്വത്തിന്റെ അരികത്തുപോലും എത്തുന്ന ഒരു വാക്കെങ്കിലും യാദൃശ്ചികമായിപോലും അദ്ദേഹം ഉച്ചരിച്ചതായി അദ്ദേഹത്തിൻെറ പ്രസ്താവനകളെ പരിശോധിച്ചവർ കാണുന്നില്ല."

അത്ത്നാസിയൂസിനെപ്പോലെ തന്നെ നെസ്തോറിസും സർവ്വ പ്രകാരേണയും മനുഷ്യാവതാര വിഷയത്തെ സംബന്ധിച്ചിടത്തോളം ഒരു സത്യവിശ്വാസി (ഓർത്തഡോക്സ്) ആയിരുന്നുവെന്നും നിഖ്യാവിശ്വാസ പ്രമാണത്തിലെ സമസ്ത ഘടക തത്വങ്ങളേയും അതേപടി ആത്മാർത്ഥമായും അത്യാവേശത്തോടുകൂടിയും പാലിച്ചു പോരുന്നവനായിരുന്നുവെന്നും സ്മരിക്കുക.

> "വാസ്തവത്തിൽ നെസ്തോറീസ് ഉന്നയിച്ച ചോദ്യം പരസ്പരാശയവിനിമയശൈലീവിശേഷത്തിൻേറതായ ഒന്നല്ലായിരുന്നു. എന്നാൽ ഭാഷയുടെ ലാളിത്യ ഗുണവിശേഷത്തിൻേറതു് മാത്രമായിരുന്നു ...... "

അദ്ദേഹം 'മ്ശീഹയുടെ മാതാവ്' എന്നു് കന്യകമറിയത്തെ വിളിക്കുന്നതിനു് യാതൊരു വൈമനസ്യവും കാണിച്ചില്ല; 'ഇമ്മാനുവേലിൻെറ മാതാവ്' എന്നുപോലും വിളിക്കുന്നതിനു് അദ്ദേഹത്തിനു വിരോധമില്ല; എന്നാൽ 'ദൈവത്തിന്റെ മാതാവ്' എന്നു് കന്യകമറിയത്തെ വിളിക്കുന്നതു അനുചിതമാണെന്നു് അദ്ദേഹം ന്യായമായും കരുതി. ഫ്ളാവിയന്നു് ലിയോപാപ്പാ എഴുതിയ ലേഖനത്തിൽ — ഈ ലേഖനം കൽക്കദോന്യ സുൻഹാദോസ് അംഗീക



www.malankaralibrary.com
Scanned by CamScanner

രിച്ചൊപ്പ് വെച്ച ഒരു രേഖയാണ് — പാപ്പ ഉപയോഗിച്ചിരിക്കുന്ന സാങ്കേതിത നാമം 'കർത്താവിന്റെ മാതാവ്' എന്നാകുന്നു. കൃത്യമായി പറയുകയാണെങ്കിൽ ഈ നാമം വിളിക്കുന്നതിനു തന്നെയാണ് നെസ്തോറീസ് ആഗ്രഹിച്ചിരുന്നത്.

മാർ നെസ്തോറീസ് നാടു കടത്തപ്പെട്ട് ജീവിച്ചിരുന്ന കാലത്ത് സ്വന്തം നിലപാട് സംരക്ഷിക്കുന്നതിനു വേണ്ടി അദ്ദേഹം സ്വയം രചിച്ച ഒരു ഗ്രന്ഥം ഉണ്ട്. ആരാമായ ഭാഷയിൽ ആ ഗ്രന്ഥം അറിയപ്പെടുന്നത്. 'ഹെരാക്ലെഡെസിന്റെ അങ്ങാടിവാണിഭം' (Tighurtha (Bazar) of Heracledes) എന്ന പേരിലാണ്. ഈ ഗ്രന്ഥത്തെ ഉദ്ധരിച്ചുകൊണ്ടു അതിനെപ്പററി ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ ഒരു പുരോഹിതനായ ജെ. എഫ്. ബെഥൂൺ ബെയ്ക്കർ ഇപ്രകാരം പ്രഖ്യാപിച്ചിരിക്കുന്നു:

''ഗ്രന്ഥത്തിൽ കൂടി വെളിവാകുന്ന അതിന്റെ കർത്താവ് കരുത്തുററ വ്യക്തിത്വത്തിന്റെ ഉടമയാണ്. അദ്ദേഹത്തിന്റെ ശത്രുക്കൾ എഴുതിത്തള്ളിയിട്ടുള്ള വിമർശന പ്രബന്ധങ്ങളിൽ നിന്നാണ് അദ്ദേഹത്തേയും അദ്ദേഹത്തിന്റെ താത്വിക നിലപാടിനേയും പററി മനസ്സിലാക്കുന്നതിനു വളരെ അധികവും നമുക്ക് ചികഞ്ഞെടുക്കേണ്ടി വരുന്നതെങ്കിലും, അദ്ദേഹം രചിച്ച ഗ്രന്ഥം സ്വഭാവികമായും അദ്ദേഹത്തിന്റെ വ്യക്തിത്വത്തേയും പഠിപ്പിനേയും അറിയുന്നതിന്നു നമ്മെ സഹായിക്കുന്നു. തനിക്കു വ്യക്തിപരമായി അനുഭവിക്കേണ്ടി വന്ന യാതനകളേക്കാൾ ഏറെ എഫസോസ് സൂൻഹാദോസ് വിശ്വാസ സത്യങ്ങളോടു കാണിച്ച കടുംകയ്യാണ് എക്കാലവും അദ്ദേഹത്തിൽ കടുത്ത വേദനയും ഉൽക്കണ്ഠയുമുളവാക്കീട്ടുള്ളത്. അദ്ദേഹം തന്നെ ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നത്: 'കൂറില്ലോസ് തന്നിൽ ആരോപിച്ച തത്വവീക്ഷണം താൻ വാസ്തവമായി സ്വീകരിച്ച് പാലിച്ചിരുന്നതായിരുന്നുവെന്നുവരികിൽ, യാതൊരു ദയയും കൂടാതെ തനിക്ക് സ്വയം ശിക്ഷ കല്പിക്കുന്നതിൽ താൻ തന്നെ ഒന്നാമനായി നില്ക്കുമായിരുന്നു.' ക്ലേശങ്ങളും വൈരുദ്ധ്യങ്ങളും നിറഞ്ഞ അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവൻ അദ്ദേഹത്തിന്നു ഒരേ ഒരു ലക്ഷ്യ വീക്ഷണം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിതാണ്:



www.malankaralibrary.com
Scanned by CamScanner

വചനമായ ദൈവത്തെ ആരും ഒരു സൃഷ്ടിമാത്രമായി കണക്കാക്കി നാമകരണം ചെയ്യരുതു; അപ്രകാരം തന്നെ വചനമായ ദൈവം സ്വീകരിച്ച മനുഷ്യത്വം അപൂർണ്ണമെന്നു ആരും കരുതുകയും അരുതു്."

റോമൻ കത്തോലിക്ക സഭയുടെ വിശ്രുത വേദശാസ്ത്രജ്ഞനായ പീരെ ജെ. മാഹി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

"ഭാഷയുടെ രൂപത്തിലും സാങ്കേതിക സംജ്ഞകളുടെ ശരിയായ പ്രയോഗത്തെ സംബന്ധിക്കുന്ന ശാസ്ത്രത്തിലും ഉണ്ടായിരുന്ന ഗണനീയമായ ഭിന്നതകൾക്കൊക്കെ അതീതമായി കാലനിർണ്ണയ ശാസ്ത്രം സംബന്ധിച്ച നോക്കുമ്പോൾ അലക്സാന്ത്രിയായും അന്ത്യോഖ്യയും ഭിന്നതാകാലഘട്ടത്തിൻെറ സാരാംശത്തിൽ ഒരേ രീതിയിൽവർത്തിക്കുന്നവരായിരുന്നു. ഇരുകൂട്ടരുടേയും സിദ്ധാന്തഭിന്നതകൾ തമ്മിലുള്ള ഏകീകരണം കണ്ടെത്തുന്ന പ്രക്രിയയിൽ മാർ നെസ്തോറീസ് ഒരു ബലിയായി അർപ്പിക്കപ്പെടുകയാണുണ്ടായതു. മാർ നെസ്തോറീസിൻെറ ഈ ദുർവ്വിധിക്കു താത്വികകാരണങ്ങളേക്കാൾ ഒരുപക്ഷെ ഏറെ വലുതായപങ്കു് വ്യക്തിപരമായ കാരണങ്ങൾ തന്നെയായിരുന്നു."

ഈ വീക്ഷണഗതിയെ സ്ഥിരീകരിച്ചുകൊണ്ടു സുൻഹാദോസുകളുടേയും സഭാ കൌൺസിലുകളുടേയും കാനോനകൾ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തിട്ടുള്ള സിനോഡിക്കോൺ ഓറിയെൻന്റെയിൽ (Synodicon Orientale) എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എടുത്തുകാണിച്ചിരിക്കുന്നു:

"നെസ്തോറീസിൻെറ അനുയായികൾ പടുത്തുയർത്തിയ അതിമഹത്തായ സുറിയാനി സഭ മദ്ധ്യേഷ്യ, ചൈന, ഇന്ത്യ എന്നീ ഭൂവിഭാഗങ്ങളിൽ സുവിശേഷ ഘോഷണം നടത്തിയതിൽ പ്രദർശിപ്പിച്ച ശക്തിമത്തായ ശുഷ്കാന്തി എന്നെന്നും സ്മരിക്കപ്പെടേണ്ടതാണു്. ആ സഭ അതിന്റെ പ്രാരംഭദശ മുതല്ക്കു തന്നെ സത്യ വിശ്വാസത്തിലുറച്ചു നിന്ന (Orthodox) സഭയാകുന്നു; മററൊരു വിധത്തിൽ ആ സഭയെപ്പററി വിവരിക്കുന്നതു് കടുത്ത തെററായിരിക്കും."



www.malankaralibrary.com
Scanned by CamScanner

എന്തായാലും, സഹാനുഭൂതിയോടെ മേലെഴുതിയ പ്രസ്താവനക്ക് ഉചിതമായ ബഹുമാനം നല്കിക്കൊണ്ടു 'നെസ്തോറീസിന്റെ അനുയായികൾ പടുത്തുയർത്തിയ സഭ' എന്നു് പറഞ്ഞിട്ടുള്ളതു നിശ്ശേഷം അടിസ്ഥാനവിരുദ്ധമാണു്; 'നെസ്തോറീസിന്റെ അനുയായികൾ' എന്നതിനു പകരം 'പൌരസ്ത്യസഭ' എന്നാണു് വേണ്ടിയിരുന്നതു. ഈ വസ്തുത, സിനോഡിക്കോൺ ഓറിയന്റേയിൽ എന്ന ആ ഗ്രന്ഥത്തിൽ തന്നെ നിർദ്ദേശിക്കയും സ്ഥിരീകരിച്ചു പ്രസ്താവിക്കയും ചെയ്തിട്ടുള്ളതാകുന്നു. സിനോഡിക്കോൺ ഓറിയന്റേയിലിലുള്ള പല സുൻഹാദോസുകളും നെസ്തോറീസിന്റെ ആവിർഭാവത്തിന്നു് വളരെ മുമ്പുള്ളവയാണു്. ഈദൃശ സുൻഹാദോസുകളിലെ പഠിപ്പുകളെല്ലാം എൻസൈക്ലോപ്പീഡിയാ കർത്താവു സത്യവിശ്വാസാധിഷ്ഠിതം (Orthodox) എന്നുവിശേഷിപ്പിച്ചിട്ടുണ്ടല്ലോ. പാഷാണ്ഡത ആരോപിക്കപ്പെട്ട 'നെസ്തോറീസിന്റെ അനുയായികൾ'ക്കു നെസ്തോറീസിന്നു മുമ്പുള്ള സുൻഹാദോസ് പഠിപ്പുകളുടെ മൌലികാവകാശം നല്കുന്നതു തെററല്ലേ? അതുമല്ല നെസ്തോറീസിന്റെ പഠിപ്പിനെക്കൂടിയാണു് സത്യവിശ്വാസാധിഷ്ഠിത (Orthodox) മെന്നു് പറഞ്ഞിട്ടുള്ളതെങ്കിൽ നെസ്തോറീസിന്റെ തത്വങ്ങൾ പാഷാണ്ഡമെന്നു് ആരോപിക്കുന്നതും തെററല്ലേ? വാസ്തവം ഇതാണു്; നെസ്തോറീസിന്റെ പഠിപ്പും അതിനു മുമ്പേയുള്ള പൌരസ്ത്യസഭയുടെ പഠിപ്പും സമരൂപമുള്ളവയായിരുന്നു—അതായതു സത്യവിശ്വാസാധിഷ്ഠിതം (Orthodox) ആയിരുന്നു. എഫെസോസിൽ നിന്നും കൽക്കദോന്യയിൽ നിന്നും പ്രസരിച്ചുകൊണ്ടിരുന്ന വൈരുദ്ധ്യ വസ്തുതകളെ എടുത്തു കാട്ടുന്നതിന്നു് തക്ക ഒരു ദൃഷ്ടാന്തം കാണിച്ചുവെന്നുമാത്രം.

എഫസോസ് സുൻഹാദോസ് നെസ്തോറീസിനെ ശപിച്ചു തള്ളിയതുകൊണ്ടുമാത്രം തൃപ്തിയടഞ്ഞില്ലായെന്നുള്ളതു് കഷ്ടാൽ കഷ്ടതരമാണു്. എത്രയോ മുമ്പു മരിച്ചു മണ്ണടിഞ്ഞുപോയിരുന്ന മപ്പ്സുസ്തിയായിലെ ബിഷപ്പായ വി. തിയാദോറോസ് തർസൂസ



www.malankaralibrary.com
Scanned by CamScanner

യിലെ ബിഷപ്പായ വി. ദിയോദോറോസ് എന്നീ ക്രിസ്ത്യൻസഭയിലെ രണ്ടു മഹാന്മാരായ വി. പിതാക്കന്മാരെ നെസ്തോറീസിനോടുകൂടെ ശപിച്ചുതള്ളുകയുണ്ടായി. ഈ രണ്ടു മഹൽവ്യക്തികളെ സത്യവിശ്വാസ (Orthodox) ത്തിന്റെ നെടുംതൂണുകളായി പൊതുവെ പരിഗണിക്കപ്പെടുന്നു. അവരുടെ ലേഖനങ്ങളും ഗ്രന്ഥങ്ങളും സഭയിലുടനീളം ഉപയോഗിച്ചുകൊണ്ടിരിക്കുന്നവയാണ്. സമകാലീനന്മാരായ സഭാപിതാക്കന്മാരുടേയും ചക്രവർത്തിമാരുടേയും വ്യക്തിപരമായ സ്നേഹവും ആദരവും ആർജ്ജിച്ചിരുന്നവരാണവർ. എഫേസോസ് സൂൻഹാദോസിന്റെ സൂത്രധാരനായ കൂറില്ലോസ് പോലും അവരോടുള്ള ബഹുമാനം പ്രദർശിപ്പിക്കാറുണ്ടായിരുന്നു.

എഫേസോസ് സൂൻഹാദോസിന്റെ നിശ്ചയങ്ങൾ ക്രിസ്തീയ വിശ്വാസത്തിന്റെ കാതലിനെത്തന്നെ ഉല്ലംഘിക്കുന്നവയായിരുന്നു. അതിനേക്കാളേറെ, വിചാരണക്കുവിളിക്കുകയോ ആരോപണങ്ങൾക്കു മറുപടിപറയുവാൻ അവസരം നല്കുകയോ ചെയ്യാഞ്ഞതിനാൽ സ്വന്തനിലപാടു വിവരിക്കാൻ സാധിക്കാതെ മരിച്ചു മൺമറഞ്ഞുപോയ വ്യക്തികളെ, മനുഷ്യന്റെ പ്രാഥമിക നീതിതത്വബോധത്തെ പോലും മാനിക്കാതെ ശിക്ഷ കല്പിച്ചു തള്ളിയതായ കടുത്ത നീചത്വം പോലും എഫേസോസ് സൂൻഹാദോസ് ചെയ്തു. ആഭിചാരാരോപണം, ക്രിമിനൽ കുററാരോപണം, പരമനിന്ദ്യമായ കത്തോലിക്കാ മതകോടതി (Inquisition) കൾ വഴിയായുള്ള പാഷാണ്ഡതാരോപണങ്ങൾ, വ്യാജവിചാരണകൾ എന്നിവയും അവയെ തുടർന്നുണ്ടായ മർദ്ദനമുറകളും ഇവയുടെയെല്ലാം നാന്ദി മാത്രമായിരുന്നു. അമേരിക്ക, ഏഷ്യ, യൂറോപ്പ് എന്നിവിടങ്ങളിലുള്ള എത്രയെത്ര നിഷ്കളങ്ക ആത്മാക്കളാണ് ഇവമൂലം മർദ്ദനാഗ്നിയിൽ ചാമ്പലായിട്ടുള്ളതെന്നു വിവരിപ്പാൻ പ്രയാസം!!.



www.malankaralibrary.com
Scanned by CamScanner

# പുതിയ യുഗത്തിന്റെ പുതിയ പ്രത്യാശ

ചരിത്രത്തിന്റെ മേലെഴുതിയ പരുപരുത്ത യാഥാർത്ഥ്യങ്ങളെ നിരത്തിയതിന്റെ ഉദ്ദേശം ആരിലെങ്കിലും പഴിചാരുന്നതിനല്ല; പ്രത്യുത പല നൂററാണ്ടുകളിലേക്കു നീണ്ടു നിന്ന ഈ ദുരന്തനാടകത്തിൽ പൌരസ്ത്യ സഭയുടെ പങ്കു വ്യക്തമായി ചൂണ്ടിക്കാണിക്കേണ്ടതു് അത്യാവശ്യമാണെന്നു കരുതുകയാലാണു്. ഇതിനൊക്കെ കാരണഭൂതമായ തത്വജ്ഞാനാധിഷ്ഠിതമായ സഭാ സൈദ്ധാന്തിക കാലഘട്ടം ഇന്നു ഏതാണ്ടു ഭൂതകാല സ്വപ്നമായിത്തീർന്നിരിക്കുകയാണു്. പകരം ഭൌതിക തത്വശാസ്ത്രാധിഷ്ഠിതമായ മാർക്സിസവും സയൻസും ഇന്നു സ്ഥാനം പിടിച്ചിരിക്കുന്നു.

അജ്ഞാതമായവയ്ക്കുവേണ്ടിയുള്ള മനുഷ്യാന്വേഷണത്തിന്റെ ത്വര പ്ലാനററുകളെ നിവാസയോഗ്യമാക്കുന്നതിൽ എത്തിനില്ക്കുകയാണു്. മനുഷ്യന്റെ രാഷ്ട്രീയ സാമൂഹ്യ ചിന്താഗതിയ്ക്കും വിപ്ലവകരമായ മാററങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ദൈവികാവകാശം പറഞ്ഞു ഭരിച്ചുകൊണ്ടിരുന്ന പരമരാജത്വത്തിന്റെ സ്ഥാനത്തു് ജനായത്ത ഭരണരീതി സ്ഥാനം പിടിച്ചുകൊണ്ടിരിക്കുന്നു. അതേ രീതി കൈവരുത്തുന്നതിന്നായി പ്രയത്നിക്കുന്ന അഖില ലോക സഭാ കൌൺസിലുകളുടേയും മററു സംഘടനകളുടേയും പ്രവർത്തന ശൈലി ക്രിസ്തീയ ചിന്താഗതികളെ ആ വഴിക്കു് തിരിച്ചുകൊണ്ടുപോകുന്നതിൽ അതിയായ സ്വാധീനം ഇന്നു് ചെലുത്തിക്കൊണ്ടിരിക്കയാണു്. ഈയിടെ അവസാനമായുണ്ടായ റോമിലെ രണ്ടാം ഇക്യുമിനിക്കൽ കൌൺസിൽ ഇക്കാര്യത്തെ സംബന്ധിച്ചു് ഒരു ഉത്തമ ദൃഷ്ടാന്തം നല്കുന്നു. റോമൻ കത്തോലിക്ക മതത്തിലുണ്ടായിക്കൊണ്ടിരിക്കുന്നതും ചരിത്രത്തിൽ അതുല്യ സ്ഥാനം വഹിക്കുന്നതുമായ വാഗ്വാദങ്ങളും ചർച്ചകളും എതു പതനത്തിലേക്കാണു് സഭയെ നയിച്ചുകൊണ്ടിരിക്കുന്നതെന്നു മനസ്സിലാക്കുന്നതു നന്നായിരിക്കും.



www.malankaralibrary.com
Scanned by CamScanner

ദൈവത്തിന്റെ മാർഗ്ഗം എല്ലായ്പ്പോഴും മനുഷ്യഗോചരമായെന്നുവരില്ല. ദൈവം മേൽവിവരിച്ച മാർഗ്ഗങ്ങളിൽക്കൂടി ക്രിസ്തീയസഭയുടെ മനസ്സാക്ഷിയെ ഇപ്പോൾ പ്രക്ഷുബ്ധമാക്കിക്കൊണ്ടിരിക്കയാണ്. സഭാവിഭാഗങ്ങൾ ഉണർന്നെഴുന്നേററ അവയുടെ പൂർവ്വ ഭിന്നതകളുടെ പശ്ചാത്തലത്തേയും കാരണങ്ങളേയും വി. തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിൽ പുനഃനിർണ്ണയം നടത്തുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതിൽക്കൂടി മാത്രമേ ശാശ്വതവും സത്യവുമായ ഐക്യം കൈവരുത്താൻ ക്രിസ്തീയ സഭക്ക് കഴികയുള്ളു എന്നതു് മനസ്സിലാക്കിയതിനാലാണ് ഈ വഴിക്ക് സഭാവിഭാഗങ്ങൾ തിരിഞ്ഞിരിക്കുന്നതു്.

ഏററവും പുരാതനമായ പൌരസ്ത്യസഭയുടെ ചരിത്രത്തേയും വിശ്വാസ തത്വങ്ങളേയും സംബന്ധിച്ച് പൊതുവെ പാശ്ചാത്യ ക്രിസ്ത്യാനികളുടെ ഇടയിൽ പരന്നിരിക്കുന്ന തെററായ ധാരണ മാററി സത്യാവസ്ഥയെ കാണിച്ചുകൊടുപ്പാൻ സഹായിക്കണമേയെന്ന പ്രാർത്ഥനയോടും പ്രത്യാശയോടും കൂടിയാണ് ഞാൻ എന്റെ പങ്കായി ഈ പുസ്തകം പരിഭാഷപ്പെടുത്തി തക്ക സമയത്തു് പ്രസിദ്ധീകരിക്കുന്നതു്. നമ്മുടെ രക്ഷകൻ തന്റെ പിതാവിനോട്

"നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു് തന്നെ"

(യോഹ. 17:23)

എന്നു് പ്രാർത്ഥിച്ചതുപോലെയുള്ള സഭകളുടെ ഐക്യം കൈവരുത്തുന്നതിനു് ഞാൻ നല്കുന്ന ഈ പങ്കു, ഇതെത്ര എളിയതായിരുന്നാലും, ഒരു പ്രധാന ഘടകമായി പരിണമിക്കും നിശ്ചയം. ഈ ലക്ഷ്യത്തെക്കരുതി മഹോന്നതനായ ദൈവ തിരുസന്നിധിയിൽ പ്രാർത്ഥന അർപ്പിക്കുന്ന അനേകായിരങ്ങളോടുകൂടെ ഞാൻ എന്റെ പ്രാർത്ഥനയും ഇതാ ഇവിടെ രേഖപ്പെടുത്തി അർപ്പിക്കുന്നു.

അവസാനമായി, ഇംഗ്ലണ്ടിലെ ലണ്ടനിൽ പ്രസിദ്ധീകരിച്ച



www.malankaralibrary.com
Scanned by CamScanner

'നെസ്റ്റോറിയൻസ്' ആൻറ് ദെയർ റിച്ച്വൽസ്' (Nestorians and their Rituals) എന്ന ഗ്രന്ഥത്തിൽ റവ. ജോർജ്ജ് പെർസി ബാഡ്ജർ 'മർഗ്ഗൂനീത്ത' ഗ്രന്ഥം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത് ഞാൻ ഉപയോഗപ്പെടുത്തിയതിലുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു. അതേ സമയം ബാഡ്ജറുടെ പരിഭാഷ ഞാൻ പാഠാനുപദമായി ഒറിജിനൽ അരാമായ ഗ്രന്ഥവുമായി ഒത്തുനോക്കി നിരവധി തിരുത്തലുകൾ നടത്തിട്ടുണ്ടെന്നും ഈ തിരുത്തലുകളിൽ പലതും ദൈവശാസ്ത്രം സംബന്ധിച്ച് ഏറെ പ്രാധാന്യമർഹിക്കുന്നവയാണെന്നും മററുള്ളവ പ്രാധാന്യം കുറഞ്ഞവയായിരുന്നാലും തെററായ വ്യാഖ്യാനങ്ങൾക്ക് ഇടനൽകുന്നവയാണെന്നും ഇവിടെ എടുത്തുപറയട്ടെ. മാത്രമല്ല, ബാഡ്ജർ ഉപയോഗിച്ചിരുന്ന 'കിംഗ് ജെയിംസ് വെർഷ'നിൽനിന്നുള്ള ഉദ്ധരണികൾക്ക് പകരമായി ഞാൻ 'പ്ശീത്ത ടെക്സ്റ്റിൽ' നിന്നും പരിഭാഷപ്പെടുത്തിയ മൂല തിരുവെഴുത്ത് ഉദ്ധരണികളാണ് ചേർത്തിട്ടുള്ളത്. ബാഡ്ജറുടെ പരിഭാഷയിലില്ലാതിരുന്ന അടിക്കുറിപ്പുകളും (Footnotes) ഞാൻ ഇതിൽ കൂട്ടിച്ചേർത്തിട്ടുണ്ട്.

ഇതിൽ *അനുബന്ധമായി ചേർത്തിട്ടുള്ളവയെ സംബന്ധിച്ചിടത്തോളം ഞാൻ തന്നെ നേരെ അരാമായ ഭാഷയിൽനിന്നും പരിഭാഷപ്പെടുത്തിട്ടുള്ളവയാണ്. ഇംഗ്ലീഷ് ഭാഷയിലേക്ക് അവ ഇതിനു മുമ്പ് പരിഭാഷപ്പെടുത്തീട്ടില്ലെന്നുള്ളതാണ് എൻെറ അറിവ്.

മർഗ്ഗൂനീത്താ ഗ്രന്ഥകർത്താവ് തൻെറ ആമുഖം സമാപ്തീകരിച്ചു കൊണ്ടു രേഖപ്പെടുത്തീട്ടുള്ള അതേ വാക്കുകളാൽതന്നെ ഞാനും എൻെറ ആമുഖം അവസാനിപ്പിക്കട്ടെ; അതിനേക്കാൾ ഉത്തമമായി മററൊന്നുമില്ലെന്നു ഞാൻ കരുതുന്നു:

---

*ഇവിടെ പ്രസ്താവ്യമായ അനുബന്ധങ്ങൾ മലയാള പരിഭാഷയിൽ ചേർത്തീട്ടില്ല.



www.malankaralibrary.com
Scanned by CamScanner

"കാരോരുത്തനും താന്താൻെറ ന്യായാന്യായ വിവേചനം ഉപയോഗിച്ച അനുയോജ്യമായ രീതിയിൽ ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യതത്വങ്ങളെ ഗ്രഹിച്ച് പിന്തുടരട്ടെ. ഈ ഗ്രന്ഥം പാരായണം ചെയ്കയും പഠിക്കയും ചെയ്യുന്ന ഏവരേയും ഈ ബലഹീനനായ എന്നേയും പൂർണ്ണസത്യം പ്രാപിക്കുന്നതിനുള്ള അനുഗ്രഹം കൈക്കൊള്ളുവാൻ സർവ്വശക്തനായ ദൈവം യോഗ്യരാക്കുമാറാകട്ടെ ആമീൻ"

ഈ വി. ഗ്രന്ഥം പാരായണം ചെയ്കയും പഠിക്കയും ചെയ്യുന്ന എല്ലാവരോടും കൂടെ ആരാധ്യനായ ദൈവത്തിൻെറ കരുണയും കൃപയും എന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ ആമീൻ.

**മാർ ഈശൈ ശിംഓൻ XXIII**

**പൌരസ്ത്യ കാഥോലിക്കോസ് പാത്രിയർക്കീസ്**

—U. S. A യിൽ കാലിഫോർണിയായിലുള്ള സാൻഫ്രാൻസിസ്കോവിലെ പാത്രിയർക്കാ അരമനയിൽവെച്ച് 1964 ഏപ്രിൽ 22-ാംനു- എഴുതിയത്—



www.malankaralibrary.com
Scanned by CamScanner

# ഗ്രന്ഥകർത്താവായ മാർ ഔദീശോ തിരുമേനിയുടെ
## ആമുഖം

നമ്മുടെ കർത്താവായ ഈശോമ്ശിഹായുടെ കൃപയിൽ പരിപൂർണ്ണമായി ആശ്രയം വെച്ചുകൊണ്ടാണ് ക്രിസ്തുമത സത്യങ്ങളെപ്പററിയുള്ള **മർഗ്യാനീത്താ ഗ്രന്ഥം** എഴുതുന്നതിനു ഞാൻ ആരംഭിക്കുന്നതു്.

സർവ്വ വസ്തുക്കളുടേയും കാരണഭൂതനും മനുഷ്യബോധമഖിലത്തേയും പ്രകാശിപ്പിക്കുന്നവനും ശരീരികൾക്കും അശരീരികൾക്കും അസ്തിത്വവും ജീവനും നല്കിയവനും എല്ലാ അനുഗ്രഹങ്ങളുടേയും അന്തമററ സമുദ്രവും വിജ്ഞാനമഖിലത്തിന്റേയും അളക്കാൻ വയ്യാത്ത അത്യഗാധവും പ്രകൃത്യാ കാരുണ്യം നിറഞ്ഞുവഴിഞ്ഞൊഴുകുന്ന പരിശുദ്ധനും മനുഷ്യവർഗ്ഗത്തെ അളവററ് സ്നേഹിക്കുന്നവനും നമ്മുടെ അനന്തമായ ഉറവയും ആയുള്ളോവെ! ദൈവമെ! അങ്ങേ ദൈവത്വത്തിനു സർവ്വ പുകഴ്ചയും ആരാധനയും എന്നന്നേക്കും യോഗ്യമാകുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള അവിടുത്തെ അതിശയനീയമായ പ്രവർത്തികൾ നിമിത്തവും അങ്ങേ കൈവേലയായ സ്വർഗ്ഗീയരുടേയും ഭൗമീകരുടേയും അടുക്കലേക്കുള്ള അത്യധികമായ അവിടുത്തെ കരുണകൾ നിമിത്തവും അങ്ങേക്കു് ഞങ്ങൾ സദാ സ്തോത്രം അർപ്പിപ്പാൻ കടക്കാരാകുന്നു.

ഒരു എളിയ ദാസന്റെ വിനയത്തോടെ ഞാൻ അവിടുത്തെ അവർണ്ണനീയമായ സ്നേഹത്തോടു് അപേക്ഷിക്കയും അങ്ങേ സനാതനാവസ്ഥയോടു യാചിക്കയും ചെയ്യുന്നു: അവിടുത്തെ വി. രഹസ്യങ്ങളുടെ ശ്രീഭണ്ഡാരത്തിന്നായി തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാക്കി ദൈവം എന്നെ തീർക്കട്ടെ എന്നു് ഞാൻ പ്രാർത്ഥിക്കുന്നു. വിഷയാസക്തമായ ഈ ലോകസമുദ്രത്തിൽ മുങ്ങി മരിക്കാതിരിക്കുന്നതിനു് അതിൽനിന്നു് വലിച്ചുകയററി അതിവിശുദ്ധ സ്ഥലമാ



www.malankaralibrary.com
Scanned by CamScanner

യ അവിടുത്തെ ദിവ്യരഹസ്യ സങ്കേതത്തിലേക്ക് എന്നെ ഉയർത്തി കൊണ്ടുവരുന്നതിനും പരിശുദ്ധ ത്രിത്വത്തിന്റെ നിർമ്മലനിവാസ കേന്ദ്രമാക്കുവാനും അവിടുത്തെ സഹായം നല്കേണമെ. എല്ലാ രൂപസാദൃശ്യങ്ങൾക്കും ഉപരിയായ അവിടുത്തെ രൂപസാദൃശ്യമാക്കി അവിടുന്ന് എന്നെ രൂപാന്തരപ്പെടുത്തേണമെ. അങ്ങേ അനന്തമായ പ്രകാശരശ്മികളാൽ ഞാൻ എല്ലായ്പോഴും നവ ഓജസ്സോടെ പ്രകാശിച്ചു തിളങ്ങുമാറാകട്ടെ. അശരീരികളേയും ശരീരികളേയും മലീമസമാക്കുന്ന സർവ്വ തെററുകുററങ്ങൾക്കും അതീതമായ ഒരു പരിശുദ്ധ ജീവിതം അവിടുന്നു എനിക്കു നല്കേണമെ. ശാരീരികകർമ്മങ്ങളിലും ആത്മാവിലും അവിടുത്തെ സമീപസ്ഥനായി വർത്തിക്കുന്ന അങ്ങേയുടെ ഒരു സ്നേഹിതനാക്കും എന്നെ തീർക്കേണമെ. അവിടെ സ്വർഗ്ഗത്തിലും ഇവിടെ ഭൂമിയിലും സർവ്വഗുണസമ്പൂർണ്ണതയിൽ വിജയശ്രീലാളിതനും അനുഗ്രഹീതനും ആകുവാൻ തക്കവണ്ണം അവിടുന്ന് എന്നെ സഹായിക്കേണമെ, ആമീൻ.

വിവിധ ഗാനരീതിയിൽ ഞാൻ മുമ്പു രചിച്ചിരുന്ന ‘ഏദൻ തോട്ടം’ എന്ന ഗ്രന്ഥത്തിനു സസന്തോഷം അംഗീകാരം നല്കി അനുഗ്രഹിച്ച നമ്മുടെ ജനത്തിന്റെ പിതാവും തിരുസഭാ വിശ്വാസത്തിന്റെ പരമോന്നത നാഥനുമായവൻ (എ. ഡി. 1281 മുതൽ 1317 വരെ തിരുസഭാ സിംഹാസനത്തിൽ വാണിരുന്ന മാറൻ മാർ യവ്ആലാഹ മൂന്നാമൻ കാതോലിക്കോസ് പാത്രിയർക്കീസ്) തിരുസഭാ വിശ്വാസത്തെ ആചരിച്ചുപോരുന്നവരും മ്ശീഹായുടെ സ്നേഹിതരുമായ ദൈവമക്കൾക്കു ഉപകാരപ്രദമാകുന്നതിനും അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങൾക്കു വായിച്ചു പഠിക്കുന്നതിനും ക്രിസ്തുമത വിശ്വാസതത്വങ്ങളുടെ നിശ്ചയത്തിനും നിജസ്ഥിതിക്കും തക്ക തെളിവുകൾ നല്കുന്നതിനും ഉദ്ദേശിച്ചു മറെറാരു ഗ്രന്ഥം ചമയ്ക്കാൻ എന്നോടു ആജ്ഞാപിച്ചതനുസരിച്ചാണ് ഈ ഗ്രന്ഥം രൂപപ്പെടുത്തിയത്. ഈ ഗ്രന്ഥം അദ്ദേഹത്തിന്റെ തിരുസഭാ വി



www.malankaralibrary.com
Scanned by CamScanner

ശ്വാസം സംബന്ധിച്ച ഉറപ്പിന്റേയും എരിവിന്റേയും ഒരു പ്രതീകമായും അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാർക്കുള്ള അതിപ്രധാനമായ ഒരു നാഴികക്കല്ലായും പരിലസിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. അനുസരണമുള്ള ഒരു എളിയ ദാസനായി അദ്ദേഹത്തിന്റെ കല്പന ശിരസ്സാ വഹിച്ചുകൊണ്ടാണ് സർവ്വക്ഷം ആത്മീയ പ്രയോജനം നല്കുന്ന ഈ ഗ്രന്ഥം ഞാൻ രചിച്ചിട്ടുള്ളതു്. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ അതിഗഹനവും ഒട്ടേറെ വ്യാപ്തവുമാകുന്നു. എന്നാൽ അവയുടെ സാരമാത്രമായ സംക്ഷിപ്തത നിമിത്തം ഗ്രന്ഥത്തിന്റെ സ്ഥൂലത ഫലപ്രദമായി നിയന്ത്രിതമാക്കീട്ടുണ്ട്. വിഷയങ്ങളുടെ ഗഹനതയും പ്രതിപാദ്യ സംക്ഷിപ്തതയും കണക്കിലെടുത്തുകൊണ്ടുതന്നെയാണ് ഗ്രന്ഥത്തെ മർഗ്ഗനീത (മുത്തു്) എന്നു് നാമകരണം ചെയ്യാൻ ഇടയായതു്. ക്രിസ്തുമത സിദ്ധാന്തങ്ങളാണ് ഇതിലെ ഉള്ളടക്കം. തിരുസഭ പഠിപ്പിക്കുന്ന തത്വങ്ങളുടെ ബീജാവാപം, അവയിൽനിന്നു മുളച്ചുവളന്ന വൃക്ഷത്തെകൾ, അവയുടെ വേരുകളുടെ വ്യാപ്തി, അവയിൽ നിന്നു വളർന്നുവന്ന വിവിധ ശാഖകളുടെ പന്തലപ്പ് എന്നിവയെപ്പററി സംക്ഷിപ്തമായി ഈ ഗ്രന്ഥത്തിൽ വ്യവഹരിക്കുന്നു. അഞ്ചു ഭാഗങ്ങളായി ഗ്രന്ഥത്തെ തിരിച്ച് ഓരോ ഭാഗത്തേയും അദ്ധ്യായങ്ങളാക്കി വിഭജിക്കയാണ് ചെയ്തിട്ടുള്ളതു്. ഈ ഗ്രന്ഥത്തെ വായിക്കുകയോ ശ്രവിക്കുകയോ പകർത്തുകയോ ചെയ്യുന്നവരോടു ഏററവും താഴ്മയോടും ആത്മാർത്ഥതയോടും കൂടെ മ്ശീഹായുടെ സ്നേഹത്തിൽ ഞാൻ അപേക്ഷിക്കുന്നതു്: ഇതിൽ എഴുതീട്ടുള്ളതിനെ ആരും നീതിനിഷ്ഠയില്ലാതെ വിമർശനം നടത്തരുതെന്നും ബലഹീനനായ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നുമാണ്. ഞാൻ ബലഹീനനും അയോഗ്യനുമാണെങ്കിലും ഈ ഗ്രന്ഥത്തെ സംബന്ധിച്ചിടത്തോളം ആയതു് രചിക്കുന്നതിൽ ആത്മാർത്ഥമായി ഞാൻ കഠിനാദ്ധ്വാനം ചെയ്തീട്ടുണ്ട്.

ഓരോരുത്തനും താന്താന്റെ ന്യായാന്യായവിവേചനം ഉപ

www.malankaralibrary.com
Scanned by CamScanner

യോഗിച്ച് അനുയോജ്യമായ രീതിയിൽ ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യതത്വങ്ങളെ ഗ്രഹിച്ച പിന്തുടരട്ടെ. ഈ ഗ്രന്ഥം പാരായണം ചെയ്കയും പഠിക്കയും ചെയ്യുന്ന എവരേയും ഈ ബലഹീനനായ എന്നേയും പൂർണ്ണസത്യം പ്രാപിക്കുന്നതിനുള്ള അനുഗ്രഹം കൈക്കൊള്ളുവാൻ സർവ്വശക്തനായ ദൈവം യോഗ്യരാക്കുമാറാകട്ടെ, ആമീൻ.

—സ്സൂവ (നിസിബിൻ) യുടേയും അർമീനിയയുടേയും
മെത്രാപ്പോലീത്തയായ മാർ ഔദീശോ എ. ഡി.
1298ൽ എഴുതിയതു്.—



www.malankaralibrary.com
Scanned by CamScanner

# മലയാള പരിഭാഷയുടെ ആമുഖം

ഒരു സുറിയാനി വിദ്യാർത്ഥിയായിരുന്ന കാലത്തു് (ഏകദേശം 45 വർഷം മുമ്പാണതു്) സുറിയാനി **മർഗ്ഗ്യാനീത്താ** ഗ്രന്ഥത്തിന്റെ മഹത്വത്തെപ്പററി ഞാൻ കേട്ടു; വളരെ പ്രയാസപ്പെട്ടു് അതിന്റെ ഒരു പ്രതി കൈക്കലാക്കി അതിൽ നിന്നു് ചില നോട്ടുകൾ കുറിച്ചു. കാലം വളരെ കഴിഞ്ഞ ശേഷമാണു് അതിന്റെ ഇംഗ്ലീഷ് വിവർത്തനം പുറത്തുവന്നതു്. സുറിയാനി ഗ്രന്ഥവും ഇംഗ്ലീഷ് വിവർത്തനവും പരിശോധിച്ചുകൊണ്ടാണു് മലയാള പരിഭാഷ നടത്തിയതു്. ഇതിന്നു് ശക്തിയായ പ്രേരണ നല്കിയതു് **അഭിവന്ദ്യ മാർ തിമോഥെയോസ് തിരുമേനിയാണു്.** ഇതിന്റെ പ്രസിദ്ധീകരണച്ചിലവു് വഹിക്കാമെന്നു് **റവ. എം. ഐ. ഡേവിഡ് കശ്ശീശ** ഏററതു് എനിക്കു കൂടുതൽ ഉത്തേജനം നല്കി. അവരോടിരുവരോടും ഞാൻ വളരെ കടപ്പെട്ടവനാണു്.

സുറിയാനി ഗ്രന്ഥത്തിലോ അതിന്റെ ഇംഗ്ലീഷ് വിവർത്തനത്തിലോ നല്കിയിട്ടുള്ള അനുബന്ധങ്ങൾക്കുപകരം **ഡോ. ജോർജ്ജ് എം. ലംസയുടെ മ്ശീഹായ്ക്കടുത്ത സിദ്ധാന്തങ്ങൾ** എന്ന ഗ്രന്ഥത്തിന്റെ പരിഭാഷയാണു് ഇതിൽ ചേർത്തിട്ടുള്ളതു്. മൂലഗ്രന്ഥത്തിലെ ഒന്നു് രണ്ടു് അദ്ധ്യായങ്ങൾ സൗകര്യത്തെപ്രതി സ്ഥലം മാററി അടിച്ചിരിക്കുന്നു. ആശയം സ്പഷ്ടമാക്കുന്നതിന്നു് പരിഭാഷയിൽ കഴിവതും ശ്രമിച്ചിട്ടുണ്ടു്.

അച്ചടിപ്പിശകുകളും മററും വന്നിട്ടുള്ളതു് അനുവാചകർ അനുഭാവപൂർവ്വം ക്ഷമിക്കുമെന്നാശിക്കുന്നു. ഒരു ലഘുശുദ്ധിപത്രം നല്കീട്ടുള്ളതു് പൂർണ്ണമാണെന്നു് കരുതുന്നില്ല തെററുകൾ തിരുത്തുന്നതിനു് ഉചിതമായ നിർദ്ദേശങ്ങൾ ക്ഷണിക്കുന്നു.



www.malankaralibrary.com
Scanned by CamScanner

ഗ്രന്ഥത്തിന്റെ അച്ചടി വേലയിൽ മാർ ഔദീശോ പ്രസ്സിലെ ജീവനക്കാരും ബന്ധപ്പെട്ടവരും വഹിച്ചിട്ടുള്ള പങ്കിനെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതു് എന്റെ ഷഷ്ട്യബ്ദപൂർത്തിയോടനുബന്ധിച്ചാണെന്നതു് കേവലം യാദൃശ്ചികമാണെങ്കിലും ആയതിന്നു് സാദ്ധ്യത നല്കിയ ദൈവത്തെ സർവ്വാത്മനാ സ്തുതിക്കുന്നു.

മാർ ഔദീശോ തിരുമേനിയുടെ ആമുഖത്തിലെ ഉപസംഹാരവാക്യം ഉദ്ധരിച്ച് എന്റെ ഈ ആമുഖം അവസാനിപ്പിക്കുന്നതാണു് ഏററവും ഉചിതവും ശ്രേഷ്ഠവും: "ഈ ഗ്രന്ഥം പാരായണം ചെയ്യുകയും പഠിക്കയും ചെയ്യുന്ന ഏവരേയും ഈ ബലഹീനനായ എന്നേയും പൂർണ്ണസത്യം പ്രാപിക്കുന്നതിനുള്ള അനുഗ്രഹം കൈക്കൊള്ളുവാൻ സർവ്വശക്തനായ ദൈവം യോഗ്യരാക്കുമാറാകട്ടെ, ആമീൻ."

തൃശ്ശൂർ,
21—9—1982.

കോറപ്പിസ്കോപ്പ
**റാഫേൽ വട്ടക്കുഴി.**



www.malankaralibrary.com
Scanned by CamScanner

# PART I

# ദൈവ സിദ്ധാന്തം

## അദ്ധ്യായം 1

## ദൈവാസ്തിത്വം

**ഒരു ദൈവം ഉണ്ടു് എന്നും അവനാൽ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നും ആദ്യന്തമുള്ള ഒരു അവസ്ഥയിലാണു് പ്രപഞ്ചം നിലകൊള്ളുന്നതെന്നും ഇവിടെ പ്രതിപാദിക്കുന്നു.**

സ്വർഗ്ഗീയ അപ്പോസ്തലനും പരിശുദ്ധാത്മാവിന്റെ ഭണ്ഡാരവും ആത്മീയ തത്വജ്ഞാനിയുമായ വി. പൌലൂസ് ശ്ലീഹാ പരിശുദ്ധാത്മാവിനാൽ ദൈവ ശാസ്ത്രത്തിന്റെ ഭയങ്കരതിജന്യമായ അടിത്തറ സ്ഥാപിച്ചുകൊണ്ടു് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

> "മനുഷ്യൻ ദൈവത്തെ അന്വേഷിക്കുകയും അവനെ തപ്പിനോക്കുകയും അവനെ കണ്ടെത്തുകയും ചെയ്യേണ്ടതിന്നു്" (അ. പ്ര 17:27)

ദൈവസൃഷ്ടിയിൽ കൂടെ ഉദ്യമം നടത്തുന്നു. തന്റെ കലാവിരുതിൽ കൂടിയാണു് നമുക്കു് കലാകാരനെ അറിയുവാൻ കഴിയുന്നതു്; സ്രഷ്ടാവിനെ അവൻ സൃഷ്ടിച്ച വസ്തുക്കൾ മുഖേനയും.

സൃഷ്ടിക്കപ്പെട്ടതും ആകൃതിപ്പെടുത്തപ്പെട്ടതുമാണു് പ്രപഞ്ചം; മാത്രമല്ല, അതിന്നു് കാലവ്യവസ്ഥയിൽ ഒരു ആരംഭമുണ്ടതാനും. ധാതുസംയോജനത്താൽ ആകൃതിപ്പെടുത്തിയുണ്ടാക്കീട്ടുള്ളതും മുഴുവനാ

www.malankaralibrary.com
Scanned by CamScanner

യിട്ടും ഭാഗം ഭാഗമായിട്ടും നിഷ്ഠയോടെ ക്രമീകരിക്കപ്പെട്ടിരിക്കുന്നതുമാണ് അതു് എന്ന വസ്തുത ഗ്രഹിച്ചിരിക്കേണ്ടതാകുന്നു. ഏതെങ്കിലും വസ്തു ആകൃതിപ്പെടുത്തിയുണ്ടാക്കുകയോ സംയോജിപ്പിക്കുയോ നിഷ്ഠയോടെ ക്രമീകരിക്കയോ ചെയ്യുന്നുണ്ടെങ്കിൽ ആയതിന്, **ആകൃതിപ്പെടുത്തുവാനും സംയോജിപ്പിക്കുവാനും നിഷ്ഠയോടെ ക്രമീകരിക്കുവാനും ഒരു കർത്താവുണ്ടായേ തീരൂ.** വിവിധ ഭാഗങ്ങൾ സംയോജിപ്പിച്ച് മഴപ്രപഞ്ചം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു; അതിന്റെ എല്ലാ ഭാഗങ്ങളും പഞ്ചഭൂതങ്ങളാലും വ്യത്യസ്ത വർഗ്ഗവിശേഷണങ്ങളാലും അവയിലന്തർലീനമായ ദൃശ്യവും അദൃശ്യവുമായ ചലനനിർമ്മാതാക്കളാലുമാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നതു്; ഇതു് സംയോജനപശ്ചാത്തലത്തിന്റെ വ്യക്തമായതെളിവാണ്.

എന്നാൽ പ്രപഞ്ച സൃഷ്ടികർമ്മത്തിന്റെ ഏററവും ശക്തവും വ്യക്തവുമായ തെളിവിന്നു് സാക്ഷി നില്ക്കുന്നത് **ദൈവത്താൽ മനയപ്പെട്ട മനുഷ്യനാണ്;** മനുഷ്യൻ തന്നിൽ തന്നെ ഒരു ചെറു പ്രപഞ്ചമാണ്; അവന്റെ മനച്ചിലിൽ (ആകൃതിപ്പെടുത്തലിൽ) സൃഷ്ടിയുടെ ആകത്തുക ഒന്നിച്ച് അവനിൽ ദൈവം നിക്ഷേപിച്ചിരിക്കുന്നു. ഒരു താത്വികൻ ഇപ്രകാരം പറഞ്ഞിരിക്കുന്നതോക്കുക

"മഴപ്രപഞ്ചത്തിന്റേയും സൃഷ്ടിയുടെ പൂർണ്ണരൂപത്തിന്റേയും സാരസംഗ്രഹമാണ് മനുഷ്യൻ"

ആകാശം, ഗ്രഹങ്ങൾ, മൂലപദാർത്ഥങ്ങൾ എന്നിവയുടെ ആവിഷ്ക്കരണസംവിധാനത്തോടു കൂടെയുള്ള അത്ഭുതകരമായ ക്രമം- ഉല്പാദന കഴിവോടു കൂടിയ വൃക്ഷസസ്യലതാദികൾ, ഖനനവസ്തുക്കൾ, വിവിധ മൃഗസമ്പത്ത്, മനുഷ്യൻ എന്നിവയുടെ അത്യതിശയകരമായ ക്രമം- സൃഷ്ടിതമായ എല്ലാ ജീവികളുടേയും ബുദ്ധിയ്ക്കും ജ്ഞാനത്തിന്നും അതീതമായ ഈ ക്രമം, ഒരു കാര്യം വ്യക്തമായി

www.malankaralibrary.com
Scanned by CamScanner

തെളിയിക്കുന്നു-പ്രപഞ്ചം നിയമാനുസാരം നിയന്ത്രിക്കപ്പെടുന്നു എന്നുള്ളതു തന്നെ.

ഇതിനെ പരിഗണിച്ച് പ്രാചീന തത്വശാസ്ത്രജ്ഞന്മാർ ഇപ്രകാരം നിർണ്ണയിക്കുകയുണ്ടായി: **ഏതു ചലനത്തിനും ഒരു ചലന കർത്താവുണ്ടായിരിക്കണം; എല്ലാ ചലനങ്ങളും അന്ത്യത്തിൽ ചലനാതീതമായവൻ ഏവനോ അവനിലെത്തി നില്ക്കുന്നു.** അവനാണ് സർവ്വത്തിനും കാരണഭൂതൻ അവൻ പരിപൂർണ്ണമായും നല്ലവനും സർവ്വജ്ഞനും സർവ്വശക്തനും ആകുന്നു. യാതൊരു പ്രത്യേക സ്വാത്ഥകാരണവുമില്ലാതെ സ്വചലനം മൂലം അവൻ പ്രപഞ്ചത്തെ സൃഷ്ടിക്കകൊണ്ടു് പരിപൂർണ്ണമായി നല്ലവനെന്നും; പ്രപഞ്ച സൃഷ്ടിയിൽ അവൻ പ്രദർശിപ്പിച്ച അത്ഭുതകരമായ ക്രമനിഷ്ഠ മൂലം സർവ്വജ്ഞനെന്നും; സ്വാഭാവികമായി പരസ്പരം നശിപ്പിക്കുന്ന വസ്തുഗുണവിശേഷത്തെ അതിജീവിപ്പിച്ച് അവയെ സംയോജിപ്പിക്ക മൂലം സർവ്വശക്തനെന്നും കണക്കാക്കിയാണ് അവർ ഈ നിഗമനത്തിലെത്തിയതു്.

കൂടാതെ, ഈ പ്രപഞ്ചം, ശരീരം ആത്മാവ് ഇവകളുടെ ഗുണം, പരിമാണം എന്നിവയെ പരിഗണിച്ച് വൈശിഷ്ട്യത്തിലും വ്യാപ്തിയിലും ആണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. എന്തുകൊണ്ടു് ഇവ കുറയുകയോ ഏറുകയോ ചെയ്തില്ല അഥവാ എന്തുകൊണ്ടു് ഇവ കൂടുതൽ ഉയർന്നതോ താഴ്ന്നതോ ആയില്ല എന്നു ചോദിച്ച് മനുഷ്യ മനസ്സ് ഇവയെപ്പററി അന്വേഷണകുതുകിയായി തീരുന്നു. ഓരോന്നിന്റേയും അഥവാ എല്ലാററിന്റേയും സംഗതമായ പരിമാണങ്ങൾക്കും രൂപ രേഖകൾക്കും രൂപ സാമ്യതകൾക്കും അവയുടെ അസ്തിത്വത്തിനും അവിരാമമായ തുടർച്ചക്കുമുള്ള കാര്യകാരണങ്ങളെ മനുഷ്യ മനസ്സ് ആരാഞ്ഞറിയുമ്പോൾ അതു് ചെന്നെത്തുന്നത്, ഏററവും നല്ലതും ഏററവും ഉചിതവും ഏതെന്നു് മനസ്സിലാക്കി സ്വേഛപോലെ **എല്ലാം സൃഷ്ടിക്കയും ക്രമീകരി**

www.malankaralibrary.com
Scanned by CamScanner

ക്കയും ചെയ്യുവനായ സൃഷ്ടികർത്താവിൻെറ ധരഷ്ഠി ണാവൈഭവത്തിലും ഇച്ഛാശക്തിയിലുമാണു്.

ശില്പിയില്ലാതെ ശില്പവേലയില്ല. ശില്പവേലയിൽ കൂടി ശില്പിയുടെ അസ്തിത്വം തെളിയുന്നു. മുമ്പില്ലാതിരുന്ന ശില്പം നിർമ്മിച്ചവൻ, സത്യത്തിൽ ശില്പത്തിന്നു മുമ്പേ ഉണ്ടായിരുന്നവനാണെന്നും അവൻ അതിനെ നിർമ്മിച്ചതിനാലാണ് അതു് ഒരു ശില്പമായി നമുക്ക് മുന്നിൽ കാണാൻ കഴിയുന്നതെന്നും എവൎക്കും അറിയാവുന്നതാകുന്നു. എക്കാലത്തും സ്ഥിരീകരിക്കപ്പെട്ട ഒരു വസ്തുതയാണിതു്.

മേൽ വിവരിച്ച കാൎയ്യങ്ങളിൽ നിന്നു്, നിർമ്മിക്കപ്പെട്ട ഒരു വസ്തുവാണ് പ്രപഞ്ചമെന്നും പ്രപഞ്ചാരംഭത്തിന്നു് സമയവ്യവസ്ഥ ബാധകമാണെന്നും അതു് അനാദ്യന്തമല്ലെന്നും തെളിയുന്നു. മാത്രമല്ല പ്രപഞ്ചത്തിന്നു് ഒരു സ്രഷ്ടാവുണ്ടെന്നും ആ സ്രഷ്ടാവ് നന്മനിറഞ്ഞവനും വിവേകപൂൎണ്ണനും സനാതനനും സൎവ്വശക്തനും സമഗ്രമായ ഇച്ഛാശക്തിയുടെ ഉടമയും ആണെന്നും നാം ഗ്രഹിക്കുന്നു.

---

## അദ്ധ്യായം 2

# ദൈവം ഏകൻ

പ്രപഞ്ചസ്രഷ്ടാവ് ഒരുവൻ മാത്രം. സ്രഷ്ടാക്കൾ അനേകരാണെങ്കിൽ അവർക്കെങ്ങനെ പൂർണ്ണവും അചഞ്ചലവും ഏകകണ്ഠവുമായ ഇച്ഛാകേന്ദ്രം ഉണ്ടാകും?. അതു സാദ്ധ്യമല്ല തീർച്ച. ഒന്നുകിൽ അവർ സാരാംശത്തിലും അതിനോടനുബ

www.malankaralibrary.com
Scanned by CamScanner

ന്ധമായ എല്ലാററിലും ഏകമാകുന്നു; ഭിന്നതാധിഷ്ഠിതമായ എല്ലാററിന്റെയും അഭാവം എന്നതാണു് ഇതിൽ നിന്നു് ഗ്രഹിക്കേണ്ടതു്; അതായതു് അനേകത്വം ഇല്ലാതാക്കി ഏകത്വത്തെ സ്ഥിരീകരിക്കുന്നു എന്നു് സാരം. ദൃഷ്ടാന്തമായി കറുപ്പു നിറത്തെ എടുക്കുക: എല്ലാപരിഗണനയിലും ഒരേപോലെയുള്ളതും തിരിച്ചറിയാൻ വയ്യാത്തതുമായ രണ്ടു കറുപ്പുനിറങ്ങൾ- അവയുടെ അസ്തിത്വവും സാരാംശവും ഒന്നുതന്നെ; എന്നാൽ അവയോടനുബന്ധപ്പെട്ട മറേറതും ഭിന്നമാണു് എന്നു വരികിൽ ആ രണ്ടു കറുപ്പുനിറങ്ങൾ വ്യത്യസ്തവും പരസ്പരം നാശഹേതുക്കളും ആയിരിക്കും.

ഭിന്നിച്ചു നില്ക്കുന്ന രണ്ടു സ്രഷ്ടാക്കൾക്കു് ഏക അസ്തിത്വം ഉണ്ടാവില്ല. മാത്രമല്ല, പൂർണ്ണത നിറഞ്ഞ ഒരു സൃഷ്ടിയും അവരിൽ നിന്നുത്ഭവിക്കാൻ സാദ്ധ്യവുമല്ല. മറെറാരു വിധത്തിൽ പറഞ്ഞാൽ ഓരോരുത്തർക്കും അവരവരുടെ കൂട്ടുകാരിൽ നിന്നു് തങ്ങളെ വേർതിരിച്ചറിയുന്നതിനു്തക്ക ഭിന്നമായ ഗുണവിശേഷങ്ങൾ ഉണ്ടെങ്കിൽ അവരുടെ സാരാംശത്തിൽ അവർ ഏകരായിരുന്നാൽപോലും അതിനോടനുബന്ധപ്പെട്ട കാര്യങ്ങളിൽ അവർ ഭിന്നരായിരിക്കും. ഏകത്വമുള്ള അവരുടെ കാര്യങ്ങളേയും ഭിന്നതയുള്ള അവരുടെ കാര്യങ്ങളേയും സംയോജിപ്പിച്ചു് ഒരു മിശ്രിതം ഉണ്ടാകുന്നു എന്നു് കരുതുക. അങ്ങനെയാണെങ്കിൽ, ഏതു് മിശ്രിതവും ഉണ്ടാക്കപ്പെടുന്നതാണെന്നതും സംയോജിപ്പിച്ചുണ്ടാക്കുന്നതിനു് ഒരാൾ വേണമെന്നുള്ളതും ഏവരും സമ്മതിക്കും.

മേൽ വിവരിച്ചതിന്റെയെല്ലാം സാരം തിരുവെഴുത്തു മുഖേന ഇപ്രകാരം സംഗ്രഹിക്കാം:

> "യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നെ; (ആവ. 6:4) ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്നു് പേരുള്ളവർ പലർ ഉണ്ടെന്നുവരികിലും പിതാവായ ഏക ദൈവമേ നമുക്കുള്ളു; അവൻ സകലത്തിന്നും കാരണഭൂതനും, നാം അവന്നായി ജീവിക്കേണ്ടതും ആകുന്നു." (1 കോരി. 8:5,6)

— ★ —

www.malankaralibrary.com
Scanned by CamScanner

## അദ്ധ്യായം 3

# ദൈവം ആദ്യന്തരഹിതൻ

അസ്തിത്വമുള്ളതെല്ലാം ഒന്നുകിൽ താല്ക്കാലികം അല്ലെങ്കിൽ സനാതനം ആയിരിക്കും. താല്ക്കാലികമായതെല്ലാം ഉണ്ടാകുന്നതിന്നു ഒരു കാരണവും അതിനെ ഉണ്ടാക്കിയ ഒരു സ്രഷ്ടാവും ഉണ്ടാകും. സമയവും സ്രഷ്ടാവു, സ്വാഭാവികമായും എല്ലാം നിൎമ്മിതമാകുന്നതിനു മുമ്പു ഉണ്ടായിരിക്കേണ്ടവയാണല്ലോ **സൎവ്വത്തിന്നും കാരണഭൂതന്റെ അസ്തിത്വം കാരണരഹിതമാണു. എല്ലാം സൃഷ്ടിച്ചവനെ ഉണ്ടാക്കിയ സ്രഷ്ടാവു എന്നൊന്നില്ല.** ഏതു നിഷ്പക്ഷ മനസ്സും ഇതു സമ്മതിക്കുകയും ഈ ന്യായമായ വിധിയിലെത്തിച്ചേരുകയും ചെയ്യും.

ആകയാൽ സ്രഷ്ടാവു സ്വയം അസ്തിത്വമുള്ളവനാകുന്നു. തന്മൂലം **ആദ്യന്തമില്ലാത്തവനും, സമയം എന്ന പ്രതിഭാസത്തിന്നു അതീതനുമാകുന്നു.** സമയമെന്ന പ്രതിഭാസം പോലും അവന്റെ സൃഷ്ടിയാണെന്നൎത്ഥം. സമയം എന്നതു എന്താണു? വാനഗോളചലനത്തിന്റെ ഗണനം മാത്രമാണു, നാം മുൻതെളിയിച്ചതുപോലെ അതിനെല്ലാം കാരണഭൂതൻ സ്രഷ്ടാവു മാത്രമാണു. ആകയാൽ സ്രഷ്ടാവു സമയപ്രതിഭാസത്തിന്നതീതനായി ആദ്യന്തമില്ലാത്തവനാകുന്നു. ആദ്യമില്ലാത്തവനു അന്ത്യവുമുണ്ടാവില്ലല്ലോ. അഥവാ **രണ്ടു പരസ്പര വിരുദ്ധങ്ങളായ ആദ്യത്തേയും അന്ത്യത്തേയും തന്നിൽ തന്നെ ഉൾക്കൊണ്ടിരിക്കുന്നവനാണു അവൻ.** ഏററവും മഹത്തായ സത്യം, പ്രകാശം, ജീവൻ എന്നിവയുടെ പൂൎണ്ണമായ ഉടമയും അവൻ തന്നെ. ആകയാൽ അവൻ നന്മനിറഞ്ഞവനും സൎവ്വജ്ഞനും സൎവ്വരക്ഷകനുമായിരിക്കണമെന്നു വ്യക്തം.

www.malankaralibrary.com
Scanned by CamScanner

# അദ്ധ്യായം 4

# ദൈവം അപരിജ്ഞേയൻ

മനസ്സും ഇന്ദ്രിയങ്ങളും ഉപയോഗിച്ച് ഗ്രഹിപ്പാൻ സാദ്ധ്യമായവയെ മനുഷ്യൻ ഗ്രഹിക്കുന്നു. ഇന്ദ്രിയം കൊണ്ട് മനസ്സിലാക്കാവുന്നവ **അനദ്ധിഷ്ട സംഭവങ്ങളും പദാർത്ഥങ്ങളുമാണ്**.

ആരാദ്ധ്യനായ ദൈവം ഒരു **പദാർത്ഥമേയല്ല**; പദാർത്ഥങ്ങളെല്ലാം നിർമ്മിത മിശ്രിതങ്ങളാണല്ലോ. ഏതു പദാർത്ഥവും സ്ഥലകാലങ്ങൾക്കധീനവും നിയന്ത്രിത പരിധികളുള്ളതുമാണ്. ആദ്യന്തമില്ലാതെ സ്ഥിതിചെയ്യുന്ന ദൈവം സ്ഥലകാലങ്ങൾക്കും നിയന്ത്രിത പരിധികൾക്കും അതീതനാണ്.

ഒരു അനുദ്ധിഷ്ട സംഭവം ഉണ്ടാകണമെങ്കിൽ അതിന്നടിസ്ഥാനമായ ഭൗതിക പദാർത്ഥവുമുണ്ടായിരിക്കണം. ആകയാൽ ദൈവം ഒരിക്കലും ഒരു **അനുദ്ധിഷ്ടസംഭവ**മാകുന്നില്ലെന്ന് ധരിക്കുക.

മനസ്സ് കാര്യങ്ങൾ ഗ്രഹിക്കുന്നതെങ്ങനെ? വസ്തുനിഷ്ഠമായ കാര്യങ്ങളെ എത്തിപ്പിടിക്കുന്നതിന് മനസ്സിനെ വലിച്ചു നീട്ടി അവയുടെ പരിമാണ പരിധിയിലേക്കെത്തിച്ചുകൊണ്ട് തിരിച്ചറിവിന്റെ വിദ്യകൾ ഉപയോഗിച്ചാണ് കാര്യങ്ങൾ ഗ്രഹിക്കുന്നത്. വസ്തുനിഷ്ഠമായ കാര്യങ്ങൾക്ക് പരിധിയുണ്ടെന്ന് പെട്ടെന്നു നമുക്കറിയാം; ആദ്യന്തമില്ലാതെ സ്വയംഭൂവായ **ദൈവത്തിന്റെ പ്രകൃതിക്ക് പരിധികളും പരിമാണങ്ങളും വ്യതിരിക്തമാണ്.**

മനസ്സിന് അതിന്റെ അതിർത്തിയിൽ അതിനെ നിയന്ത്രി

www.malankaralibrary.com
Scanned by CamScanner

ച്ച് നിർത്താൻ കഴിവില്ലാതെ വരികയോ അഥവാ മനസ്സ് എത്ര വലിയ അളവുകളോളം വലിച്ച് നീട്ടിയാലും ലക്ഷ്യത്തിലേക്ക് എത്താൻ കഴിയാത്ത സ്ഥിതി ഉണ്ടാവുകയോ ചെയ്താൽ കാര്യങ്ങൾ അപരിജ്ഞേയമാകും—ഗ്രഹിപ്പാൻ സാദ്ധ്യമല്ലാത്തവയാകും. അതിർത്തികളും അളവുകളും സ്വയംഭൂവായ ദൈവപ്രകൃതിക്ക് പൂർണ്ണമായും അന്യമാണ്. **അളവുകൾക്കും അതിർത്തികൾക്കും അതീതനാണ് ദൈവം.** ആകയാൽ ദൈവാസ്തിത്വത്തെയൊഴിച്ച് **ദൈവപ്രകൃതിയെ എത്തിപ്പിടിപ്പാൻ മർത്ത്യമനസ്സിന്ന് സാദ്ധ്യമല്ല തന്നെ.**

ഒരു തത്വശാസ്ത്രജ്ഞൻ ഇപ്രകാരം പ്രാർത്ഥിക്കാറു പതിവുണ്ടത്രേ:

"എന്റെ ആത്മാവിന്റെ ചലനത്തിന്ന് കാരണഭൂതനായ ജഗന്നിയന്താവെ! എന്നെ ചരിപ്പിക്കുന്ന അങ്ങേ പരമാണുവിന്റെ സാരാംശത്തെ ഗ്രഹിപ്പാൻ എനിക്കു വരം നല്കണെ! ആ സാരാംശം എന്താണെന്നും ഏതുപോലെയുള്ളതാണെന്നും എനിക്കറിയാൻ വയ്യല്ലോ. അവിടത്തെ ആസ്തിത്വം ഒഴിച്ച് അങ്ങേ ജ്ഞാനപരമാണുവിലെ സാരാംശത്തിന്റെ വിശദമായ ആകൃതിയും പ്രകൃതിയും ഗ്രഹിപ്പാൻ മർത്ത്യമനസ്സിന്ന് സാദ്ധ്യമല്ലെന്നതിൽ ആശ്വാസംകൊൾകയല്ലാതെ ഞാൻ എന്തുചെയ്യും!"

ദൈവത്തെ സംബന്ധിച്ച് അവൻ അദൃശ്യൻ, അഭൗമൻ, പരിമാണരഹിതൻ, പരിണാമരഹിതൻ എന്നൊക്കെ പറയുമ്പോൾ **ദൈവം എന്താകുന്നുവെന്നല്ല അവൻ എന്താകുന്നില്ലായെന്നുള്ളതാണ് വിവരിക്കുന്നത്** എന്നു മനസ്സിലാക്കുക.

www.malankaralibrary.com
Scanned by CamScanner

# അദ്ധ്യായം 5

# പരിശുദ്ധ ത്രീത്വം

പ്രപഞ്ചത്തിലെ ഏതു് പദാത്ഥസഞ്ചയവും പരിണാമങ്ങറാക്കും യാദൃശ്ചികങ്ങറാക്കും വിധേയമായി വൈരുദ്ധ്യ ശക്തികളാൽ ആക്രമിക്കപ്പെട്ടുന്നവയായിരിക്കും. അങ്ങിനെയല്ലെങ്കിൽ അതൊരു പദാത്ഥസഞ്ചയമേയായിരിക്കയില്ല. പദാത്ഥാധിഷ്ഠിതമല്ലാത്തവ പരിണാമങ്ങറാക്കും യാദൃശ്ചികങ്ങറാക്കും വിധേയമായിരിക്കാതെ അവസ്ഥാതീതമായിരിക്കും.

ദൈവം (അവിടുത്തെ അപരിജ്ഞേയതയ്ക്കു് മഹത്വം ഉണ്ടാകട്ടെ) പദാത്ഥാധിഷ്ഠിതനല്ലെന്നും ഭൌതികത്വത്തോടു് ബന്ധപ്പെട്ട ഒന്നിനും വിധേയനല്ലെന്നും അവയിൽ നിന്നെല്ലാം അനന്തമായി വിദൂരസ്ഥനാണെന്നും സംശയാതീതമാം വണ്ണം നാം മുമ്പു് തെളിയിച്ചു് കഴിഞ്ഞിരിക്കുന്നുവല്ലോ. ഭൌതിക പദാത്ഥാധിഷ്ഠതമല്ലാത്തതും ഇഹലോകവസ്തുക്കറാക്കൊന്നിനും വിധേയമല്ലാത്തതും മനുഷ്യാനുബന്ധിയായതും ഏതോ അതിനു പൂർവ്വപണ്ഡിതശ്രേഷ്ഠന്മാർ "ദേഹി" എന്നു് നാമകരണം ചെയ്തു. ഇഹലോക വസ്തുക്കറാക്കും അവയോടു് ബന്ധപ്പെട്ട എല്ലാററിനും അപ്പുറമായി സ്ഥിതിചെയ്യുന്ന ഒന്നാണു് ദേഹിയുടെ പ്രധാനഘടകമായ ബോധം. ദേഹി സ്വയം ബോധവനാകുന്നു; മാത്രമല്ല, എന്നും എന്നേയ്ക്കും സാംപ്രതയുള്ളവനും ദിവ്യജ്ഞാനം ഉറക്കൊള്ളുന്നവനും ആകുന്നു. അവൻ സ്വയം ആസ്തിത്വം ഉള്ളവനും പരാശ്രയം കൂടാതെ സ്വയമായി പാലിക്കപ്പെട്ടുന്നവനുമാകുന്നു. തൻെറ സാരാംശത്തെ സ്വയം ഗ്രഹിക്കുന്നവനാരോ അവൻ നിത്യജീവചൈതന്യമുള്ളവനായിത്തീരുന്നുവല്ലോ. ദൈവം ജ്ഞാനപൂണ്ണനും നിത്യമായി ജീവിക്കുന്നവനുമാണു്. ജ്ഞാനപൂണ്ണനായ ദൈവം തൻെറ വിവേകജ്ഞതയാൽ എല്ലാററേയും വിവേചിക്കുന്നു; നിത്യജീവൻെറ ഉറവിടമായ അവിടുന്നു് സനാതനനായി ജീവിക്കുകയും ചെയ്യുന്നു.

www.malankaralibrary.com
Scanned by CamScanner

ആരാധ്യമായ ദൈവപ്രകൃതിയെ–പരിശുദ്ധത്രിത്വത്തെ–തിരുസഭ ഏററവ പറയുന്നതു്, "ദേഹി" "ജ്ഞാനം" "ജീവൻ" എന്നിവയുടെ ദൃഷ്ടാന്തത്താലാണ്. **ഈ ദൃഷ്ടാന്തത്തിലുള്ള സഹ ഗുണവിശേഷങ്ങൾ ത്രീ ഏകമായിരിക്കുന്നതുപോലെ ത്രിഏക ദൈവം വാഴ്ത്തപ്പെടുന്നു.**

സർവ്വത്തിന്റെയും കാരണഭൂതനും ആദ്യനുമായ ദൈവത്തെ "പിതാവ്" (ജനയിതാവ്) എന്നു് തിരുസഭ വിളിക്കുന്നു. ഇവിടെ, പിതാവിന്റെ സ്ഥാനത്തു് ദൃഷ്ടാന്തത്തിലെ ദേഹിയെ കണക്കാക്കാം. പിതാവിനാൽ (ദേഹിയാൽ) ജനിപ്പിച്ചവനാരോ അവൻ പുത്രൻ. പുത്രൻ മുഖാന്തിരം സർവ്വവും സൃഷ്ടിക്കപ്പെടുകയും നിർമ്മിക്കപ്പെടുകയും ചെയ്കയാൽ പുത്രന്റെ സ്ഥാനത്തു് ദൃഷ്ടാന്തത്തിലെ "ജ്ഞാന"ത്തെ തിരുസഭ കണക്കാക്കുന്നു. അനന്യനും ദൈവത്തിൽ നിന്നു് പുറപ്പെടുന്നവനുമായ പരിശുദ്ധാത്മാവിന്റെ സ്ഥാനത്തു് ദൃഷ്ടാന്തത്തിലെ "ജീവനെ" തിരുസഭ കണക്കാക്കുന്നു.

ശുദ്ധ പരിശുദ്ധിയുള്ളവനാരോ അവൻ പരിണാമരഹിതനാണ് എന്നു് സുസമ്മതരായ തിരുവെഴുത്തു് വ്യാഖ്യാതാക്കൾ പ്രഖ്യാപിച്ചിരിക്കുന്നു. സെബ്ദിയുടെ മകനായ വി. യോഹന്നാൻ ശ്ലീഹ അരുളിച്ചെയ്തിരിക്കുന്നതു് ശ്രദ്ധിക്കുക.

"ആദിയിൽ വചനം ഉണ്ടായിരുന്നു." (യോഹ 1:1)
"ജീവൻ മനുഷ്യരുടെ പ്രകാശമാകുന്നു" (യോഹ 1:4)

മനുഷ്യനിൽ, **ദേഹി, വചനം, ജീവൻ എന്നീ ഊർജ്ജത്രയങ്ങൾ** നിക്ഷിപ്തമായിരിക്കുന്ന രീതിയെ നോക്കുക. ദേഹി, വചനം, ജീവൻ അവ മൂന്നല്ല ഒന്നായി–ത്രീ ഏകമായി–നാം കാണുന്നു. അതായതു് **ത്രിത്വത്തിൽ ഏകത്വം; ഏകത്വത്തിൽ ത്രിത്വം.** ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പാത്രമായ വി. പൌലൂസ് ശ്ലീഹായും ഒരു ദൃഷ്ടാന്തം ഉപയോഗിച്ചു് പരിശുദ്ധ

www.malankaralibrary.com
Scanned by CamScanner

ത്രീത്വരഹസ്യത്തെ വ്യാഖ്യാനിച്ച് വിശദീകരിപ്പാൻ ശ്രമിച്ചിട്ടുണ്ട്. **വൃത്താകാരവസ്തു, പ്രകാശം, ചൂട് എന്നീ ഗുണത്രയങ്ങൾ ഉള്ള സൂര്യനെയാണ്** അദ്ദേഹം ദൃഷ്ടാന്തമാക്കിയിരിക്കുന്നത്:

> "പുത്രൻ ദൈവത്തിന്റെ തേജസ്സിൻ പ്രഭയും അവന്റെ ജീവന്റെ അർത്ഥസമ്പൂർണ്ണമായ രൂപവുമാകുന്നു" (എബ്രാ 1:3) "ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമായ മ്ശീഹാ" (1 കോരി 1:24)

ആസ്തിത്വമുള്ളവയെല്ലാം ഒന്നുകിൽ ഒരു യാദൃശ്ചിക സംഭവമോ അതല്ലെങ്കിൽ ഒരു പദാർത്ഥമോ ആയിരിക്കണമല്ലോ. മേൽ വിവരിച്ച ഗുണത്രയങ്ങൾ തുല്യസ്വഭാവമുള്ളവയാകയാൽ "ക്നൂമ" എന്ന ആരാമായ പദം (ക്നൂമയെ Hypostasis എന്നു ഇംഗ്ലീഷിൽ വിവർത്തനം ചെയ്യുന്നുണ്ട്) ഉപയോഗിച്ച് അർത്ഥം വിശദമാക്കാൻ തിരുസഭാപണ്ഡിതന്മാർ ശ്രമിച്ചിട്ടുണ്ട്. യാദൃശ്ചികശക്തി രഹിതമായ വസ്തുഭാവം ആയി "ക്നൂമ" യെ കണക്കാക്കാവുന്നതാണ്. തുല്യ സ്വഭാവപ്രകൃതിക്ക് ഈ വസ്തുഭാവം (ക്നൂമ) മാറ്റമുണ്ടാക്കുന്നില്ലെന്നു മാത്രമല്ല ബഹുവചനരൂപത്തിനു പ്രസക്തിയില്ലാതാക്കുകയും ചെയ്യുന്നു. ദൃഷ്ടാന്തമായി മുൻ വിവരിച്ച ദേഹി, ജ്ഞാനം, ജീവൻ ഇവയെ നമുക്ക് പരിശോധിക്കാം. ഒരേ സമയത്ത് ദൈവം ദേഹിയും, ജ്ഞാനവും, ജീവനുമാകുന്നു. ദൈവം അനുസ്യൂതമായി വ്യതിയാനം കൂടാതെ സദാ സൃഷ്ടികർമ്മം നടത്തിക്കൊണ്ടിരിക്കുന്നു. ഒരിക്കലും നിറുത്താതെ താൻ മുഖാന്തിരം തന്നിൽ നിന്നുതന്നെ കാര്യങ്ങൾ പുരോഗമിക്കുന്നതിനു താൻ സഹായിക്കുകയും ചെയ്യുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും ഭൗതിക കാര്യങ്ങൾ തന്നിൽ നിന്നു അനന്തമായി വിദൂരമാണുതാനും; കാരണം, സൃഷ്ടിത സാധനങ്ങളുടെ പ്രകൃതിയും സനാതനമായി നിലനില്ക്കുന്ന ദൈവം പ്രകൃതിയും തമ്മിൽ യഥാർത്ഥമായ യാതൊരു രൂപസാമ്യതയുമില്ല; മാത്രമോ, ഉപമകളൊന്നും തന്നെ സർവ്വഗുണസാമ്യതയിൽ പരിശുദ്ധ ത്രീത്വരഹസ്യത്തോട് താരതമ്യപ്പെടുത്താ

www.malankaralibrary.com
Scanned by CamScanner

വുന്നതുമല്ല. ഉപമയോ അതിനാൽ താരതമ്യപ്പെടുത്തുന്നതെന്തോ അതും ഓരേവസ്തുവായിത്തീരുന്നു എന്നു് വരികിൽ? പല താരതമ്യങ്ങളും നാം മേൽവിവരിച്ചുവല്ലോ; എന്നാൽ അവയൊന്നും പൂർണ്ണമല്ലാന്നെ. ഒരു വസ്തു അതേ വസ്തുവെക്കൊണ്ടു് തന്നെ താരതമ്യപ്പെടുത്തിയാലെ ശരിയാവുകയുള്ളൂ എന്നാണെങ്കിൽ? പരി. ത്രീത്വത്തെ മാറെറാന്നുകൊണ്ടും, പരിപൂർണ്ണമായി താരതമ്യപ്പെടുത്താവുന്നതല്ല നിശ്ചയം.

പഴയ നിയമത്തിൽ പരി. ത്രീത്വരഹസ്യത്തെ ഇപ്രകാരം സൂചിപ്പിച്ചിരിക്കുന്നു:

> "നമുക്കു് മനുഷ്യനെ നമ്മുടെ സ്വന്തം രൂപത്തിലും സ്വന്തം സാദൃശ്യത്തിലും സൃഷ്ടിക്കാം" (ഉല്പ 1:26)

ആരാമായ ഭാഷയിൽ ദൈവം അരുളിച്ചെയ്ത ഈ വചനത്തിൽ "നൂൺ" എന്ന ആരാമായ അക്ഷരം മൂന്നു് പ്രാവശ്യം ആവർത്തിച്ചിരിക്കുന്നതു് പരി. ത്രീത്വത്തെ സംബന്ധിച്ച സൂചനയായി വേദപണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നു.

യെശയ്യാ പ്രവാചകൻ രേഖപ്പെടുത്തിയിരിക്കുന്ന,

"പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ," (യെശ. 6:3)

എന്നു് തുടങ്ങുന്ന മാലാഖമാരുടെ (സ്രാപ്പന്മാരുടെ) ഗാനത്തിൽ ഏകദൈവത്തെ "പരിശുദ്ധൻ" എന്നു് മൂന്നു് പ്രാവശ്യം ആവർത്തിച്ചു് വിശേഷിപ്പിക്കുന്നതു് പ്രകൃതിയിൽ ഏകനായ ദൈവത്തിന്നു് മൂന്നു് "ക്നൂമ" ഉണ്ടെന്നതിനു് തെളിവായി തിരുവെഴുത്തു് പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നു.

സങ്കീർത്തനക്കാരൻ ദാവീദിന്റെ വചനവും ഇക്കാര്യത്തിൽ വളരെയേറെ പ്രാധാന്യം അർഹിക്കുന്നു:

> "യഹോവയുടെ വചനത്താൽ ആകാശങ്ങൾ നിർമ്മിക്കപ്പെട്ടു; അവയിലെ സകല സൈന്യങ്ങളും അവന്റെ വായിലെ ശ്വാസത്താലും തന്നെ,"

Scanned by CamScanner
www.malankaralibrary.com

ഇളും പരിശുദ്ധ ത്രിത്വസൂചനയാണെന്നു് വ്യാഖ്യാതാക്കൾക്കു് അഭിപ്രായമുണ്ടു്. ഇപ്രകാരം പലസൂചനകളും പരിശുദ്ധ ത്രിത്വത്തെക്കുറിച്ചു് പഴയ നിയമത്തിലും കാണുന്നുണ്ടു്.

പരിശുദ്ധ ത്രിത്വവിശ്വാസത്തെപ്പറ്റി കാതോലികമായ നമ്മുടെ തിരുസഭയുടെ സത്യത്തിനെതിരെ യഹൂദന്മാരോ ഇതരമതസ്ഥരോ നമ്മെ നിന്ദിക്കുന്നുവെങ്കിൽ അവർ സ്വയം അപകർഷതാബോധത്തിലും ചിന്താകുഴപ്പത്തിലും പെട്ടുപോയതുകൊണ്ടാണു് അപ്രകാരം ചെയ്യുന്നതു് എന്നു് വെച്ചു് നമുക്കു് സമാശ്വസിക്കയല്ലാതെ എന്തു് ചെയ്യാം!

# PART II

# സൃഷ്ടി സിദ്ധാന്തം

## അദ്ധ്യായം 1

## പ്രപഞ്ച സൃഷ്ടികർമ്മം

ദൈവത്തെ സംബന്ധിച്ചിടത്തോളം സമയമെന്നത് താൻ ചെയ്ത ഏത് കർമ്മത്തിനും മുന്നേയുള്ളതാകുന്നു. ദൈവം സൃഷ്ടികർമ്മത്തിന് പുറപ്പെട്ടത് എന്തുകൊണ്ട്? ഒന്നുകിൽ എന്തോ നിർബ്ബന്ധം മൂലം, അഥവാ എന്തെങ്കിലും അത്യാവശ്യം മൂലം, അഥവാ നന്മചെയ്യുന്നതിലുള്ള സഹജതാല്പര്യം മൂലം. നിർബ്ബന്ധംമൂലമാണോ? അല്ല നിശ്ചയം, കാരണം, ഏകദൈവമൊഴികെ മറ്റൊരു ശക്തികേന്ദ്രവും ദൈവത്തിൽ നിർബ്ബന്ധം ചെലുത്തുന്നതിനുണ്ടായിരുന്നില്ലെന്ന് നാം അറിയുക. ദൈവത്തിനെന്തെങ്കിലും അത്യാവശ്യം നേരിട്ടു എന്നതുകൊണ്ടാണോ? അല്ല നിശ്ചയം, കാരണം, ദൈവസാരാംശം പരിപൂർണ്ണമായതും ദൈവം എല്ലാററിനും പൂർണ്ണത നല്കുന്നവനും താൻ തന്റെ സാരാംശത്തിലോ അതിനോടനുബന്ധപ്പെട്ട ഏതിലെങ്കിലുമോ പൂർണ്ണതക്ക് അശേഷം ന്യൂനതയില്ലാത്തവനും തനിക്ക് ഏതെങ്കിലും കാര്യത്തിൽ ഒരത്യാവശ്യം തോന്നാൻ സാദ്ധ്യമല്ലാത്തവനും ആകുന്നു. ദൈവം സഹജമായി സർവ്വ നന്മയുടേയും ധർമ്മത്തിന്റേയും ഉറവിടമാകയാൽ **താൻ പ്രപഞ്ചസൃഷ്ടി നടത്തിയത് ശുദ്ധസ്നേഹവും നന്മയും മാത്രം കാരണമാണ്** എന്ന വസ്തുത ഇതിൽ നിന്നെല്ലാം ന്യായയുക്തമായി നാം മനസ്സിലാക്കേണ്ടതാണ്.

www.malankaralibrary.com
Scanned by CamScanner

ആദ്യമായി ദൈവം മാലാകന്മാരേയും ആകാശങ്ങളേയും ചതുർധാതുക്കളെയും പ്രകാശത്തേയും നക്ഷത്രഗ്രഹാദികളേയും സൃഷ്ടിച്ചു. പിന്നീട് വൃക്ഷസസ്യലതാദികളും, ഭിന്നവർഗ്ഗങ്ങളിലും വിഭാഗങ്ങളിലുമുള്ള മൃഗങ്ങളും സൃഷ്ടിതമായി. പ്രപഞ്ചത്തെ അത്ഭുതകരമായ ഒരാരാമവും മണവാളന്നടുത്ത ഒരു മണവറയും എന്ന പോലെ സർവ്വനന്മകളാലും വിഭൂഷിതമാക്കി സൃഷ്ടിച്ചലങ്കരിച്ചതിനുശേഷം ആകാശത്തിൻേറയും ഭൂമിയുടേയും അവയിലുള്ള സകല ശക്തിസേനകളുടേയും സൃഷ്ടികർമ്മത്തെ മുഴുമിച്ച ശേഷം ആറാം ദിവസം മനുഷ്യവംശത്തിൻെറ കലപതിയും പ്രഥമ മനുഷ്യനുമായ ആദാമിനെ "തൻെറ സ്വന്ത രൂപത്തിലും സാദൃശ്യത്തിലും" ദൈവം സൃഷ്ടിച്ചു. ഇതിന്നു ശാസ്ത്രിമാരിൽ ആദ്യനും പ്രവാചകന്മാരിൽ പ്രഥമനും ആയ വാഴ്ത്തപ്പെട്ട മോശെ സാക്ഷ്യം വഹിച്ചിരിക്കുന്നു. (ഉല്പ 1:27, 2:1)

മൂന്നു പ്രത്യേക കാരണങ്ങളാലാണ് ആദാമിനെ "ദൈവത്തിൻെറ രൂപത്തിൽ" സൃഷ്ടിച്ചു എന്നു സാക്ഷ്യപ്പെടുത്തിയിരിക്കുന്നതു്.

(1) മനുഷ്യനിലുള്ള ആത്മാവിൻെറ സ്ഥിതിവിശേഷം- **അതിൻെറ പരമാണുത്വവും അശരീരീയമായ വസ്തുതയും.** ഇതിന്നും പുറമെ ആത്മാവിൽ ലീനമായ മനോവീചി, വചനം, ജീവൽ കർമ്മം എന്നീമൂന്നു ഘടകങ്ങൾ പരിശുദ്ധ ത്രിത്വത്തിനു സാദൃശ്യം വഹിക്കുന്നതായി നാം മുമ്പു് കണ്ടുവല്ലൊ.

(2) മനുഷ്യനു് സർവ്വത്തിന്മേലും ദൈവം നല്കിയ **അധികാരവും** (ഉല്പ. 1:26) **ആധിപത്യവും മനഃസ്വാതന്ത്ര്യവും** ദൈവരൂപത്തിൻെറ ദൃഷ്ടാന്തം തന്നെ.

3) താനുമായുള്ള ഐക്യത്താൽ ദൈവം മനുഷ്യനെ **തൻെറ നിവാസാലയമാക്കുകയും** എല്ലാവരും തങ്ങളുടെ കാൽമുട്ടുകളെ മടക്കി അവനെ എന്നേക്കും ആരാധിക്കുവാൻ തക്കവണ്ണമുള്ള ഒരു പാത്രമാക്കുകയും (യോഹ. 2:21, എബ്രാ 1:6-9) ചെയ്തതിൽ ദൈവരൂപത്തിൻെറ സാദൃശ്യം കാണുന്നു.

www.malankaralibrary.com
Scanned by CamScanner

# അദ്ധ്യായം 2

# ആദ്യമനുഷ്യൻെറ പാപം

ആദാമിനു് വിവേചനശക്തി നല്കി ദൈവം സ്വന്തം രൂപത്തിൽ സൃഷ്ടിച്ചു് ദൈവത്തിൻെറ അത്ഭുതകരമായ ആലയവും പ്രപഞ്ചത്തിൻെറ അധാരവുമാക്കിവെച്ചു. ചുരുക്കിപറഞ്ഞാൽ വലിയ പ്രപഞ്ചത്തിലെ ഒരു ചെറുപ്രപഞ്ചം തന്നെയാക്കി അവനെ ചമച്ചു. അതിനുശേഷം അവൻെറ ഒരു വാരിയെല്ലു് ദൈവം എടുത്തു് അതുകൊണ്ടു് ഒരു സ്ത്രീയെ ഉണ്ടാക്കി, അവരെ അവക്കായി നിയോഗിക്കപ്പെട്ട പരമാനന്ദകരമായ ഏദൻതോട്ടത്തിൽ ആക്കിവെച്ചു. ദൈവം അവരോടു് കല്പിച്ചതെന്തെന്നാൽ:

> "തോട്ടത്തിലെ സകല വൃക്ഷങ്ങളുടേയും ഫലങ്ങൾ നിങ്ങൾക്കിഷ്ടംപോലെ തിന്നാം. എന്നാൽ നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻെറ ഫലം തിന്നരുതു്; തിന്നുന്നനാളിൽ നിങ്ങൾ മരിക്കും" (ഉല്പ 2:16–17)

ഇതോടെ ദൈവം മനുഷ്യ മനസ്സിൻെറ സ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്കയായിരുന്നു. ദൈവം അവക്കു സ്വാതന്ത്ര്യം നല്കിയിരുന്നില്ലെങ്കിൽ അവൻെറ കല്പനാലംഘനത്തിൽ അവരെ ശിക്ഷിക്കുന്നതു് നീതിയുക്തമാകുമായിരുന്നില്ല. എന്നാൽ അവർ അവരുടെ **സ്വാതന്ത്ര്യത്തിൽ ചെയ്ത കല്പനാലംഘനം മൂലം ദൈവത്തിനു് ന്യായമായും അവരെ ശിക്ഷിക്കാൻ അർഹത ലഭിച്ചു.** തിന്മയിലേക്കുള്ള അവരുടെ പ്രവണത കാരണവും അവരുടെ ആത്മവമ്പു മൂലവും ദൈവകല്പനയെ അവർ ധിക്കരിക്കയും ചവുട്ടിമെതിക്കയും ചെയ്തു. അവരെ വഞ്ചിച്ച സാത്താൻ അവക്കു് നല്കിയ ഉപദേശം അവർ സ്വീകരിച്ചു. സ്രഷ്ടാവിന്റെ വിധേയത്വത്തിൽ നിന്നു് വിമോചനം നേടുന്ന

തിനും തങ്ങൾ സ്വയം ദൈവങ്ങൾ ആകുന്നതിനും അവർ ദൈവത്തെ ധിക്കരിച്ച് കല്പന ലംഘിച്ചു. ലംഘനം നിമിത്തം അവർ മരണത്തിനു കടപ്പെട്ടവരായിത്തീർന്നു. മാത്രമല്ല സാത്താനു അടിമകളാവുകയും അവർ തങ്ങളുടെ മഹത്വത്തിൽ നിന്നു അന്യരാവുകയും ചെയ്തു. അവർ ലജ്ജ ധരിക്കുന്നതിനും മാലാഖമാരുടെ കൂട്ടുകെട്ടിൽനിന്നു വിദൂരസ്ഥരാകുന്നതിനും ശാപഗ്രസ്ഥമായ ഭൂമിയിലേക്കു തള്ളപ്പെടുന്നതിനും ഇതു അവർക്കു കാരണമായി (ഉല്പ. 3:7_19)

ലംഘനത്തിന്റെ അതേ പാതയിൽ കൂടെ അതിവേഗം സഞ്ചരിക്കാൻ തുടങ്ങിയ അവരുടെ മക്കളുടെ കഴുത്തിൽ മരണത്തിന്റേയും സാത്താന്റേയും നുകത്തിന്റെ ശക്തി കൂടുതൽ രൂക്ഷമായി. അവർ സ്രഷ്ടാവിനെ വിസ്മരിക്കുകയും അവരുടെ ഹൃദയത്തിലെ കാമേച്ഛകൾക്കും മനസ്സിലെ സ്വാർത്ഥാഭിലാഷങ്ങൾക്കും അനുസരണമായി നടന്നു പാപത്തെ സേവിക്കയും വിപ്ലവ വാഞ്ഛയെ ശക്തീകരിക്കയും ചെയ്തു.

> "അവർ മനം തഴമ്പിച്ചുപോയവരാകയാൽ അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്ക്കാമത്തിനു തങ്ങളെത്തന്നെ ഏല്പിച്ചു." (എഫെ. 4:19)

ഇതു നിമിത്തം നീതിയുടെ ഖഡ്ഗം ഉണർന്നു. ആയതിനാൽ നോഹയേയും അവനോടു ചേർന്നുനിന്നവരേയും ദൈവത്തിന്നു പെട്ടകത്തിലേക്കു നയിക്കേണ്ടിവന്നു. മനുഷ്യമനസ്സിന്റെ മാനസാന്തരത്തെ അഭിലഷിക്കുന്ന ദീർഘക്ഷമയുള്ള **ദൈവത്തിന്റെ പ്രത്യാശയുടെ പ്രതീകമായിരുന്നു ഈ പെട്ടകം.** ഉണർന്നെഴുന്നേററ നീതിയുടെ ഖഡ്ഗം ജലപ്രളയം മൂലം എല്ലാ മർത്യരേയും നശിപ്പിച്ചു. (ഉല്പ. 7:23) ഇങ്ങനെ **മനുഷ്യാതിക്രമങ്ങളിൽ നിന്നു ഭൂമിയെ ദൈവം സംശുദ്ധമാക്കി.** മനുഷ്യസൃഷ്ടിക്കു ഏകദേശം രണ്ടായിരം

www.malankaralibrary.com
Scanned by CamScanner

സംവത്സരങ്ങൾക്കുശേഷം ഇപ്രകാരം ദൈവം അന്നത്തെ ക്രൂരസ്വമൂഢ്യ വ്യവസ്ഥിതിക്കു് അന്ത്യം കുറിച്ചു.

## അദ്ധ്യായം 3

# ന്യായപ്രമാണങ്ങളും പ്രവാചകന്മാരും

നോഹ പെട്ടകത്തിൽ നിന്നു് പുറത്തു് വന്നപ്പോൾ **ശൈശവ പ്രായത്തിലുള്ള മനുഷ്യവർഗ്ഗത്തിനു് ഉതകിയ രീതിയിലുള്ള പ്രമാണങ്ങൾ** ദൈവം നല്കി. പ്രായേണ മനുഷ്യവർഗ്ഗം വർദ്ധിച്ചുപെരുകി. അവർ ദൈവപ്രമാണങ്ങളെ വിസ്മരിച്ചു. അവരുടെ ഇടയിലുണ്ടായ വീരന്മാരെ അവരിൽ പലരും ആദരിക്കയും അവരുടെ വിഗ്രഹങ്ങളെ ആരാധിക്കയും ചെയ്യുന്നതിന്നു് അവർ നീതീകരണം കാണ്മാൻ തുടങ്ങുകയും ചെയ്തു. അതേ സമയം മററു ചിലർ വിനാശകരമായ കൂട്ടുകെട്ടുണ്ടാക്കി ദുരാലോചനകളിൽ ഏർപ്പെട്ടു. അവർ ഒരു ഗോപുരം പണിതു് ആസ്ഥാനം ഉറപ്പിച്ചു ദൈവത്തിന്നെതിരായി വിപ്ലവം സംഘടിപ്പിക്കുന്നതിന്നു് ഒരുക്കംകൂട്ടി. ദൈവം തന്റെ കോപത്താൽ ഇനിയും ഒരു ജലപ്രളയം ഉണ്ടാക്കുകയാണെങ്കിൽപോലും അവരുണ്ടാക്കുന്ന ഗോപുരം അവർക്കു് ഒരു രക്ഷാസങ്കേതമാക്കാമെന്നും തന്മൂലം ദൈവോദ്ദേശത്തെ തോല്പിക്കാമെന്നും അവർ വ്യാമോഹിച്ചു. മാത്രമല്ല തങ്ങളുടെ ഇച്ഛക്കു് വിപരീതമായി ദൈവം എന്തെങ്കിലും കല്പി

ക്കുകയാണെങ്കിൽ അവർക്ക് സ്വർഗ്ഗത്തിലേക്ക് കയറി ദൈവത്തിന്നെതിരെ ഒരു യുദ്ധം നടത്തി ദൈവത്തെ കീഴ്പ്പെടുത്താൻ ഈ ഗോപുരം ഉപയുക്തമാക്കാമെന്നും അവർ കരുതി. കാര്യം മനസ്സിലാക്കിയ ദൈവം അവരുടെ ഭാഷയെ കലക്കുകയും അവരെ ഭൂമിയിൽ നാലുപാടും ചിതറിക്കയും ചെയ്തു. എന്നാൽ അതുകൊണ്ടൊന്നും അവർ ദൈവത്തോടടുത്തില്ല. അവർ അവരുടെ വിഗ്രഹാരാധന എന്ന പാപത്തിൽ കൂടുതൽ ഉറയ്ക്കുകയും തങ്ങളുടെ മക്കളെ ദുർഭൂതങ്ങൾക്ക് ബലികൊടുക്കുകയും ചെയ്തു. അവർ തങ്ങളുടെ സ്രഷ്ടാവിനേക്കാൾ സൃഷ്ടിയെ സേവിക്കയും ആരാധിക്കയും ചെയ്തുകൊണ്ടിരുന്നു.

ദൈവം പിന്നീട് അബ്രാഹാമിനെ തിരഞ്ഞെടുത്തു. ഈ അബ്രാഹാം പിതാവിന്റെ സന്തതിയിൽ നിന്നാണ് തനിക്ക് വസിക്കുന്നതിന് നിത്യമായ ഒരു ആലയം തിരഞ്ഞെടുക്കാൻ ദൈവം പ്രസാദിച്ചത്. പരിച്ഛേദനയുടെ നിയമം ദൈവം അബ്രഹാമിന് നല്കുകയും അവനുമായി ഒരു ഉഭയസമ്മതത്തിൽ ഏർപ്പെടുകയും ചെയ്തു. (ഉല്പ. 17:10) അവനിൽ നിന്നു ദൈവവിശ്വാസത്തിൻേറയും ഭക്തിയുടേയും പാതയിൽക്കൂടെ സഞ്ചരിക്കുന്ന എബ്രായർ എന്നൊരുവർഗ്ഗം ഉരുത്തിരിഞ്ഞു വന്നു. എബ്രായരുടെ അനന്തര തലമുറാപരമ്പരകൾ വഴിയായി ദൈവം നീതിമാന്മാരും നല്ലവരുമായ മനുഷ്യർക്കു ജന്മം നല്കി. അവർ മനുഷ്യകുലത്തെ ദൈവത്തിങ്കലേക്ക് തിരിച്ചുകൊണ്ടുവരാൻ അക്ഷീണ പ്രയത്നം കഴിച്ചു; എങ്കിലും ഫലമുണ്ടായില്ല.

അനന്തരം പ്രവാചകന്മാരുടെ തലവനായ മോശെയെ ദൈവം തിരഞ്ഞെടുത്തു. അവനു മുമ്പ് നില നിന്നിരുന്ന മൂന്ന് സാമൂഹ്യധർമ്മവ്യവസ്ഥകളുടെ കാലങ്ങളിലും ആരേയും

ഏല്പിക്കാതിരുന്ന എഴുതപ്പെട്ട നിയമങ്ങളും പ്രമാണങ്ങളും അവരെ ഏല്പിച്ചു. (പുറ. 20:1-17) മോശെയിലാണ്, യഹൂദന്മാരുടെ ലിഖിതസാമൂഹ്യധർമ്മവ്യവസ്ഥയുടെ കാലഘട്ടത്തിന് ആരംഭം കുറിച്ചത്. പൂർണ്ണജ്ഞാനം ഇനിയും പ്രാപിച്ചിട്ടില്ലാത്ത, ആത്മീയമായി **ശൈശവപ്രായത്തിലുള്ളവരെ നടത്തുന്നതിനുള്ള തത്വസംഹിതയായി ന്യായപ്രമാണം (പഴയനിയമം) രൂപാന്തരപ്പെട്ടു.** നന്മചെയ്യുന്നവരോടും നന്മചെയ്യു, തിന്മചെയ്യുന്നവരോടും ശത്രുക്കളോടും തിന്മചെയ്യു എന്നാണ് ഈ ന്യായപ്രമാണം ഉപദേശിച്ചത്. (ആവ. 23:5-7) മാത്രമോ, ഇസ്രായേലിന്റെ മദ്ധ്യ സിയോൻ പർവ്വതത്തിൽ അഥവാ യെരുശലേമിൽ അധിവസിക്കുന്ന മനുഷ്യമാതൃകയിൽ അവയവങ്ങളുള്ള ഒരു വ്യക്തിയായാണ് ന്യായപ്രമാണം ദൈവത്തെ പ്രതിനിധീകരിച്ചത്. (സങ്കീ 41:10-11) അതു് നരകത്തെയോ സ്വർഗ്ഗരാജ്യത്തെയോ പററി ഒന്നും പ്രതിപാദിച്ചിരുന്നില്ല. ശാരീരിക ശിക്ഷകളെക്കാണിച്ച് ഭീതിജനിപ്പിക്കുക എന്ന രീതിയാണ് ലംഘനക്കാരെ സംബന്ധിച്ച് ന്യായപ്രമാണം അവലംബിച്ചത്. ശത്രുക്കൾക്ക് പുറംകാട്ടുക, (1രാജ 8:27; 2ദിന 2:6,6:18; ആവ. 28:22) പുറജാതികളുടെ മദ്ധ്യത്തിൽ ചിന്നഭിന്നമാകുക (ആവ. 4:27), വരൾച്ച ബാധിക്കുക. (ആവ. 28:21-24), ക്ഷാമം ദാരിദ്ര്യം വന്ധ്യത ഇവ അനുഭവിക്കുക (ആവ.28:38) എന്നിവയായിരുന്നു ന്യായപ്രമാണ ശിക്ഷകൾ. അപ്രകാരംതന്നെ സാമ്പത്തികവും ഭൗതികവുമായ സമ്മാനങ്ങൾ മാത്രമാണ് ന്യായപ്രമാണം നല്ലവർക്ക് നല്കിയിരുന്ന അനുഗ്രഹങ്ങൾ.

മോശെയുടെ പിന്തുടർച്ചക്കാരായ **എല്ലാ പ്രവാചകന്മാരും** ഈ രീതിയെ സ്ഥിരീകരിക്കയാണുണ്ടായതു്; ഇതിനു വേണ്ടി അവർ നിരവധി ശിക്ഷകളും മർദ്ദനമുറകളും അനുഭവിക്കേണ്ടിവരികയും ചെയ്തു.

www.malankaralibrary.com
Scanned by CamScanner

## അദ്ധ്യായം 4

# മ്ശീഹായെക്കുറിച്ചുള്ള പ്രവചനങ്ങൾ

സൃഷ്ടിയെ പുതുക്കുകയും ലോകത്തിന്ന് രക്ഷ നല്കുകയും (എഫ. 1:7-10) ചെയ്ത മ്ശീഹായെക്കുറിച്ച് എല്ലാ വി. ദീർഘദർശിമാരും പ്രവചിച്ചിരുന്നു. ദീർഘദർശിമാരിൽ **മഹാന്മാരായ 6 പേരുടെ പ്രവചനങ്ങൾ** സാക്ഷ്യത്തിന്നായി ചുരുക്കത്തിൽ ഇവിടെ പ്രതിപാദിക്കാം.

**യാക്കോബ്** എന്ന് മറുനാമമുള്ള ഇസ്രായേൽ പ്രവാചകന്മാരുടെ പിതാവാണ്. അദ്ദേഹം ഇപ്രകാരം പ്രവചിച്ചിരിക്കുന്നു:

> "അവകാശമുള്ളവൻ വരുവോളം ചെങ്കോൽ (രാജാവ്)യഹൂദയിൽ നിന്നും രാജദണ്ഡു, അവന്റെ കാലുകളുടെ ഇടയിൽ നിന്നും നീങ്ങിപ്പോകയില്ല. ജാതികളുടെ അനുസരണം അവനോട് ആകും." (ഉല്പ. 49:10-11)

തുടർന്ന് ആ അദ്ധ്യായത്തിൽ ബാക്കിഭാഗവും മ്ശീഹായെക്കുറിച്ചുള്ള പ്രവചനം തന്നെ.

**മോശെ** ഇപ്രകാരം അരുളിച്ചെയ്യുന്നു:

> "നിങ്ങളുടെ ദൈവമായ യഹോവ എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങളുടെ മദ്ധ്യേ നിങ്ങളുടെ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേല്പിച്ചു തരും; അവന്റെ വചനം നിങ്ങൾ കേൾക്കണം. (ആവ. 18:15)
> "അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോട് ഞാൻ ചോദിക്കും." (ആവ. 18:19)

www.malankaralibrary.com
Scanned by CamScanner

"ആ പ്രവാചകൻെറ വാക്ക കേൾക്കാത്ത എവനും ജനത്തി ൻെറ ഇടയിൽ നിന്നു് ഛേദിക്കപ്പെടും". (അ. പ്ര. 3:23)

ഫറവോൻെറ കൈക്കീഴ് നിന്നു് **ഇസ്രായേൽ ജനത്തിനു് മോചനം നല്കിയതു്** ഈ ലോകത്തിൻെറ പ്രഭുവായ സാത്താൻെറ ശക്തിയുടെ അടിമത്തത്തിൽ നിന്നു് ലോകത്തിനു് മുഴുവൻ രക്ഷ നല്കിയതിൻെറ ഒരു ദൃഷ്ടാന്തമായിരുന്നു. (പുറ. 12:) നമ്മുടെ കർത്താവിൻെറ തിരുശരീര രഹസ്യത്തിൻെറ മുൻകുറിയായി **'മന്ന'** യെ നമുക്കു് ദർശിക്കാം (പുറ. 16:4, യോഹ. 6:31_34, 49_50) **പാറയിൽനിന്നു് ഒഴുക്കിയ വെള്ളം** തിരു രക്തത്തിൻെറ ദൃഷ്ടാന്തമായും കണക്കാക്കാം (പുറ. 17:6; 1കോരി 10:4) **പിച്ചള സർപ്പം** കർത്താവിൻെറ ജീവൻ നൽകുന്ന സ്ലീവയെ ദ്യോതിപ്പിക്കുന്നു. (സംഖ്യ. 21:8_9)

**ദാവീദ്** തന്റെ സങ്കീർത്തനത്തിൽ കൂടെ മ്ശീഹായെക്കുറിച്ചു് പ്രവചനങ്ങൾ നല്കി:

> "ഞാൻ നിനക്കു് ജാതികളെ അവകാശമായും ഭൂമിയുടെ അററങ്ങളെ കൈവശമായും തരും. ഇരുമ്പു കോൽകൊണ്ടു നീ അവരെ തകർക്കും; കുശവൻെറ പാത്രം പോലെ അവരെ ഉടയ്ക്കും." (സങ്കീ. 2:8_9)

**"ഞങ്ങളുടെ ദൈവമായ യഹോവേ, സർവ്വഭൂമിയിലും നിൻെറ നാമം എത്രയോ മഹത്വപ്പെട്ടതു്."** എന്നു് തുടങ്ങുന്ന സങ്കീർത്തനം മ്ശീഹായെക്കുറിച്ചുള്ളതു് തന്നെ.

> "നീ എൻെറ വലത്തു് ഭാഗത്തിരിക്ക എന്നു് കർത്താവു എൻെറ കർത്താവിനോടു് അരുളിച്ചെയ്തു." (സങ്കീ. 110)

ഇതും കർത്താവിനെപ്പററി പാടിയതാണു്.

**യെശയ്യാ** പ്രവാചകൻ മ്ശീഹായെ പൂർണ്ണമായി കണ്ടു് പ്രവചിച്ചു:

www.malankaralibrary.com
Scanned by CamScanner

"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു് അമ്മാനുയിൽ (ദൈവം നമ്മോടുകൂടെ) എന്നു് പേരു് വിളിക്കും." (യെശ. 7:1_4)

"നമുക്കു് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവന്നു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവു്, സമാധാനത്തിന്റെ പ്രഭു എന്നു് പേർ വിളിക്കപ്പെടും. അവന്റെ ആധിപത്യത്തിന്റെ വർദ്ധനക്കും സമാധാനത്തിന്നും അവസാനം ഉണ്ടാകയില്ല. ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നു മുതൽ എന്നന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടും കൂടെ സ്ഥാപിച്ചു നിലനിർത്തും" (യെശ. 9:6-7)

വീണ്ടും യെശ. 53:4_അവസാനം വരെയും:

"സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു;..................
.................................എണ്ണപ്പെടുകയും ചെയ്കയാൽ തന്നെ'''

**സെഖര്യാവു്** ഇപ്രകാരം പ്രവചിച്ചിരിക്കുന്നു:

"സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരുശലേം പുത്രിയേ, ആർപ്പിടുക; ഇതാ നിന്റെ രാജാവു് നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറു കഴുതപ്പുറത്തും കയറി വരുന്നു." (സെഖ. 9:9)

**ദാനിയേലിന്റെ** പ്രവചനം: കർത്താവിന്റെ പ്രത്യക്ഷതക്കു് മുമ്പുള്ള 70 ആഴ്ചവട്ടത്തെപ്പറ്റി പ്രതിപാദിച്ചശേഷം ദാനിയേൽ പറഞ്ഞതു്:

"62 ആഴ്ചവട്ടം കഴിഞ്ഞിട്ടു് മ്ശീഹ (അഭിഷിക്തൻ) ഛേദിക്കപ്പെടും; അവന്നു ആരും ഇല്ലെന്നു വരും, പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തെയും വി. മന്ദിരത്തെയും നശിപ്പിക്കും. അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും; അവസാനത്തോളം യുദ്ധമുണ്ടാകും; ശൂന്യങ്ങളും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും. ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനന

www.malankaralibrary.com
Scanned by CamScanner

യാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും; മ്ലേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും; നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും.'' (ദാനി. 9:26_27)

''അവന്റെ വസ്ത്രം ഹിമം പോലെ വെളുത്തതും അവന്റെ തലമുടി നിർമ്മലമായ ആട്ടുരോമം പോലെയും അവന്റെ സിംഹാസനം അഗ്നിജ്വാലയും അവന്റെ രഥചക്രങ്ങൾ കത്തുന്ന തീയും ആയിരുന്നു.'' (ദാനി. 7:9)

'' മനുഷ്യ പുത്രനോട് സദൃശനായ ഒരുത്തൻ ആകാശ മേഘങ്ങളോടെ വരുന്നത് കണ്ടു; അവൻ വയോധികന്റെ അടുക്കൽ ചെന്നു; അവർ അവനെ അവന്റെ മുമ്പിൽ അടുത്തു വരുമാറാക്കി; സകല വംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് അവനു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു; അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവന്റെ രാജത്വം നശിച്ചു പോകാത്തതും ആകുന്നു,'' (ദാനി. 7:13,14)

www.malankaralibrary.com
Scanned by CamScanner

# PART III

# ക്രിസ്തീയ ധർമ്മ വ്യവസ്ഥ

## അദ്ധ്യായം 1

## മ്ശിഹായുടെ ആഗമനവും അവന്റെ ദൈവത്വ മനുഷ്യത്വ ഐക്യത്തെ സംബന്ധിച്ച സിദ്ധാന്തവും

'നീതി' എന്നത് ഒരു സാർവ്വലൌകിക നന്മയാകുന്നു. മററുള്ളവർ തനിക്കു ചെയ്യേണം എന്നു മനുഷ്യൻ ഇച്ഛിക്കുന്നത് അവൻ മററുള്ളവർക്കും ചെയ്യേണം എന്നുള്ളതും മററുള്ളവർ തന്നോടു ചെയ്യാൻ പാടില്ലെന്നു താൻ കരുതുന്നവ അവൻ മററുള്ളവരോടും ചെയ്യരുത് എന്നുള്ളതും നീതിയുടെ യുക്തമായ അവകാശം മാത്രമാണ്. മ്ശീഹാ രക്ഷകൻ അരുളിച്ചെയ്തു:

> "മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്ന
> ന്യായപ്രമാണവും പ്ര
> തൊക്കെയും നിങ്ങൾ അവർക്കും ചെയ്യിൻ;
> (മത്താ. 7:12; ലൂക്കാ. 6:31)
> വാചകന്മാരും ഇതു തന്നെ."

മനുഷ്യൻ രക്ഷിക്കപ്പെടുന്നതിനും ദൈവിക കല്പനകളെ പിന്തുടരുന്നതിനും വിഗ്രഹങ്ങളെ ഉപേക്ഷിക്കുന്നതിനും പ്രേരണനല്കുന്നതിനും അവനു കാണിച്ച മനുഷ്യ ജീവിതത്തിന്റെ പരിപൂർണ്ണജ്ഞാനം

വിധം **നന്മസമ്പൂർണ്ണമായ ഒരു ക്രമത്തിലേക്കു കൊണ്ടു വരുവാൻ പ്രവാചകന്മാർ പരിശ്രമിച്ചു**വെങ്കിലും അതു സാധിതപ്രായമായില്ലെന്നു് നാം മനസ്സിലാക്കേണ്ടതാണു്. മനുഷ്യസ്വഭാവത്തിന്റെ വീണ്ടും ജനനത്തിനു് **ദൈവം സ്വയം ലോകത്തിൽ പ്രത്യക്ഷമാവുകയല്ലാതെ മറെറാരു പോം വഴിയും ഇല്ലെന്ന നിലയായി.** തന്റെ രാജ്യത്തിന്റെ കാര്യങ്ങൾ ശരിയാക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും രാജ്യത്തിലുള്ളവരുമായി നിരന്നുകൊള്ളുന്നതിനും കൂടെക്കൂടെ ദൂതന്മാരെ അയച്ച ഒരു രാജാവിനെപ്പോലെയാണു് ദൈവം പ്രവർത്തിച്ചതു്. തന്റെ രാജ്യത്തിലുള്ളവരെ അവരുടെ ബലഹീനത പോക്കി ദൂതന്മാർ മുഖാന്തിരം ഉപദേശം മൂലം ജയിക്കാമെന്നു് ദൈവം കരുതി. പക്ഷെ അതു് സാദ്ധ്യമായില്ല. ആകയാൽ ദൈവം തന്നെ ഇറങ്ങിവന്നു തന്റെ രാജ്യത്തെ ശരിയായ ക്രമത്തിലാക്കേണ്ടിവന്നു.

ദൈവം തന്റെ പ്രകൃതിയിൽ അദൃശ്യനാകയാൽ (ഇയ്യോ. 23: 3-9; യോഹ. 1:18;5:37, 1തിമ. 1:17;6:16) ഇതിനു് പ്രയാസമായി. മാത്രമോ, സ്രഷ്ടാവു തന്റെ യഥാർത്ഥ രൂപത്തിൽ ഇറങ്ങി ഭൂമിയിലെ തന്റെ സൃഷ്ടിയുടെ അടുക്കലേക്കു് വരികയാണെന്നു തന്നെ വെക്കുക, എന്തുണ്ടാകും? അവന്റെ പ്രഭയുടെ ഉജ്ജ്വലതയാൽ സൃഷ്ടിയെല്ലാം നാശോന്മുഖമാകും തീർച്ച. ആകയാൽ അവൻ ഭൂമിയിലെ തന്റെ നിവാസത്തിനു് ഒരു മനുഷ്യനെ തിരഞ്ഞെടുത്തു, ആ മനുഷ്യനെ അവന്റെ വി. ആലയവും നിവാസകേന്ദ്രവുമാക്കി. (യോഹ. 1:14:, 2:21-22, അപ്പ. 17:31 കൊലൊ. 2:19 എബ്രാ. 5:7, 10:5-20 ഫിലി. 2:6-10, അപ്പ. 2:22) ഇപ്രകാരം **മർത്ത്യ പ്രകൃതിയിലുള്ള തന്റെ ഒരു സൃഷ്ടിത മകനുമായി തന്റെ ദൈവത്വം ഐക്യം പ്രാപിച്ചു. എങ്ങിനെയുള്ള ഐക്യം? നിത്യമായ ഐക്യം**

www.malankaralibrary.com
Scanned by CamScanner

ദൈവത്വം അലിഞ്ഞു് ചേരാത്ത ഐക്യം (എബ്രാ. 13:8) സ്വർഗ്ഗരാജ്യഭരണം, ദൈവാധികാരം, നിത്യ രാജത്വം എന്നിവയിൽ സഹവങ്കണ്ടാക്കിയ ഐക്യം. (ഫിലി. 2:9–12) കളങ്കരഹിതവും പരിശുദ്ധവും ആയ ഒരു മുത്തിന്മേൽ സൂര്യപ്രകാശം വീഴുമ്പോൾ ജ്വലിച്ച പ്രകാശിക്കുന്നപോലെ ദൈവ മനുഷ്യ ഐക്യത്താൽ മനുഷ്യപ്രകൃതി ദൈവത്വത്തിൻെറ സാരാംശത്താൽ ഉജ്ജ്വാലമാനമായി. ഉജ്ജ്വല സൂര്യനെപ്പോലെ തന്നെ മുത്തും ആയിത്തീർന്നു. പ്രകാശം ആവഹിച്ച മുത്തിൻെറ പ്രകൃതിയെ സംബന്ധിച്ചിടത്തോളം കാഴ്ചശക്തിയെ ബാധിക്കുമാറ് അതിൻെറ പ്രകാശധോരണിയും ഉജ്ജ്വലതയും പ്രകടമായി. പ്രകാശധോരണി പകർന്ന സൂര്യൻെറ പ്രകൃതിക്കു് ആയതിൻെറ ഈദൃശ്യപ്രവർത്തനം മൂലം യാതൊരു പരിണാമവും സംഭവിച്ചതുമില്ല.

വീണ്ടും, മനസ്സിൻെറ അടിത്തട്ടിൽ ഒളിഞ്ഞു് കിടന്നിരുന്ന വചനം മനസ്സിൻെറത്തന്നെ അനുമതിയോടെ രചിതമായ വചനമായി തീർന്നു. ഒരു സ്ഥലത്തുനിന്നു് മറെറാരുസ്ഥലത്തേക്കു് സാഹിത്യ വിനിമയം നടത്തുന്നതുപോലെയാണിതു്. ഇതിൽ സാഹിത്യത്തിൻെറ ഉത്ഭവസ്ഥാനമായ മനസ്സിനു് സ്ഥലമാററം സംഭവിക്കുന്നില്ലെന്നതു് പ്രത്യേകം ഓർക്കുക.

ദൈവമനസ്സിൻെറ പ്രാതിനിധ്യം വഴിയായി പിതാവാകുന്ന ദൈവത്തിൻെറ "വചനം" നമ്മിലെ മനുഷ്യനുമായി ഐക്യം പ്രാപിച്ച് പിതാവായ ദൈവത്തിൻെറ സാരാംശത്തിൽ നിന്നു് വേർപിരിഞ്ഞു് പോരാതെ നമ്മുടെ ഈ ലോകത്തിലേക്കു് പ്രത്യേകരൂപം പ്രാപിച്ച ഇറങ്ങിവന്നു. (യോഹ. 10:30–38, 12:45; 14:7–10; 11:

7; 1:14; എബ്രാ. 5:7; 10;5) "വചനം ജഡമായിത്തീർന്നു നമ്മുടെ ഇടയിൽ വാസം ചെയ്തു." (യോഹ. 1:4; ഗലാ. 3:13; 2 കോരി. 5:21) മേലെഴുതിയ വചനത്തിന്റെ അർത്ഥം വെളിവാക്കിക്കിട്ടുന്നതിനു് അതിഭക്തനും പരിശുദ്ധനുമായ ഒരു മനുഷ്യൻ ഏറെ വർഷങ്ങൾ ദൈവവുമായുള്ള സംസർഗ്ഗത്തിലും പ്രാർത്ഥനയിലും കഴിച്ചുകൂട്ടി അവസാനം സ്വർഗ്ഗത്തിൽ നിന്നു് അവനു് ഇപ്രകാരം ഒരു മറുപടി ലഭിച്ചു 'ജഡം' എന്ന പദത്തോടു് ആയിത്തീർന്നു എന്നു് ചേർക്കുകയും 'വചനം' എന്ന പദത്തോടു് വാസം ചെയ്തു എന്നു് ചേർക്കുകയും ചെയ്താൽ അർത്ഥം സംരക്ഷിതമായിരിക്കും."

## അദ്ധ്യായം 2

# മ്ശീഹായുടെ കാലഘട്ടം

"കർത്താവു നിന്നോടുകൂടെ, സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവൾ."
(ലൂക്ക. 1:28)

വി. കന്യകയോടുള്ള മാലാഖയുടെ ഈ വന്ദന വചനത്തോടെ മ്ശീഹായുടെ കാലഘട്ടം ആരംഭിക്കുന്നു. സംശയലേശമെന്യേ ഈ വന്ദനത്തോടൊത്ത് അതേനിമിഷത്തിൽ മനുഷ്യ ബീജം കൂടാതെ വി. കന്യകയുടെ ഗർഭപാത്രത്തിൽ **'ദൈവം' 'വചനമായ ദൈവ'വുമായി ഐക്യം പ്രാപിച്ചു് അവനെ ഉരുവാക്കി.** (മത്താ. 1:20, ലൂക്ക. 1:34-35) ഉരുവായവനു് "അത്യുന്നതൻ" എന്നു് പേർവിളിച്ചു. (ലൂക്ക: 1.32) അവന്റെ ജനനത്തിങ്കൽ ദൈവം അത്ഭുതാടയാളങ്ങൾ ചെയ്തു. (മത്താ. 2 12

Scanned by CamScanner
www.malankaralibrary.com

ലോകത്തിലെങ്ങും ആനന്ദം അരുളി. (ലൂക്ക.2:10,11,14,31, 32) അവന്നു് അപാരമായ ജ്ഞാനവും കൃപയും വളർച്ചയും നല്കി. (ലൂക്ക. 2:40_52) അവന്നു മുപ്പതു് വയസ്സോളം പ്രായമായപ്പോൾ (ലൂക്ക 3:23) തിബെര്യോസ് കൈസരുടെ 15_ാം വർഷത്തിൽ (ലൂക്ക 3:1_9 അലെക്സാണ്ടരുടെ 341_ാം ആണ്ടിൽ വി. യോഹന്നാൻ മാംദാനായുടെ മാമോദീസക്കായി അവൻ സ്വയം വിധേയനായി. (മത്താ 3:13) അവന്റെ പരിശുദ്ധിയെപ്രതി ജലത്താലുള്ള മാമോദീസയുടെ ആവശ്യം ഉണ്ടായിരുന്നില്ലെങ്കിലും (മത്താ. 3:14_15) സർവ്വത്തിലും അവൻ നമുക്കു് ഒരു മാതൃകയും സാദൃശ്യവും ആകേണ്ടതിന്നു് അപ്രകാരം ചെയ്തു. (പത്രോ. 1:15_16) അവൻ ഉപവസിക്കയും നമ്മോടു ഉപവസിപ്പാൻ ആവശ്യപ്പെടുകയും ചെയ്തു. (മത്ത. 4:2, 6:16_18, 9:15; ലൂക്ക. 5:35; മത്താ. 11:1_14; 17:21; 6:_5_13) അവൻ പ്രാർത്ഥിക്കയും നമ്മെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കയും ചെയ്തു. അവൻ തന്നെത്താൻ താഴ്ത്തുകയും അപ്രകാരം താഴ്മ ധരിപ്പാൻ നമ്മോടു് നിർദ്ദേശിക്കയും ചെയ്തു. (മത്താ. 12:19,20 5:39_അ, 11:29_30; യോഹ. 13.14, 15; ഫിലി. 2:5_8) അവൻ പകതയോടും അച്ചടക്കത്തോടും കൂടി നന്മപ്രവൃത്തികളിൽ ജാഗരിച്ചരീതിയിൽ നമ്മോടും ചെയ്യുവാൻ ആവശ്യപ്പെട്ടു. മേൽപ്പറഞ്ഞവ ചെയ്യുകയും ചെയ്യാൻ മററുള്ളവരെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു് വിളിക്കപ്പെടും എന്നു് അവൻ അരുളിച്ചെയ്തു. (മത്താ. 5: 19,20) രോഗികളെ സൗഖ്യമാക്കുക, മരിച്ചവരെ ഉയിർപ്പിക്കുക, കുരുടന്മാരുടെ കണ്ണു തുറക്കുക, മുടന്തരെ നടക്കുമാറാക്കുക, ഭൂതങ്ങളെ പുറത്താക്കുക, മറഞ്ഞുകിടന്നിരുന്ന സ്വർഗ്ഗരഹസ്യങ്ങളെ വ്യക്തമാക്കുക, എന്നീ വിസ്മയനീയ അത്ഭുതങ്ങളും അടയാളങ്ങളും അവൻ ചെയ്തു. തദനന്തരം **ഒന്നാം ആദാമിന്റെ ലംഘനത്തെ പ്രതി താൻ തീർക്കേണ്ടതായ കടം വീട്ടുന്നതിനും** മനുഷ്യവർഗ്ഗത്തിന്നെതിരെ നിലനിന്നിരുന്ന **ശിക്ഷാവിധി റദ്ദാക്കുന്നതിനും** ചൊരുവെയുള്ള **ഉയിർത്തെഴുന്നേല്പി**

www.malankaralibrary.com
Scanned by CamScanner

ൻെറ രഹസ്യം തൻെറ ഉയിർത്തെഴുന്നേല്പിനാൽ വെളിപ്പെടുത്തുന്നതിന്നുമുള്ള സമയപരിധിയിലേക്കു് അവൻ സമീപിച്ചു. (കൊലൊ. 2:14, എഫെ. 2:13_19, 1 കോരി. 15:3_8, 12_20) പന്തിയോസ് പീലാത്തോസിൻെറ നാളുകളിൽ അവൻ കഷ്ടമനുഭവിച്ചു ക്രൂശിക്കപ്പെട്ടു. (1തിമോ. 6:13,15) അവൻ മരിച്ചു (അ.പ്ര:1:3,മാത്താ. 28:18_ അവസാനം) അടക്കപ്പെട്ടു, എഴുതപ്പെട്ടിരിക്കുന്ന പ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേററു. (ലൂക്ക 24:50,51) അവൻെറ ഉയിർപ്പിനു ശേഷം പല അത്ഭുതങ്ങളും വഴിയായി അവൻ തൻെറ ശിഷ്യന്മാൎക്കു പ്രത്യക്ഷനായി (മാർക്കോ 16:19,20) നാല്പതു് ദിവസക്കാലം അവരെ പഠിപ്പിച്ചു.

> "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു് നല്കപ്പെട്ടിരിക്കുന്നു. എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു് പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ മാമോദീസ കൊടുത്തും ഞാൻ നിങ്ങളോടു് കല്പിച്ചതു് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു് സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു് എന്നു് അവൻ അരുളിച്ചെയ്തു." (മത്താ. 28:18__അവസാനം)

> "അനന്തരം അവൻ അവരെ ബേഥാന്യയോളം കൂട്ടി കൊണ്ടു പോയി കൈ ഉയൎത്തി അവരെ അനുഗ്രഹിച്ചു. അവരെ അനുഗ്രഹിക്കയിൽ അവൻ അവരെ വിട്ടുപിരിഞ്ഞു സ്വർഗ്ഗാരോഹണം ചെയ്തു. ദൈവത്തിൻെറ വലത്തു ഭാഗത്തിരുന്നു." (ലൂക്കാ. 24:50,51.)

> "അനന്തരം അവർ പുറപ്പെട്ടു എല്ലാടത്തും പ്രസംഗിച്ചു. കൎത്താവു അവരോടുകൂടെ പ്രവൎത്തിച്ചും അവരാൽ നടന്ന അത്ഭുതങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു." (മാർക്കോ. 16:20)

Scanned by CamScanner
www.malankaralibrary.com

ഇതാണ് ക്രിസ്തീയ സഭയുടെ ആരംഭം.

ഇനിവരുന്ന ഭാഗങ്ങളിൽ സഭയുടെ സത്യവിശ്വാസത്തെ പ്രതിപാദിച്ചുറപ്പിക്കാം.

## അദ്ധ്യായം 3

# ക്രിസ്തുമത സത്യങ്ങൾ

**മൂന്നു "ക്നൂമ"കളിൽ ഒരു ദൈവപ്രകൃതി** എന്ന വിശ്വാസമാണ് ക്രിസ്തീയ മതത്തിൻേറത്; (മത്താ_28.3) മുൻ പ്രതിപാദിച്ചതുപോലെ,

> ഏക സത്യദൈവമായ നിന്നേയും നീ അയച്ചിരിക്കുന്ന ഈശോമ്ശിഹായേയും അറിയുന്നതു തന്നെ നിത്യജീവൻ (യോഹ_17:3.)

എന്ന മ്ശിഹായുടെ പ്രഖ്യാപനവും മരിച്ചവരുടെ ഉയിർത്തെഴുന്നേല്പിൻ വിശ്വാസവും (മത്താ. 22:28_32: ലൂക്ക. 14:4; യോഹ. 5:28_29; എബ്രാ. 6:2) വരുവാനുള്ള ന്യായവിധിയും (എബ്രാ. 6:2; അ. പ്ര. 17:31; റോമ. 2:16) പുതുതായി നല്കുന്ന നിത്യജീവനും (യോഹ. 6:68; 17:3) ഈ വിശ്വാസ സത്യത്തിൻെറ ഭാഗങ്ങളാണ്.

**ഈ വിശ്വാസ പ്രഖ്യാപനങ്ങളെല്ലാം പൂർണ്ണമായും ആത്മീയവും പരലോകബന്ധിയും ആകുന്നു.**

www.malankaralibrary.com
Scanned by CamScanner

വിവേചനബോധത്തോടുകൂടിയ മനുഷ്യാത്മാവിൽ **കാമം, ക്രോധം, തത്വജ്ഞാന പ്രവണത** എന്നിങ്ങനെ മൂന്നു ശക്തി കേന്ദ്രങ്ങളുണ്ടു്. ഇവയുടെ അനുപാതത്തിലുണ്ടാകുന്ന ന്യൂനതയൊ ആധിക്യമൊ മൂലമാണു് തിന്മപ്രവൃത്തികളും തെററുകുററങ്ങളും ഉണ്ടാകുന്നതു്; ഇവയുടെ മിതവും സമഞ്ജസവുമായ അനുപാതവും സത്യമാർഗ്ഗയാനവും നന്മ പ്രവൃത്തികൾക്കു ഹേതുവുണ്ടാക്കയും ചെയ്യുന്നു. മനുഷ്യപ്രകൃതിയോടു ബന്ധപ്പെടുത്തി ഈ ശക്തി കേന്ദ്രങ്ങളിൽ ഓരോന്നിനെയും ലാക്കാക്കി "സുവിശേഷം" ഉപദേശങ്ങൾ നല്കുന്നുണ്ടു്.

**കാമത്തെ കണക്കിലെടുത്തു്** സുവിശേഷം ഇപ്രകാരം പ്രതിപാദിക്കുന്നു:

> "സ്ത്രീയെ മോഹിക്കേണ്ടതിന്നു അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ടു അവളോടു് വ്യഭിചാരം ചെയ്തുപോയി." (മത്താ. 5:28)

> "നിങ്ങൾ ആകാശത്തിലെ പറവകളെപ്പോലെയും, വനത്തിലെ പുഷ്പങ്ങളെപ്പോലെയും ആയിത്തീരുവിൻ." (മത്താ. 6:26—28) "നിങ്ങൾ നാളെക്കായി വിചാരപ്പെടരുതു്." (മത്താ. 6:34)

**ക്രോധത്തെപ്പററി** ഇപ്രകാരം പറഞ്ഞിരിക്കുന്നു:

"നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ ശപിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ, നിങ്ങളെ പകക്കുന്നവർക്കു് നന്മചെയ്യിൻ." (മത്താ. 5:44)

**തത്വജ്ഞാന പ്രവണത**യെന്ന മൂന്നാം കേന്ദ്രത്തെപ്പററി പറഞ്ഞിട്ടുള്ളതു് ശ്രദ്ധിക്കുക:

"ദൈവരാജ്യം നിങ്ങളിൽ തന്നെയുണ്ടു്." (ലൂക്ക. 17:21)

ദൈവരാജ്യം നിത്യജീവനാകുന്നു; നിത്യജീവനോ സത്യത്തെക്കുറിച്ചുള്ള ജ്ഞാനം തന്നെ:

www.malankaralibrary.com
Scanned by CamScanner

"ഏക സത്യദൈവമായ നിന്നേയും നീ അയച്ചിരിക്കുന്ന ഈശോ മ്ശിഹായേയും അറിയുന്നതുതന്നെ നിത്യജീവൻ ആകുന്നു."
(യോഹ. 17:3)

ഇതിനേക്കാൾ ഉന്നതമായ മററ ഏതൊരു തത്വമാണുള്ളത്? അഥവാ ഇതിനേക്കാൾ ശ്രേഷ്ഠവും ഖണ്ഡിതവുമായ മറേറതൊരു സത്യമാണുള്ളത്?

**തത്വജ്ഞാനത്തിനു രണ്ടു വശങ്ങൾ** ഉണ്ട്; ഒന്നു **സിദ്ധാന്തപരവും** മറേറതു **പ്രായോഗികപരവു**മാകുന്നു. അതുപോലെതന്നെ ക്രിസ്തീയ മതസത്യത്തെ രണ്ടായി വിഭജിക്കാവുന്നതാണ്. നാം മുമ്പു പ്രതിപാദിച്ചപോലെ **സിദ്ധാന്തപരമായ ക്രിസ്തീയതത്വത്തിൻെറ സമാഹാരം 'സത്യം' ആണെന്നതിനു** ഇനിയും കൂടുതൽ തെളിവുകൾ നല്ലാവുന്നതാണ്. മനുഷ്യാത്മാവിലെ ശക്തികേന്ദ്രങ്ങളെപ്പററി നാം മുമ്പു വിശകലനം ചെയ്തു തെളിയിച്ചതനുസരിച്ചു ക്രിസ്തീയതത്വത്തിന്റെ **പ്രായോഗിക വശത്തിൻെറ സമാഹാരം 'സൽകർമ്മം' ആണു്.** ഇതിൽ ക്രിസ്തീയതത്വം അവകാശപ്പെടുന്നതു മനുഷ്യന്റെവിചാര നൈർമ്മല്യവും ആത്മപരിശുദ്ധിയും ആകുന്നു. **തിന്മക്കു പകരം നന്മ ചെയ്യുക,** നമ്മുടെ **ശത്രുക്കളെ സ്നേഹിക്കുക,** നമ്മെ **ശപിക്കുന്നവരെ അനുഗ്രഹിക്കുക** എന്നിവ ക്രിസ്തീയതത്വത്തിന്റെ പ്രായോഗിക വശത്തിൻെറ ഭാഗങ്ങൾ തന്നെയാണു്.

ലോകത്തിൻെറ പ്രലോഭനങ്ങളെ പരിത്യജിച്ചു യാതൊരു സ്വാർത്ഥ നിർബ്ബന്ധങ്ങൾക്കും അടിമപ്പെടാതെ മ്ശിഹായെക്കുറിച്ചു എഴുതുകയും പ്രസംഗിക്കയും ചെയ്ത ചില മനുഷ്യരിൽ കണ്ട വിശ്വാസവീര്യവും ക്രിസ്തീയ വിശ്വാസ സത്യങ്ങൾ വിശദീകരിച്ചുറപ്പിക്കുന്നതിനു കാരണമായിട്ടുണ്ട്. ഈ വിശ്വാസ സത്യങ്ങളുടെ വിശദീകരണങ്ങൾ നിരവധി തത്വജ്ഞാനികളും യോഗി

വർഗ്ഗന്മാരും രാജാക്കന്മാരും വിവിധ ഭാഷക്കാരായ ജനങ്ങളും സ്വീകരിച്ചു. ഒരുവൻ അവൻെറ പൂർവ്വികന്മാരുടെ മതം ഉപേക്ഷിച്ച് മറെറാരുമതം സ്വീകരിക്കുന്നതിന്നു് ഒരുത്തൻെറ വിളികേട്ടു് പിൻചെല്ലുന്നു എന്നുവരികിൽ അപ്രകാരം ചെയ്യുന്നതു് **ഒന്നുകിൽ ഭയം നിമിത്തം, അല്ലെങ്കിൽ** അവനു മുമ്പിൽവെയ്ക്കുന്ന ചില പ്രത്യേക **പ്രലോഭനങ്ങൾ കാരണം, അതുമല്ലെങ്കിൽ** മതസത്യങ്ങൾക്കു സാക്ഷ്യം നല്കുന്ന **ദിവ്യ അത്ഭുതങ്ങളുടേയും അടയാളങ്ങളുടേയും അഗ്രഗണ്യത നിമിത്തം.** ക്രിസ്തീയ മതം പിന്തുടരുവാൻ പ്രേരകമായ കാരണം ഇവയിൽ ഏതാണു്? ആർക്കെങ്കിലും **ഭയമുണ്ടാക്കാൻ തക്കവണ്ണം** പരി. ശ്ലീഹന്മാർക്കു് യാതൊരു ശക്തിയോ ആയുധങ്ങളോ ഉണ്ടായിരുന്നില്ല; ആർക്കെങ്കിലും എന്തെങ്കിലും പ്രത്യേക **പ്രലോഭനങ്ങൾ വെച്ചുനീട്ടുന്നതിനു്** അവരുടെ പക്കൽ എന്തെങ്കിലും ലോകസമ്പത്തോ, വസ്തുവകകളോ ഉണ്ടായിരുന്നില്ല. പിന്നെ എന്തു? **അവർ ചെയ്ത ദിവ്യഅത്ഭുതങ്ങളും അടയാളങ്ങളും നിമിത്തം മാത്രമാണു്** ലോകം അവരുടെ മുമ്പിൽ നമ്രശിരസ്കരായി അവർ പ്രസംഗിച്ച സത്യങ്ങൾ ശ്രവിച്ചതും പിന്തുടർന്നതും. സ്വന്തഭക്തന്മാർ തെററിപ്പോകാൻ ഇടവരാത്തക്കവണ്ണവും ദൈവത്തിൻെറ കൈവേല വഷളാകാൻ കാരണമാകാത്തക്കവണ്ണവും വ്യാജമനുഷ്യരുടെ കയ്യാൽ ദൈവം അത്ഭുതങ്ങൾ നടത്തുന്നില്ല. ദൈവ ഭക്തരായ അപ്പോസ്തലന്മാർ ഒരിക്കലും വ്യാജം ഉച്ചരിച്ചില്ല; അവർ മുക്തകണ്ഠം സത്യവാന്മാരായി പ്രവർത്തിച്ചു. അവരുടെ ലേഖനങ്ങളും ഉപദേശങ്ങളും വഴിയായി നമുക്കു് ലഭിച്ചതും മശിഹായെക്കുറിച്ചു് നാം ഏററുപറയുന്നതും എല്ലാം സത്യം മാത്രമാണെന്നു് ഇതിൽനിന്നു് നമുക്കു് മനസ്സിലാക്കാം. ക്രിസ്തീയ മത തത്വങ്ങൾ നമ്മെ ഏല്പിച്ചിട്ടുള്ളവർ **സത്യവാന്മാരായതിനാൽ അവരുടെ വചനങ്ങൾ പരിശോധന**

www.malankaralibrary.com
Scanned by CamScanner

ചെയ്തു് തെളിയിക്കപ്പെട്ട പൂർണ്ണസത്യങ്ങളാണെന്നു് നമുക്കുറയ്ക്കാം.

## അദ്ധ്യായം 4

# ഭിന്ന വിശ്വാസ വിഭാഗങ്ങൾ

മ്ശീഹായുടെ ഉദയത്തിൻെറ പ്രകാശം ഉയർന്നെത്തിയപ്പോൾ, അതു് സത്യപ്രാസംഗികന്മാർ മൂലം സർവ്വലോകത്തിൽ നിന്നും തെററാകുന്ന അന്ധകാരത്തെ ദൂരീകരിച്ചു; വിഗ്രഹങ്ങൾ വൃഥാവിലായി; പ്രതിമകളും വാർക്കപ്പെട്ട ബിംബങ്ങളും നിശ്ശേഷം മാറിപ്പോയി; ബലികളുടേയും അശുദ്ധ ചടങ്ങുകളുടേയും മാലിന്യത്തിൽ നിന്നു് ഭൂമി പരിപാവനമാക്കപ്പെട്ടു. ഭൂവാസികൾ നന്മയും, വിശുദ്ധിയും, ആശ്വാസവും, താഴ്മയും അഭ്യസിച്ചു. വെള്ളം സമുദ്രത്തെ എന്നപോലെ കർത്തൃപരിജ്ഞാനം ഭൂതലത്തെ ഒന്നാകെ നിറച്ചു. തന്മൂലം സാത്താൻ അസൂയപ്പെട്ടു. അവൻ പിറുപിറുത്തു. ആദാമിനോടെന്നപോലെ നമ്മോടും ചെയ്യാൻ അവൻ മുതിർന്നു. ധന്യരായ ശ്ലീഹന്മാരും, അവരുടെ അനന്തരഗാമികളും നിദ്രപ്രാപിച്ചതോടെ സാത്താൻ ക്രൈസ്തവരെ പരസ്പരം കലഹിപ്പിച്ചു. അവരുടെ ഇടയിൽ ഭിന്നതയും വിഭാഗീയതയും ഉണ്ടാക്കി. അങ്ങനെ പരസ്പരം കുററപ്പെടുത്തി അന്യോന്യം മരണയോഗ്യരാണെന്നു് തീരുമാനിക്കുന്നതിനു് ഇടവരത്തക്ക നിലയിൽ മ്ശീഹായുടെ സഭയിൽ എണ്ണമില്ലാത്ത വേദവിപരീതങ്ങൾ അവൻ മുളപ്പിച്ചു.

www.malankaralibrary.com
Scanned by CamScanner

എത്രയേറെ മതത്യാഗങ്ങളും, വഴക്കുകളും, അസ്വസ്ഥതകളുമാണ് ആ ക്കാലത്തുണ്ടായതെന്നു മാർ യൂസീബിയസ്സിന്റെ സഭാചരിത്രത്തിൽ നിന്നു നമുക്ക് ഗ്രഹിക്കാവുന്നതാണ്. ഇക്കാരണത്താൽ ഭാഗ്യവാനും മ്ശീഹായെ സ്നേഹിക്കുന്നവനുമായ വിശുദ്ധ കുസ്തന്തീനോസ് രാജാവിന്റെ പരിശ്രമം മൂലം 318 വിശുദ്ധ പിതാക്കന്മാരുടെ ഒരു സാർവ്വത്രിക സുൻഹാദോസ് അലക്സാണ്ടറിന്റെ 636-ാം വർഷം (എ. ഡി. 325) ത്തിൽ കൂടി. വിറൂഹായുടെ ശക്തിയാലും ദൈവിക ഗ്രന്ഥങ്ങളിൽ നിന്നുള്ള തെളിവുകൾ മൂലവും അവർ സത്യവിശ്വാസത്തെ നിശ്ചയിക്കയും, വ്യാഖ്യാനിക്കയും വിശദീകരിക്കയും, വെളിപ്പെടുത്തിത്തരികയും, ഉറപ്പിക്കയും ചെയ്തു. അവർ ശക്തിയേറിയ ന്യായങ്ങളാലും സത്യോപദേശവചനങ്ങളാലും എല്ലാ വേദ വിപരീതങ്ങളുടേയും നായകന്മാരേയും തലവന്മാരേയും ഒറ്റപ്പെടുത്തി. അഴുകിയതും വ്രണം നിറഞ്ഞതുമായ അവയവങ്ങളെന്നപ്പോലെ, മ്ശീഹായുടെ ശരീരത്തിൽ നിന്നു അവരെ ഛേദിച്ചുകളകയും ശപിക്കയും ഉണ്ടായി. ഇങ്ങിനെ നാശകരമായ സത്യവിരുദ്ധാഭിപ്രായങ്ങളാകുന്ന മാലിന്യത്തിൽ നിന്നു കാതോലിക്കാസഭയെ അവർ വിശുദ്ധീകരിച്ചു. തദ്വാരാ സൂര്യോദയം മുതൽ സൂര്യാസ്തമനംവരേയും, ലോകമെങ്ങും ഏകാഭിപ്രായമുള്ള ഏക സഭ തുടരുന്നതിനു അടിസ്ഥാനമിട്ടു.

ഏകദേശം 100 വർഷത്തിനുശേഷം, അലക്സാന്ത്രിയ പാത്രിയർക്കീസായ കൂറില്ലോസും, ബോസന്തിയാ പാത്രിയർക്കീസായ മാർ നെസ്തോറിസും തമ്മിൽ "വചനമായ ദൈവത്തിന്റെ മനുഷ്യാവതാര"ത്തെക്കുറിച്ചു ഒരു വാഗ്വാദമുത്ഭവിച്ചു. ത്രിത്വാരാധനയിൽ ക്രൈസ്തവരുടെ ഇടയിൽ ഭിന്നതയില്ലായിരുന്നു. എല്ലാവരും നിഖ്യായിലെ വിശ്വാസത്തെ—ത്രിത്വത്തിനു ഏക സാരാംശം, ഏക കർത്തൃത്വം, ഏകാധികാരം, ഏക ഇഷ്ടം എന്ന വിശ്വാസത്തെ—യാണു സ്വീകരിച്ചിരുന്നതു്. എല്ലാവരും മ്ശീഹായെ പൂർണ്ണദൈവമെന്നും, പൂർണ്ണമനുഷ്യനെന്നും ഏററു പറഞ്ഞു. എന്തെ

നാൽ ഈവൻഗാലിസ്ഥന്മാർ, വിശുദ്ധ പൌലൂസ്, 318 വിശുദ്ധ പിതാക്കന്മാർ എന്നിവർ മൂലം ഇതിന്നവർ ബാദ്ധ്യസ്ഥരായി. ആകയാൽ 5-ാം നൂററാണ്ടിലുത്ഭവിച്ച വാഗ്വാദം "ഏകമായിരിക്കുന്നതിൻെറ രീതി, അതിന്നനുസരണമായ നാമം" എന്നിവ സംബന്ധിച്ചുള്ളതായിരുന്നു. **വിശുദ്ധ കന്യകയെ 'ദൈവജനനി' എന്നു വിളിക്കേണ്ടതാണു' എന്നു' കൂറില്ലോസ് വാദിച്ചു.** അദ്ദേഹം പന്ത്രണ്ടു് പ്രബന്ധങ്ങൾ എഴുതി. ദൈവ മനുഷ്യ സംയോജ്യത്തിന്നുശേഷം ദൈവത്വത്തേയും മനുഷ്യത്വത്തേയും വേർപിരിക്കുന്നവരെ അദ്ദേഹം ശപിച്ചു. **ഇതിന്നു് മറുപടിയായി "അതുശരിയല്ല" എന്നു നെസ്തോറിസും വാദിച്ചു.** "ദൈവജനനി" എന്നു് തിരുവെഴുത്തിൽ ദീർഘദർശനങ്ങളിലോ, ശ്ലീഹന്മാരുടെ ലേഖനങ്ങളിലോ മറോ ഇല്ല എന്നും അദ്ദേഹം വാദിച്ചു. "മ്ശീഹാ വരും" എന്നു പ്രവാചകന്മാർ പ്രവചിച്ചു. (ദാനി: 9:25) ആരെക്കുറിച്ചു ദീർഘദർശിമാർ "അവൻ ലോകത്തിലേക്കു് വരും" എന്നു പറഞ്ഞുവോ അവനാണു് മറിയത്തിൽനിന്നു ജനിച്ചവനെന്നു ശ്ലീഹന്മാർ പ്രസംഗിച്ചതു്. (മത്താ: 16:16) അവൻ ദൈവമാണെന്നും മനുഷ്യനാണെന്നും അവർ വ്യക്തമാക്കി. "മനുഷ്യൻെറ ജനനി" എന്നു നാം വിളിക്കയാണെങ്കിൽ ശ്മിശത്തുക്കാരൻ പോളിനെ (Paul of Samosata) പോലെയും ഗലാത്തിയാക്കാരനായ ഫോട്ടിനോസിനെപ്പോലെയും നാം ആയിപ്പോകും; അവർ പറയുന്നതു "നമ്മുടെ കർത്താവായ മ്ശീഹാ, ദീർഘദർശിമാരിൽ ഒരുവനെപ്പോലെത്തന്നെ" സാധാരണ ഒരു മനുഷ്യനാകുന്നു എന്നത്രെ. തന്മൂലമാണു് അവർ മഹറോൻ ചൊല്ലപ്പെട്ടതു്.

അതുപോലെത്തന്നെ കന്യാമറിയത്തെ "ദൈവജനനി" എന്നു പറകയാണെങ്കിൽ ശിമോൻ, മെനന്ത്രോസ് എന്നിവരെപ്പോലെ നാമും ഗണിക്കപ്പെടും. അവർ പറയുന്നതു് "ദൈവം മറിയ

ത്തിൽനിന്നു് ശരീരമേ എടുത്തിട്ടില്ല; ഊരശാവിന്റെ വ്യാപാരമൊന്നും, യഥാർത്ഥമായിരുന്നില്ല. അതു കേവലം വ്യാജകാഴ്ച (തോന്നൽ) മാത്രമായിരുന്നു" എന്നാണു്. തന്മൂലമാണു് അവതും മഹറോൻ ചൊല്ലപ്പെട്ടതു്.

**നാം കന്യാമറിയത്തെ "മ്ശീഹായുടെ മാതാവ്" എന്നു വിളിക്കുന്നു.** അതു് ദീർഘദർശിമാരാലും (ദാനി. 9:25) ശ്ലീഹന്മാരാലും (മത്തായി 16:16) നിശ്ചയിക്കപ്പെട്ട നാമമാകുന്നു. അതു ഏകത്വത്തിന്റെ നിജാവസ്ഥയെ കാണിക്കയും ചെയ്യുന്നു.

കൂറില്ലോസ് രചിച്ച പ്രബന്ധങ്ങളിൽ മ്ശീഹായുടെ ദൈവത്വത്തേയും മനുഷ്യത്വത്തേയും വേർതിരിക്കുന്നവരെ ശപിക്കുന്നുണ്ടു്. തിരുവെഴുത്തുകളെ ശപിക്കുന്നതിനു് സമമാണിതു്. കാരണം യാതൊന്നിനെക്കുറിച്ചാണോ തർക്കം ആ "പർസോപ്പ"യെ(ആളത്വത്തെ) ദീർഘദർശിമാരും ശ്ലീഹന്മാരും, സ്വഭാവങ്ങളായി വേർതിരിച്ചിരുന്നു. പരിശുദ്ധ പിതാക്കന്മാർ അവരിൽ നിന്നു പഠിച്ചതാണതു്. "പൂർണ്ണ ദൈവം" "പൂർണ്ണ മനുഷ്യൻ" "ദൈവത്തിന്റെ സാദൃശ്യം" "ദാസന്റെ സാദൃശ്യം" (ഫിലി: 2:6, 7) "ദാവീദിന്റെ പുത്രൻ" "മഹോന്നതന്റെ പുത്രൻ" (ലൂക്കോ: 1: 32–35) "ജഡം" "വചനം" (യോഹ 1:14, എബ്രായ 5:7; 10:5, 20) എന്നിങ്ങനെ നാം മ്ശീഹായെ ഏററു പറയണം എന്നുള്ള പരി. പിതാക്കന്മാർ നമ്മേയും പഠിപ്പിച്ചു

ഇവിടം മുതൽ സഭ വീണ്ടും ഭിന്നിച്ചു. ചിലർ മാർ നെസ്തോറിയസിനെ പിൻചെന്നു. മററു ചിലർ വക്രബുദ്ധിയോടെ കൂറില്ലോസിനെ അനുഗമിച്ചു. ഇരുകക്ഷികളും പരസ്പരം ശപിച്ചു. അങ്ങിനെ ഭിന്നത, നാടുകടത്തൽ, തടവു്, പീഡനം, കലപാതകം എന്നിവയെല്ലാമുണ്ടായി മുമ്പുണ്ടായ ഈവക്രശകാര്യങ്ങളെ അപേക്ഷിച്ചു ഇവ ഇപ്പോൾ കാറിനുമേറിയവയായിരുന്നു എന്നു് സോറിലെ അപ്പോസ്തോലപ്പയായ മാർ ഇറാനിയൂസ് അദ്ദേഹത്തി

www.malankaralibrary.com
Scanned by CamScanner

ൻെറ സഭാചരിത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നു. കലഹം വർദ്ധിച്ചു. ബഹളം ശക്തിപ്പെട്ടു. മ്ശീഹായെ സ്നേഹിക്കുന്ന ശ്രേഷ്ഠനായ മാർ സിയാദോസിൻെറ കാലംവരെ ഈ നില ഇങ്ങനെ തുടർന്നു പോന്നു.

**മാർ സിയാദോസിൻെറ ആഗ്രഹാനുസാരം കൽക്കദോന്യ പട്ടണത്തിൽ 632 പിതാക്കന്മാരുടെ ഒരു സുൻഹാദോസ് കൂടി.** ഇരു കക്ഷികളുടേയും വാദങ്ങൾ കേട്ടു പരിശോധിച്ചു ഒരു തീരുമാനം ചെയ്യാനും സത്യത്തോടും സാർവ്വത്രികമായ സത്യവിശ്വാസത്തോടും ചേർന്നു നില്ക്കാത്തവരെയെല്ലാം സഭയിൽനിന്നു് ബഹിഷ്ക്കരിക്കുവാനും, സഭക്കു മുഴുവനും ഒരേ ഒരു വിശ്വാസമായിരിക്കുവാനും, അദ്ദേഹം ഉത്തരവിട്ടു. ഈ വൈദിക യോഗം **മ്ശീഹായിൽ "രണ്ടു് സ്വഭാവങ്ങൾ ഉണ്ടു്" എന്ന സത്യവിശ്വാസത്തേയും, അവയിൽ ഓരോന്നിൻേറയും പ്രത്യേക പ്രകൃതങ്ങളേയും സ്ഥിരീകരിച്ചു് ഏററുപറഞ്ഞു.** "രണ്ടു് ഇഷ്ടങ്ങൾ" എന്നുപോലും ആ സുൻഹാദോസ് സാക്ഷീകരിച്ചു. **ഇരു സ്വഭാവങ്ങളേയും നശിപ്പിക്കുന്ന ഒരു യോജിപ്പുണ്ടെന്നു് വാദിക്കുന്നവരെ ശപിച്ചു് ബഹിഷ്കരിച്ചു.** ഗ്രീക്കുഭാഷയിൽ "ക്നൂമ" (Substance) "പർസോപ്പ" (Person) എന്നീ പദങ്ങൾക്കു തമ്മിൽ വ്യത്യാസമില്ല. മ്ശീഹായിൽ ഏക "ക്നൂമ" യും "രണ്ടു സ്വഭാവങ്ങ"ളും എന്നു് സുൻഹാദോസ് നിശ്ചയിച്ചു. സുൻഹാദോസ് നിശ്ചയത്തെ അനുകൂലിക്കാത്തവരെയെല്ലാം അവരവരുടെ സ്ഥാനത്തുനിന്നു് നിഷ്കാസനം ചെയ്യുന്നതാണെന്നു ഒരു രാജകീയ വിളമ്പരം പ്രസിദ്ധം ചെയ്കയും ചെയ്തു. ചിലർ നിർബ്ബന്ധം മൂലം സുൻഹാദോസ് നിശ്ചയത്തിന്നു് സമ്മതം മൂളി. മററു് ചിലർ അവരുടെ നിലപാടിൽ തന്നെ ഉറച്ചു നിന്നു. ഇങ്ങിനെ ഇവിടം മുതൽ സഭ മൂന്നു വിഭാഗങ്ങളായി പിരിഞ്ഞു.

www.malankaralibrary.com
Scanned by CamScanner

1. മ്ശീഹായിൽ ഏക സ്വഭാവവും ഏക കന്നൂമയും. ഈ വിശ്വാസത്തെ ഗുപ്തായക്കാർ, മെസ്രേന്യർ, അബിസീനിയർ എന്നിവർ തങ്ങളുടെ പാത്രിയർക്കീസായ കൂറില്ലോസിൽ നിന്നുള്ള ഉപദേശാനുസാരം മുറുകെ പിടിച്ചിരുന്നു. ഒരു സുറിയാനിക്കാരൻ മല്പാനായ യാക്കോബ് എന്ന ദേഹം സുറിയാനിക്കാരുടേയും മിസ്രേന്യരുടേയും ഇടയിൽ കൂറില്ലോസിന്റെ ഈ വിശ്വാസത്തെ സ്ഥിരപ്പെടുത്തുവാൻ അത്യധികം അദ്ധ്വാനിക്ക കാരണം ഇവരെ "യാക്കോബായക്കാർ" എന്നു വിളിക്കുന്നുണ്ട്.

2. മ്ശീഹായിൽ രണ്ടു സ്വഭാവങ്ങളും ഏക കന്നൂമയും. ഇതു് മൽക്കായക്കാരുടെതാണ്. കാരണം, അതു മൽക്ക്യായാൽ (രാജാവിനാൽ) അടിച്ചേല്പിച്ച് ഉറപ്പിക്കപ്പെട്ടതാണ്. ഇതിനെ പറങ്കികൾ (ഫ്രങ്കായി) എന്നു വിളിക്കപ്പെടുന്ന റോമക്കാരും, റഷ്യക്കാർ, ഏഷ്യക്കാർ, ജോർജിയർ എന്നിങ്ങനെ വടക്കുഭാഗത്തുള്ള എല്ലാ ജാതികളും, അവരുടെ ബന്ധത്തിലുള്ളവരും സ്വീകരിച്ചിരിക്കുന്നു. പറങ്കികൾ ഇപ്പറഞ്ഞ ബാക്കിയുള്ളവരിൽ നിന്നു വ്യത്യസ്തമായിരിക്കുന്നതു, അവർ പരിശുദ്ധാത്മാവു പിതാവിൽനിന്നും പുത്രനിൽ നിന്നും കൂടെ പുറപ്പെടുന്നു എന്നു പറയുന്നതിലും വിശുദ്ധ കുർബ്ബാനക്കു പത്തീറ (പുളിപ്പില്ലാത്ത അപ്പം) ഉപയോഗിക്കുന്നതിലും ആകുന്നു.

മുൻപറഞ്ഞ രണ്ടു കക്ഷികളും കന്യാമറിയത്തെ "ദൈവമാതാവ്" എന്നു് വിളിക്കുന്നവരാണ്. എന്നാൽ യാക്കോബായക്കാർ 'കദ്ദീശ ആലാഹ' എന്ന സ്തോത്രത്രയത്തോടു് (പരിശുദ്ധനായ ദൈവമേ! പരിശുനായ ബലവാനേ! പരിശുദ്ധനായ അമർത്യനെ എന്നതിനോടു) "ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ ....." എന്നു കൂട്ടിച്ചേർത്തു

**3. മ്ശീഹായിൽ രണ്ടു സ്വഭാവം, രണ്ടു കന്നൂമാ, ഏക ഇഷ്ടം, ഏക പുത്രത്വം, ഏകാധി**

www.malankaralibrary.com
Scanned by CamScanner

കാരം എന്നു് മൂന്നാമതൊരു കൂട്ടം. ഇവരെ നെസ്തോറിയന്മാർ എന്നാണു് വിളിച്ചിരുന്നതു്. പൌരസ്ത്യ സഭ അവരുടെ സത്യത്തെ ശ്ലീഹന്മാരിൽനിന്നു്, അവർക്കു ലഭിച്ചതുപോലെ യാതൊരു വ്യത്യാസവും കൂടാതെ കാത്തുപാലിച്ചുപോന്നു "നെസ്തോറിയൻ" എന്നു് അവരെ അന്യായമായിട്ടാണു് നാമകരണം ചെയ്തിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ നെസ്തോറീസ് അവരുടെ പാത്രിയർക്കീസ് അല്ലായിരുന്നു. അദ്ദേഹത്തിന്റെ ഭാഷപോലും അവർക്കു പരിചിതമായിരുന്നില്ല എന്നാൽ രണ്ടു സ്വഭാവങ്ങൾ, രണ്ടു ക്നൂമകൾ, ഏക ഇഷ്ടം, ദൈവത്തിന്റെ ഏക പുത്രൻ, ഏക മ്ശീഹാ എന്നു്, നെസ്തോറീസ് ഉപദേശിക്കുന്നു എന്നു് അറിഞ്ഞപ്പോൾ, അദ്ദേഹം സത്യവിശ്വാസിയാണെന്നു് മനസ്സിലാക്കി. പ്രത്യേകിച്ചും മറിയത്തെ "മ്ശീഹായുടെ മാതാവ്" എന്നാണു് വിളിക്കേണ്ടതെന്നു് അദ്ദേഹം അവർക്കു സാക്ഷി നല്കി. പൌരസ്ത്യ സഭ ഇതിനെ അനുസരിച്ചു വരുന്നവരായിരുന്നതുകൊണ്ടു് മാർ നെസ്തോറീസു് അവരോടു ചേരുകയാണുണ്ടായതു്. അല്ലാതെ അവർ അദ്ദേഹത്തോടു് ചേരുകയല്ല ഉണ്ടായതു്. അദ്ദേഹത്തെ അവരും മഹറോൻ ചൊല്ലണമെന്നു നിർബന്ധിച്ചപ്പോൾ, അവർ അതിനു വഴങ്ങിയില്ല. അവർ പറഞ്ഞു: "നെസ്തോറീസിനെ മഹറോൻ ചൊല്ലുന്നതും, തിരുവെഴുത്തുകളെയും, പരിശുദ്ധ ശ്ലീഹന്മാരേയും മഹറോൻ ചൊല്ലുന്നതും തമ്മിൽ വ്യത്യാസമില്ല തിരുവെഴുത്തുകളിൽ നിന്നും വി. ശ്ലീഹന്മാരിൽ നിന്നുമാണല്ലോ നാം മുറുകെ പിടിച്ചിരിക്കുന്ന വിശ്വാസം കൈക്കൊണ്ടിരിക്കുന്നതു്". ഇക്കാര്യത്തിൽ പൌരസ്ത്യ സഭയേയോ മാർ നെസ്തോറീസിനേയോ കുറ്റം വിധിക്കുന്നതു് ന്യായമാണോ?

www.malankaralibrary.com
Scanned by CamScanner

# അദ്ധ്യായം 5

# സിദ്ധാന്ത വിമർശനം

## മേൽ പ്രസ്താവിച്ച വിശ്വാസങ്ങളെ അവഗ്രഥനാത്മകമായി നമുക്ക് സമീപിച്ച് ഖണ്ഡിക്കാം

മേലെഴുതിയ വിശ്വാസങ്ങളെ വിവരിച്ച് കാണിച്ച കഴിഞ്ഞുവല്ലൊ. ഇനി അവയെ ചുരുക്കത്തിൽ ഖണ്ഡിക്കുന്നതിനു ശ്രമിക്കാം.

1. മ്ശീഹായിൽ ഐക്യത്തിനു ശേഷം "ഏക കനൂമയും ഏക സ്വഭാവവും" എന്നു ഏററുപറയുകയാണെങ്കിൽ ഈ ദൈവ മനുഷ്യ ഐക്യത്തിൽ മാനുഷിക കനൂമയോ, സ്വഭാവമോ നഷ്ടപ്പെട്ടിരിക്കുമെന്നർത്ഥം; അല്ലെങ്കിൽ ദൈവിക കനൂമയോ, സ്വഭാവമോ നഷ്ടപ്പെട്ടിരിക്കുമെന്നർത്ഥം. രണ്ടു നിലക്കും ഇതു നിശ്ചയമായും വിനാശകരമായ വിശ്വാസമാണു്; രക്ഷാകരമല്ല. വർണ്ണിക്കാൻ വയ്യാത്ത ഒരു പരിതാപാവസ്ഥയാണ് ഈ വിശ്വാസതത്വം ഉണ്ടാക്കിത്തീർക്കുന്നതു്. കാരണം, മേൽ വിവരിച്ച വ്യാഖ്യാനം സ്വീകരിക്കുന്നില്ലെങ്കിൽ പിന്നീടുള്ള ഏക പോംവഴി മ്ശീഹായിലെ ദൈവമനുഷ്യ ഐക്യം ഒരു വെറും കൂടിച്ചേരലും കലരലുമാകുന്നുവെന്നു സമ്മതിക്കുക എന്നതാണു്. ഇതാണെങ്കിൽ, മ്ശീഹായിൽ ദൈവത്വമോ മനുഷ്യത്വമോ രണ്ടും സത്യത്തിൽ നിലനില്ക്കുന്നില്ല; **രണ്ടിന്റേയും കൂടിയ ഒരു മായംചേർക്കൽ മാത്രം** നിലനില്ക്കുന്നുവെന്നു നമുക്കു കാണാൻ പ്രയാസമില്ല

മാർ യോഹന്നാൻ ബർപെങ്കായ **യാക്കോബായക്കാരുടെ "കലർന്നുള്ള ഏകത്വത്തേയും" പൌരസ്ത്യ സഭയുടെ**

www.malankaralibrary.com
Scanned by CamScanner

“ചേർന്നുള്ള ഏകത്വത്തേയും” “മ്ശീഹാ” എന്ന പദം കറുത്തമഷിയും ചുവന്നമഷിയും ഉപയോഗിച്ചു അച്ചടിച്ചു കാണിച്ചു.

**കലർന്നുള്ള ഏകത്വം** (യാക്കോബായക്കാരുടെ):—

“മ്ശീഹ” എന്ന പദം ചുവപ്പും കറുപ്പും നിറങ്ങൾ കലർത്തി അടിച്ചപ്പോൾ ചുവപ്പുമല്ല കറുപ്പുമല്ലാത്ത ഒരു രണ്ടുംകെട്ട നിറമായി തീർന്നു. ഒററ നോട്ടത്തിൽ തന്നെ അതു് മായം ചേർക്കലും ആശയക്കുഴപ്പവും പ്രതിബിംബിച്ചു.

**ചേർന്നുള്ള ഏകത്വം** (പൌരസ്ത്യ സഭയുടെ) :—

“മ്ശീഹ” എന്ന പദം ചുവപ്പു മഷിയിൽ വലുതായി അച്ചടിച്ചു് അതിനുള്ളിൽ കറുത്ത മഷികൊണ്ടു് അതേ പദം അടിച്ചു് കാണിച്ചപ്പോഴാ രണ്ടു നിറങ്ങളിലും ആ പദം തേജഃവ്യക്തമാകയും ചുവപ്പു് കറുപ്പിന്നു് ചുററും പ്രകാശിക്കയും ചെയ്തു. അതു മനോഹരമായിരുന്നു. അതിൽ മായം ചേർക്കലോ ആശയക്കുഴപ്പമോ പ്രതിബിംബിച്ചില്ല.

2. ദൈവസ്വഭാവവും അതിന്റെ ക്നൂമയും ഐക്യത്തിനു മുമ്പും പിമ്പും നിർമ്മിതമല്ലാത്ത നിത്യാത്മാവാകുന്നു. എന്നാൽ മനുഷ്യസ്വഭാവവും അതിന്റെ ക്നൂമയും നിർമ്മിതവും താല്ക്കാലികവുമായ ശരീരബന്ധിയാകുന്നു. ഐക്യം മൂലം മ്ശീഹായിലുള്ള സ്വഭാവങ്ങളുടേയും ക്നൂമകളുടേയും പ്രത്യേക ലക്ഷണങ്ങളെ മായിച്ചുകളഞ്ഞാൽ, ഒന്നുകിൽ അവയിൽ ഓരോന്നും നിശ്ശേഷം നാശ പ്രായമാകും. അഥവാ ‘ദൈവവുമല്ല’ ‘മനുഷ്യനുമല്ല’ എന്ന ഒന്നായി ശേഷിക്കും. ഐക്യം മൂലം മ്ശീഹായിലുള്ള സ്വഭാവങ്ങളുടേയും ക്നൂമകളുടേയും പ്രത്യേക ലക്ഷണങ്ങൾ മായിച്ചുകളയാതിരുന്നാൽ “പുത്രൻ” എന്ന ആളിൽ (പർസോപ്പയിൽ) സംയോജിച്ചിരിക്കുന്ന മ്ശീഹാ രണ്ടു സ്വഭാവങ്ങളും രണ്ടു ക്നൂമകളും ഉള്ളവൻ ആയി ശോഭിക്കും എന്നതു് സുവ്യക്തം.

www.malankaralibrary.com
Scanned by CamScanner

## 3. മ°ശീഹായിലെ ദൈവത്വ മനുഷ്യത്വ സം യോജനത്തിന്റെ ചില തിരുവെഴുത്തു തെളിവുകൾ:

"പൈതലായ ഈശോ പ്രായത്തിലും ജ്ഞാനത്തിലും കൃപയിലും ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പിൽ വളർന്നു." (ലൂക്ക:2:52)

എന്നു° സുവിശേഷത്തിലും

"...........നിങ്ങൾത്തന്നെ അറിയുംപോലെ ദൈവം അവനെ കൊണ്ടു° നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ടു° ദൈവം നിങ്ങൾക്കു കാണിച്ചു തന്ന പുരുഷനായി നസറായനായ ഈശോവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും, മുന്നറിവിനാലും ഏല്പിച്ചിട്ടു° നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറപ്പിച്ചുകൊന്നു. ദൈവമോ മരണപാശങ്ങളെ അഴിച്ചു അവനെ ഉയിർത്തെഴുന്നേല്പിച്ചു. മരണം അവനെ പിടിച്ചുവെയ്ക്കുന്നതു° അസാദ്ധ്യമായിരുന്നു. 'ഞാൻ കർത്താവിനെ എപ്പോഴും എന്റെ മുമ്പിൽ കണ്ടിരിക്കുന്നു. അവൻ എന്റെ വലത്തുഭാഗത്തിരിക്കയാൽ ഞാൻ കുലുങ്ങിപ്പോകയില്ല. അതുകൊണ്ടു° എന്റെ ഹൃദയം സന്തോഷിച്ചു; എന്റെ ആത്മാവു ആനന്ദിച്ചു; എന്റെ ജഡവും പ്രത്യാശയോടെ വസിക്കും. നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല. നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കുകയുമില്ല. നീ ജീവമാർഗ്ഗങ്ങളെ എന്നോടു° അറിയിച്ചു. നിന്റെ സന്നിധിയിൽ എന്നെ സന്തോഷപൂർണ്ണനാക്കും' എന്നു° ദാവീദ° അവനെക്കുറിച്ചു പറയുന്നുവല്ലോ. സഹോദരന്മാരായ പുരുഷന്മാരേ, ഗോത്രപിതാവായ ദാവീദിനെക്കുറിച്ചു അവൻ മരിച്ചു അടക്കപ്പെട്ടു എന്നു എനിക്കു° ധൈര്യമായി നിങ്ങളോടു പറയാം. അവന്റെ കല്ലറ ഇന്നുവരെ നമ്മുടെ ഇടയിൽ ഉണ്ടല്ലോ. എന്നാൽ അവൻ പ്രവാചകനാകയാൽ ദൈവം അവന്റെ കടിപ്രദേശത്തിന്റെ ഫലത്തിൽനിന്നു° ഒരുത്തനെ അവന്റെ സിംഹാസനത്തിൽ ഇരുത്തും എന്നു° തന്നോടു സത്യം ചെയ്തുറപ്പിച്ചു എന്നു° അറിഞ്ഞിട്ടു° അവനെ പാതാളത്തിൽ വിട്ടുകളഞ്ഞില്ല, അവന്റെ ജഡം ദ്രവത്വം കണ്ടതുമില്ല എന്നു° മ°ശീഹായുടെ പുനരുത്ഥാനം മുമ്പു കൂട്ടി കണ്ടു പ്രസ്താവിച്ചു. ഈ ഈശോവിനെ ദൈവം ഉയിർത്തെഴുന്നേല്പിച്ചു. അതിനു ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു.

www.malankaralibrary.com
Scanned by CamScanner

അവൻ ദൈവത്തിൻെറ വലത്തുഭാഗത്തേക്കു് ആരോഹണം ചെയ്തു പരിശുദ്ധാത്മാവു എന്ന വാഗ്ദത്തം പിതാവിനോടു് വാങ്ങി; നിങ്ങൾ ഈ കാണുകയും കേൾക്കുകയും ചെയ്യുന്നതു പകൎന്നുതന്നു. ദാവീദ് സ്വൎഗ്ഗാരോഹണം ചെയ്തില്ലല്ലോ. എന്നാൽ അവൻ, 'ഞാൻ നിൻെറ ശത്രുക്കളെ നിൻെറ പാദപീഠം ആക്കുവോളം നീ എൻെറ വലത്തു ഭാഗത്തിരിക്ക എന്നു് അരുളിച്ചെയ്തു', എന്നു പറയുന്നു. ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ ഈശോവിനെ തന്നെ ദൈവവും, കൎത്താവും മ്ശീഹായുമാക്കി വെച്ചു എന്നു ഇസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ.”

(അ. പ്ര, 2:22_36)

എന്നു് അപ്പോസ്തോലന്മാരിൽ പ്രധാനിയായ പത്രോസും,

“ദൈവം ഒരുവനല്ലോ. ദൈവത്തിനും മനുഷ്യനും മദ്ധ്യസ്ഥനും ഒരുവൻ; എല്ലാവൎക്കും വേണ്ടി മറുവിലയായി കൊടുത്ത മനുഷ്യനായ ഈശോമ്ശീഹാ തന്നെ” (1 തിമോ. 2:5_6)

എന്നു് സഭയുടെ ശില്പിയായ പൌലൂസും പറഞ്ഞിരിക്കുന്നു.

മേലെഴുതിയ മൂന്നു ഉദ്ധരണികളും ഐക്യത്തിന്നു് ശേഷവും, **മ്ശീഹായിൽ രണ്ടു സ്വഭാവങ്ങളും രണ്ടു കനൂമകളും** ഉണ്ടെന്നു സ്പഷ്ടമായും വെളിവായും ഏറ്റ പറയുന്നു. ഇതിന്നെതിരായി തൎക്കിക്കുന്നവൻ സൎവ്വസത്യത്തിൽ നിന്നും നശിച്ചുപോയവൻ തന്നെയെന്നു് കണക്കാക്കുക.

# അദ്ധ്യായം 6

# ദൈവജനനി?

## “ദൈവമാതാവു്” എന്നു് വി. കന്യക മറിയത്തെ വിളിക്കാമോ?

കന്യക ദൈവമാതാവാണെങ്കിൽ, ഉല്പ. 1:1; യോഹന്നാൻ 1:1 എബ്രാ 1:10; അ. പ്ര. 17:24; കൊലൊസ്യർ 1:16_17 എബ്രാ. 11:3; വെളി 4:11; എബ്രായ 3:7_11; അ. പ്ര. 5:3,4 തുടങ്ങിയുള്ള വചനങ്ങളുടെ അത്ഥമെന്തു്?

**പിതാവിനേയും പുത്രനേയും റൂഹാദ്കുദ്ശായേയും ഒന്നായി കാണുന്ന നാമമാണു് “ദൈവം” എന്നതു്. ദൈവമാതാവു് എന്നു് മറിയത്തെ വിളിച്ചാൽ മറിയം പ്രസവിച്ചതു ത്രീത്വത്തെയാണെന്നു ധ്വനി വരും.** എന്നാൽ പുത്രനെയാണു് മറിയം പ്രസവിച്ചതു്.

കന്യകമറിയം ദൈവത്തെ പ്രസവിച്ചവളാണെങ്കിൽ_അവൾ പ്രസവിച്ചവൻ കഷ്ടമനുഭവിച്ചു, മരിച്ചു, അടക്കപ്പെട്ടു എന്നു് നാലു ഈവൻഗാലീസ്തന്മാരും സാക്ഷിക്കുന്നു; അവൻ സത്യമായും മരിച്ചു എന്നു പറയുന്നു. യഥാത്ഥമായി മരിച്ചവനു് അശേഷം അധികാരം ശേഷിക്കുന്നില്ല. തന്നെ സംബന്ധിക്കാത്തവയുടെ മേലും, തന്നെത്തന്നെ ജീവിപ്പിക്കുവാൻ തന്മേലും അവനു അധികാരമില്ല തന്നെ; എന്നന്നേക്കും മൃതാവസ്ഥയിൽതന്നെ അവൻ കിടക്കയും ചെയ്യും. ആ നിലയിൽ അവൻ ഉയിൎത്തു എന്നുപറയുന്നതു് വ്യാത്ഥമാകും. അവൻ മരിച്ചതു് വാസ്തവമല്ലായിരുന്നു എന്നു നിങ്ങൾ പറയുന്നുവെങ്കിൽ അവൻ ഉയിൎത്തതും അങ്ങനെതന്നെയാകും.

www.malankaralibrary.com
Scanned by CamScanner

അഥവാ നിങ്ങൾപ്പറയും: അവന്റെ മരണം ഒരു വ്യാജക്കാഴ്ചയായിരുന്നു എന്നു്. അപ്പോൾ അവൻ ഉയിർത്തതും വ്യാജക്കാഴ്ചയായിരിക്കും. എല്ലാം അവാസ്തവമായി കരുതേണ്ടിവരും. ഇങ്ങനെയാണെങ്കിൽ "മ്ശീഹായോടുകൂടി അവൻ നമ്മെ ഉയിർപ്പിച്ചു" എന്നു പറയുന്നതു വ്യർത്ഥമായിവരും. ഉയിർപ്പിന്റെ പ്രത്യാശയും അവാസ്ഥവമോ വ്യാജമോ ആയിത്തീരുകയും ചെയ്യും (എഫെ 2:4, 5,6)

**വി. കന്യകമറിയം ദൈവജനനിയാണെങ്കിൽ മറിയം പ്രസവിച്ചവനെക്കുറിച്ച് 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മ്ശീഹായാകുന്നു' എന്നു് വി. പത്രോസ് സാക്ഷിച്ചതു് എങ്ങിനെ?**
നിങ്ങൾ പറയുന്നതുപോലെയാണെങ്കിൽ വി. കന്യകമറിയം മ്ശീഹായെയല്ല, പിന്നെയോ അവന്റെ പിതാവിനെയത്രേ പ്രസവിച്ചതു്! മ്ശീഹാ കന്യക മറിയത്തിന്റെ മകന്റെ മകനാണ്! മകനല്ല! വി. മറിയം അവന്റെ പിതാവിന്റെ അമ്മയാണ് (ദൈവത്തിന്റെ അമ്മ!) മ്ശീഹായുടെ മാതാവ് എവിടെ? **'ദൈവജനനി' എന്നു് വിളിക്കുന്നതിന്റെ യുക്തിഹീനത ഇവിടെ സ്പഷ്ടമല്ലേ ?**

---

# അദ്ധ്യായം 7

# ക്നൂമകൾ

1. മ്ശീഹായിൽ **രണ്ടു ക്നൂമകൾ** എന്നു് പൌരസ്ത്യ സഭ ഏററുപറയുന്നതിനാൽ പരി. ത്രീത്വത്തിന്നു നാലു ക്നൂമകൾ ആകുമല്ലോ എന്നാണു് എതൃഭാഗത്തിന്റെ വാദം. അതു ശരിയല്ല. പരി. ത്രീത്വത്തിലെ സനാതനനായ പുത്രനായ ദൈവത്തിന്നു അനന്തമായ ദൈവസ്വഭാവം മാത്രമേ സ്വർഗ്ഗത്തിൽ ശേഷിക്കു. പരി. ത്രീത്വത്തിലെ പുത്രനിൽ രണ്ടു ക്നൂമകൾ ആരോപിക്കയാണെങ്കിൽ ദൈവത്വം രണ്ടു സ്വഭാവമാക്കി ഭിന്നിപ്പിക്കേണ്ടി വരും. അതു സാദ്ധ്യമല്ലല്ലോ.

2. പരി. ത്രീത്വം ആദ്യന്തരഹിതവും സൃഷ്ടിക്കതീതവും, മാനുഷിക ക്നൂമ നിർമ്മാണവിധേയവും താല്ക്കാലികവുമാണല്ലോ. പിന്നെ എങ്ങനെയാണു് പരി. ത്രീത്വത്തിൽ നാലു ക്നൂമകൾ എന്നു നിങ്ങൾ എണ്ണുന്നതു്?

3. മ്ശീഹാ രണ്ടു പുത്രന്മാർ ആണെങ്കിൽ (പർസോപ്പകളാണെങ്കിൽ) ഈ ആരോപണത്തിന്നു വാസ്തവത്തിൽ പൌരസ്ത്യ സഭ പാത്രമാകുമായിരുന്നു. എന്തുകൊണ്ടെന്നാൽ പിതാവും, പരിശുദ്ധാത്മാവും രണ്ടു പുത്രന്മാരും കൂടി നാലു ആളുകൾ (പർസോപ്പകൾ) ആകുമായിരുന്നു. എന്നാൽ പൌരസ്ത്യസഭ ഈ ദൈവദൂഷണത്തെ ഭയപ്പെടുന്നവരാകയാൽ ഏകപുത്രൻ, ഏകമ്ശീഹാ, ഏക ആൾ എന്നിങ്ങനെ മാത്രം ഏററുപറയുന്നു. **ആകയാൽ പരി. ത്രീത്വത്തിന്നു് മൂന്നു ക്നൂമകൾ മാത്രം.**

www.malankaralibrary.com
Scanned by CamScanner

# അദ്ധ്യായം 8

# തിരുസഭ

വി. തിരുനാളുകളും മററും ആചരിക്കുന്നതിൽ പരി. ശുശ്രൂഷയിൽ പങ്കുചേരുന്നതിനു ഒന്നിച്ചു ചേർന്നു വരുന്ന ഭക്തസംഘത്തേയും വിശ്വാസികളുടെ സമൂഹത്തേയുമാണ് 'സഭ' (Church) എന്ന പദം കൊണ്ടു് സാധാരണ അർത്ഥമാക്കുന്നതു്. എന്നാൽ **ഭൂമിയിലെ സഭ സ്വർഗ്ഗത്തിലെ സഭക്കു് സദൃശമാകുന്നു.** സ്വർഗ്ഗസ്ഥനായ ദൈവത്തെ സേവിക്കുന്നതിനു മാലാകമാരുടെ ഒമ്പതു് പദവികൾ ഉണ്ടു്; ഇവയെ മൂന്നു് വ്യത്യസ്ഥ സ്ഥാനവിഭാഗങ്ങളായി തരം തിരിച്ചിട്ടുമുണ്ടു്. ഭൂമിയിലെ സഭയിലും ഇങ്ങനെത്തന്നെ: പാത്രിയക്കീസ്, മെത്രാപ്പോലീത്ത, അപ്പിസ്കോപ്പ (ബിഷപ്പ്) എന്നിവർ ക്രോബെ, സ്രാപ്പെ, മോതത്വെ എന്നിവരുടേയും അക്കിദ്യാക്കോൻ, കോറപ്പിസ്കോപ്പ അഥവാ പിർയാദോത്ത (അപ്പിസ്കോപ്പയുടെ പ്രതിനിധിയായി ഇടവകകളും സന്യാസാശ്രമങ്ങളും മററും സന്ദർശിക്കുന്ന പുരോഹിതശ്രേഷ്ഠൻ), കശ്ശീശ (സാധാരണ പുരോഹിതൻ) എന്നിവർ ഹൈക്ക്ലി, ശുൽത്താനി, മാറാവാഥ എന്നിവരുടേയും ശമ്മാശ, ഹീവ്പദ്യക്നാ, കാറോയ എന്നിവർ അർക്കോസ്, റബ്ബൈമാലാകി, മാലാകി എന്നിവരുടേയും സ്ഥാനപദവികൾ അലങ്കരിക്കുന്നു.

'സഭ' എന്ന നാമത്തിന്നു് താഴെ എഴുതുന്ന പ്രാധാന്യം കൂടെയുണ്ടെന്നു് കണക്കിലെടുക്കേണ്ടതാകുന്നു. മ്ശീഹായെ സംബന്ധിച്ചിടത്തോളം കല്ലുകൊണ്ടും ഭൌതികവസ്തുക്കൾകൊണ്ടും പണിത കെട്ടിടത്തെയല്ല പ്രധാനമായും സഭ അഥവാ പള്ളി (Church) എന്നതുകൊണ്ടു് വിവക്ഷിക്കുന്നതു: (അ. പ്ര. 2:47, 5:11, 8:1_3, 9_31) **മ്ശീഹായിൽ വിശ്വസിക്കുന്ന സമൂല സമൂഹത്തെയാണ് സഭ (Church) എന്ന പദത്താൽ മന**

www.malankaralibrary.com
Scanned by CamScanner

സ്സിലാക്കേണ്ടതു്. ഹൈക്ക്ലയേയും മദ്ബ്ഹയേയും ചേർത്തു് പള്ളി എന്നു് ആലങ്കാരികമായി വിളിക്കാറുണ്ടു്. പലപ്പോഴും 'പട്ടണം' എന്ന പദം തിരുവെഴുത്തിൽ ഇപ്രകാരം ആലങ്കാരികമായി ഉപയോഗിച്ചിട്ടുള്ളതു് നിങ്ങൾക്കു കാണാവുന്നതാണു്:

"പട്ടണം മുഴുവൻ ഈശോവിനെ കാണാൻ പുറത്തു് വന്നു."

'പട്ടണം മുഴുവൻ' എന്നിവിടെ പറഞ്ഞിട്ടുള്ളതു് 'പട്ടണത്തിൽ താമസിക്കുന്ന എല്ലാവരും' എന്ന അർത്ഥത്തിലാണു്. അപ്രകാരം

"ഈശോ പട്ടണത്തിലേക്കു പ്രവേശിച്ചു."

എന്നു് പറഞ്ഞിരിക്കുന്നതു് പട്ടണത്തിൽ പണിതിരിക്കുന്ന കെട്ടിട സഞ്ചയങ്ങളുടെ ഉള്ളിലേക്കു് പ്രവേശിച്ചു എന്ന അർത്ഥത്തിലാണു്. ചുരുക്കത്തിൽ 'പട്ടണം' എന്നതു് 'പട്ടണവാസികൾ' 'പട്ടണകെട്ടിടങ്ങൾ' എന്നീ അർത്ഥത്തിൽ ആലങ്കാരികമായി ഉപയോഗിച്ചിട്ടുള്ളതുപോലെയാണു് 'സഭ' അഥവാ പള്ളി (Church) എന്നപദവും ആലങ്കാരികമായി പലസ്ഥലത്തും ഉപയോഗത്തിലിരിക്കുന്നതെന്നു് നമുക്കു് മനസ്സിലാക്കാം.

മുൻ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചുകൊണ്ടിരുന്ന വിഷയം ഇവിടെ സമാപിക്കുന്നു.

www.malankaralibrary.com
Scanned by CamScanner

# PART IV

# തിരുസഭയുടെ കൂദാശകൾ

## അദ്ധ്യായം 1

## കൂദാശകളുടെ സംഖ്യ

തിരുവെഴുത്തുകളുടെ വെളിച്ചത്തിൽ സഭ ഏഴ് കൂദാശകളെ കൊണ്ടാടുന്നു: 1. പൌരോഹിത്യം 2. മാമോദീസ 3. അഭിഷേകതൈലം (കർണ്ണാ) 4. തിരുശരീരരക്തങ്ങളാകുന്ന വി. കർബ്ബാന 5. പാപവിമോചനം (ഹൂസായ) 6. വിശുദ്ധ പുളിപ്പ് (മൽക്ക) 7. ജീവൻ നൽകുന്ന സ്ലീവാടയാളം.

ജഡലോകത്തിൽ ജീവിക്കും കാലമത്രയും വി. കൂദാശകൾ മനുഷ്യന് അത്യന്താപേക്ഷിതമാണ്. ഏതു മനുഷ്യനും ഈ ലോകത്തിൽ ജാതനാകുന്നതു് ജഡികരായ മാതാപിതാക്കന്മാരിൽ നിന്നാണല്ലോ. എന്നാൽ അവൻ ആത്മീയ പൂർണ്ണതയിലേക്കു വളരുന്നതു് ദിവ്യപ്രകാശത്തിന്റെ ഉടയവനും സത്യത്തിന്റെ പിതാവുമായ ദൈവത്തിൻമൂലമാകുന്നു; ആത്മീയ പിതാവായ പുരോഹിതൻ വഴി. ഈ പ്രക്രിയയുടെ രീതിയും അതിന്റെ പരിപൂർണ്ണതയും അത്യുന്നതനായ ദൈവത്തിന്റെ ശക്തിയാലും പരിശുദ്ധാത്മാവിനാലുമാണ് അവനു് ലഭ്യമാകുന്നതു്. ഇഹത്തിൽ ഭൌമിക ഭക്ഷണത്താലും പാനീയത്താലും ജീവിക്കുന്ന മനുഷ്യൻ ആരോഗ്യം നിലനിർത്തുന്നു. അപ്രകാരം തന്നെ **മാമോ**

**ദീഘമൂലം ആത്മീയമായി ജാതനാകുന്ന മനുഷ്യനു് ദൈവത്തിലുള്ള നിത്യജീവൻ അഭംഗുരം നിലനിർത്തുവാൻ ആത്മീയ ഭക്ഷണവും ദിവ്യപാനീയവും അനുപേക്ഷണീയമാണു്.**

കാലത്തിൻെറ അവസ്ഥാഭേദത്താലും ചുററുപാടുകളുടെ മാലിന്യത്താലും ജഡിക മനുഷ്യനു് അസുഖവും രോഗവും പിടിപ്പെട്ടമ്പോൾ സൌഖ്യം ലഭിക്കുന്നതിന്നും ആരോഗ്യം വീണ്ടെടുക്കുന്നതിന്നും അവൻ വൈദ്യന്മാരെ സമീപിച്ച് അവരുടെ ആജ്ഞാനുവത്തിയായിത്തീരുന്നുവല്ലോ. അപ്രകാരം തന്നെ ആത്മീയമായി ജനിച്ച മനുഷ്യൻ അധാർമ്മിക ജീവിതത്താലും പാപസമ്മർദ്ദത്താലും തിന്മയുടെ പടുകുഴിയിൽ വീണുപോകുമ്പോൾ അവൻ ആത്മീയ വൈദ്യന്മാരായ **സഭയിലെ പുരോഹിതന്മാരുടെ ആജ്ഞാനുവത്തിയായി ആത്മീയ സൌഖ്യവും ആരോഗ്യവും വീണ്ടുകൊള്ളുന്നു.**

മാമോദീഥയാലുള്ള ആത്മീയ ജനനത്തിനു് "അഭിഷേക തൈലം (കൂന്ന)" ഉപയോഗിക്കുന്നു. ആത്മീയ ഭക്ഷണമാകുന്ന മ്ശീഹായുടെ തിരുശരീരത്തിൽ "വി. പുളിപ്പ് (മൽക്ക)" ചേർക്കുന്നു. ആത്മീയ മക്കളെ അനവരതം സംരക്ഷിക്കുന്നതു് **"ജീവൻ നല്കുന്ന സ്ലീവാടയാളമാണു്"** (1 കൊരി 1:18) എല്ലാകൂദാശകളും ഈ അടയാളത്താലാണു് മുദ്രയിടപ്പെടുകയും പൂർണ്ണമാക്കപ്പെടുകയും ചെയ്യുന്നതു്. "വി. പുളിപ്പ് (മൽക്ക)" കൈവശം ഇല്ലാത്ത ചില ക്രിസ്തീയവിഭാഗങ്ങൾ "വിവാഹ"ത്തെ മ്ശീഹായുടെ കല്പനയനുസരിച്ചുള്ള ഏഴാമത്തെ കൂദാശയായി കണക്കാക്കുന്നുണ്ടു്. (ഒരു പ്രത്യേക സ്ഥാനത്തിരിക്കുന്ന ആൾ മരിക്കുമ്പോൾ അഥവാ ഇല്ലാതാകുമ്പോൾ മറെറാരാളെ ആ സ്ഥാനത്തേയ്ക്കു് ഉയത്തുന്നതു് പോലെയാണു് ഇതു്.)

---

www.malankaralibrary.com
Scanned by CamScanner

# അദ്ധ്യായം 2

# കൂദാശ I-വി. പൌരോഹിത്യം

**മനുഷ്യന്നും ദൈവത്തിന്നും ഇടയിൽ മദ്ധ്യസ്ഥനായി ശുശ്രൂഷ അനുഷ്ഠിക്കുക എന്നതാണു് വി. പൌരോഹിത്യത്തിൻെറ കാതൽ.** (സംഖ്യ 16:17_26; സൂദ 11) തത്സന്ദർഭങ്ങളിൽ പാപവിമോചനം നല്കുക, ആശീർവ്വാദം കൊടുക്കുക, ദൈവകോപത്തെ നീക്കികളയുക എന്നിവ ഒരു പുരോഹിതൻെറ കടമയാണു് (സംഖ്യ 16:46_അ; അ. പ്ര 5:1_16)

**വി. പൌരോഹിത്യത്തെ പഴയതു്, പുതിയതു് ഇങ്ങിനെ രണ്ടായി വിഭജിക്കാവുന്നതാണു്.**

(1) **പഴയതു്**—ന്യായപ്രമാണ വിധേയമായതും എന്നാൽ അപൂർണ്ണമായതുമാണു്.

(2) **പുതിയതു്**—മ്ശീഹായുടെ സഭാകാനോനു് വിധേയമായതും എന്നാൽ പൂർണ്ണമായതുമാകുന്നു.

കൈസര്യയുടെ ഫീലിപ്പ്യയിൽ കർത്താവു് പത്രോസ് ശ്ലീഹായോടു് പ്രഖ്യാപിച്ച വചനമാണു് **പുതിയ പൌരോഹിത്യത്തെ സംബന്ധിച്ച അടിത്തറ.**

> "സ്വർഗ്ഗരാജ്യത്തിൻെറ താക്കോൽ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും" (മത്ത 16:19, 18: 18; യോഹ 20: 23.)

www.malankaralibrary.com
Scanned by CamScanner

മ്ശീഹായുടെ മററൊരു ആജ്ഞ ഈ **അടിത്തറയുടെ മേല്പണി** വിശദീകരിക്കുന്നു.

> "എന്റെ കുഞ്ഞാടുകളെ മേയ്ക്കുക"; "എന്റെ ആടുകളെ മേയ്ക്കുക;" "എന്റെ കുഞ്ഞാടുകളെ മേയ്ക്കുക" (യോഹ 21:15-17).

ഇതിന്റെ മുഴുവൻ പണിയും **പരിപൂർണ്ണതയിലേക്കു എത്തിക്കുന്നത്** കർത്താവു തന്റെ ശിഷ്യന്മാരുടെമേൽ ഊതിക്കൊണ്ടു ചെയ്ത പ്രഖ്യാപനമാണ്:

> "പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെട്ടവയായിരിക്കും; നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയുമായിരിക്കും." (യോഹ 20:22-23).

**പഴയ നിയമ പൌരോഹിത്യം** ഒരു പ്രത്യേക കാലഘട്ടത്തിലെ ജനതയെമാത്രം ഉദ്ദേശിച്ചിരുന്നതാണ് (സംഖ്യ 16:40); അതു പൊതുവെയുള്ള മനുഷ്യമനസ്സിനേയും ജീവിതരീതിയേയും ആസ്പദമാക്കിയുള്ള ഒന്നല്ലായിരുന്നു. **പുതിയ നിയമ പൌരോഹിത്യമോ** ശ്ലൈഹിക പിൻതുടർച്ചയുള്ള ഒന്നാണ്. അതു സഭയിൽ നല്കപ്പെടുന്നതു കൈവെപ്പ് മുഖേനയാകുന്നു. (1 തിമോ 4:14, 5:22; തിത്തൊ 1:5-ആ; എബ്രാ 6:2; അ. പ്ര. 6:6 ) കൈവെപ്പിനുള്ള സ്ഥാനാർത്ഥിയുടെ ജീവിതചിന്താരീതികളെ സൂക്ഷ്മമായി പരിശോധിച്ച് യോഗ്യതയുള്ളവക്ക് മാത്രമെ ഈ കൈവെപ്പ് നല്കുകയുള്ളൂ. തിരുവെഴുത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

> "ആദ്യമേ തന്നെ ഇവർ (കൈവെപ്പിനുള്ള സ്ഥാനാർത്ഥികൾ) സൂക്ഷ്മ പരിശോധനക്ക് വിധേയരാകണം; കുററമററവരെന്നു തെളിയുന്നപക്ഷം ഇവർ ശുശ്രൂഷ ഏല്ക്കട്ടെ". (1 തിമോ 3:1-13; അ. പ്ര. 6:3)

www.malankaralibrary.com
Scanned by CamScanner

ത്തിൽ നിന്നും **പുതിയ പൌരോഹിത്യത്തിൻെറ പൂർണ്ണതയും പഴയതിൻെറ അപൂർണ്ണതയും** വെളിവാകുന്നുണ്ടല്ലോ.

നീതിമാന്മാരായ പിതാക്കന്മാർക്ക് സ്വഭാവദൂഷ്യമുള്ള മക്കൾ ജനിക്കുക എന്നതു് സംഭാവ്യമാണു്. ഉദാ: കായേൻ, ഹാം, എന്നിവരും ലോത്തിന്റേയും മോശെയുടേയും ഏലിയുടേയും മററു മക്കളും.

സ്വഭാവ വൈഷമ്യമുള്ള പിതാക്കന്മാർക്ക് ശ്രേഷ്ഠസന്താനങ്ങൾ ജനിക്കുക എന്നതും ഉണ്ടാകാവുന്നതാണു്. ഉദാ: മല്ക്കീസദേക്കു്, അബ്രാഹാം മുതലായവർ.

പഴയ നിയമ പൌരോഹിത്യം ഒരു **ഭൌമ വസ്തുവായ അഭിഷേകതൈലത്താലാണ്** നല്കപ്പെട്ടന്നതു്. (പുറ 3:22-33, 29:7; ലേവ്യ 8:12). പുതിയ നിയമപൌരോഹിത്യമോ **വി. കൈവെപ്പ് മൂലമുള്ള അഭൌമമായ പരിശുദ്ധാത്മാഭിഷേകത്താലാണു്** സാധിക്കുന്നതു്. (അ. പ്ര· 2:4, 6: 6; 8:15-18)

പുതിയ നിയമ പൌരോഹിത്യം അഭിലഷിക്കുന്നവരെ യോഗ്യതയുള്ളവരാണോ എന്നു് ശോധന ചെയ്യുന്നതിനുള്ള നിയമങ്ങളെപ്പററി അറിയാനാഗ്രഹിക്കുന്നുവെങ്കിൽ "ആത്മാവിന്റെ ജിഹ്വ" യായ വി. പൌലോസ് ശ്ലീഹായുടെ വചനങ്ങൾ ശ്രദ്ധിക്കുക;

> "ആരെങ്കിലും പൌരോഹിത്യം അഭിലഷിക്കുന്നെങ്കിൽ ഉൽകൃഷ്ടമായ ഒരു ജോലിയാണു് ആഗ്രഹിക്കുന്നതു് എന്നതു് സത്യം തന്നെ. പുരോഹിതൻ ആക്ഷേപത്തിനു് അതീതനും ഏക ഭാര്യയുടെ ഭർത്താവും സംയമനം പാലിക്കുന്നവനും വിവേകിയും ബഹുമാന്യനും അതിഥിസൽക്കാരപ്രിയനും യോഗ്യനായ പ്രബോധകനുമായിരിക്കണം. അയാൾ മദ്യപാനിയോ അക്രമവാസനയുള്ളവനോ ആയിരിക്കരുതു്. പ്രത്യുത, ശാന്തനും കലഹിക്കാത്തവനും ദ്രവ്യാഗ്രഹമില്ലാ

www.malankaralibrary.com
Scanned by CamScanner

ത്തവരുമായിരിക്കണം. അയാൾ സ്വകുടുംബത്തെ നന്നായി നിയന്ത്രിക്കുന്നവനും സന്താനങ്ങളെ അനുസരണത്തിലും വിനയത്തിലും വളർത്തുന്നവനുമായിരിക്കണം. എന്തെന്നാൽ സ്വന്തം കുടുംബത്തെ ഭരിക്കുവാൻ അറിഞ്ഞുകൂടാത്തവൻ ദൈവത്തിന്റെ സഭയെ എങ്ങനെ ഭരിക്കും? അയാൾ നവമായി വിശ്വാസം സ്വീകരിച്ചവൻ ആയിരിക്കരുത്. അങ്ങനെയായാൽ അഹങ്കാരം കൊണ്ട് മതിമറന്ന് പിശാചിനെപ്പോലെ ശിക്ഷാർഹനായിത്തീർന്നെന്ന് വരും. കൂടാതെ, അയാൾ പുറത്തുള്ളവർക്കും നല്ല മതിപ്പുള്ളവനായിരിക്കണം. അല്ലെങ്കിൽ, അയാൾ ദുഷ്കീർത്തിയിലും പിശാചിന്റെ കെണിയിലും പെട്ടുപോയെന്ന് വരാം. അതുപോലെത്തന്നെ ശമ്മാശന്മാർ കാര്യഗൗരവമുള്ളവരായിരിക്കണം; അസത്യവാദികളോ മദ്യാസക്തിക്ക് അധീനരോ ഹീനമായ ലാഭേച്ഛയുള്ളവരോ ആയിരിക്കരുത്. അവർ നിർമ്മല മനസ്സാക്ഷിയോട് കൂടി വിശ്വാസത്തിന്റെ രഹസ്യം സംരക്ഷിക്കുന്നവരായിരിക്കണം. ആദ്യമേ തന്നെ അവർ പരിശോധനയ്ക്ക് വിധേയരാകണം. കുററമററവരെന്ന് തെളിയുന്ന പക്ഷം അവർ ശമ്മാശന്മാരായി സേവനം അനുഷ്ഠിക്കട്ടെ." (1 തിമോ 3:1_10).

---

# അദ്ധ്യായം 3

# കൂദാശ II-വി. മാമോദീസാ

**വെള്ളത്താൽ ശുദ്ധമാക്കപ്പെടുക, വെള്ളത്തിൽ കഴിച്ചിടപ്പെട്ടുയിരിക്കുക** എന്നീ പ്രക്രിയകൾക്ക് മാമോദീസാ (സ്നാനം) എന്നു പറയുന്നു. (മത്താ: 3:6_16 മാർക്കോ 1:5, യോഹ 3:22_23, അ. പ്ര. 16:13_15, റോമ 6:4_5, കൊലൊ

2:12, തീത്തോ 3:5, 1 പത്രോ 3:21, എബ്രാ 10:22) വി. മാമോദീസയ്ക്കു് (സ്നാനത്തിനു്) അഞ്ചു് അവാന്തര വിഭാഗങ്ങൾ ഉണ്ടു്.

1 **മാലിന്യം കഴുകിക്കളയുക**—എല്ലാ മനുഷ്യരും സാധാരണ ചെയ്തുവരാറുള്ള ഒരു കാര്യമാകുന്നു ഇതു്.

2 **ന്യായപ്രമാണ ചട്ടങ്ങൾ പ്രകാരമുള്ള കഴുകലുകൾ**—ജഡത്തിന്റെ എല്ലാ അശുദ്ധികളും നീക്കി ശുദ്ധ പരിശുദ്ധ ദൈവസന്നിധിയിൽ സ്വയം പരിശുദ്ധിനേടുന്നു എന്ന വിശ്വാസത്താലാണു് ഈ ചട്ടങ്ങൾ അനുവർത്തിക്കുന്നതു്. (ആവ. 23:11, ലേവ്യ 15:5, 17:15–16).

3 **യഹൂദ മൂപ്പന്മാരുടെ പാരമ്പര്യങ്ങൾക്കനുസൃതമായ കഴുകലുകൾ**—കിടക്ക, കിണ്ടികിണ്ണങ്ങൾ മുതലായവ വെടിപ്പാക്കൽ; അങ്ങാടിയിൽ നിന്നു് മടങ്ങുമ്പോൾ കുളിച്ചിട്ടല്ലാതെ ഭക്ഷണം കഴിക്കയില്ല എന്നു് തുടങ്ങിയ നിഷ്ഠകൾ. (മത്താ 15:2–3, മാർക്കോ 7:3–5, 8).

4 **യോഹന്നാൻ മാംദാന നല്കിയ മാമോദീസ**—മാനസാന്തരത്തിന്റെയും പാപമോചനത്തിന്റെയും ജലസ്നാനം (മത്താ 3:5–12, യോഹ 3:23, അ. പ്ര. 13:24, 19:4)

5 **പരിശുദ്ധാത്മാവാൽ നാം സ്വീകരിക്കുന്ന നമ്മുടെ രക്ഷകനായ മ്ശീഹ സ്ഥാപിച്ച വി. മാമോദീസ**—ഇതിനാൽ നാം ദൈവമക്കളും സ്വർഗ്ഗരാജ്യത്തിന്നവകാശികളുമായിത്തീരുന്നു. (2 കൊരി 5:14–18, ഗലാ 3:29, 4:4–7, എഫെ. 1:5) മരിച്ചവരിൽ നിന്നുള്ള ഉയിർത്തെഴുന്നേല്പും നിത്യജീവനും, കൈകളാലല്ലാത്ത പരിച്ഛേദനയും–അതായതു് ജഡപാപങ്ങളെ ശരീരത്തിൽനിന്നു് ഉരിഞ്ഞു് കളയുന്ന മ്ശീഹായിലുള്ള പരിച്ഛേദനയും–ഇതു് മൂലം നമുക്കു് ലഭിക്കുന്നു; (റോമ

www.malankaralibrary.com
Scanned by CamScanner

6:3-23, കൊലൊ 2: 11, 12). ജഢപ്രകാരം പഴയ യിസ്രായേലിൽ അംഗങ്ങളാണെന്നു് കാണിക്കുന്നതിനു് ശരീരത്തിൽ നല്കപ്പെടുന്ന പരിച്ഛേദന എപ്രകാരമോ അപ്രകാരം പുതിയ യിസ്രായേൽ- അംഗമായതു് നിശ്ചയപ്രകാരം വിളിക്കപ്പെട്ടവർ- ദൈവമക്കളായ്ത്തീരുന്ന ആത്മീയബന്ധത്തിന്റെ അടയാളവും കിട്ടുന്നു.

> “അവനെ (മ്ശീഹായെ) കൈക്കൊണ്ടു് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു”. എന്നതല്ലോ. (യോഹ 1:12).

**മാമോദീഥായ്ക്കുള്ള വസ്തു** ശുദ്ധജലമാണു്.

> “ജലത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആക്കും കഴികയില്ല” (യോഹ 3:5, അ. പ്ര. 8:36, 10:47)

**വി. മാമോദീഥായുടെ രൂപം** താഴെ നല്കുന്നു: നമ്മുടെ രക്ഷകന്റെ വചനം അനുസരിച്ചു്

> “പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ മാമോദീഥാ നല്കുന്നു”. (മത്താ 28:29)

ഈ വി. മാമോദീഥാ മരണത്തിന്റേയും ഉയിർത്തെഴുന്നേല്പിന്റേയും ദൃഷ്ടാന്തമാകുന്നു. ഇതിനോടു് ബന്ധപ്പെട്ട ഉപവിഭാഗങ്ങളായി രണ്ടു് മാമോദീഥാകൾ കൂടി ഉണ്ടു്:

1. നമ്മുടെ കർത്താവു് തിരുവെഴുത്തിൽ സൂചിപ്പിച്ചിരിക്കുന്നതു പോലെ **“രക്തത്താലുള്ള മാമോദീഥാ:-**

> “എനിക്കൊരു മാമോദീഥാ ഏല്പാനുണ്ടു്;
> അതു് കഴിയുവോളം ഞാൻ എത്ര ഞെരുങ്ങുന്നു”
> (ലൂക്ക 12:50)

2. പരിശുദ്ധ പിതാക്കന്മാർ സൂചിപ്പിച്ചിരിക്കുന്നപോലെ **“കണ്ണുനീരിന്റെ മാമോദീഥാ”-** പ്രത്യക്ഷത്തിൽ ഈ ഉപവിഭാഗങ്ങൾ രണ്ടും മ്ശീഹാ സ്ഥാപിച്ച മാമോദീഥായിൽ അന്തർലീനമാണു്.

www.malankaralibrary.com
Scanned by CamScanner

## അദ്ധ്യായം 4

# കൂദാശ III-വി. അഭിഷേക തൈലം.

ശ്ലീഹന്മാരിൽ നിന്നു് പാരമ്പര്യമായി സഭയ്ക്കു് ലഭിച്ച ഒരു അമൂല്യനിധിയാണു് * വി. അഭിഷേക തൈലം. (യാക്കോബ്: 5:14; മാർക്കോസ്: 6:13) വി. ശ്ലീഹന്മാർതന്നെ കൂദാശ ചെയ്തതും, അവരിൽനിന്നു് കൈ

---

*ഒരു അപൂർവ്വ കൈയ്യെഴുത്തു് പുസ്തകമായ ഇശ്ബനിലെ ഇസ്ഹാക്ക് കശ്ശീശയുടെ വ്യാഖ്യാന ഗ്രന്ഥത്തിൽ നിന്നുള്ള ഭാഗം:

"വി. യോഹന്നാൻ മാംദാന നമ്മുടെ കർത്താവിന്റെ മാമോദീസാവസരത്തിൽ അവിടുത്തെ ദേഹത്തിൽ നിന്നു ഒഴുകിയ വെള്ളം ഒരു പാത്രത്തിൽ ശേഖരിച്ചിരുന്നു. യോഹന്നാൻ മാംദാന ഇഹലോകവാസം വെടിയുന്നതിനു മുമ്പ് ഈ വെള്ളം തന്റെ ശിഷ്യനും സെബദിയുടെ മകനുമായ യോഹന്നാൻ ശ്ലീഹയെ ആവശ്യം വരുന്നതുവരെ സൂക്ഷിക്കുന്നതിനു ഏൽപ്പിച്ചു.

പടയാളികളിൽ ഒരുവൻ നമ്മുടെ രക്ഷകന്റെ വിലാവിൽ കുത്തിയപ്പോൾ രക്തവും വെള്ളവും പുറപ്പെട്ടു. രക്തത്തെ സഭയിലെ വിശുദ്ധ രഹസ്യമായ തിരുശരീരരക്തങ്ങളുടെ അടയാളമായും, വെള്ളത്തെ വിശ്വാസികളുടെ പുനർജ്ജീവനന്നുള്ള അടയാളമായുമാണു് വി. യോഹന്നാൻ ശ്ലീഹാ ദർശിച്ചത്. വെള്ളവും രക്തവും വേർപിരിഞ്ഞിരിക്കുന്നതായി കണ്ടതിനാൽ വി. യോഹന്നാൻ ശ്ലീഹ താൻ സൂക്ഷിച്ചിരുന്ന പെസഹാ അപ്പത്തിൻമേൽ രക്തം പുരട്ടുകയും വി. യോഹന്നാൻ മാംദാന ഏൽപ്പിച്ചിരുന്ന മാമോദീസാ വെള്ളത്തിൽ തിരുവിലാപ്പുറത്തു നിന്നു ഒഴുകിയ വെള്ളം ചേർക്കുകയും ചെയ്തു.

www.malankaralibrary.com
Scanned by CamScanner

മാറി ഇന്നേയോളം ദൈവസഭ കാത്തു് സൂക്ഷിച്ച് വരുന്നതുമാകുന്നു ഈ തൈലം.

(1) തിരുവെഴുത്തുകളിൽനിന്നും, (2) പ്രകൃത്യാഗ്രന്ഥങ്ങളിൽ നിന്നുമുള്ള **അഭിഷേക തൈലത്തിന്റെ ഉപയോഗ ലക്ഷ്യങ്ങളെ** നമുക്കു് പഠിക്കാം.

## (1) തിരുവെഴുത്തുകളിൽ നിന്നുള്ള പാഠം

പ്രതീകാത്മക പൌരോഹിത്യത്തിന്നും, (പുറ 30:22-30; 29:7; ലേവ്യ 8:12) ഭൌമിക രാജത്വത്തിന്നും, (1ശമു 10:1; 16:13; 1രാജ 1:39; 2 രാജ 9:16; 11:12) തിരഞ്ഞെടുക്കപ്പെട്ടന്ന സ്ഥാനാർത്ഥികൾ ന്യായപ്രമാണാനുസാരം തൈലത്താൽ അഭിഷേചിതരാകണമെന്നു് തിരുവെഴുത്തു് പഠിപ്പിച്ചിട്ടുണ്ടു്. അപ്രകാരംതന്നെ ദൈവത്തിന്നും, സത്യപൌരോഹിത്യത്തിന്നും വേർതിരിക്കപ്പെട്ട **സ്ഥാനാർത്ഥികൾ** മ്ശിഹായുടെ- സാക്ഷാൽ അഭിഷിക്തന്റെ- സഹോദരന്മാരും, (എബ്ര 2:17) സത്യമായ അഭിഷേകം സ്വീകരിച്ചവരുമായിത്തീരേണ്ടതിന്നു് **വിവിധാത്മാന പ്രതീകങ്ങളായ വി. അഭിഷേക തൈലത്താൽ അഭിഷേചിതരാകേണ്ടതു് അത്യന്താപേക്ഷിതമാണു**. ദൈവത്തോടുള്ള സംസർഗ്ഗയോജ്യതയും, ഏകത്വവും മൂലം സ്വർഗ്ഗ

---

രക്ഷകന്റെ മാമോദീസാ സമയത്തും ക്രൂശാരോഹണ സമയത്തും ശേഖരിച്ചിരുന്ന വെള്ളം സൂക്ഷിച്ചിരുന്ന പാത്രം കൊണ്ടുവന്നു അതിൽ സൈത്തു (ഒലിവ് എണ്ണ) ചേർത്ത് വർദ്ധിപ്പിച്ചു. മാമോദീസയുടെ ആവശ്യത്തിന്നായി ഈ തിരുശേഷിപ്പിൽ നിന്നു ഓരോ അംശം ഓരോ ശ്ലീഹയും ഭാഗിച്ചെടുത്തു.

ഈ തിരുശേഷിപ്പാകുന്ന അഭിഷേക തൈലം (കർണ്ണ) പുതുക്കി വർദ്ധിപ്പിക്കുന്നതിനു് പ്രത്യേകം ശുശ്രൂഷ നിശ്ചയിക്കയും ചെയ്തു.''

www.malankaralibrary.com
Scanned by CamScanner

ലോകാത്മകമായും, സത്യമായും അഭിഷേചിക്കപ്പെട്ടവനാണു് നമ്മുടെ കർത്താവായ മ്ശിഹാ.

"ആകയാൽ നിൻെറ ദൈവമായ കർത്താവു് നിൻെറ സഹോദരന്മാരേക്കാളും ഉപരിയായി ആനന്ദതൈലം കൊണ്ടു് നിന്നെ അഭിഷേകം ചെയ്തിരിക്കുന്നു". (സങ്കീ 45;7; എബ്രാ 1:9)

മ്ശിഹാ സ്വയം സാക്ഷാൽ അഭിഷിക്തനും മററുള്ളവരെ അഭിഷേകം ചെയ്യുന്ന അധികാരം പ്രാപിച്ചവനും ആകുന്നു. തൻെറ ദൈവത്വം മൂലം അഭിഷേകം ചെയ്യുന്നതിനുള്ള അധികാരം തനിക്കു് സ്വയസിദ്ധമാണു്; തൻെറ മനുഷ്യത്വത്താൽ താൻ സാക്ഷാൽ അഭിഷിക്തൻ -മ്ശിഹാ- തന്നെ.

## (2) പ്രകൃത്യാ ഗുണങ്ങളിൽനിന്നുള്ള പാഠം:

അഭിഷേക തൈലത്തിൻെറ പ്രകൃതിദത്തമായ ഗുണങ്ങളെ സംബന്ധിച്ചിടത്തോളം: മികച്ച കലാകാരന്മാർ തങ്ങൾ നിർമ്മിക്കുന്ന ചിത്രം വർണ്ണോജ്ജ്വലമായി വരച്ചശേഷം അതു എളുപ്പത്തിൽ കേടുവരാതിരിക്കുന്നതിനും ഇതരവസ്തുക്കളുമായുള്ള സമ്പർക്കം മൂലം തകരാറു സംഭവിക്കാതിരിക്കുന്നതിനുംവേണ്ടി എണ്ണകൊണ്ടു് അഭിഷേചിക്കുന്നു. അപ്രകാരം തന്നെ, **സാത്താൻെറ എതിർപ്പും ലോകത്തിൻെറ യാദൃശ്ചികത്വവും മൂലം സ്വർഗ്ഗാധിപനായ ദൈവത്തിൻെറ സ്വന്തരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനെ കേടുകൂടാതെ സംരക്ഷിക്കുന്നതിന്നു് അഭിഷേചിക്കുന്നു.**

അഭിഷേകത്തിനുള്ള വസ്തു ഒലിവെണ്ണയാണു്; അതിൻെറ രീതിയോ, ശ്ലൈഹികമായിലഭിച്ച വാഴ്‌വിൻെറ ക്രമം (തക്സ) തന്നെ

www.malankaralibrary.com
Scanned by CamScanner

## അദ്ധ്യായം 5

# കൂദാശ IV-വി. കുർബാനയാകുന്ന ബലി.

ഭൂമിയിലുള്ളവർ സ്വർഗ്ഗത്തിലുള്ളവർക്കു അർപ്പിക്കുന്ന പ്രത്യേക വി. ശുശ്രൂഷയേയാണു കുർബ്ബാനയാകുന്ന ബലി എന്നതുകൊണ്ടു അർത്ഥമാക്കുന്നതു. തങ്ങളുടെ പ്രാർത്ഥനക്കു ഉത്തരം ലഭിക്കുന്നു എന്നും, പാപവിമോചനം സിദ്ധിക്കുന്നു എന്നുമുള്ള പ്രത്യാശയിൽ ഭൌതിക വസ്തുക്കളെ ഉപയോഗിച്ചു ഈ ബലി നടത്തുന്നു.

പഴയനിയമ കാലത്തു വിവേകശൂന്യജീവികളായ കാള, ആടു മുതലായവയുടെ ജഡിക രക്തം ചിന്തിക്കൊണ്ടുള്ള ബലികളാണു ഉണ്ടായിരുന്നതു. സ്വയം ദാസരൂപം ധരിച്ചു സ്വപിതാവിന്നു തന്നെത്താൻ യാഗമായി അർപ്പിച്ച ദൈവത്തിന്റെ ഏകജാതനാണു ഇന്നത്തെ ബലി വസ്തു. ഇക്കാരണത്താലാണു യോഹന്നാൻ മാംദാന ഈശോവിനെ,

"ലോക പാപം ചുമക്കുന്ന ദൈവകുഞ്ഞാടു"

എന്നു വിളിച്ചതു. ഈശോവിന്റെ യാഗത്തെ സംബന്ധിച്ചു തിരുവെഴുത്തു വിവരിച്ചിരിക്കുന്നതു ശ്രദ്ധിക്കുക:

> "ഇതു അനേകർക്കുവേണ്ടി പാപമോചനത്തിന്നായി ചിന്തപ്പെടുന്ന പുതിയ നിയമത്തിലെ എന്റെ രക്തം" (മാർക്കോ: 14:24) "തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു". (യോഹ. 3:16).

**അഖിലസൃഷ്ടികൾക്കും വേണ്ടി ജീവനുള്ളതും വിവേക പൂർണ്ണവുമായ ഒരു ബലിയായി** അവൻ തന്നെത്താൻ തന്റെ പിതാവിന്നു അർപ്പിച്ചു.

www.malankaralibrary.com
Scanned by CamScanner

"പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായ ഈശോവിന്നും, ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹ രക്തത്തിന്നും അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നതു്". (എബ്രാ. 12:24)

**ഈ ബലിയിൽ അവൻ ലോകത്തെ ദൈവത്തോടു് നിരപ്പിക്കുകയും, മനുഷ്യർക്കും, മാലാഖന്മാർക്കും രക്ഷ കൈവരുത്തുകയും ചെയ്തു.**

"ശത്രുക്കളായിരിക്കുമ്പോൾ തന്നെ നമുക്കു് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു് നിരപ്പു് വന്നു." (റോമ. 5:10) "ഇരുപക്ഷത്തേയും തന്നിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിന്മേൽവെച്ചു് ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തേയും ഏക ശരീരത്തിൽ ദൈവത്തോടു് നിരപ്പിപ്പാനും തന്നെ". (എഫെ. 2:16) ,'ദൈവം ലോകത്തിനു് ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ മ്ശീഹായിൽ തന്നോടു് നിരപ്പിച്ചു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിക്കുകയും ചെയ്തു". (2 കൊരി. 5:19)

**മ്ശീഹാ ലോകത്തെ ദൈവത്തോടു് നിരപ്പിക്കുന്നതോടൊപ്പം, മാലാഖന്മാർക്കും മനുഷ്യർക്കും രക്ഷയെപ്രദാനം ചെയ്യുകയുമുണ്ടായി.**

**സർവ്വരുടേയും രക്ഷക്കു്വേണ്ടി മ്ശീഹാ ക്രൂശിൽ നിവൃത്തിച്ച ബലി, മുൻഅർപ്പിച്ച പ്രകാരം മാററം കൂടാതെ അങ്ങനെത്തന്നെ, എല്ലാമനുഷ്യർക്കും എല്ലാകാലങ്ങളിലും എല്ലാസ്ഥലത്തും ആവർത്തിക്കുക എന്നതു് അസാദ്ധ്യമാണെന്നു് താൻ കാണുകയാൽ, തന്റെ അനന്തമായ കൃപയാലും, കാരുണ്യത്താലും മഹത്തായ ദിവ്യ ജ്ഞാനത്താലും താൻ ഇപ്രകാരം ചെയ്തുകൊണ്ടു് അരുളി:**

"ലോകത്തിന്റെ ജീവന്നുവേണ്ടി താൻ ഒററിക്കൊടുക്കപ്പെട്ട ആ രാത്രിയിൽ അവൻ തന്റെ പാപരഹിതവും, പാവനവും, പരിശുദ്ധവുമായ കരങ്ങളിൽ അപ്പം എടുത്തു്, വാഴ്ത്തി, നുറുക്കി തന്റെ ശിഷ്യന്മാർക്കു് നല്കിക്കൊണ്ടു് ഇപ്രകാരം പറഞ്ഞു: പാപമോചനത്തിന്നായി ലോകത്തിന്റെ ജീവന്നുവേണ്ടി നുറുക്ക

www.malankaralibrary.com
Scanned by CamScanner

പ്പെടുന്നതായ എന്റെ ശരീരമാകുന്നു ഇതു്. അപ്രകാരം തന്നെ താൻ പാനപാത്രം വാഴ്ത്തി അവർക്കു നല്കിക്കൊണ്ടു് പറഞ്ഞു: പാപമോചനത്തിന്നായി അനേകർക്കു വേണ്ടി ചൊരിയപ്പെടുന്ന പുതിയ നിയമത്തിലെ എന്റെ രക്തമാകുന്നു ഇതു്. എല്ലാവരും ഈ അപ്പം ഭക്ഷിക്കുകയും, ഈ പാനപാത്രം കുടിക്കുകയും ചെയ്യിൻ. നിങ്ങൾ കൂടിവരുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുന്നവരാകുവിൻ". (1 കോരി. 11:23–26)

ഈ ദിവ്യകർമ്മവും, കല്പനയും മൂലം അപ്പം മ്ശീഹായുടെ വി. ശരീരമായും, വീഞ്ഞു് അവന്റെ വിലയേറിയ രക്തമായും മാറുന്നു.* സംശയലേശമെന്യേ സത്യവിശ്വാസത്തോടെ വി. കുർബ്ബാന കൈക്കൊള്ളുന്ന ഏവർക്കും പാപമോചനവും, വിശുദ്ധിയും, ദിവ്യജ്ഞാനവും, കുററങ്ങളുടെ പൊറുതിയും, മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനത്തിന്റെ മഹൽപ്രത്യാശയും, സ്വർഗ്ഗരാജ്യത്തിന്റെ അവകാശവും പുതുജീവനും ലഭിക്കുന്നു.

**നാം എപ്പോഴൊക്കെ ഈ വി. കൂദാശയെ സമീപിക്കുന്നുവോ അപ്പോഴെല്ലാം മ്ശീഹായുമായി സന്ധിക്കുകയാണു്.** വി കൂദാശയെ കൈക്കൊള്ളുന്ന സമയത്തു് നമ്മുടെ കൈകളിൽ മ്ശീഹായെ നാം സ്വീകരിച്ചു് ആശ്ലേഷിക്കുന്നു; **അതു് മൂലം നാം അവനുമായി ഐക്യം പ്രാപിക്കുന്നു;** നമ്മുടെ ശരീരങ്ങൾ അവന്റെ പരിശുദ്ധ ശരീരവുമായി സംയോജിക്കുന്നു; അവന്റെ വി. രക്തം നമ്മുടെ രക്തവുമായി ഒന്നിക്കുന്നു. സ്വർഗ്ഗത്തിലിരിക്കുന്നവനും, അതേ

---

*"മാറുന്നു" എന്ന പദം കൊണ്ടു് ഗ്രന്ഥകർത്താവു് ഭൗതിക വസ്തു മാററം (Physical change) അല്ല ഉദ്ദേശിക്കുന്നതു്; എന്നാൽ വി. കുർബ്ബാന കൈക്കൊള്ളുന്നവർക്കു് അനുഭവപ്പെടുന്ന പാപവിമോചന സിദ്ധി മൂലം ഈ വി. കൂദാശയിൽ ഉൾക്കൊള്ളുന്ന ദൈവശക്തിയെയാണു് അർത്ഥമാക്കുന്നതു്.

www.malankaralibrary.com
Scanned by CamScanner

സമയം ഭൂമിയിലെ സഭയിലുള്ളവനുമായ മ്ശീഹായുമായി ദിവ്യ ജ്ഞാനത്താൽ വിശ്വാസം മൂലം നാം ഏക ശരീരസ്ഥരാണെന്ന അനുഭവം ഉണ്ടാകുന്നു:

"നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം മ്ശീഹായുടെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം മ്ശീഹായുടെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ? അപ്പം ഒന്ന് ആക കൊണ്ട് പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ആ ഒരേ അപ്പത്തിന്റെ അംശികളാകുന്നുവല്ലോ?" (1 കൊരി. 10:16–18)

ഗോതമ്പപ്പത്തേയും, വീഞ്ഞിനേയുമാണ് ഈ വി. കൂദാശയ്ക്കു വസ്തുക്കളായി മ്ശീഹ കല്പിച്ചരുളിയിരിക്കുന്നത്. വി. ശരീരത്തിന്റേയും വി. രക്തത്തിന്റേയും പ്രാതിനിധ്യം വഹിപ്പാൻ ഏറ്റവും ഉചിതമായവ ഇവയാണെന്ന് അവൻ കരുതി. തന്റെ ജീവൻ നല്കുന്ന വചനം മൂലവും, പരിശുദ്ധാത്മാവിന്റെ ഇറക്കം വഴിയും ഇതിന്നു അനുവർത്തിക്കേണ്ട രീതി (തക്സ) താൻ നമുക്ക് നല്കുകയും ചെയ്തു.

---

## അദ്ധ്യായം 6

# കൂദാശ V-വി. പുളിപ്പ് (മൽയ്ക്ക)

പൌരസ്ത്യ സഭാ പ്രേഷിതന്മാരായ വാഴ്ത്തപ്പെട്ട വി. ശ്ലീഹന്മാർ മാർ തോമ, മാർ ബർത്തുൽമൈ, മാർ അദ്ദായ് എന്നിവരും, എഴുപതു് ശ്ലീഹന്മാരിൽ ഒരുവനായ മാർ മാറിയും, കർത്താവിന്റെ രണ്ടാം വരവ്‌വരെ തിരുശരീരമാകുന്ന കൂദാശാ ശുശ്രൂഷയു

www.malankaralibrary.com
Scanned by CamScanner

**ടെ പൂർത്തീകരണത്തിനു് കാത്തു് സൂക്ഷിച്ചുപയോഗിക്കുവാൻ അഖില പൌരസ്ത്യ സഭകൾക്കും ഏല്പിച്ചു കൊടുത്തതായ വസ്തുവാണു് വി. പുളിപ്പു് (മൽക്ക്ക). ***

ഈ പുളിപ്പിനെ മുൻ രേഖപ്പെടുത്തിയ ശ്ലീഹന്മാർ പൌരസ്ത്യർക്കു് ഏല്പിച്ച വസ്തുതയെ ചോദ്യംചെയ്യുന്ന ക്രിസ്തീയ വിഭാഗങ്ങളെ കണ്ടേയ്ക്കാം. അവർ തങ്ങളുടെ തർക്കത്തിന്നു അടിസ്ഥാനമാക്കുന്നതു്, ശ്ലീഹന്മാരുടെ തലവനായ പത്രോസു് ശ്ലീഹായും കൂട്ടുകാരും വി. പുളിപ്പിനെ പാശ്ചാത്യ സഭകൾക്കു് കൊടുത്തേൽപ്പി

---

*ഇശ്ബനിലെ ഇസ്ഹാക്ക് കശ്ശീശയുടെ ഗ്രന്ഥത്തിൽ നിന്നു്:

"ഒടുക്കത്തെ അത്താഴ സമയം നമ്മുടെ രക്ഷകൻ ശിഷ്യന്മാരിൽ ഓരോരുത്തനും ഓരോ അപ്പം വീതം നൽകിയിരുന്നു. എന്നാൽ യോഹന്നാൻ ശ്ലീഹക്കു് രണ്ടു് അപ്പംനൽകി. ഒന്നു് അപ്പോൾ ഭക്ഷിക്കുന്നതിന്നും മറ്റേതു് വി. പുളിപ്പിന്നു വേണ്ടി കരുതി വെക്കുന്നതിന്നും വേണ്ടിയായിരുന്നു ഇപ്രകാരംചെയ്തതു്. ഈ അപ്പത്തിന്മേൽ യോഹന്നാൻ ശ്ലീഹ വിലാവിൽ നിന്നൊഴുകിയ രക്തം പുരട്ടി സൂക്ഷിച്ചു് വെച്ചു.

ഉയിർത്തെഴുന്നേല്പിന്നു ശേഷം 40 ദിവസത്തോളം ഈശോ തങ്ങളോടുകൂടെ ഉണ്ടായിരുന്നപ്പോൾ തന്റെ തിരുവിലാവിൽ നിന്നു ഒഴുകിയ രക്തം പുരട്ടി സൂക്ഷിച്ചിരുന്ന അപ്പം വി. പുളിപ്പിന്നായി ഉപയോഗിക്കണമെന്നു കല്പിച്ചു. ശ്ലീഹന്മാർ അപ്രകാരം ചെയ്കയുമുണ്ടായി.

രക്ഷകന്റെ രക്തം പുരട്ടിയ പെസഹ അപ്പം പൊടിച്ചു് അതോടുകൂടി ഗോതമ്പുമാവും ഉപ്പും ചേർത്തു വർദ്ധിപ്പിച്ചു. ഇതിന്റെ ഓരോ ഭാഗം ഓരോ ശ്ലീഹയും വി. പുളിപ്പായി (മൽയ്ക്ക) ഉപയോഗിക്കുന്നതിന്നു വീതിച്ചെടുത്തു.

ഈ തിരുശേഷിപ്പാകുന്ന മൽയ്ക്ക പുതുക്കി വർദ്ധിപ്പിക്കുന്നതിനു പ്രത്യേകം ശുശ്രൂഷ നിശ്ചയിക്കയും ചെയ്തു."

ച്ചിട്ടില്ലല്ലോ എന്ന കാര്യത്തെയാണ്. താഴെ പറയും രീതിയിൽ അവർ തങ്ങളുടെ എതിർപ്പിനെ പ്രകടിപ്പിച്ച് വാദിക്കുന്നു:

"നിങ്ങൾ പറയുന്ന പ്രകാരം വി. പുളിപ്പിനെ നിങ്ങൾ ഉപേക്ഷിച്ചു എന്നത് വാസ്തവമാണെങ്കിൽ താഴെ പറയുന്ന രണ്ട് ഭവിഷ്യൽ ഫലങ്ങളിൽ ഒന്ന് സംഭവിച്ചേ തീരൂ: ഒന്നുകിൽ ശ്ലീഹന്മാർ സഭയെ കെട്ടിപ്പടുക്കുന്ന രീതിയിൽ ഒരേ അഭിപ്രായക്കാരായിരുന്നില്ല. ഇതു് ചിന്തിപ്പാൻ പോലും അരുതാത്തതാണ്; അതല്ലെങ്കിൽ വി. പുളിപ്പിനെ സംബന്ധിച്ച നിങ്ങളുടെ പാരമ്പര്യം വെറും കളവ്."

ഇതിനെ നിഷേധിക്കാനും എതിർത്തുകൊണ്ടുള്ള നമ്മുടെ മറുപടി ഇങ്ങനെ സംഗ്രഹിക്കാം: പൌരസ്ത്യർ, തങ്ങളുടെ ക്രൈസ്തവ സഭാരംഭം മുതൽ ഇന്നേവരേയും വിശ്വാസ സത്യങ്ങളെ ഒരു പരിശുദ്ധ നിധി എന്നപോലെ സംരക്ഷിച്ചു പോന്നിട്ടുണ്ട്. ശ്ലീഹന്മാരുടെ കാനോനകൾ അന്നുപോലും മാററം കൂടാതെ പൌരസ്ത്യ സഭ ആചരിച്ചു പോരുന്നു. പല രാജാക്കന്മാരിൽ നിന്നും നേരിടേണ്ടി വന്ന നിരവധി മർദ്ദനങ്ങളുടെ മദ്ധ്യത്തിലും, വിദേശ ശക്തികളുടെ ക്രൂരമായ അടിമനുകം മൂലം ഉണ്ടായ സമ്മർദ്ദങ്ങളുടെ അഗ്നിപരീക്ഷകളിലും അവർ തങ്ങളുടെ വിശ്വാസ പ്രമാണത്തേയോ കാനോനകളേയോ കടുകിടയ്ക്കു് മാററം വരുത്തീട്ടില്ല. കഷ്ടങ്ങൾ നിറഞ്ഞ ഒരു രാജ്യത്തിൽ, ഒരു ക്രിസ്തീയ രാജാവിന്റേയോ, സൈന്യാധിപന്റേയോ സഹായമോ പിന്തുണയോ ഇല്ലാതെ ഇടതടവില്ലാതെ നിത്യവും പീഡനങ്ങളും ശല്യങ്ങളും ഉപദ്രവങ്ങളും സഹിച്ചുകൊണ്ടിരുന്ന ഒരു സാഹചര്യത്തിൽ, വിശുദ്ധ പുളിപ്പിനെ സംബന്ധിച്ചതടക്കം ശ്ലീഹന്മാരിൽ നിന്നു് ലഭിച്ച കാനോനകൾ അനുസരിച്ചാചരിക്കുന്നതിനു് ഈ ക്രിസ്തീയ സഭ സഹിക്കേണ്ടിവന്നിട്ടുള്ള മുൻകരുതലുകളും അതിനുവേണ്ടി നിരന്തരം സഹിക്കേണ്ടി വന്നിട്ടുള്ള ക്ലേശങ്ങളും; പൌരസ്ത്യ സഭയെ സംബന്ധിച്ച് നിഷ്കൃഷ്ടമായി പഠിച്ചറിഞ്ഞവർക്കെല്ലാം സുവിദിതമാണ്. ഈ വിശുദ്ധ പുളിപ്പ് ശ്ലീഹന്മാരിൽനിന്നു് പാരമ്പര്യമായി ലഭി

ച്ചിരുന്നതു് അല്ലായിരുന്നുവെങ്കിൽ അവർ അതിനേയും, സത്യവിശ്വാസത്തേയും സംരക്ഷിക്കുന്നതിനു് ഇത്രമാത്രം കഷ്ടങ്ങളും അഗ്നിപരീക്ഷകളും തീർച്ചയായും സഹിക്കയില്ലായിരുന്നു. പത്രോസ് ശ്ലീഹായേയും, പാശ്ചാത്യ ദേശത്തു സഭ സ്ഥാപിച്ച വിശുദ്ധന്മാരായ മററ ശ്ലീഹന്മാരേയും ആസ്പദമാക്കി പാശ്ചാത്യ സഭ വലിച്ചിഴച്ചു് കൊണ്ടുവരുന്ന വാദമുഖങ്ങളെ നാം താഴെ പറയും പ്രകാരം ശക്തിയായി ഖണ്ഡിക്കുന്നു:

> പാശ്ചാത്യക്കു് തങ്ങളുടെ വി. ശ്ലീഹന്മാർ വി. പുളിപ്പു് തീർച്ചയായും നല്കുക തന്നെ ചെയ്തിട്ടുണ്ടെന്നു് ഞങ്ങൾ ഉറപ്പിച്ചു് പറയുന്നു; പാഷാണ്ഡ മതത്തെ പിൻതുടർന്നിരുന്ന തങ്ങളുടെ രാജാക്കന്മാരുടെ ഇച്ഛക്കു് പാശ്ചാത്യ സഭ അടിയറവു് പറഞ്ഞു് ശ്ലീഹന്മാർ ഏല്പിച്ച സത്യവിശ്വാസത്തേയും, കാനോനകളേയും മാററി മറിച്ചതോടുകൂടി വി. പുളിപ്പിൻെറ കാനോനകളേയും അട്ടിമറിച്ചു അശുദ്ധമാക്കയാണു് ഉണ്ടായിട്ടുള്ളതു്

ഈ പ്രസ്താവത്തിനു തെളിവായി താഴെ പറയുന്നതു് ശ്രദ്ധിക്കുക:

> വാദം അനുസരിച്ചു് പാശ്ചാത്യർ എല്ലാവരും ഒരേ പാരമ്പര്യം പിന്തുടരേണ്ടവരല്ലയോ? എന്നാൽ വാസ്തവം അതല്ല; പശ്ചിമ യൂറോപ്പിലുള്ളവർ പുളിപ്പില്ലാത്ത അപ്പവും, അതേസമയത്തു് റോമോ ഗ്രീക്കുകാർ പുളിപ്പുള്ള അപ്പവും, വി. കുർബ്ബാനയിൽ അർപ്പിക്കുന്നില്ല.

ഇതെന്തുകൊണ്ടു്? പാശ്ചാത്യരുടെ വി. ശ്ലീഹന്മാർ രണ്ടു് തരത്തിലുള്ള പാരമ്പര്യം അവർക്കു് കൊടുത്തേല്പിച്ചുവോ? തീർച്ചയായും ഇല്ല. പിന്നെ എന്തു്? മറെറാന്നുമല്ല, **വി. ശ്ലീഹന്മാർ തങ്ങളെ ഏല്പിച്ച സത്യവിശ്വാസത്തേയും, വി. പുളിപ്പിൻേറതടക്കമുള്ള കാനോനകളേയും പാശ്ചാത്യർ മാററിമറിച്ചു് അശുദ്ധമാക്കിയിരിക്കയാണു്. പൌരസ്ത്യരോ അങ്ങനെ ചെയ്തിട്ടില്ല.**

---

www.malankaralibrary.com
Scanned by CamScanner

# അദ്ധ്യായം 7

# കൂദാശ VI- മാനസാന്തരവും വി. പാപമോചനവും (ഹൂസായ)

മനുഷ്യപ്രകൃതം പാപപ്രവണതയുള്ളതും, എളുപ്പത്തിൽ തെററി ലേക്ക വഴുതിവീഴുന്നതുമാകുന്നു. ആത്മീയരോഗം ബാധിക്കാത്ത ഒരുവനും ഉണ്ടാകാൻ സാദ്ധ്യമല്ല എന്ന സ്ഥിതിവിശേഷമാണ് മനുഷ്യത്വത്തിനുള്ളതു്. ഇക്കാരണത്താലത്രെ, സൌജന്യമായി സൌഖ്യം നൽകുന്നതിന്നുള്ള അധികാരം പൌരോഹിത്യത്തിന്നു നല്കിയിരിക്കുന്നതു്:

> "നിങ്ങാം ഒരു മനുഷ്യന്നു് അവൻെറ പാപങ്ങാംക്കു് മോചനം നൽകുന്നുവെങ്കിൽ അവ മോചിക്കപ്പെട്ടിരിക്കും" (യോഹ 20:23); "രോഗികാംക്കല്ലാതെ സൌഖ്യമുള്ളവക്കു് വൈദ്യനെക്കൊണ്ടു് ആവശ്യം ഇല്ലല്ലൊ". (മത്താ 9:12); "ഞാൻ നീതിമാന്മാരെയല്ല എന്നാൽ പാപികളെയത്രെ മാനസാന്തരത്തിലേക്കു് വിളിക്കാൻ വന്നതു്" (മത്താ. 9:13).

മുടിയനായ പുത്രൻ (ലൂക്ക 15:11–32), കാണാതെപോയ ആടു് (ലൂക്ക 15:3–7), രണ്ടു് കടക്കാർ (ലൂക്ക 7:41), ഈ മൂന്നു് ഉപമകളും മേലെഴുതിയ വസ്തുതകാംക്കു് ഉപോൽബലകമായി ഇവിടെ ഉദ്ധരിക്കാവുന്നതാണു്. ഈ ഉപമകാം ദൈവരാജ്യത്തിലേക്കു് നയിക്കുന്ന മാനസാന്തരത്തിൻെറ കവാടം പാപികാംക്കു് തുറന്നുകൊടുത്തു് സ്വർഗ്ഗീയാനന്ദത്തിൽ അവരെ പങ്കു് ചേർക്കുന്നതിന്നു് ഉദ്ദേശിച്ചുകൊണ്ടുള്ളതാകയാൽ പാപികളുടെ പ്രത്യാശ വദ്ധിക്കുന്നതിന്നു് ഉതകുന്നവയാണു്. ഇവയിൽ അന്തർലീനമായിക്കിടക്കുന്ന ആദർശത്തെ ഉദാഹരിക്കുന്നതിന്നു് (1) കുരിശിലെ കള്ളൻെറയും, (2) ചുങ്കക്കാരൻേറയും (3) പാപിയായിരുന്ന സ്ത്രീയുടേ

യും, (4) മ്ശീഹായുടെ സഭയെ പീഡിപ്പിച്ച ശൗൽ എന്ന പൗലൂസിൻേറയും, (5) മ്ശീഹായെ തള്ളിപ്പറഞ്ഞ ശിമെഓൻ പത്രോസിൻേറയും സംഭവങ്ങൾ എടുത്തു കാണിക്കാവുന്നവയാണ്. ആകയാൽ, വിശ്വാസികൾ തങ്ങളുടെ മനുഷ്യപ്രകൃതത്തിൻെറ ബലഹീനത നിമിത്തം നീതിയുടെ നേർപാതയിൽ സഞ്ചരിക്കുന്നതിന്നു സാധിക്കാതെ തെററി ഉഴന്നു വീഴുകയും പാപം അവരുമേൽ കർത്തൃത്വം നടത്തുന്നതിന്നു കാരണമാകുകയും ചെയ്യുമ്പോൾ അവർ "മ്ശീഹായുടെ ചികിത്സാകേന്ദ്രം" അന്വേഷിച്ചു കണ്ടെത്തുകയും, അവരുടെ രോഗങ്ങളെ ആത്മീയവൈദ്യന്മാർക്കു മുമ്പാകെ തുറന്നു കാണിക്കുകയും ചെയ്യുന്നു.

മാനസാന്തര പ്രായശ്ചിത്തമാകുന്ന മാർഗ്ഗത്തിൽ കൂടെ അവർക്കു ആത്മീയ വൈദ്യന്മാർ പാപമോചനവും ആത്മസൌഖ്യവും നല്കുന്നു. ആയതു ലഭിച്ചതിന്നു ശേഷം മാത്രമെ, ദിവ്യപരിശുദ്ധി നേടിയ അവർക്കു വി. കർബ്ബാനയാകുന്ന കർത്തൃവിരുന്നിൽ ചെന്നു പങ്കു ചേരുവാൻ അവകാശമുള്ളൂ.

പ്രസിദ്ധ പണ്ഡിതനായ മാർ നർസൈ * ഇതിനോടനുബന്ധമായി നല്കുന്ന താക്കീതു നാം ശ്രദ്ധിക്കുക:

"മാനസാന്തരം എന്ന ഒററമൂലികയെ നമ്മുടെ കർത്താവു സഭയിലെ പുരോഹിതന്മാരായ വിദഗ്ദ്ധ വൈദ്യന്മാരെ ഏല്പിച്ചിരിക്കുന്നു. ആകയാൽ, ആരെങ്കിലും സാത്താൻ മൂലം പാപരോഗത്തിൻെറ കെണിയിൽ പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ചെന്നു ഏററവും ഉത്തമ വൈദ്യന്മാരായി വർത്തിക്കുന്ന മ്ശീഹായുടെ ശിഷ്യ

---

* ക്രിസ്താബ്ദം 5-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന അതിപ്രശസ്തനും, പണ്ഡിതനും, പൌരസ്ത്യസഭാംഗവുമായ ഒരു സാഹിത്യകാരനാണു മാർ നർസൈ. അദ്ദേഹത്തിൻെറ കൃതിയിൽനിന്നും ഉദ്ധരിച്ചിട്ടുള്ള ഈ ഭാഗം ഹൂദ്രയിൽ, നിനെവെക്കാരുടെ ബാവൂത്തയാകുന്ന മൂന്നു നോയമ്പിൻെറ ആദ്യദിവസപ്രാർത്ഥനാശുശ്രൂഷയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

www.malankaralibrary.com
Scanned by CamScanner

ന്മാരായ പുരോഹിതന്മാർക്ക് മുമ്പാകെ തങ്ങളുടെ പാപവ്രണങ്ങളെ കാണിക്കട്ടെ; ആത്മീയ ഔഷധത്താൽ സൌഖ്യം പ്രാപിക്കയും ചെയ്യട്ടെ".

ഇക്കാര്യങ്ങൾ, ലോകരീതി പ്രകാരമല്ല, എന്നാൽ സത്യവിശ്വാസത്തോടെ ചെയ്യുന്നുവെങ്കിൽ ഫലസിദ്ധി നിശ്ചയമാണ്. വൃത്തികെട്ട രീതിയിൽ പണം സമ്പാദിക്കുന്നതിന് ചില അധമന്മാർ ഈ വി. കൂദാശയെ ഒരു വ്യാപാരച്ചരക്കാക്കി വിററ് ആദായമുണ്ടാക്കുവാൻ ഉപയോഗിക്കയാണെങ്കിൽ ആയതു് കഷ്ടാൽ കഷ്ടതരം തന്നെ!!! എന്തെന്നാൽ,

"വിശ്വാസത്തിൽനിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപമത്രെ" (റോമ 14:23.)

---

# അദ്ധ്യായം 8 *

## കൂദാശ VII-ജീവൻ നൽകുന്ന സ്ലീവാടയാളം

**ആത്മീയ മക്കളെ അനവരതം സംരക്ഷിക്കുന്നതു് ജീവൻ നല്കുന്ന സ്ലീവാടയാളമാണ്** (1 കൊരി 1: 18) എല്ലാ കൂദാശകളും അതിനാലാണ് മുദ്രയിടപ്പെടുകയും പൂർണ്ണമാക്കപ്പെടുകയും ചെയ്യുന്നതു്.

---

* മൂലഗ്രന്ഥത്തിൽ എട്ടാം അദ്ധ്യായം 'വിവാഹവും കന്യാത്വവും' ആണു്. അത് ഒമ്പതാം അദ്ധ്യായമായാണു് ഇതിൽ ചേർത്തിരിക്കുന്നത്. എന്നാൽ ഇതിലെ എട്ടാം അദ്ധ്യായമായ 'സ്ലീവാടയാളം', മൂലഗ്രന്ഥത്തിലെ Part IV അദ്ധ്യായം ഒന്നിൽ നിന്നും, Part V അദ്ധ്യായം രണ്ടും കൂട്ടിച്ചേർത്തുള്ളതാണു്. വിഷയാനുക്രമണികയുടെ സൌകര്യാർത്ഥം ചെയ്യേണ്ടി വന്നതാണിത്.

www.malankaralibrary.com
Scanned by CamScanner

## സ്ലീവാരാധന:

മ്ശീഹായിലെ ദൈവത്വം നിമിത്തമാണ് അവിടുത്തെ മനുഷ്യത്വത്തെ നാം ആരാധിക്കുന്നതു്; സ്ലീവവഴിയായി നാം നമ്മുടെ രക്ഷകനായ ദൈവത്തെ ആരാധിക്കുന്നു. "ക്രൂശിതൻ" എന്നതാണ് "സ്ലീവ" എന്ന സുറിയാനി പദത്തിന്റെ അർത്ഥം. സ്ലീവ മരംകൊണ്ടോ വെള്ളികൊണ്ടോ മറ്റേതൊരു വസ്തുകൊണ്ടോ നിർമ്മിച്ചതായാലും അതുണ്ടാക്കിയ വസ്തുവിനല്ല പ്രാധാന്യം; എന്നാൽ ആ അടയാളത്തിനും അതിൽ അന്തർലീനമായ തത്വത്തിനുമാണ്. **സർവ്വർക്കും സാർവ്വത്രിക രക്ഷയും പുതുക്കവും സ്ലീവയാൽ-ക്രൂശിതനായ മ്ശീഹായാൽ ലഭിച്ചിരിക്കുന്നു** എന്ന പ്രഖ്യാപനം ക്രിസ്തീയത്വത്തിന്റെ മഹത്തായ അടിത്തറയാകുന്നു. നാം ഉപയോഗിച്ചു കൊണ്ടിരിക്കുന്ന നമ്മുടെ **രക്ഷകന്റെ ഈ അടയാളം (സ്ലീവ) മ്ശീഹായുടെ രണ്ടാം വരവിനു മുമ്പേ ആകാശത്തിൽ പ്രത്യക്ഷപ്പെടും** എന്നു കർത്താവ് തന്നെ മുൻകൂട്ടി നമ്മോടരുളിച്ചെയ്തിരിക്കുന്നു. (മത്താ 24:30) ആകയാൽ, നാം നമ്മുടെ രക്ഷയുടെ സ്ലീവാടയാളത്തെ കാണുമ്പോഴെല്ലാം **നമ്മുടെ പാപമോചനത്തിനും സർവ്വസൃഷ്ടികളുടേയും പുതുക്കത്തിനും വേണ്ടി നമ്മുടെ രക്ഷകൻ ക്രൂശിതനായി കിടക്കുന്നതിനെ നമ്മുടെ ഹൃദയക്കണ്ണുകൾക്കു മുമ്പാകെ ദർശിക്കുന്നു; നാം നന്ദിയോടും ഭക്തിയോടും കൂടെ സ്ലീവയ്ക്കു ആരാധന അർപ്പിക്കയും ചെയ്യുന്നു.** സ്ലീവയെ ഉണ്ടാക്കീട്ടുള്ള വസ്തുവുമായി ഈ ആരാധനക്കു യാതൊരു ബന്ധവും ഇല്ല. സ്ലീവാടയാളം വഴി ഹൃദയക്കണ്ണുകൾകൊണ്ടു നാം ദർശിക്കുന്ന ക്രൂശിതനെയാണ് നാം വന്ദിക്കുന്നതു്. സർവ്വത്തിനും ഉപരിയായി, നമുക്കുവേണ്ടി **സ്വപുത്രനെ ക്രൂശിൽ** ഒരു

www.malankaralibrary.com
Scanned by CamScanner

**ബലിയായി നല്കിയ ദൈവത്തെ നാം ഇതു് മൂലം ആരാധിക്കുന്നു.** സ്വപുത്രന്റെ ക്രൂശുമരണത്താൽ ദൈവം, നാം തീർത്തും അയോഗ്യരായിരിക്കെ, നമുക്കു് രക്ഷയും പുതുക്കവും സ്വർഗ്ഗരാജ്യത്തിൽ നിത്യ ജീവനും നല്കി.

> "നാം ശത്രുക്കളായിരിക്കുമ്പോൾ തന്നെ നമുക്കു് സ്വപുത്രന്റെ മരണത്താൽ ദൈവത്തോടു് നിരപ്പു് വന്നു എങ്കിൽ നിരന്ന ശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും." (റോമ. 5:10)

ജീവൻ നല്കുന്ന സ്ലീവാടയാളത്താൽ ശ്ലീഹന്മാർ അത്ഭുതങ്ങൾ പ്രവർത്തിച്ചു; പൌരോഹിത്യ കൈവെപ്പുകൾ നല്കി; സഭയുടെ എല്ലാ കൂദാശകളും പരിപൂരിതമാക്കുകയും ചെയ്തു. ശ്ലീഹന്മാരിൽ നിന്നു് പാരമ്പര്യമായി അവരുടെ പിന്തുടർച്ചക്കാർക്കു് ഇവയുടെയെല്ലാം സ്ഥിരീകരണം ലഭിക്കയും ചെയ്തിരിക്കുന്നു. ആകയാൽ, ഇപ്രകാരം പ്രഖ്യാപിക്കുന്നതിനു് ശ്ലീഹന്മാർ നമ്മെ പഠിപ്പിച്ചിരിക്കയാണു്.

> "ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്കു് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയുമാകുന്നു." (1 കോരി. 1: 18)

www.malankaralibrary.com
Scanned by CamScanner

# അദ്ധ്യായം 9

# വിവാഹവും കന്യാത്വവും

[“വി. പുളിപ്പ്” കൈവശമില്ലാത്ത ചില ക്രിസ്ത്യാനികൾ മ്ശീഹായുടെ കല്പനയനുസരിച്ചാണെന്നപോലെ ഏഴാമത്തെ കൂദാശയായി “വിവാഹ”ത്തെ കണക്കാക്കുന്നു. ഒരു സ്ഥാനത്തിരിക്കുന്ന ആൾ മരിക്കുമ്പോൾ അഥവാ ഒഴിഞ്ഞുപോകുമ്പോൾ മറ്റൊരാളെ ആ സ്ഥാനത്തേക്ക് ഉയർത്തുന്നതുപോലെയാണിതു്.]

കുടുംബത്തിന്നു് വേണ്ടി കരുതുന്നതിന്നും പ്രയത്നിക്കുന്നതിന്നും, യാതൊരു വക പിറുപിറുപ്പോ വിരസതയോ കൂടാതെ ദൈവഭയത്തിൽ മക്കളെ വളർത്തുന്നതിന്നും, മററുള്ളവർക്ക് അവകാശപ്പെട്ടതിലേക്ക് കണ്ണുകൾ പാഞ്ഞുപോകാതിരിക്കുന്നതിന്നും **മ്ശീഹ നിശ്ചയിച്ച് നല്കീട്ടുള്ളതാണ് വിവാഹം. ഇതിനെ തിരുവെഴുത്ത് പരിശുദ്ധമായ ഒരു അവസ്ഥാവിശേഷമായി വിവരിച്ചിരിക്കുന്നു.**

> “വിവാഹം എല്ലാവർക്കും ബഹുമാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ.” (എബ്രാ. 13:4)

വി. പൌലോസ് ശ്ലീഹാ വിവാഹ ബന്ധത്തെ ഇഹലോകാതീതമായ ഒരു രഹസ്യമായി ചിത്രീകരിച്ചിരിക്കുന്നു:

> “ഇതു് മഹത്തായ ഒരു രഹസ്യമാകുന്നു; ഞാൻ മ്ശീഹായേയും സഭയേയും ഉദ്ദേശിച്ചത്രെ പറയുന്നതു്.” (എഫെ. 5:32)

പരസംഗം ഹേതുവായല്ലാതെ വിവാഹ ബന്ധം വിച്ഛേദിക്കുന്നതു് നിയമവിരുദ്ധമാണു്. മന്ത്രവാദം, വിശ്വാസത്യാഗം 1കൊരി 7:10_18), കൊലപാതകം ഇങ്ങനെ മൂന്നായി തരംതിരിച്ചിട്ടുള്ള ആത്മപാതകങ്ങളെ വിവാഹ മോചനത്തിനുള്ള കാരണ

www.malankaralibrary.com Scanned by CamScanner

ങ്ങളായി കരുതുന്നുണ്ട്. അപ്രകാരം തന്നെ ശരീരപാതകങ്ങളെപ്പററിയും തിരുവെഴുത്ത് പറയുന്നത് ശ്രദ്ധേയമാണ്:

> "പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെക്കൊണ്ട് വ്യഭിചാരം ചെയ്യിക്കുന്നു. ഉപേക്ഷിച്ചവളെ ആരെങ്കിലും വിവാഹം കഴിച്ചാൽ വ്യഭിചാരം ചെയ്യുന്നു."
> (മത്താ. 5:32)

**കന്യാത്വത്തെപ്പററി** ദൈവഭവനത്തിന്റെ കാര്യവിചാരകനായ പൌലൂസ്ശ്ലീഹാ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

> "കന്യകമാരെക്കുറിച്ച് എനിക്ക് കർത്താവിന്റെ കല്പനയില്ല." (1 കൊരി 7:25)

കർത്താവിന്റെ കല്പന വിവാഹത്തോട് ബന്ധപ്പെട്ടിട്ടുള്ളവരോടാണ്. എന്നാൽ ആരെങ്കിലും തന്റെ കന്യാത്വം അഥവാ ബ്രഹ്മചര്യം കാക്കുന്നതിന്നാഗ്രഹിക്കയും, ഈശോമ്ശിഹ, യോഹന്നാൻ മാംദാന, ഏലിയാപ്രവാചകൻ, പൌലൂസ്ശ്ലീഹ എന്നിവരെ പിന്തുടരാൻ ഉദ്ദേശിക്കയും ചെയ്യുന്നുവെങ്കിൽ അങ്ങനെ ചെയ്യാൻ ആ ആളെ അനുവദിക്കാവുന്നതാണ്. ആയതു് പ്രത്യേകാനുമതിയോടുകൂടെ ആയിരിക്കുന്നതാണ് നല്ലതു്; കാരണം ദൈവത്തിങ്കൽ നിന്നു് അതിന്നു് പ്രത്യേകം കല്പനയില്ലല്ലോ. അതിന്നും പുറമെ; **ഒരുവൻ വിവാഹിതനാകാതെയിരിക്കുന്നതു്, വിവാഹം അവിശുദ്ധവും നിന്ദ്യവുമായ ഒന്നായി കണക്കാക്കുന്നതു കൊണ്ടാണെങ്കിൽ ആയതു് നിഷിദ്ധമാണ്.** എന്നാൽ വിവാഹം അവന്റെ മേൽ ചുമത്തുന്ന പ്രാരബ്ധങ്ങൾ—അതായതു് ആൾക്കൂട്ടത്തിൽചെന്നു് സംസാരിച്ച് വ്യാപാരാദികൾ ചെയ്യുക, വൈരുദ്ധ്യങ്ങൾ നിറഞ്ഞ നഗര ജീവിതത്തിലെ വൈഷമ്യങ്ങളെ അഭിമുഖീകരിക്കുക, ഭാരപ്പെട്ട വിവാഹജീവിതനുകം നൽകുന്ന വർദ്ധിതമായ പ്രയാസങ്ങളെ നേരിടുക, ലോകത്തിന്റെ വിവധ തരത്തിൽപ്പെട്ട അനേകം കെട്ടുപാടുകളോടു മല്ലിടുക എന്നിവ—അവന്റെ ആത്മീയവളർച്ചക്ക് വിഘാതമാക

മെന്നു് അവൻ ഭയപ്പെടുന്നുവെങ്കിൽ വിവാഹം കൂടാതെയുള്ള ജീവിതാഭിലാഷത്തിന്നു് അല്പം ന്യായമായ കാരണമായി കണക്കാക്കാം. സത്യത്തിലധിഷ്ഠിതമായ തക്ക കാരണങ്ങളില്ലാതെ അവിവാഹിത ജീവിതത്തിന്നു് നേരുന്നവൻ തത്വത്തിലും പ്രയോഗത്തിലും ഒരു ആത്മീയ മാലാഖയെപ്പോലെ ജീവിതം നയിക്കുന്നില്ലെങ്കിൽ അവനെ അയഞ്ഞ ജീവിതം നയിക്കുന്ന ഒരു ആത്മനിയേക്കാളും അധമനായി കണക്കാക്കണം. അവിവാഹിത ജീവിതത്തിന്നു് നേരുന്നവൻ ഈ വാക്യം പ്രത്യേകം ശ്രദ്ധിക്കട്ടെ:

"അങ്കം പൊരുതുന്നവൻ ഒക്കെയും സകലത്തിലും
വർജ്ജനം ആചരിക്കുന്നു." (1 കോരി. 9:25)

www.malankaralibrary.com
Scanned by CamScanner

# PART V

# വരും ലോകത്തെപ്പററി യുള്ള സിദ്ധാന്തം

## അദ്ധ്യായം 1

## കിഴക്കോട്ട് തിരിഞ്ഞു നിന്നുള്ള ആരാധന

ശ്ലൈഹിക കാനോൻ അനുസരിച്ചുള്ള ചട്ടമാണ് കിഴക്കോട്ട് തിരിഞ്ഞു നിന്നുള്ള ആരാധന. നമ്മുടെ കർത്താവീശോമ്ശീഹായുടെ തന്നെ ഒരു വാക്യം ഇതിന്ന് ആധാരമായി ചൂണ്ടിക്കാണിക്കുന്നു:

> "മിന്നൽ കിഴക്കു നിന്നു് പുറപ്പെട്ട് പടിഞ്ഞാറോളം വിളങ്ങും
> പോലെ മനുഷ്യപുത്രന്റെ വരവ് ആകും". (മത്താ. 24:27)

വീണ്ടും കർത്താവ് ഇപ്രകാരം അരുളി:

> "ആ നാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആരും
> സ്വർഗ്ഗത്തിലെ മാലാഖമാരും, പുത്രനും കൂടെ അറിയുന്നില്ല.
> (മാർക്കോ. 13:32)

ആകയാൽ കർത്താവിന്റെ രണ്ടാം ആഗമനത്തിൽ മിന്നൽ തിളക്കത്തിന്റെ വാഗ്ദത്തത്തിന്നായി നമ്മുടെ മുഖങ്ങൾ കിഴക്കോട്ട് തിരിച്ച് ജാഗ്രതയോടെ

www.malankaralibrary.com
Scanned by CamScanner

കാത്തിരിക്കേണ്ടതു ഒരത്യാവശ്യമാണ്. ഇതുനിമിത്തം
സഭ ഇതൊരു ചട്ടമായി സ്വീകരിച്ചു. ഈ ചട്ടം രണ്ടു് വഴിക്ക്
നമുക്ക് പ്രയോജനപ്രദമാകുന്നു: ഒന്നാമത്, അന്ത്യദിനത്തെ
പ്പറ്റിയും വരുവാനുള്ള ന്യായവിധിയെപ്പറ്റിയും ഇതു
നമ്മുടെ ഓർമ്മയെ ഉദ്ദീപിപ്പിക്കുകയും തിന്മ ചെയ്യുന്നതിൽ നിന്നു്
നമ്മെ വിലക്കുകയും ചെയ്യുന്നു; രണ്ടാമത്, കിഴക്ക് സ്ഥി
തി ചെയ്യുന്ന പർദൈസായെ (പർദൈസയാണല്ലോ ആദ്യ
മനുഷ്യന്റെ പൂർവ്വാശ്രമം, അവിടെ നിന്നാണല്ലോ പാപം
നിമിത്തം മനുഷ്യനെ പുറത്തേയ്ക്കോട്ടിയോടിച്ചതു്) ഓർക്കുവാനും
മാനസാന്തരത്തിൽ അഭയം പ്രാപിപ്പാനും ഈ ചട്ടം നമ്മെ സഹാ
യിക്കുന്നു.

പാരമ്പര്യത്തെ പരിഗണിച്ച് മാർ അപ്രേം അദ്ദേഹത്തിന്റെ
തിരുവെഴുത്ത് വ്യാഖ്യാനങ്ങളിൽ ഇപ്രകാരം പറയുന്നു: വി. ക
ന്യക മറിയത്തിന്നു് ഗബ്രിയേൽ മാലാഖ പ്രത്യക്ഷ
പ്പെട്ടതു് കിഴക്കു് നിന്നായിരുന്നു; മാലാഖ അവളെ അഭി
സംബോധന ചെയ്തു് "കൃപ നിറഞ്ഞവളെ നിനക്കു് വന്ദനം"
എന്നരുളിയപ്പോൾ അവന്റെ വന്ദന സ്വരത്തെ കേട്ടു് അവൾ
ആരാധന അർപ്പിച്ചതു് കിഴക്കോട്ടു് തിരിഞ്ഞുകൊണ്ടായിരുന്നു.
നമ്മുടെ കർത്താവു് സ്വർഗ്ഗാരോഹണം ചെയ്ത സമയത്തു് അവിടുത്തെ
മുഖം പടിഞ്ഞാറോട്ടു തിരിഞ്ഞാണു് നിന്നിരുന്നതു്; ഇതും അവി
ടുത്തെ രണ്ടാം ആഗമനത്തെ സംബന്ധിച്ചിടത്തോളം ശ്രദ്ധേയ
മായ ഒരു വസ്തുതയാണു്. കർത്താവിന്റെ മുൻഭാഗത്തു് നിന്നിരുന്ന
ശിഷ്യന്മാർ അവിടുത്തെ ആരോഹണം നോക്കിക്ക
ണ്ടതും അവിടുത്തെ ആരാധിച്ചതും കിഴക്കോട്ടു്
തിരിഞ്ഞു കൊണ്ടാണു്. മാലാഖന്മാർ ശിഷ്യന്മാരോടു്
ഇപ്രകാരമാണു് പറഞ്ഞതു്:

"നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ ഈശോവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെതന്നെ അവൻ വീണ്ടും വരും"
(അ. പ്ര. 1:11.)

ആദിമ തിരുവെഴുത്ത് വ്യാഖ്യാതാക്കൾ ഇതിനെപ്പററി കൂടുതലായി ഇപ്രകാരം പറഞ്ഞിരിക്കുന്നു: ദൈവം ഏഴ് മൂലധാതുക്കളെ ആദ്യ ദിവസം ശബ്ദം കൂടാതെ സൃഷ്ടിച്ചു. അനന്തരം ദൈവം തൻെറ ശബ്ദം ആദ്യമായി പുറത്തുവിട്ടു:

"വെളിച്ചം ഉണ്ടാകട്ടെ". (ഉല്പ. 1:3)

തങ്ങൾക്ക് ഒരു സ്രഷ്ടാവ് ഉണ്ട് എന്ന് അതുവരെ അറിയാതിരുന്ന മാലാഖമാർ ദൈവത്തിൻെറ ശബ്ദമാത്രയിൽ കല്പന പ്രകാരം സംഭവിക്കുന്നത് കണ്ട് തങ്ങളെ സൃഷ്ടിച്ചതും ഈ സംസാരിക്കുന്ന ദൈവം തന്നെയാണ് എന്നും അവിടുന്ന് എല്ലാററിൻേറയും സ്രഷ്ടാവാണെന്നും മനസ്സിലാക്കി.

"വെളിച്ചമുണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു വെളിച്ചം ഉണ്ടായി." (ഉല്പ 1:3)

**വെളിച്ചം പ്രത്യക്ഷപ്പെട്ട അതേ നിമിഷത്തിൽ എല്ലാ മാലാഖമാരും ആ വെളിച്ചം ഉദിച്ച ഭാഗത്തേക്ക് നോക്കി പ്രഥമ ആരാധന അർപ്പിച്ചു; വെളിച്ചം കിഴക്ക് ഭാഗത്ത് നിന്നാണ് ഉദിച്ചതെന്ന് വ്യക്തമാണല്ലോ.** ഇതിനെ അനുകരിച്ചുകൊണ്ടാണ് ഇയ്യോബ് ദൈവത്തിൻെറ സൃഷ്ടികർമ്മത്തെപ്പററി ഇപ്രകാരം പാടുന്നത്:

"പ്രഭാത നക്ഷത്രത്തെ ഞാൻ സൃഷ്ടിച്ചപ്പോൾ എൻെറ എല്ലാ മാലാഖമാരും എനിക്ക് ആരാധന അർപ്പിച്ച് എന്നെ മഹത്വപ്പെടുത്തി." (ഇയ്യോബ് 38:7)

---

www.malankaralibrary.com
Scanned by CamScanner

## അദ്ധ്യായം 2 *

# ഞായറാഴ്ചയും കർത്താവിന്നടുത്ത പെരുന്നാളുകളും

**ഞായറാഴ്ച ആചരിക്കണമെന്നത് അപ്പോസ്തലിക കാനോനയാകുന്നു.** (അ. പ്ര. 3:1-2; 2:14, 42, 43) ഈ മഹത്തായ ദിവസമാണ് നമ്മുടെ ദിവ്യരക്ഷകൻ മരിച്ചവരുടെ ഇടയിൽ നിന്നു് ഉയിർത്തെഴുന്നേററതു്. അവിടുത്തെ ഉയിർപ്പിന്റെ തെളിവു അവിടുന്നുതന്നെ പ്രത്യക്ഷനായി നമുക്കുനല്കി; മാത്രമല്ല കർത്താവിന്റെ ഉയിർപ്പു പൊതുവെ നമ്മുടെ ഉയിർപ്പിന്റേയും നിത്യജീവന്റെയും വ്യക്തമായ പ്രമാണമായി പരിണമിച്ചു; ഇതു് അവിടുത്തെ സൃഷ്ടിക്കു അനന്തമായ ആനന്ദം നല്കുകയും ചെയ്തു. **ആഴ്ചയിലെ ആദ്യ ദിവസമായ ഞായറാഴ്ച സൃഷ്ടിയുടെ ആദ്യജാതൻ ഉയിർത്തെഴുന്നേറ്റതുപോലെ ആദ്യ മനുഷ്യനായ ആദാമിൻ വർഗ്ഗത്തിന്റെ പൊതു ഉയിർത്തെഴുന്നേല്പും അവസാനദിനമായ ഞായറാഴ്ചയായിരിക്കുമെന്നു് സഭ പൊതുവെ വിശ്വസിക്കുന്നു.** വെളിപ്പെടാനിരിക്കുന്നതും ഔപചാരിക ആരംഭം കൊണ്ടു് ആരംഭിക്കാത്തതും ആദ്യന്തമില്ലാത്തതുമായ സ്വർഗ്ഗലോകത്തിന്റെ ആരംഭംകുറിക്കുന്നതു് ഈ ദിനത്തിലായിരിക്കുമെന്നു് വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. നിശ്ചയ

---

* മൂലഗ്രന്ഥത്തിൽ അദ്ധ്യായം 2 "സ്ലീവാരാധന"യായിരുന്നു. ഇതിനെ Part IV അദ്ധ്യായം 8 ലേക്കു് മാററീട്ടുള്ളതുകൊണ്ടു് ഇവിടെ തുടർന്നു വന്ന അദ്ധ്യായങ്ങൾക്കു പുതിയ ക്രമനമ്പർ നൽകിയിരിക്കുന്നു.

www.malankaralibrary.com
Scanned by CamScanner

മായും മഹത്തേറിയ അനേകം ദിവ്യ സംഭവങ്ങളുടെ സാക്ഷ്യം വഹിച്ച ദിനമാണ് ഞായറാഴ്ച. അതുകൊണ്ട് നാം ആ ദിവസത്തെ യഥോചിതം ആദരിപ്പാൻ ന്യായമായും ആവശ്യമാണ്. **അന്ത്യദിനമായ പൊതു ഉയിർത്തെഴുന്നേല്പിൻ ഞായറാഴ്ച സർവ്വവിധ ലോക പ്രയത്നങ്ങളുടേയും അന്ത്യം കുറിക്കുമെന്നു നാം അറിയുന്നതുകൊണ്ട് പൊതുവെ എല്ലാ ഞായറാഴ്ച ദിവസങ്ങളിലും ഭൌമ ജോലികളിൽ നിന്ന് നാം നിവൃത്തരാകേണ്ടതാണ്.** മാത്രമല്ല ആ ദിവസത്തിൻെറ ഭവ്യതയേയും ദിവ്യതയേയും കരുതി അന്ന് ദൈവാരാധനയിലും ദൈവത്തിൻെറ അവർണ്ണനീയമായ രഹസ്യങ്ങളിൽ ഏകാഗ്രമായി പങ്കെടുക്കുന്നതിലും എല്ലാവരും വ്യാപൃതരായിരിക്കേണ്ടതുമാണ്. ഇതു നിമിത്തമാണ് എല്ലാക്രിസ്ത്യാനികളും ആഴ്ചയിലെ ആദ്യദിനമായ **ഞായറാഴ്ച എല്ലാ ഭൌമജോലികളും നിർത്തിവെച്ച് ദൈവത്തോടുള്ള പ്രാർത്ഥനയിലും തിരുവെഴുത്തു വായനയിലും ദൈവത്തിൻെറ രക്ഷണ്യ വേലയെ സംബന്ധിച്ച ശുശ്രൂഷകളിലും ധ്യാനങ്ങളിലും നിരതരായി വർത്തിക്കേണ്ടതാകുന്ന** വെന്ന് ശ്ലീഹന്മാർ കല്പിച്ചിരിക്കുന്നത്

മ്ശീഹായുടെ രക്ഷണ്യ വേലയുടെ സത്യഅടിത്തറയും കവാടവും പ്രവാചകപുസ്തകങ്ങളാം അഥവാ പഴയനിയമം ആയതുകൊണ്ടും മ്ശീഹാവന്നതു,

"ന്യായപ്രമാണത്തേയൊ പ്രവാചകന്മാരേയോ നീക്കേണ്ടതിന്നല്ല
നിവർത്തിപ്പാനത്രെ"

എന്നതുകൊണ്ടും വി. ശുശ്രൂഷയിൽ ആദ്യം വായിക്കേണ്ടതു് അതാകുന്നു. (മത്താ. 5:17) പഴയനിയമത്തിനുണ്ടായിരുന്ന പരിപൂർണ്ണത

www.malankaralibrary.com
Scanned by CamScanner

കുറവു നികത്തി മ്ശീഹാ സത്യപരിപൂർണ്ണത അതിന്നു നല്കി. അതിശ്രേഷ്ഠമായ ഈ കർത്തൃകർമ്മത്തെ ദുർവ്യാഖ്യാനം ചെയ്യുകയും മ്ശീഹാ ന്യായപ്രമാണത്തേയും പ്രവാചകന്മാരേയും നീക്കേണ്ടതിന്നു വന്നു എന്നു വ്യാജമുദ്ര കുത്തുകയും ചെയ്യുന്നതു് എത്രയോ നിന്ദ്യമാണു്.

> "നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടു് എന്നു് നിങ്ങൾ നിരൂപിക്കുന്നുവല്ലോ. പിതാവു എന്നെ അയച്ചു എന്നതിന്നു അവ എനിക്കു സാക്ഷ്യം പറയുന്നു."
> (യോഹ. 5:39)

എന്നു് മ്ശീഹാ അരുളിച്ചെയ്തിരിക്കുന്നു.

ഇതു നിമിത്തം വി. ശുശ്രൂഷകളിൽ നാം ആദ്യം വായിക്കേണ്ടതു് പ്രവാചകന്മാർ അഥവാ പഴയനിയമം ആയിരിക്കണമെന്നും പഴയനിയമ വായനയെ തുടർന്നു് **പഴയനിയമ നിവൃത്തിയുടെ മുദ്ര പതിപ്പിച്ച പുതിയനിയമം** വായിക്കണമെന്നും ശ്ലീഹന്മാർ കല്പിച്ചു. എല്ലാ ഞായറാഴ്ചകളിലും ഈ കല്പന വി ശുശ്രൂഷകളിൽ നാം തെററാതെ പാലിക്കുന്നു. ഇതു മൂലം തിരുവെഴുത്തിന്റെ കാതലായ അവസാനത്തെ ഉയിർത്തെഴുന്നേല്പിനെ സംബന്ധിച്ചു നാം എപ്പോഴും ബോധവാന്മാരാകാൻ ഇടവരുന്നു. ഈ ഉയിർത്തെഴുന്നേല്പിനെ തുടർന്നാണല്ലോ നമുക്കു് നമ്മുടെ പ്രവർത്തികൾക്കൊത്തവണ്ണം പ്രതിഫലം ലഭിക്കുന്നതു്. തിന്മ ത്യജിച്ചു് നന്മചെയ്യുന്നതിനുള്ള ഉത്തേജനവും നമുക്കിതിൽ നിന്നു് കിട്ടുന്നു.

മേൽ വിവരിച്ച രീതിയിലും ഉദ്ദേശത്തോടെയും വർഷം തോറും സഭ ആരാധ്യനായ നമ്മുടെ **കർത്താവിന്റെ രക്ഷണ്യവേലയുടെ വസ്തുതകളെ കണക്കാക്കി തിരുനാളുകൾ കൊണ്ടാടുന്നു.** കർത്താവിന്റെ ആഗമനം മൂലം നമുക്കു ലഭിക്കേണ്ട നന്മകൾ നമ്മിൽ നിന്നു് തടയപ്പെടാതിരിക്കുന്ന

www.malankaralibrary.com
Scanned by CamScanner

തിന്നും തെററിന്റെ അന്ധകാരത്തിൽപ്പെട്ടു് അവ നമുക്കു നഷ്ടപ്പെ ടാതിരിക്കുന്നതിന്നും ആയിട്ടാണു് സഭ തിരുനാളുകളെ നാം കൊ ണ്ടാടണമെന്നു് നിഷ്കർഷിക്കുന്നതു്.

---

## അദ്ധ്യായം 3

# വെള്ളിയാഴ്ചയുടേയും ബുധനാഴ്ചയുടേയും പ്രാധാന്യം

വെള്ളിയാഴ്ചയെ 'ആഴ്ചയിലെ ആറാം ദിവസം' എന്നു് നാമ കരണം ചെയ്യപ്പെട്ടിരിക്കുന്നു. **കർത്താവിന്റെ ക്രൂശുമരണ സമയത്തു് ഈ ദിവസം നട്ടുച്ചക്കു് സൂര്യൻ അസ്ത മിച്ചു;** യൂദന്മാർ കാട്ടിക്കൂട്ടിയ ക്രൂരതയുടെ നേർക്കു് സർവ്വ സൃഷ്ടിയും അന്ധകാരത്തിന്റെ മൂടുവിരിയിട്ടു് പ്രതിഷേധം പ്രകടി പ്പിച്ചു. ഇതുനിമിത്തം വെള്ളിയാഴ്ചക്കു് ഒരു പുതിയ നാമം ഉണ്ടാ യി; 'എറവു്ത്ത': (ഈ സുറിയാനി പദത്തിന്റെ അർത്ഥം "സൂര്യാ സ്തമനം" എന്നാണു്.) **ആദാമിന്റെ ആദ്യപാപത്തി ന്റെ ഘോരത്വം നിമിത്തം ഒരിക്കൽ** സൃഷ്ടിസമസ്ത വും ഈ ദിവസം ദുഃഖത്തിന്റെ അഗാധതലത്തിലേക്കു് മുങ്ങിപ്പോ കയും **വിലാപത്തിന്റെ അന്ധകാരാവരണം** അണിയുക യും ചെയ്തു; ഇതാ വീണ്ടും ഒരിക്കൽ കൂടി, പാപമില്ലാത്ത ദൈവ പുത്രൻ നമ്മുടെ എല്ലാവരുടേയും പാപങ്ങൾക്കുവേണ്ടി ക്രൂശി

Scanned by CamScanner
www.malankaralibrary.com

ന്മേൽ മരിച്ചപ്പോൾ (മത്താ. 27:45) സർവ്വസൃഷ്ടിയും അന്ധകാരം ഉടുത്തു. ആകാശത്തിൽ സൂര്യൻ അന്ധകാരാവൃതമായി (പത്രോ. 2 21-22) ഭൂകുലുക്കവും ഭൂകമ്പവും ഉണ്ടായി. ദൈവാലയത്തിന്റെ തിരശ്ശീല രണ്ടായി ചീന്തിപ്പോയി; (മത്താ. 27:45) പാറകൾ പിളർന്നു; മാംസഭുക്കുകളായ മൃഗങ്ങളോ പറവകളോ ആ ദിവസം മാംസം ഭക്ഷിച്ചില്ല, ശവം തേടിയതുമില്ല. ക്രൂശിന്മേൽ വിരിഞ്ഞു് കിടന്നതായ കർത്താവിന്റെ പരിശുദ്ധ ശരീരത്തോടുള്ള ബഹുമാനസൂചകമായിട്ടാണ് മേൽ പ്രസ്താവിച്ച പ്രകാരം സൃഷ്ടികൾ ചെയ്തതെന്നു് മാർ അപ്രേം അദ്ദേഹത്തിന്റെ തിരുവെഴുത്തു് വ്യാഖ്യാനത്തിൽ പറഞ്ഞിരിക്കുന്നു. വെള്ളിയാഴ്ചയുടെ ഈ പ്രത്യേക പ്രാധാന്യം കരുതി ക്രിസ്ത്യാനികൾ മാംസം ഭക്ഷിക്കരുതെന്നു് ശ്ലീഹന്മാർ കാനോനാ മുഖാന്തരം കല്പിച്ചു.

**ബുധനാഴ്ചയെ** കൂടി ഈ കാനോനായിൽ ശ്ലീഹന്മാർ ഉൾക്കൊള്ളിക്കയുണ്ടായി. **ബുധനാഴ്ചയാണല്ലോ യൂദന്മാർ കൂടിയാലോചിച്ചു് കർത്താവിനെ കൊല്ലാൻ തീരുമാനമെടുത്തതും യൂദാഇസ്കര്യോത്താ വിനോടു് നിഷ്കളങ്ക രക്തം ഒററിക്കൊടുക്കുന്നതിന്നുള്ള മുപ്പതു് വെള്ളിക്കാശ് പറഞ്ഞൊത്തതും.** ഇക്കാരണങ്ങളാലാണ് കാനോനായിൽ ഈ ദിവസം കൂടി ഉൾപ്പെടുത്തിയതു്

സത്യത്തിൽ, **വെള്ളിയാഴ്ച എല്ലാ വിശ്വാസികളും ഒരു ദുഃഖത്തിന്റെ ദിവസമായി ആചരിക്കേണ്ടതാണ്**; അന്നാണല്ലോ ആദാമിന്റെ ആദ്യലംഘനമുണ്ടായതും, തന്മൂലം മനുഷ്യവർഗ്ഗം മരണത്തിന്നടിമപ്പെട്ടതും, പർദൈസയിൽ നിന്നു് ശാപഗ്രസ്ഥമായ ഭൂമിയിലേക്കു് തള്ളപ്പെട്ടതും. വെള്ളിയാഴ്ച തന്നെയാണ് നോഹയുടെ കാലത്തെ ജലപ്രളയം സംഭവിച്ചതും, മനുഷ്യകുലത്തെ ഒന്നാകെ ദൈവം നശിപ്പിച്ചതും. വെള്ളിയാഴ്ച തന്നെയാണ് നമ്മുടെ കർത്താവിന്റെ 40 ദിവസഉപ

www.malankaralibrary.com
Scanned by CamScanner

വാസത്തിൻെറ അവസാന ദിനം. മനുഷ്യവർഗ്ഗത്തിന്റെ ആദ്യജാതനായ ദൈവപുത്രനോടു നമ്മുടെ ശത്രുവായ സാത്താൻ യുദ്ധം പ്രഖ്യാപിച്ചതും അന്നാണ്. ആ യുദ്ധത്തിന്റെ പരിസമാപ്തി ക്രൂശിലെ കഷ്ടാനുഭവത്തിൽ ദൃശ്യമായതും വെള്ളിയാഴ്ച തന്നെ.

---

## അദ്ധ്യായം 4

# ഉപവാസം, പ്രാർത്ഥന, ധർമ്മം

ഉയിർത്തെഴുന്നേല്പിൽ വിശ്വസിക്കയും വരുംലോകത്തെ പ്രത്യാശിച്ചു നന്മ പ്രവൃത്തികളിൽ ജാഗരിക്കയും ചെയ്യുന്നവരുടെ സത്യ ദൈവഭക്തിയിൽ നിന്നുളവാകുന്ന ഗുണഗണങ്ങളുടെ അടിത്തറ, സ്വാർത്ഥവികാരലേശമില്ലാതെ സുവിശേഷോപദേശങ്ങളനുസരിച്ചനുഷ്ടിക്കുന്ന ഉപവാസം, പ്രാർത്ഥന, ജീവകാരുണ്യ കർമ്മം (ധർമ്മം) എന്നിവയിലാകുന്നു.

നമ്മുടെ യോഗിവര്യന്മാരിൽ ഒരാൾ ഇപ്രകാരം പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു:

> "എല്ലാതരം ഏകാന്ത ജീവിതത്തിലും മഹത്തേറിയതു് ഉപവാസമാണ്; മാനസിക കരുത്തു് നല്കുന്ന എല്ലാറേറക്കാളും ഉൽകൃഷ്ടമായതാണ് പ്രാർത്ഥന; ദൈവത്തെ പോലെ ജീവിക്കുന്നതിനു് സമമാണ് ജീവകാരുണ്യ കർമ്മത്തിൽ ജാഗരിക്ക എന്നതു്."

www.malankaralibrary.com
Scanned by CamScanner

**ഉപവാസം** രണ്ടു് തരത്തിലുണ്ടു്: ഒന്നു് ബാഹ്യമായതു്, അതായതു് ഭക്ഷണവർജ്ജ്യം ശീലിക്കുന്നതും മറേറതു് അന്തരംഗാത്മകമായതു്, അതായതു് തിന്മകർമ്മവർജ്ജ്യം ശീലിക്കുന്നതുമാകുന്നു. ഉപവാസം സമ്പന്നരെ ദരിദ്രരോടു് കരുണ കാണിക്കുന്നതിനും നന്മ ചെയ്യുന്നതിനും ശക്തമായി പ്രേരിപ്പിക്കുന്നു. വിശപ്പിൻെറയും ദാഹത്തിൻെറയും കൈപ്പേറിയ അനുഭവം സമ്പന്നർക്കു് ഉപവാസം നല്കുന്നു; ആയതു് ദരിദ്രരെ സഹായിക്കുന്നതിനു് അവരെ സജ്ജമാക്കുന്നു. മാത്രമല്ല; **ഉപവാസം ഇന്ദ്രിയങ്ങളെ പരിശുദ്ധമാക്കുകയും ചിന്തകളെ നിർമ്മലീകരിക്കുകയും നമ്മെ മാലാഖന്മാരെപ്പോലെ ശോഭയുള്ളവരാക്കുകയും ചെയ്യുന്നു.**

**പ്രാർത്ഥന കർത്തൃഭണ്ഡാരത്തിൻെറ താക്കോൽ ആണെന്നു മാത്രമല്ല ദൈവവുമായുള്ള ഒരു ആത്മനിയോഗം കൂടിയാകുന്നു.** പിതാക്കന്മാരിൽ ഒരുവൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

> "മകനെ, നീ പ്രാർത്ഥനയിൽ ജാഗരിക്കുമ്പോൾ നീ ദൈവത്തോടു സംസാരിക്കുന്നു; നീ തിരുവെഴുത്തുകൾ വായിക്കുമ്പോൾ ദൈവം നിന്നോടു് സംസാരിയ്ക്കുന്നു."

**കാരുണ്യം കാണിക്കുക എന്നതു് നമ്മെ അതുല്യനായ ദൈവത്തോടു സാമ്യമുള്ളവരാക്കുന്നു** എന്നതിനു പുറമെ നമ്മെ ഈശോവിൻെറ കുടുംബസ്ഥർക്കുചിതമായ ദിവ്യജ്ഞാനം പ്രാവർത്തികമാക്കുന്നതിനുള്ള ഒരു മാദ്ധ്യമമാക്കുകയും ചെയ്യുന്നു. നാം ഏററവും സ്നേഹിക്കയും വിലമതിക്കയും ചെയ്യുന്ന സ്വർഗ്ഗമഹിമയിലേക്കു് നമ്മെ ഈശോ കർത്താവു അയക്കുന്നതു് ദരിദ്രരും ദുഃഖിതരുമായവർക്കുള്ള നമ്മുടെ കാരുണ്യകർമ്മങ്ങൾ വഴിയായാണു്. കർത്താവു് നമ്മോടു വാഗ്ദത്തം ചെയ്തുറപ്പിച്ചിരി

www.malankaralibrary.com
Scanned by CamScanner

ക്കുന്നതു് നമ്മുടെ നിത്യമായ ആനന്ദങ്ങൾക്കും സന്തോഷങ്ങൾക്കും നിദാനമായിരിക്കുന്നതു. നമ്മുടെ ജീവകാരുണ്യകർമ്മങ്ങളാകുന്ന എന്നതാണു്. കർത്താവു് അരുളിച്ചെയ്തിരിക്കുന്നതു് ഇപ്രകാരമാകുന്നു:

> "പുഴവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു്. പുഴവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊൾവിൻ. നിങ്ങളുടെ നിക്ഷേപം ഉള്ളേടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും." (മത്താ. 6:19_21)

വിശുദ്ധ **തോമാസ് ശ്ലീഹായുടെ ചരിത്രത്തിൽ** ഈ തിരുവഴുത്തു വചനത്തെ ദൃഷ്ടാന്തമാക്കി ഒരു വസ്തുത മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു: ഇന്ത്യയിലെ ഒരു രാജാവിനു അതുല്യ സുന്ദരമായ ഒരു കൊട്ടാരം നിർമ്മിക്കുന്നതിനു് തോമാസു്ശ്ലീഹ കരാറെടുത്തു. വമ്പിച്ച ഒരു തുക അതിന്നായി രാജാവിൽ നിന്നു് വാങ്ങിച്ചു. ഈ തുകയത്രയും വിശുദ്ധൻ ദരിദ്രരുടെ ഇടയിൽ വിതരണം ചെയ്തു. വസ്തുത സംശയിച്ചു രാജാവു ശ്ലീഹയെ വിളിച്ചു ചോദിച്ചപ്പോൾ മറുപടിയുണ്ടായതിപ്രകാരമാണു്,

> "ഞാൻ രാജാവിനു സ്വർഗ്ഗത്തിൽ ഒരു കൊട്ടാരം പണി തീർത്തിരിക്കുന്നു".

ഈ വാക്കുകളുടെ നിജസ്ഥിതി സ്ഥിരീകരിക്കുന്ന ഒരു സംഭവം അന്നുണ്ടായി. ശ്ലീഹയുടെ പ്രാർത്ഥനമൂലം രാജാവിന്റെ നിര്യാതനായ സഹോദരൻ ഉയിർത്തെഴുന്നേററു വന്നു. സ്വർഗ്ഗത്തിൽ രാജാവിനു് പണിതീർത്ത കൊട്ടാരത്തിന്റെ മഹിമയെപ്പററി അദ്ദേഹം വർണ്ണിച്ചു.

ജീവ കാരുണ്യകർമ്മങ്ങൾ വഴിയായി ചിലർക്കു് അറിയാതെ മാലാഖന്മാരെ സ്വീകരിച്ചു സല്ക്കരിക്കാനുള്ള ഭാഗ്യമുണ്ടായ

www.malankaralibrary.com
Scanned by CamScanner

തായി തിരുവെഴുത്തു് വിവരിക്കുന്നു. (എബ്രാ. 13:2; ഉല്പ. 18:1_6 19:1_3.)

"നിന്റെ പ്രാത്ഥനകളും ധർമ്മങ്ങളും ദൈവ മുമ്പാ
കെ ഒരു സ്മരണാഞ്ജലിയായി എത്തിയിരിക്കുന്നു".

എന്നു് കർത്താവു് കോർന്നേല്യോസിനോടു് അരുളിച്ചെയ്തു. (അ. പ്ര. 10:4)

**സമ്പന്നർക്കു ദൈവത്തെ പ്രാപിക്കുന്നതിന്നുള്ള ഏക മാർഗ്ഗം ഉപവാസം, പ്രാർത്ഥന, ധർമ്മം ഇവ അനുഷ്ഠിക്കുക എന്നതാണെന്നു്** പ്രവാചകന്മാരും അപ്പോസ്തലന്മാരും ഒരുപോലെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

---

## അദ്ധ്യായം 5

# അരക്കെട്ടു് (സൂനാറ)

ഭൌമരാജസന്നിധിയിൽ നില്ക്കുന്നവർ ചെയ്യുന്നപോലെ കർത്തൃ സന്നിധിയിൽ പ്രാർത്ഥനയിൽ നില്ക്കുമ്പോഴും അരകെട്ടി ജാഗരൂകരായി നില്ക്കുകയെന്നതു് ക്രിസ്ത്യാനിയുടെ ശീലമാണു്. **അരകെട്ടുകയെന്നതു് സേവന സന്നദ്ധതയുടേയും ശുശ്രൂഷ ജാഗ്രതയുടേയും ദൃഷ്ടാന്തമാകുന്നു.** ഇതിന്നപ്പുറമായി, ആയതു് ചെയ്യണമെന്ന കല്പന പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവം നമുക്കു് നല്കിയിരിക്കുന്നു. മററു പൌ

www.malankaralibrary.com
Scanned by CamScanner

രോഹിത്യ വസ്ത്രങ്ങറം ധരിക്കുന്നതോടൊന്നിച്ച് **പഴയ നിയമ പുരോഹിതന്മാരായ ലേവിയുടെ മക്കറം അരക്കെട്ടും ധരിക്കേണ്ടതാണെന്നു ദൈവം കല്പിച്ചു.** (പുറ. 28: 39, 40) **പുതിയ നിയമത്തിൽ** നാം ഇപ്രകാരം വായിക്കുന്നു,

> "നിങ്ങളുടെ അരകെട്ടിയും വിളക്ക് കത്തിയും കൊണ്ടിരിക്കട്ടെ; യജമാനൻ കല്യാണത്തിന്നു് പോയി വന്നു മുട്ടിയാൽ ഉടനെ വാതിൽ തുറന്നു കൊടുക്കേണ്ടതിന്നു് അവൻ എപ്പോറം മടങ്ങിവരും എന്നു് കാത്തുനില്ക്കുന്ന ആളുകളോടു നിങ്ങറം തുല്യരായിരിപ്പിൻ." (ലൂക്ക. 12:35, 36)

**വി. യോഹന്നാൻ മാംദാനക്ക്** തോൽ വാറുകൊണ്ടുള്ള അരക്കെട്ടുണ്ടായിരുന്നു. (മത്താ: 3:4) അപ്പോസ്തല പ്രവൎത്തികളുടെ പുസ്തകത്തിൽ **പൌലൂസ് ശ്ലീഹായുടെ തോലുകൊണ്ടുള്ള അരക്കച്ച** പ്രവാചകനായ അഗബോസ് എടുത്തു് അതുകൊണ്ടു് തന്റെ കൈകാലുകളെ സ്വയം ബന്ധിച്ചതായി എഴുതപ്പെട്ടിരിക്കുന്നു. (അ. പ്ര. 21:11)

അരക്കെട്ടിന്റെ ഉപയോഗത്തെ സംബന്ധിച്ച് **മൂന്നു കാര്യങ്ങറം** നാം അറിഞ്ഞിരിക്കേണ്ടതാകുന്നു. **ഒന്നു്,** രാജധാനിയിലുള്ള **ഉദ്യോഗസ്ഥന്മാരായ ശുശ്രൂഷകന്മാരും സേവകന്മാരുമായവർ** ജാഗരൂകരായി അരകെട്ടി നില്ക്കുന്നതു പോലെ കൎത്തൃശുശ്രൂഷയിലും വേണം **രണ്ടു്,** നമ്മോടുള്ള **ദൈവകല്പനയാകയാൽ** ആയതു് അനുഷ്ഠിക്കുക നമ്മുടെ കടമയാണു്. അരകെട്ടുകയെന്നതു് ജാഗരൂകമായ മനസ്സിന്റേയും പരിശുദ്ധവും ഏകാഗ്രവുമായ ചിന്തയുടേയും പ്രതീകമാണു്; കല്യാണ സദ്യയിൽ നിന്നു് മടങ്ങുന്ന കൎത്താവിനെ അകമ്പടി സേവിക്കുവാനും അവനുമൊന്നിച്ചു സ്വർഗ്ഗദേശത്തേക്കു പോകുവാനും നാം ഒരുങ്ങി നില്ക്കണമെന്ന ആശയം നമ്മെ അരക്കെട്ടു് പഠിപ്പിക്കുന്നു.

www.malankaralibrary.com
Scanned by CamScanner

**മൂന്നു്, അരക്കെട്ടു് മരണത്തിൻെറ ഒരു അടയാളം കൂടെയാകുന്നു:**

"നീ യവ്വനക്കാരൻ ആയിരുന്നപ്പോൾ നീ തന്നെ അരകെട്ടി ഇഷ്ടമുള്ളേടത്തു നടന്നു; വയസ്സായശേഷമോ നീ കൈ നീട്ടുകയും മററൊരുത്തൻ നിൻെറ അരകെട്ടി നിനക്കു് ഇഷ്ടമില്ലാത്ത ഇട ത്തേക്കു് നിന്നെ കൊണ്ടുപോകയും ചെയ്യും എന്നുപറഞ്ഞു. അതിനാൽ അവൻ ഇന്നവിധം മരണംകൊണ്ടു ദൈവത്തെ മഹ ത്വപ്പെടുത്തും എന്നു അവൻ സൂചിപ്പിച്ചു." (യോഹ. 21:18, 19)

**വഴിയാത്ര പോകുന്നവർ** അവരുടെ അര ഉറപ്പായി കെട്ടുന്നു; ആകയാൽ **ഈ ലോകജീവിതയാത്രയിൽ** നാമും അരക്കെട്ടുപയോഗിക്കുന്നതു് എത്രയും ആവശ്യം തന്നെ. ഈ ലോകം നമ്മുടെ സ്ഥിരം വാസസ്ഥലമല്ല; ഇവിടെയുള്ള നമ്മുടെ യാത്രയുടെ ദിവസങ്ങൾ, നാം ഇഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും, എണ്ണപ്പെട്ടിരിക്കുന്നു. സ്വർഗ്ഗത്തിലേക്കുള്ള പാതയിൽ കൂടി നാം മുന്നോട്ടു സഞ്ചരിച്ചേ മതിയാവൂ. ആകയാൽ വരും ലോകത്തേക്കു പ്രയോജനകരമായ കാര്യങ്ങൾ സംഭരിച്ചു നാം ഒരുങ്ങുക. ഒരുമതത്തിൻെറ കാതൽ സത്യവിശ്വാസത്തിൻെറ ശരിയായ തത്വസംഹിതയും അതിൽ നിന്നുടലെടുക്കുന്ന നന്മ പ്രവൃത്തികളും ആണല്ലൊ. അരക്കെട്ടിൻെറ തത്വം ആയതിനെക്കുറിച്ചു് നമ്മെ ബോധവാന്മാരാക്കുന്നു.

www.malankaralibrary.com
Scanned by CamScanner

## അദ്ധ്യായം 6

# പുനരുത്ഥാനം, അവസാന ന്യായവിധി, നിത്യജീവൻ

ഏതൊരാളും എന്തെങ്കിലും നിർമ്മിക്കാൻ തുടങ്ങുമ്പോൾ അതിനെപ്പററി വ്യക്തമായ രൂപവും ലക്ഷ്യവും ഉണ്ടായിരിക്കും. ലക്ഷ്യ പ്രാപ്തിയിലെത്തുമ്പോൾ നിർമ്മാണം സമാപ്തീകരിച്ച് അവസാനിപ്പിക്കുന്നു. രൂപവും ലക്ഷ്യവുമില്ലാത്ത നിർമ്മാണം വ്യർത്ഥമോ ആപല്ക്കരമോ ആയി പരിണമിക്കുന്നു. **സർവ്വജ്ഞനായ ദൈവം തൻെറ സൃഷ്ടികർമ്മം വ്യക്തമായ രൂപലക്ഷ്യങ്ങളോടുകൂടിയാണ് നിവൃത്തിച്ചിട്ടുള്ളതു്.** സൃഷ്ടികർമ്മത്തിൽ ദൈവത്തിൻെറ സമ്പൂർണ്ണജ്ഞാനവും അത്യുൽകൃഷ്ടമായ ലക്ഷ്യവും പ്രകടമായി കാണാവുന്നതാണ്. സൃഷ്ടിയുടെ കിരീടമായ മനുഷ്യനെ ദൈവം സൃഷ്ടിച്ചതു് വിവേചന ശക്തിയുടെ ഉറവിടമായ മനസ്സോടും സ്വന്തം രൂപസാദൃശ്യത്തിലുമാകുന്നുഎന്ന് മനസ്സിലാക്കുമ്പോൾ ദൈവജ്ഞാനത്തെപ്പറ്റി അത്ഭുതപ്പെടുകയല്ലാതെ എന്തുചെയ്യാം! അവിടുത്തെ ജ്ഞാനം നിശ്ചയിച്ച സമയം വരുമ്പോൾ ഈ പ്രപഞ്ചത്തെ ദൈവം സമാപ്തിയിലേക്കു നയിക്കുമെന്ന് മാത്രമേ നമുക്ക് സങ്കല്പിക്കാൻ പററും. **ഏതു് ആരംഭവും അവസാനത്തിൻെറ ആരംഭവും ഏതു് അവസാനവും ആരംഭത്തിൻെറ അവസാനവുമാണ്.** ഈ വിഷയത്തെ സംബന്ധിച്ച് ഒരു യോഗിവര്യനായ ദൈവഭക്തൻ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: **"മനുഷ്യമക്കളിൽ നിന്നു്, ദൈവത്തെ അകമ്പടി സേവിക്കാനുള്ള "പത്താം പടവി" പൂർണ്ണമാകുമ്പോൾ അവ**

www.malankaralibrary.com
Scanned by CamScanner

**സ്ഥാനം എത്തുന്നു."** സ്വർഗ്ഗത്തിൽ ദൈവത്തെ സേവിച്ചുകൊണ്ടിരിക്കുന്ന ഒമ്പതു് മാലാഖാ പദവികളെ ഇവിടെ സൂചിപ്പിക്കുന്നു. സഭയുടെ പൂർവ്വപാരമ്പര്യ ചിന്തയനുസരിച്ചു് സ്വർഗ്ഗത്തിൽ മാലഖന്മാരുടെ പത്തുപദവികളുണ്ടായിരുന്നതിൽ പത്താം പദവിയിൽപെട്ട മാലഖന്മാർ ദൈവ വ്യവസ്ഥയോടെതിർത്തു പിശാചുക്കളായി എന്നും ആ **പത്താം പദവിയിലേക്കു് പുനരുത്ഥാനം ചെയ്തുവരുന്ന മനുഷ്യമക്കളിൽ നിന്നു്** യോഗ്യരായവരെ ദൈവം തിരഞ്ഞെടുത്തു് അവരെ "പത്താം പദവി" മാലഖന്മാരാക്കി നിശ്ചയിച്ചു് മാലാഖാ പദവികളുടെ പരിപൂർണ്ണത കൈവരിക്കുമെന്നും വിശ്വസിക്കുന്നു. "ജീവനും സമയവും ഛേദിക്കപ്പെടുന്ന കാലം വരും നിശ്ചയം: ആ ദിവസം സൂര്യൻ അസ്തമിക്കും പിന്നെ ഉദിക്കയില്ല; ആകാശത്തു് നിന്നു് നക്ഷത്രങ്ങൾ വീണുപോകും; ഈ ലോകമഖിലവും ഇരുണ്ടുപോകയും താറുമാറാകയും ചെയ്യും; പ്രകൃതിശക്തികളുടെ ചലനം കമ്പിച്ചു പോകും. (മത്താ 24:29; മാർക്കോ 13:24–27) അപ്പോൾ മാലാഖന്മാരുടെ ഭയാനകമായ കാഹളധ്വനിയോടൊത്തു് മനുഷ്യപുത്രന്റെ അടയാളം (മിന്നിത്തിളങ്ങുന്ന ക്രൂശടയാളം) വലിയ മഹത്വത്തോടും ശക്തിയോടുംകൂടെ ആകാശത്തിൽ പ്രത്യക്ഷപ്പെടും. (മത്താ 24:30) മിന്നൽ കിഴക്കുനിന്നു് പടിഞ്ഞാറോളം മിന്നുന്നതുപോലെ രാജാധി രാജാവായ മ്ശീഹാ പ്രത്യക്ഷപ്പെടും. അവിടുത്തെ മഹത്തായ പ്രത്യക്ഷത സ്വർഗ്ഗദിഗന്തങ്ങളേയും ഭൂമിയുടെ അടിസ്ഥാനങ്ങളേയും പ്രകമ്പനം കൊള്ളിക്കും. അപ്പോൾ അവിടുത്തെ ജീവൻ നല്കുന്ന ശബ്ദം ഇപ്രകാരം വിളിച്ചു പറയും:

'പുനരുത്ഥാനവും പുനരുദ്ധാരണവും ഉണ്ടാകട്ടെ.'

പെട്ടെന്നു് അവസാന കാഹളധ്വനി കേൾക്കും! (മത്താ 24:27) ഈ കാഹളധ്വനിയിങ്കൽ പുനരുത്ഥാനാധാരമായ ദിവ്യ റൂഹാ (കാറ്റു്) ആഞ്ഞടിക്കും; ജീവിച്ചിരിക്കുന്നവരിൽ ഈ കാററു് പുനരുത്ഥാനത്തിന്റെ രൂപാന്തരം ഉളവാക്കും; അവരുടെ ജഡ ശരീരത്തിന്റെ

www.malankaralibrary.com
Scanned by CamScanner

ഘനം ഉരിഞ്ഞു് നീക്കുന്നു; ഉയിർത്തെഴുന്നേററവരെല്ലാം പെട്ടെന്നു് കണ്ണിമെക്കുന്നിടയിൽ രൂപാന്തരം പ്രാപിച്ചു മാലാഖമാരെപ്പോലെ ആയിത്തീരും. പുനരുത്ഥാനാധാരമായ ദിവ്യ രൂപം (കാററു്) മരിച്ചു് മണ്ണടിഞ്ഞവരുടെ ഇടയിലേക്കും പ്രവേശിക്കും; അവർ അക്ഷയരായി ഉയിർത്തെഴുന്നേല്ക്കും. (മത്താ 25:10-34) അനന്തരം പരിശുദ്ധന്മാർ സ്വർഗ്ഗരാജ്യത്തിലേക്കു് കയറി മണവാളനാകുന്ന കർത്താവിൻെറ മണിയറയിലേക്കു് പ്രവേശിച്ചു ആത്മീയ ധ്യാനാനുഭവത്തിൻേറയും വെളിപാടിൻേറയും ആഴമേറിയതും അവർണ്ണനീയവുമായ ആനന്ദപ്രകാശത്തിൽ ആറാടും. സത്യത്തിലുള്ള ആനന്ദത്തിൻെറ അനുഭവം ഇതായിരിക്കും. ദുർജ്ജനങ്ങളെ സംബന്ധിച്ചിടത്തോളമോ ഒരാറംക്കും നടന്നു് പ്രവർത്തിക്കാൻ സാധിക്കാത്ത ഭൂമിയിലെ കൂരിരുളിൽ അവർ അവശേഷിക്കും; (മത്താ 1:25:31-46). തങ്ങറം മുമ്പു്ചെയ്തതായ തിന്മപ്രവൃത്തികളുടെ പശ്ചാത്താപാഗ്നിയിൽ അവർ നീറിവെന്തുപോകും; താല്ക്കാലികമായ ലോക ഇമ്പങ്ങളെ മോഹിച്ചു് സനാതനമായ ദിവ്യാനന്ദത്തെ അവർ ഉപേക്ഷിക്കയാണല്ലോ മുമ്പുണ്ടായതു്; ഭൂമിയിലെ മലിന വസ്തുക്കളെ ആസ്വദിക്കുന്നതിനു് വേണ്ടി അവർ സ്വർഗ്ഗത്തിലെ സത്യനിക്ഷേപങ്ങളെ ഉപേക്ഷിച്ചു; ഇതാണു് യഥാർത്ഥമായ നരകത്തിൻെറരൂപം. ഈ നരകത്തിലെ തീ കെടുന്നില്ല, പുഴ ചാകുന്നുമില്ല."

നിത്യജീവൻ എന്നതു് ജഡികമായ രീതിയലുള്ളതാണെന്നു് ചിന്തിക്കുന്നവർ കടുത്ത തെററിദ്ധാരണയിലാണു്. അവർ ചിന്തിക്കുന്നതു് മർത്ത്യമനുഷ്യരുടെ കാര്യാദികറംക്കനുയോജ്യമായി തിന്നുക കുടിക്കുക വിവാഹം ചെയ്യുക എന്നീ പ്രക്രിയകളുടെ വിധത്തിലാണു്. ഇപ്രകാരമുള്ളവരെ കർത്താവു ശകാരിച്ചുകൊണ്ടു് ഉപദേശിക്കുന്നതു് ശ്രദ്ധിക്കുക:

"പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല. വിവാഹത്തിനു കൊടുക്കപ്പെടുന്നതുമില്ല; സ്വർഗ്ഗത്തി

www.malankaralibrary.com
Scanned by CamScanner

ലെ മാലാഖമാരെപ്പോലെ അത്രേ ആകുന്നു"
(മത്താ. 24:30)

തിന്നുക കുടിക്കുക എന്നീ കൃത്യങ്ങൾ ജഡശരീരങ്ങളുള്ളിട ത്തോളം ആവശ്യമാണ്. മർത്യശരീരത്തിൽ ജീവന്നും ആരോഗ്യ ത്തിന്നും ആധാരമായ ദ്രാവകങ്ങളുടേയും മററും പരിവൎത്തന പ്രക്രി യകൾക്ക് ഈ കൃത്യങ്ങൾ അത്യന്താപേക്ഷിതമാണെന്നു നമുക്കറി യാം. വൈവാഹിക ബന്ധത്തിന്റെ കാൎയ്യത്തിലും അപ്രകാരം തന്നെ. മരണം സംഭവിക്കുന്നതുപോലെ ജനനവും സംഭവിക്കേണ്ട തത്യാവശ്യമാണ്. മരണംമൂലം കടന്നുപോകുന്നവരുടെ സ്ഥാന ത്തു് ജനനംമൂലം പുതുമനുഷ്യർ കടന്നുവരേണ്ടതുണ്ടല്ലോ. ഇങ്ങനെ ദൈവനിശ്ചയപ്രകാരമുള്ള എല്ലാ വൎഗ്ഗങ്ങളുടേയും നിലനിൽപ്പും സംഖ്യാബലവും കൎത്താവിന്റെ അവസാന ഉദ്ദേശം നിവൃത്തിക്കു ന്നതുവരെ സംരക്ഷിക്കപ്പെടുന്നു. ശരീരസംബന്ധമായി ആരോ ഗ്യാധഃപതനവും മരണവും സംഭവിക്കുമ്പോൾ സ്വാഭാവിക മായും അവസ്ഥക്ക് കാരണമായി നില്ക്കുന്ന വസ്തുതകളും-അതായ തു തിന്നുക കുടിക്കുക വിവാഹം ചെയ്യുക എന്നീ പ്രക്രിയകളും താ നേ നിന്നുപോകും. എല്ലാ കാമേച്ഛകളും മുൻവിവരിച്ച ശാരീരിക ദുരിതങ്ങളിൽ നിന്നു് രക്ഷപ്പെടുന്നതിന്നുള്ള മാനുഷിക മാൎഗ്ഗങ്ങ ളാണ്. മനുഷ്യൻ ഈ മാർഗ്ഗങ്ങളിൽ അമിതാസക്തനാകുമ്പോൾ അവൻ തിന്മയിൽ നിലം പതിക്കുന്നു. ദൃഷ്ടാന്തമായി, ഭക്ഷണ ത്തേയും പാനീയത്തേയും എടുക്കുക; കഠിനമായ വിശപ്പിനാലും ദാഹത്താലും വലഞ്ഞു് വേദന അനുഭവിക്കുന്നവനു മാത്രമേ ഭക്ഷ ണത്തിന്റേയും പാനീയത്തിന്റേയും ആനന്ദാനുഗ്രഹം ശരിക്കും അനുഭവത്തിൽ വരികയുള്ളൂ. എന്നാൽ അത്യാർത്തിയോടെ അമി തമായി ഭക്ഷിക്കയും കുടിക്കയും ചെയ്യുന്നവനേവനും ആയതു്, മര ണമല്ലെങ്കിൽ പോലും, വേദനയും രോഗവും നല്കുന്നു. അപ്രകാരം തന്നെ ഈ ലോകത്തിന്റെ ഉല്ലാസങ്ങളിൽ ലയിക്കുന്നവൎക്കും രോഗ വും വേദനയും തന്നെ അനന്തര ഫലം; എന്നാൽ ആത്മീയാനന്ദ

www.malankaralibrary.com
Scanned by CamScanner

ത്തെ സംബന്ധിച്ചിടത്തോളം ആയതു് അനുഭവിക്കുന്തോറും കൂടുതൻ ആഗ്രഹിക്കയും വർദ്ധിതാനന്ദം അനുഭവിപ്പാൻ ഇടവരികയും ചെയ്യുന്നു. ഈ ഒരു സ്ഥിതിവിശേഷം തന്നെയാണു് ജ്ഞാനത്തെ സംബന്ധിച്ചിടത്തോളവും, ശാസ്ത്രജ്ഞാനം, ആത്മജ്ഞാനം, വിജ്ഞാനം ഇവ സമ്പാദിപ്പാനുള്ള കാംക്ഷ വർദ്ധിക്കുന്തോറും അവയിൽ നിന്നുള്ള ആനന്ദവും വർദ്ധിക്കുന്നു.

ഉന്മൂല നാശം വന്നതും മണ്ണോടു മണ്ണായി തീർന്നതും കാട്ടു മൃഗങ്ങൾ കടിച്ചു കീറി തിന്നതും അഗ്നിയാൽ വെണ്ണീറാക്കപ്പെട്ടതും വെള്ളത്തിൽ മുങ്ങിമരിച്ചു് ജലാശയങ്ങളുടെ അടിത്തട്ടിൽ നശിച്ചു പോയതുമായ ശരീരങ്ങൾ എങ്ങിനെ ഉയിർത്തെഴുന്നേല്ക്കും എന്നന്വേഷിക്കുന്ന സംശയാലുക്കളോടു് മറുപടിപറയാൻ നമുക്കു് ശ്രമിക്കാം. ഒരു ഇരുമ്പു് കഷ്ണം പൊടിച്ചു് അതിസൂക്ഷ്മധൂളിയാക്കി മണലിനോടും പൊടിപടലങ്ങളോടും കൂട്ടി കലർത്തി എന്നു് കരുതുക നമ്മുടെ കണ്ണുകളിൽ ഇരുമ്പുകഷ്ണത്തിനു് ഉന്മൂലനാശം വന്നതായി തോന്നും. എന്നാൽ **കാന്തത്തിന്റെ ആകർഷണശക്തി പെട്ടെന്നു് ഇരുമ്പു ധൂളിയെ മണലിൽ നിന്നും പൊടി പടലങ്ങളിൽ നിന്നും അതുമായി കൂടികലന്ന ഏതൊരു സങ്കര വസ്തുവിൽ നിന്നും വേർതിരിച്ചു് കൂട്ടിച്ചേർക്കുന്നതു കാണാം.** ഒരു കാന്തക്കഷ്ണത്തിൽ ഇപ്രകാരമുള്ള ഗുണശക്തി കുടികൊള്ളുന്നുവെന്നുവരികിൽ സ്രഷ്ടാവായ ദൈവത്തിന്റെ അതിരററ **ജ്ഞാനശക്തിക്കു് ഉയിർത്തെഴുന്നേല്പിന്നായി, മരിച്ചഴുകി പഞ്ചഭൂതങ്ങളായി കലന്നുപോയ, മനുഷ്യ ശരീരങ്ങളെ പൂർവ്വരൂപത്തിലേക്കു് തിരിച്ചു് വരുത്തുന്നതിനു് എത്രയോ അധികം സാദ്ധ്യമാണു്.**

വീണ്ടും, പല ലോഹങ്ങളിൽ നിന്നും ചേത്തു ഒരു പ്രത്യേക

www.malankaralibrary.com
Scanned by CamScanner

യന്ത്രരൂപം ഏതെങ്കിലും ഒരു **സമർത്ഥനായ യന്ത്രശില്പി** ഉണ്ടാക്കി എന്നു് കരുതുക; പിന്നീട്ട് ആ യന്ത്രരൂപത്തെ വിഭജിച്ച് പല ലോഹക്കഷ്ണങ്ങളാക്കി തൻെറ അറിവോടെ വീടിൻെറ പല ഭാഗങ്ങളിലായി ഒളിച്ചു വെയ്ക്കേണ്ടി വന്നു എന്നും വിചാരിക്കുക. മററുള്ളവക്കു മറഞ്ഞിരുന്നവയും, എന്നാൽ തൻെറ അറിവിലിരുന്നവയുമായ യന്ത്രക്കഷ്ണങ്ങളെ പെട്ടെന്നു് കണ്ടെടുത്തു ശരിയായ ക്രമത്തിൽ കൂട്ടിച്ചേർത്തു പൂർവ്വരൂപത്തിലാക്കി വീണ്ടെടുക്കുന്നതിനു് ആ യന്ത്രശില്പിക്കു് എളുപ്പം സാദ്ധ്യമല്ലയോ? സർവ്വത്തിന്റേയും സ്രഷ്ടാവും സർവ്വജ്ഞനുമായ ദൈവത്തിനു് അവന്റെ സൃഷ്ടിരൂപമായ മനുഷ്യൻ എങ്ങനെ മരിച്ചാലും മൃതശരീരം എത്ര തുണ്ടങ്ങളായാലും അവയെ ശരിയായ ക്രമത്തിൽ കൂട്ടിച്ചേർത്തു പൂർവ്വരൂപത്തിലാക്കാൻ ക്ഷിപ്രസാദ്ധ്യമാണെന്നു് മനസ്സിലാക്കുക.

നമ്മുടെ ശരീരങ്ങൾ അവയുടെ സ്വാഭാവിക പ്രക്രിയകൾ വഴിയായി അഴുകിപ്പോകയും അവയുടെ പൂർവ്വഘടകങ്ങളായ പഞ്ചഭൂതങ്ങളായി പരിണമിക്കയും ചെയ്യുന്നു. എന്നാൽ അവയെ ശേഖരിച്ചു് ചേർത്തു് നമ്മുടെ പൂർവ്വശരീര രൂപത്തിലാക്കാൻ ദൈവം ശക്തനാകുന്നു. അവിടുന്നു് ഇച്ഛിക്കുന്ന സമയത്തു നമ്മുടെ ഓരോരുത്തരുടേയും ശരീരഘടനയുടെ ശരിയായ ക്രമത്തിലും അളവിലും അവിടുത്തെ ഗഹനമായ ദിവ്യശക്തി ഉപയോഗിച്ചു പൂർവ്വരൂപത്തിലേക്കു് വീണ്ടുകൊള്ളുന്നതിനു ദൈവത്തിനു കഴിയും. ഇങ്ങനെ ഓരോരുത്തരും

> "പുത്രൻെറ തികഞ്ഞ പുരുഷത്വത്തിൻെറ ഐക്യതയിലും
> മ്ശിഹായുടെ സമ്പൂർണ്ണതയായ പ്രായത്തിൻെറ അളവിലും
> ഉയിർത്തെഴുന്നേല്ക്കുന്നു". (എഫെ. 4:12)

സ്വർഗ്ഗസൌഭാഗ്യമോ നരക ശിക്ഷയോ ഓരോരുത്തൻ ചെയ്ത നന്മയോ തിന്മയോ പൂർണ്ണനീതിയുടെ വെളിച്ചത്തിൽ കണക്കാക്കി അവസാന ന്യായവിധി ദിവസം ദൈവം നല്കുന്നതാണു്:

www.malankaralibrary.com
Scanned by CamScanner

"തിന്മ ചെയ്തവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും." (മത്താ. 25:46)

"നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്നു് സഭയിലും ഈശോമ്ശിഹായിലും എന്നേക്കും തലമുറതലമുറയായി മഹത്വം ഉണ്ടാകട്ടെ ആമീൻ."

(എഫെ 3: 20, 21)

ഗ്രീക്കുവർഷം 1603-ൽ അർമീനയയുടേയും നിസിബിൻ എന്ന സൂബയുടേയും അപ്പിസ്കോപ്പാമെത്രാപ്പോലീത്തയായ മാർ ഔദീശോ തിരുമേനിയാൽ രചിക്കപ്പെട്ട ക്രിസ്തീയ മതസത്യങ്ങളുടെ 'മർഗ്ഗ്യാനീത്താ ഗ്രന്ഥം' നമ്മുടെ ദൈവവും കർത്താവുമായവന്റെ സഹായത്താൽ ഇവിടെ അവസാനിപ്പിക്കുന്നു. നമ്മുടെ കർത്താവിന്നു് എന്നും എന്നേക്കും ഉപകാരസ്മരണയും പുകഴ്ചയും ഇവിടെ അർപ്പിക്കുന്നു. ആമീൻ.

www.malankaralibrary.com
Scanned by CamScanner

# ശുദ്ധിപത്രം

## ഇംഗ്ലീഷ് പരിഭാഷയുടെ ആമുഖം

| പേജ് | വരി | തെററ് | ശരി |
|---|---|---|---|
| 1 | 4 | ഹൃസ്വ | ഹ്രസ്വ |
| 1 | 5 | വൈപല്യ | വൈപുല്യ |
| 5 | 21 | വാദികളേയും | വാദിയേയും |
| 7 | 7 | രാഷ്ട്രീയ അടിയന്തര | അടിയന്തര രാഷ്ട്രീയ |
| 9 | 6 | ഭിന്നകക്ഷികൾ | ഭിന്നകക്ഷികൾ |
| 17 | 12 | അതിക്രത്തിന്റെ | അതിക്രമത്തിന്റെ |
| 17 | 25, 27, 28 | ക്‌ന്ത്രമ | കന്ത്രമ |
| 22 | 2 | സാങ്കേതിത | സാങ്കേതിക |

## മൂലകൃതിയുടെ പരിഭാഷ

| | | | |
|---|---|---|---|
| 9 | 19 | ആസ്തിത്വം | അസ്തിത്വം |
| 11 | 8 | ,, | ,, |
| 11 | 26 | ദൈവം പ്രകൃതിയും | ദൈവപ്രകൃതിയും |
| 12 | 2 | ഓരേവസ്തു | ഒരേവസ്തു |
| 29 | 25 | അത്ത്ഭുതങ്ങളും | അത്ഭുതങ്ങളും |
| 36 | 17 | തദ്വാരാ | തദ്വാരാ |
| 46 | 23 | വ്യാത്ഥമാകും | വ്യത്ഥമാകും |
| 83 | 8 | ചെയ്യപ്പെട്ടിരിക്കുന്നു | ചെയ്തിരിക്കുന്നു |

www.malankaralibrary.com
Scanned by CamScanner